# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 15, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 13

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂലൈ 15, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

969/2017

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....62

II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ ...294

III ശ്രദ്ധ ക്ഷണിക്കൽ

1. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണം—

ശ്രീ. കോവൂർ കുഞ്ഞുമോൻ ...294

2. വന്യജീവി ആക്രമണം—

ശ്രീ. സണ്ണി ജോസഫ് ...298

IV സബ്മിഷൻ

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം—

ശ്രീ. എം. വിൻസെന്റ് ...303

2. പ്രവീണിന്റെ ജയിൽവാസം—

ശ്രീ. കെ. ബി. ഗണേഷ് കുമാർ ...306

3. ഭൂനികുതി—

ശ്രീ. പുരുഷൻ കടലുണ്ടി ...309

4. മലിനീകരണ പ്രശ്നം—

ശ്രീ.വി. എസ്. അച്യുതാനന്ദൻ ...310

5. കോർ മലയും വാട്ടർടാങ്കും സംരക്ഷിക്കൽ—

ശ്രീ. എൽദോ എബ്രഹാം ...312

*പേജ്*

6. ഡോക്ടർമാരുടെ അഭാവം—

ശ്രീ. അടൂർ പ്രകാശ് ...314

7. മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യൽ—

ശ്രീ. എം. നൗഷാദ് ...317

8. തസ്തിക സൃഷ്ടിക്കൽ—

ശ്രീ. കോവൂർ കുഞ്ഞുമോൻ ...320

9. അൺ- എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ—

ശ്രീ. എ. എൻ. ഷംസീർ ...322

10. രണ്ടാം ഉപഭാഷാ പഠനം—

ശ്രീ. പി. കെ. അബ്ദുറബ്ബ് ...324

11. വന്യമൃഗശല്യം—

ശ്രീ. പി. വി. അൻവർ ...325

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...328

**VI റിപ്പോർട്ട് സമർപ്പണം**

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...329

**VII അറിയിപ്പ്** ...329

**VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ— ...329

ശ്രീമതി യു. പ്രതിഭ ഹരി നോട്ടീസ് നൽകിയത്

2. 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ— ...348

ശ്രീ. എം. സ്വരാജ് നോട്ടീസ് നൽകിയത്

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 15, വെള്ളി*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2016 ജൂലൈ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ............ ചോദ്യം നമ്പർ * 211

### സാമൂഹ്യ വനവൽക്കരണ പദ്ധതി

1 (*211) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) സാമൂഹ്യ വനവൽക്കരണമെന്ന പേരിൽ അക്കേഷ്യ തുടങ്ങിയ പാഴ്മരങ്ങൾ വ്യാപകമായി നട്ടുപിടിപ്പിച്ചത് സംസ്ഥാനത്തിന്റെ പരിസ്ഥിതിയെയും ജൈവ സമ്പത്തിനെയും ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടിയുണ്ടാകുമോ;

(സി) ഈ പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; ഫണ്ട് വിനിയോഗത്തെക്കുറിച്ച് പ്രത്യേകം പരിശോധന നടത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനം വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികളുടെ ഫലപ്രാപ്തി ക്രമമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നുണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ അക്കേഷ്യ തുടങ്ങിയ മരങ്ങൾ അധികമായി വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിലും ഇവ പരിസ്ഥിതിയെയും ജൈവസമ്പത്തിനെയും ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശാസ്ത്രീയ പഠനങ്ങളിലൊന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ ഇപ്രകാരമുള്ള അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾക്ക് പകരം തദ്ദേശീയ ഫലവൃക്ഷങ്ങളും തടി ലഭ്യമാകുന്ന തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷത്തൈകളും മറ്റ് ഔഷധ സസ്യങ്ങളുമാണ് വിതരണം ചെയ്ത് നട്ടുപിടിപ്പിച്ചു വരുന്നത്.

(സി) പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ പദ്ധതികളുടെ സാമ്പത്തിക ചെലവുകളും അതുവഴി കൈവരിച്ച ഭൗതിക നേട്ടങ്ങളും നിലവിലുള്ള വകുപ്പുതല സംവിധാനത്തിലും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് മുഖാന്തരവും പരിശോധനയ്ക്ക് വിധേയമാക്കി വരുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, അക്കേഷ്യ മരങ്ങൾ കേരളത്തിന്റെ പരിസ്ഥിതിക്ക് ചേർന്നതല്ലായെന്ന് നിരവധി റിപ്പോർട്ടുകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സാമൂഹ്യ വനവൽക്കരണ പദ്ധതി നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. നമ്മുടെ പരിസ്ഥിതിക്കും നാടിനും ആവശ്യമായ മേഖലകളിൽ സാമൂഹ്യ വനവൽക്കരണം പ്രായോഗികമാക്കാൻ കഴിയണം. കടലോരങ്ങളിൽ ഇപ്പോൾ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. ശക്തമായ തിര വരുമ്പോൾ വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ പലതും കടപുഴകി വീഴുന്നതിനാൽ കടലോരങ്ങളിൽ വച്ചുപ്പിടിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഇനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കേരളത്തിലെ കടലോരങ്ങളിൽ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കാൻ കഴിയുന്നില്ല; കായലോരങ്ങളിൽ മാത്രമാണ് പ്രധാനമായും അതിന് കഴിയുന്നത്; ഒറീസ്സ പോലുള്ള സംസ്ഥാനങ്ങളിൽ കടലോരങ്ങളിൽ പ്രത്യേക ഇനം കണ്ടൽച്ചെടികളുള്ളതായി പറയപ്പെടുന്നുണ്ട്. അതുകൊണ്ട് കടലാക്രമണം തടയുന്നതിനുകൂടി സഹായകരമായ രീതിയിൽ കേരളത്തിന് ചേരുന്ന വിധത്തിലുള്ള കണ്ടൽ സ്പീഷീസ് കണ്ടെത്തി അവ നട്ടുപിടിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാജു : സർ, കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് പ്രത്യേക പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. അക്കേഷ്യ ജലചൂഷണം നടത്തുന്നുവെന്ന് ജനങ്ങളുടെ ഇടയിൽനിന്നും പരാതികളുണ്ടാകുന്നുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഒരു റിപ്പോർട്ടും ഇതുമായി ബന്ധപ്പെട്ട് ലഭ്യമല്ലെങ്കിലും

സമൂഹത്തിന്റെ പൊതുവായ ആവശ്യം പരിഗണിച്ച് ഇപ്പോൾ അക്കേഷ്യ പോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് വനം വകുപ്പ് പ്രോത്സാഹിപ്പിക്കുന്നില്ല. പകരം തദ്ദേശീയമായ ആവശ്യങ്ങളുയർന്നുവരുന്നതുകൂടി കണക്കാക്കി ഫല വൃക്ഷങ്ങളടക്കമുള്ള തൈകളാണ് വിതരണം ചെയ്യുന്നത്. തീരപ്രദേശങ്ങളിലെ വനവൽക്കരണവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ശ്രീ. ബിനോയ് വിശ്വം, വനം വകുപ്പ് മന്ത്രിയായിരിക്കെ കേരളത്തിലെ എല്ലാ സ്കൂളുകളിലും കുട്ടികൾ മുഖേന വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അവ നട്ടുപിടിപ്പിക്കുകയും ചെയ്യുന്ന ഒരു പദ്ധതി സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ അവലോകനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതിയായി ഇത് തുടരാൻ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. കെ. രാജു : സർ, വനം വകുപ്പ് 'ഹരിത കേരളം' എന്ന പദ്ധതി നടപ്പിലാക്കുന്നത് പൂർണ്ണമായും വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ട്, അവർ മുഖേനയാണ്. സ്വകാര്യ കൈവശ സ്ഥലങ്ങളിൽക്കൂടി വൃക്ഷത്തൈകൾ ലഭ്യമാക്കുന്നതിനനുസരിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിച്ചുകൊണ്ട് 'ഹരിതകേരളം പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിലും പാതയോരങ്ങളിലും ലഭ്യമായ മറ്റ് സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടിയാണിത്. അതുപോലെ 'എന്റെ മരം', 'നമ്മുടെ മരം', 'വഴിയോരത്തണൽ പദ്ധതി' എന്നിവയും നടപ്പാക്കുന്നുണ്ട്. 'വഴിയോരത്തണൽ പദ്ധതി' എന്നത് തൊഴിലാളികളെ നിയോഗിച്ച് ദേശീയപാതയുടെയും സംസ്ഥാന പാതകളുടെയും വശങ്ങളിലെ വീതിയുള്ള ഭാഗങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതാണ്. ഈ പദ്ധതി പ്രധാനമായും തൊഴിലാളികളെ ഉദ്ദേശിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ 'എന്റെ മരം', 'നമ്മുടെ മരം' എന്നീ പദ്ധതികൾ സ്കൂൾ കുട്ടികൾക്ക് തൈ വിതരണം ചെയ്തുകൊണ്ട് അവരിൽ അവബോധം വളർത്താനായി നടത്തുന്ന പദ്ധതികളാണ്. അതിന്റെ അവലോകനം നടത്തുന്നതിനായി സ്കൂൾ തലത്തിൽ കമ്മിറ്റികൾ വിഭാവന ചെയ്തിട്ടുണ്ട്. ഈ പരിപാടികൾ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ നടത്തുന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. കാരാട്ട് റസാഖ് : സർ, മരങ്ങൾ വച്ചുപിടിപ്പിക്കുക മാത്രമല്ല, മരങ്ങൾ നട്ടുവളർത്തുക എന്നുള്ളതാണ് സമൂഹം കൈവരിക്കേണ്ട ഉദ്ദേശ്യലക്ഷ്യം. ഇത്തരം തൈകൾ വിതരണം ചെയ്യുന്നതുകൊണ്ടുമാത്രം സമൂഹത്തിന് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നത്?

<u>ശ്രീ. കെ. രാജു</u> : സർ, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രയോജനത്തെ സംബന്ധിച്ച് ഇത്തരമൊരു വേദിയിൽ പറയേണ്ട കാര്യമല്ല. ഇന്നത്തെ സമൂഹത്തിൽ എല്ലാവർക്കും അതുമായി ബന്ധപ്പെട്ട് അവബോധമുള്ളതാണ്.

<u>മി. സ്പീക്കർ</u> : വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക മാത്രമല്ല, അവ വളർത്തുന്നുണ്ടോയെന്ന് വനം വകുപ്പ് ശ്രദ്ധിക്കുന്നുണ്ടോയെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് തോന്നുന്നു.

<u>ശ്രീ. കെ. രാജു</u> : സർ, നട്ടുപിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. നട്ടുപിടിപ്പിക്കുകയെന്ന് പറയുമ്പോൾ സംരക്ഷിക്കുക എന്നാണുദ്ദേശിക്കുന്നത്. വനം വകുപ്പ് തൈകൾ വിതരണം ചെയ്യുക മാത്രമല്ല, വിതരണം ചെയ്യുന്ന തൈകൾ സംരക്ഷിച്ച് വളർത്തുന്നുണ്ടോയെന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേക അവലോകനവും നടത്തിവരുന്നുണ്ട്. വിതരണത്തിനുവേണ്ടി തൈകൾ കൊണ്ടുപോകുന്ന ആളുകളെ അക്കാര്യം ബോദ്ധ്യപ്പെടുത്തുന്നുമുണ്ട്. കൂടാതെ, ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിനും തയ്യാറാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ ചില മേഖലകളിലൊക്കെ ക്ലാസ്സെടുക്കുന്നുണ്ട്. മരങ്ങൾ സംരക്ഷിച്ചു വളർത്തുന്നതിന് മൊത്തത്തിൽ ഒരവബോധം ആവശ്യമാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u> : സർ, സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾക്ക് 50 പൈസയാണ് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് ഈടാക്കുന്നത്. എം.എൽ.എ.-മാർ ആവശ്യപ്പെട്ട് കത്തുകൊടുത്താൽ സൗജന്യമായി കൊടുക്കാറുണ്ട്. എന്നാൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾ ജില്ലയിൽ ഒന്നോ രണ്ടോ മാത്രമാണുള്ളത്. അവിടെനിന്നും ഈ തൈകൾ ജില്ലയിലെ എല്ലാ ഭാഗങ്ങളിലുമെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജുകൂടി കണക്കിലെടുത്താൽ തൈ ഒന്നിന് പത്തും പതിനഞ്ചും രൂപ ചെലവാകുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരമൊരു ചെലവ് ഒഴിവാക്കുന്നതിനായി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷങ്ങളടക്കമുള്ള വൃഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്കീം നമുക്ക് തയ്യാറാക്കാവുന്നതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ ഫലവൃക്ഷങ്ങളടക്കമുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു സ്കീമുണ്ടാക്കുകയാണെങ്കിൽ ഇവയുടെ സംരക്ഷണമുൾപ്പെടെയുള്ള ഉത്തരവാദിത്വം ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാനും പഞ്ചായത്തുകൾക്ക് അക്കാര്യങ്ങൾ ചെയ്യാനും സാധിക്കും. ഗവൺമെന്റ് അത്തരത്തിൽ ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജു : സർ, തദ്ദേശീയ ഡിമാന്റുകൾ ഉയർന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഫലവൃക്ഷത്തൈകൾ ധാരാളമായി വിതരണം ചെയ്യുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷത്തൈകൾ, ഔഷധഗുണമുള്ള വൃക്ഷത്തൈകൾ എന്നിവയ്ക്കാണ് വനംവകുപ്പ് യഥാർത്ഥത്തിൽ പ്രാധാന്യം നൽകുന്നത്. മാവ്, പ്ലാവ് എന്നിങ്ങനെയുള്ള വൃക്ഷത്തൈകൾ കൃഷി വകുപ്പിന്റെതന്നെ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. വനം വകുപ്പിന് ഒരു തൈയ്ക്ക് 6 രൂപ വിലയാകുന്നുണ്ട്. അവ 2 രൂപ വില നിശ്ചയിച്ചാണ് നൽകുന്നത്. സന്നദ്ധ സംഘടനകൾക്കും വിദ്യാർത്ഥികൾക്കും എം.എൽ.എ.-മാരുടെ കത്തുമായി പോകുന്നവർക്കും വനവൽക്കരണത്തിന്റെ ഭാഗമായി 50 പൈസ നിരക്കിലാണ് തൈകൾ വിതരണം ചെയ്യുന്നത്. പ്രകൃതി സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് ജൂൺ 5-ന് സൗജന്യമായാണ് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നത്.

ശ്രീ. കെ. ആൻസലൻ : സർ, വഴിയോരങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെല്ലാം പഴക്കം ചെന്ന മരങ്ങൾ ഇക്കഴിഞ്ഞ മഴക്കാലത്ത് കടപുഴകി വീഴുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ഇത് പലപ്പോഴും വലിയ ദുരന്തങ്ങൾക്കിടയാക്കുകയും കുട്ടികളടക്കമുള്ളവർ മരണപ്പെട്ടിട്ടുമുണ്ട്. ഇത്തരം മരങ്ങൾ മുറിച്ചുമാറ്റാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി വേണം. അതിന് താമസം വരുന്നതിനാൽ ഉദ്ദേശിക്കുന്ന ഫലമുണ്ടാകാതിരിക്കുകയും ദുരന്തങ്ങളുണ്ടാകുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ കൃത്യമായ നടപടി സ്വീകരിക്കുന്നതിനും അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, പി.ഡബ്ല്യു.ഡി. റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾമൂലം പെട്ടെന്ന് അപകടമുണ്ടാകുന്ന സാഹചര്യങ്ങളിൽ അവ മുറിച്ചുമാറ്റാൻ വനം വകുപ്പിന്റെ അനുമതിക്ക് നിൽക്കേണ്ടതില്ല. പി.ഡബ്ല്യു.ഡി.-യും എൻ.എച്ച്.എ.-യുമൊക്കെയാണ് അവയുടെ അധികാരികൾ. എന്നിരുന്നാലും വളരെ അപകടകരമായ അവസ്ഥയിലാണ് മരത്തിന്റെ നിൽപ്പെങ്കിൽ കളക്ടറോ ആർ.ഡി.ഒ.-യോ സ്ഥലം സന്ദർശിച്ചശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ.-യ്ക്ക് മരം മുറിച്ചുനീക്കുന്നതിനുള്ള അനുമതി കൊടുക്കാം. അത്തരത്തിൽ മുറിച്ചുനീക്കുന്നതിന് മറ്റ് നിയമ തടസ്സങ്ങളൊന്നുമില്ല.

ശ്രീ. പി. കെ. ബഷീർ : സർ, ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന 2006 കാലഘട്ടത്തിൽ കാട്ടിലും മറ്റും വീണുകിടക്കുന്ന പാഴ്മരങ്ങളും വലിയ മരങ്ങളുമൊക്കെ ലേലം ചെയ്ത് വിറ്റ് 40,000 കോടി രൂപയുടെ വരുമാനമുണ്ടാക്കാമെന്ന് പറഞ്ഞിരുന്നു. കാട്ടിൽ നിൽക്കുന്ന

മരങ്ങൾ നശിച്ചുപോകുന്ന അവസ്ഥയാണുള്ളത്. അത്തരത്തിൽ അവ ലേലം ചെയ്താൽ സംസ്ഥാന സർക്കാരിന് റവന്യൂ വരുമാനവും ലഭിക്കും; സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സഹായിക്കും.

മി. സ്പീക്കർ : മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ചാണ് ചോദ്യം ഉന്നയിക്കേണ്ടത്, വെട്ടിനശിപ്പിക്കുന്നതിനെക്കുറിച്ചല്ല.

ശ്രീ. പി. കെ. ബഷീർ : എന്റെ ചോദ്യം വീണുകിടക്കുന്ന മരങ്ങളെക്കുറിച്ചാണ്. അവ ലേലം ചെയ്തു വിൽക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാജു : സർ, ബഹുമാനപ്പെട്ട മെമ്പർ തടിയുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധവുംകൂടി വ്യക്തമാക്കിക്കൊണ്ടാണ് ഈ ചോദ്യം ചോദിച്ചത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. വനത്തിൽ ധാരാളം വൃക്ഷങ്ങൾ കാറ്റും മറ്റു പ്രകൃതിക്ഷോഭവുംമൂലം ഒടിഞ്ഞുവീണും പിഴുതുവീണുമൊക്കെ കിടപ്പുണ്ടെന്നുള്ളത് ശരിയാണ്. അവ ശേഖരിച്ച് വിൽപ്പന നടത്തുന്ന രീതി ഇപ്പോൾ വനം വകുപ്പിലില്ല. കാരണം, പല സ്ഥലങ്ങളിലായി വീണുകിടക്കുന്ന മരങ്ങൾ ശേഖരിച്ച് ഡിപ്പോയിലെത്തിച്ച് ലേലം ചെയ്യുന്നതിന് ചെലവാകുന്ന തുക, മരം വിറ്റാൽ കിട്ടുന്ന തുകയേക്കാൾ കൂടുതലാണെന്നുള്ളതാണ് റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വനത്തിനുള്ളിൽ വീണുകിടക്കുന്ന തടികൾ ശേഖരിക്കുന്ന രീതി വനം വകുപ്പ് തുടരുന്നില്ല. വനം വകുപ്പിന്റെ റിപ്പോർട്ട് ശരിയാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് കൂടുതൽ പരിശോധിച്ചതിനു ശേഷം ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് വിവിധ തരത്തിലുള്ള തൈകളാണ് വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. ചന്ദനം, ഈട്ടി, തേക്ക്, മഹാഗണി, കാറ്റാടി, വേപ്പ് എന്നീ തരത്തിലുള്ള തൈകൾ പലപ്പോഴായി വിതരണം ചെയ്തിട്ടുണ്ട്. ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ശാസ്താംകോട്ട തടാകത്തിന്റെ വൃഷ്ടിമേഖലയിൽ ഏകദേശം 10000 തൈകൾ വച്ചു പിടിപ്പിക്കണമെന്നതായിരുന്നു പ്രധാന പദ്ധതി. എന്നാൽ 5000 തൈകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. സി.സി.എഫ്.-മായി ബന്ധപ്പെട്ടപ്പോൾ 5000 തൈകൾ മാത്രമേ ലഭ്യമാക്കാൻ കഴിയൂവെന്ന മറുപടിയാണ് ലഭിച്ചത്. ഞങ്ങൾ അഡ്വാൻസായി തുക അടയ്ക്കാൻ തയ്യാറാണ്. അതിനാൽ ഈ തടാകത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ബാക്കിയുള്ള 5000 തൈകൾ കൂടി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, ശാസ്താംകോട്ട തടാകം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. തടാകത്തിനുചുറ്റും വൃക്ഷത്തൈകളും പുല്ലും വച്ചുപിടിപ്പിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. മുൻകയ്യെടുക്കണം. ഇപ്പോൾ നട്ട 5000 തൈകൾ സംരക്ഷിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും 5000 തൈകൾകൂടി ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കും.

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ ചോദ്യം, ഞാനും ബഹുമാനപ്പെട്ട മന്ത്രിയുമടക്കമുള്ളവർ അനുഭവിക്കുന്ന ചില പ്രയാസങ്ങളെക്കുറിച്ചാണ്. വനമേഖലയിൽ പഞ്ചായത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് പണം മുടക്കി നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡുപണികൾക്ക് പലപ്പോഴും തടസ്സം നേരിടുകയാണ്. രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്ന ഒരവസ്ഥയിലേക്ക് ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാറിയിരിക്കുന്നു. എന്റെ മണ്ഡലത്തിലെ കൊക്കാത്തോട് ഒറ്റപ്പെട്ട പ്രദേശമാണ്. അവിടെ റോഡ് നിർമ്മിക്കുന്നതിനുവേണ്ടി പണം അനുവദിക്കുകയും കുറേ പണികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ റോഡ് നിർമ്മിക്കാൻ പാടില്ലെന്ന് പറയുകയാണ്. കാരണമെന്താണെന്ന് അങ്ങേക്കുമറിയാം. അങ്ങും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന ആളാണെന്ന് അറിയാവുന്നതുകൊണ്ടാണ് പറയുന്നത്. ഇതിനൊരു പ്രത്യേക നിർദ്ദേശം വനം വകുപ്പുദ്യോഗസ്ഥർക്ക് നൽകുമോ; ഇത്തരത്തിൽ റോഡുകളും മറ്റും നിർമ്മിക്കുന്നതിനുള്ള അനുമതി ഉടൻ നൽകുന്നതിനുള്ള നടപടികളുണ്ടാകണം.

ശ്രീ. കെ. രാജു : സർ, വനത്തിലൂടെ പോകുന്ന റോഡുകളെ സംരക്ഷിക്കാനും പരിപാലിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരാറുണ്ട്. പലപ്പോഴും ആവശ്യമായ തുക അനുവദിച്ചുകിട്ടാത്തതിനാൽ ലഭിക്കുന്ന തുക ഉപയോഗിച്ച് റോഡുകളുടെ സംരക്ഷണം ഏറ്റെടുക്കുന്നുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി സംരക്ഷണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പ്രകാശ് ജവേദ്കർ സംസ്ഥാനത്ത് വന്നപ്പോൾ വനം സംരക്ഷിക്കാനും റോഡുകൾ പരിപാലിക്കാനുമായി കൂടുതൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം കൊടുത്തിട്ടുണ്ട്. വനത്തിനകത്തുകൂടി റോഡ് പോകുന്നുണ്ടെങ്കിൽ അത് പരിപാലിക്കുക എന്നുള്ളത് വനം വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം വനം വകുപ്പ് ചെയ്യുന്നതായിരിക്കും. ജില്ലാ പഞ്ചായത്ത്, വനം വകുപ്പിനെ ഫണ്ട് ഏൽപ്പിച്ചാൽ, അവരുടെ നിബന്ധനകൾക്ക് വിധേയമായി റോഡ് നിർമ്മിക്കുന്നതായിരിക്കും. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നിബന്ധനകൾക്ക് വിധേയമായി വനം വകുപ്പിന്റെ അനുവാദത്തോടുകൂടി ചെയ്യാവുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, പ്രകൃതിയും ഭൂമിയും ജീവജാലങ്ങളും സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയാണ് ഭൂമിയുടെ സൗന്ദര്യമെന്ന് കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രകൃതിയേയും

ജീവജാലങ്ങളെയും സംരക്ഷിക്കാൻ വനവൽക്കരണം അത്യാവശ്യമാണ്. കഴിഞ്ഞ വർഷം എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്കൂളുകൾ തോറും 'ഒരു സ്കൂളിന് ഒരു മരം, ഒരു ഡിവിഷന് ഒരു മരം' എന്ന പദ്ധതി നടപ്പിലാക്കി. മരം സംരക്ഷിക്കുന്ന സ്കൂളിന്റെ ചുമതല എച്ച്.എം-നും ടീച്ചർമാർക്കും ഡിവിഷന്റെ ചുമതല ക്ലാസ് ടീച്ചറിനും കുട്ടികൾക്കുമാണ്. മരം സംരക്ഷിക്കുന്ന കുട്ടികൾക്കും ടീച്ചർമാർക്കും അവാർഡും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപകമാക്കണം. അതുപോലെ ഇത്തരം മരങ്ങൾ വച്ച് പിടിപ്പിക്കുന്ന ഏജൻസികൾക്കും കുടുംബശ്രീ, മറ്റ് എൻ.ജി.ഒ.-കൾ എന്നിവയ്ക്കും പ്രത്യേകമായ അവാർഡ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആ അവാർഡ് തുക എത്ര രൂപയാണ്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ കഴിയുമോ; ഈ പദ്ധതി വിദ്യാലയങ്ങൾ, എൻ.ജി.ഒ.-കൾ, കുടുംബശ്രീ എന്നീ മേഖലകളിലടക്കം വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? അതുപോലെ വനത്തിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന റോയൽ വുഡ്സ് അടക്കമുള്ള മരം പലപ്പോഴും മുറിച്ചുകൊണ്ടുപോകാറുണ്ട്. അത്തരത്തിൽ മുറിച്ചുകൊണ്ടുപോകുമ്പോൾ പകരം മരം വച്ചുപിടിപ്പിക്കണം. ഒരു മരം മുറിച്ചാൽ പകരം പത്ത് മരം വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u> : സർ, അങ്ങയുടെ മണ്ഡലത്തിൽ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നത് നല്ല പദ്ധതിയാണ്. പക്ഷേ, അവയുടെ എണ്ണം വർദ്ധിപ്പിക്കണം. ഒരു സ്കൂളിന് ഒരു മരം, ഒരു ഡിവിഷന് ഒരു മരം എന്നത് പരിമിതമാണ്. പല സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും മരങ്ങൾ കൊടുക്കുകയാണ്. മരത്തിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നാണ് അങ്ങയോട് പറയാനുള്ളത്. അവാർഡ് തുക എത്ര രൂപയാണ്, അത് വർദ്ധിപ്പിക്കാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിച്ച് മറുപടി നൽകാം.

<u>ശ്രീ. എം. വിൻസെന്റ്</u> : സർ, വൃക്ഷം നട്ടുപിടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്. ഒരു മരം മൂന്ന് ഓക്സിജൻ സിലിണ്ടർ നൽകുന്ന ഓക്സിജൻ സമൂഹത്തിന് നൽകുന്നുവെന്നാണ് ഒരു പഠനത്തിൽ തെളിഞ്ഞത്. ഒരു ഓക്സിജൻ സിലിണ്ടറിന് 700 മുതൽ 800 രൂപ വരെ വിലയുണ്ട്. അപ്പോൾ ഏകദേശം ഒരു ദിവസം 2400-ഓളം രൂപയുടെ ഓക്സിജൻ നൽകുന്ന മരങ്ങളെയാണ് നമ്മൾ വെട്ടിമുറിക്കുന്നത്. അങ്ങനെ വരുമ്പോൾ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും സംരക്ഷിക്കേണ്ടതും പ്രാധാന്യമുള്ളതാണ്. ഇപ്പോൾ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നത് വലിയ പരിപാടിയായി പ്രഖ്യാപിക്കുകയാണെങ്കിലും അവ സംരക്ഷിക്കപ്പെടാത്ത സ്ഥിതി വിശേഷമുണ്ട്. എന്റെ ചോദ്യം, ഓരോ വീടുകളിലും നമ്മുടെ പ്രിയപ്പെട്ടവർ മൺമറഞ്ഞുപോയിട്ടുണ്ട്. അവരുടെ പേരിൽ വൃക്ഷത്തൈകൾ വീടുകളിൽ വച്ചുപിടിപ്പിക്കുക,

സ്കൂളുകളിലും മറ്റു പൊതുസ്ഥലങ്ങളിലും ദേശീയ നേതാക്കന്മാരുടെ പേരിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, രാഷ്ട്രീയ പാർട്ടികൾ മൺമറഞ്ഞ നേതാക്കളുടെ പേരിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക എന്ന രീതിയിൽ ഒരു സ്മൃതിവനം നമ്മുടെ നാട്ടിൽ രൂപീകരിക്കുന്നതിനായി സമഗ്രമായൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. കെ. രാജു : സർ, ഇപ്പോൾ കുട്ടിവനം, നക്ഷത്രവനം തുടങ്ങിയ പദ്ധതികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നുണ്ട്. വീടുകളിൽ തന്നെ വ്യക്തികളുടെ പേരിലോ അല്ലെങ്കിൽ അവരവരുടെ പിതാമഹന്മാരുടെയോ അല്ലെങ്കിൽ ഓർമ്മിക്കപ്പെടേണ്ടുന്ന ആളുകളുടെയോ പേരിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് നല്ല കാര്യമാണ്. അതിനാവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പിൽ നിന്ന് ആവശ്യപ്പെട്ടാൽ അവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് നക്ഷത്രവനം പദ്ധതി. റോഡുകളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ചൊല്ലുതന്നെയുണ്ട് - 'കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി' എന്നാണ്. പൊതുവകയാണെങ്കിൽ ആർക്കും എന്തുമാകാം എന്നാണ് അതിന്റെ ധ്വനി. എന്നാൽ കാടിനെ ചേർത്ത് ഇപ്പോൾ അങ്ങനെ പറയുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ കാട്ടിലെ തടി ആർക്കും മുറിച്ചുകടത്തിക്കൊണ്ടുപോകാൻ സാധിക്കുന്ന സ്ഥിതിയല്ല. അതിനെതിരായി ഗവൺമെന്റ് ശക്തമായ നടപടിയെടുക്കും.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട്ടിൽ വ്യാപകമായി തേക്കിൻ തോട്ടങ്ങളുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് റെയിൽപ്പാളത്തിന്റെ നിർമ്മാണത്തിനു വേണ്ടിയായിരുന്നു അതാരംഭിച്ചത്. വയനാട്ടിലെ മൺസൂൺ കാലാവസ്ഥയിൽ കാലാവസ്ഥാ വ്യതിയാനത്തിനും വന്യമൃഗങ്ങൾ വൻതോതിൽ നാട്ടിലിറങ്ങാനും ഇത് ഇടയാക്കുന്നുണ്ട്. വൻതോതിൽ തേക്ക് വച്ചുപിടിപ്പിക്കുന്നത് വയനാടിന്റെ കാലാവസ്ഥയെയും വന്യമൃഗശല്യത്തെയും രൂക്ഷമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് തേക്ക് പ്ലാന്റേഷനുപകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. കെ. രാജു : സർ, യഥാർത്ഥത്തിൽ വനത്തോടുചേർന്ന് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് വന്യമൃഗങ്ങൾ ഇറങ്ങിവരുന്നതിന് ഇടയാകും. നല്ല രുചിയുള്ള ഭക്ഷണമാണെന്ന് ആനയ്ക്ക് തോന്നിയാൽ ആന സ്ഥിരമായി അവിടെ വരും. വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങൾ നല്ല ഫലഭൂയിഷ്ഠമായതിനാൽ കിഴങ്ങുവർഗ്ഗങ്ങളടക്കമുള്ള ഫലവർഗ്ഗങ്ങൾ അവിടെ കൃഷി ചെയ്യുന്നുണ്ട്. അവിടെയെല്ലാം കുരങ്ങടക്കമുള്ള വന്യമൃഗങ്ങൾ വന്ന് ശല്യംചെയ്യുന്ന സ്ഥിതിയുമുണ്ട്. അത്തരത്തിലുള്ള

ബോധവത്ക്കരണത്തിന്റെ ആവശ്യമുണ്ട്. തേക്ക്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ പ്ലാന്റ് ചെയ്യുന്നത് മാറ്റി അവിടെയെല്ലാം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. വനത്തിനകത്താണ് ഈ പ്ലാന്റേഷനുകൾ. ഉദാഹരണത്തിന്, അക്കേഷ്യ പ്ലാന്റ് ചെയ്യാനുള്ള ബാധ്യത സർക്കാരിനുണ്ട്. 20 വർഷമായി നീണ്ടുനിൽക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് അവരുടെ അസംസ്കൃത സാധനമായ അക്കേഷ്യ കൊടുക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഇല്ലെങ്കിൽ ആ ഫാക്ടറിയുടെ പ്രവർത്തനം നിന്നുപോകും. അതുകൊണ്ട് സമ്പൂർണ്ണമായി അക്കേഷ്യയുടെ പ്ലാന്റേഷൻ നിർത്തലാക്കാൻ ഇപ്പോൾ കഴിയില്ല. എന്നാൽ നാട്ടിൻപ്രദേശത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ തേക്കും മാഞ്ചിയവും അക്കേഷ്യയുമൊക്കെ നട്ടുപിടിപ്പിക്കുന്നത് അവസാനിപ്പിച്ച് ഫലവൃക്ഷങ്ങൾ കൂടുതലായി വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് വനം വകുപ്പ് ആലോചിക്കുന്നതാണ്.

**തടയണ നിർമ്മാണം**

2 (*212) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ,

(എ) 2014-ൽ സർക്കാർ ഉത്തരവുകൾ പ്രകാരം 190 തടയണകൾ നിർമ്മിക്കുന്നതിനായി 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണകൾ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്. ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി 62 കോടി രൂപയുടെ 15 തടയണകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിൽ വരൾച്ച നേരിടുന്നതിനായി നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക കാര്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കി കഴിഞ്ഞു. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, നമ്മുടെ സംസ്ഥാനം 44 നദികളാൽ സമ്പന്നമാണ്. ആവശ്യത്തിലധികം മഴയും നമുക്ക് ലഭിക്കുന്നുണ്ട്. പക്ഷേ 24 മണിക്കൂർകൊണ്ട് ഈ മഴവെള്ളമെല്ലാം നദികളിലൂടെ കടലിൽ എത്തിച്ചേരുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ തടയണകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ഈ തടയണകൾ സംരക്ഷിക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളുണ്ടോ; തടയണകളിൽ വരുന്ന മലിനജലം ശുദ്ധീകരിക്കുവാനുള്ള സാങ്കേതികവിദ്യകളുണ്ടോ? ഉദാഹരണത്തിന്, മൂവാറ്റുപുഴയിലെ മാറാടി പഞ്ചായത്തിൽ കായനാട് സ്ഥാപിച്ചിരിക്കുന്ന തടയണ രണ്ട് മീറ്റർ പൊക്കത്തിൽ കല്ലിട്ട് പൊക്കി സ്ഥാപിച്ച തടയണയായതുകൊണ്ട് ഷട്ടറില്ലെന്ന കാരണത്താൽ വെള്ളം തുറന്നുവിട്ട് ശുദ്ധീകരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ മൂവാറ്റുപുഴയാറിന്റെ കുറേ ഭാഗം മലിനപ്പെട്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ശുദ്ധീകരണത്തിന് എന്തെങ്കിലും ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, കേരള ജല അതോറിറ്റി പ്രധാനമായും തടയണകൾ നിർമ്മിക്കുന്നത് ശുദ്ധജല പദ്ധതികളുടെ ജല സ്രോതസ്സുകളിൽ ജലം നിലനിർത്താൻ വേണ്ടിയാണ്. മറ്റ് രൂപത്തിൽ നടപ്പിലാക്കുന്ന തടയണകൾവഴി വെള്ളം ശുദ്ധീകരിക്കുന്ന പദ്ധതികളൊന്നും ജലസേചന വകുപ്പ് നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിൽ വലിയ ചെലവില്ലാതെ വെള്ളം ശുദ്ധീകരിച്ചെടുക്കാൻ ഏത് രൂപത്തിൽ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, എറണാകുളം ജില്ലയിലെ പെരിയാറിലും കാളിയാർ, കോതയാർ, തൊടുപുഴയാർ എന്നിവ ചേരുന്ന മൂവാറ്റുപുഴയാറിലും പുതിയതായി തടയണകൾ സ്ഥാപിക്കുമോ; എത്ര കിലോമീറ്റർ ഇടവിട്ടാണ് തടയണകൾ സ്ഥാപിക്കുക; വിദേശ രാജ്യങ്ങളിൽ തടയണകളില്ലാതെ നവീന മാർഗ്ഗത്തിൽ വെള്ളം സ്റ്റോർ ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം മാർഗ്ഗങ്ങൾ അവലംബിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, 2014-ൽ ഗവൺമെന്റ് 190 തടയണകൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയെങ്കിലും 45 എണ്ണം മാത്രമേ ജലസേചന വകുപ്പിന് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 131 എണ്ണം നിർമ്മാണ പ്രവർത്തനങ്ങളിലാണ്. 14 എണ്ണം ഉപേക്ഷിച്ചു. 190 എണ്ണത്തിൽ 16 എണ്ണം എറണാകുളം ജില്ലയിലാണ് അനുവദിച്ചത്. 16 എണ്ണത്തിൽ ഒരെണ്ണംപോലും പൂർത്തിയാക്കിയിട്ടില്ല, എല്ലാം പുരോഗതിയിലാണ്. തടയണകൾ തമ്മിൽ നിശ്ചിത ദൈർഘ്യമുണ്ടാകണമെന്ന് നിർബന്ധമില്ല. എന്നാൽ ഭൂജല വിതാനം താഴുന്നുവെന്ന് സംശയമുള്ള സ്ഥലങ്ങളിൽ പുതിയ തടയണകൾ നിർമ്മിക്കാൻ വേണ്ടിയുള്ള പണം കണ്ടെത്തും.

Mr. Speaker : Shri Hibi Eden, not in the seat; Shri V.D. Satheesan,

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങിവിടെ പറഞ്ഞ മറുപടി വലിയ ഉത്കണ്ഠ ഉളവാക്കുന്നതാണ്. യാതൊരു നിയന്ത്രണവുമില്ലാതെ അശാസ്ത്രീയമായാണ് ഇപ്പോൾ തടയണകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നീരൊഴുക്ക് സംബന്ധിച്ച ഹൈഡ്രോളജിക്കൽ ഡാറ്റായും കാലാവസ്ഥാമാറ്റം സംബന്ധിച്ച മിറ്റീരിയോളജിക്കൽ (meteorological) ഡാറ്റായും പരിശോധിച്ചിട്ടാണ് തടയണകൾ നിർമ്മിക്കേണ്ടത്. യാതൊരു നിയന്ത്രണവുമില്ലാതെ തടയണകൾ നിർമ്മിച്ചാൽ ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിതെളിക്കും. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനം നമുക്കില്ല. അതുകൊണ്ട് നദികളുടെ ഒഴുക്കിനെ നിയന്ത്രിക്കാനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കുടിവെള്ള പദ്ധതികളും തടയണകളും നിർമ്മിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനുമുതകുന്ന സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, പഠനവിധേയമായിട്ടല്ല തടയണകൾ നിർമ്മിക്കുന്നതെന്ന ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ പരാമർശം പൂർണ്ണമായും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. എനിക്ക് ലഭ്യമായിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 871 കിണറുകൾ നിരീക്ഷണ കിണറുകളാക്കി ഭൂജലവിതാനം താഴുന്നോ ഇല്ലയോ എന്നും അവയിൽ ശേഖരിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം

പരിശോധിക്കാനും വേണ്ടിയുള്ള സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. രണ്ടു വർഷത്തിലൊരിക്കൽ അതിൽ നിന്നുള്ള ഡാറ്റാ അടിസ്ഥാനപ്പെടുത്തി റിപ്പോർട്ടുകൾ ശേഖരിക്കാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഭൂജല വിതാനം താഴ്ന്നുപോകുന്ന സ്ഥലങ്ങളിലെ 152 ബ്ലോക്കുകളെ നാലായി തരംതിരിച്ചിരിക്കുകയാണ്. ഓവർ എക്സ്പ്ലോയിറ്റഡായി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കും ക്രിട്ടിക്കലായി കാസർഗോഡ്, മലമ്പുഴ എന്നീ ബ്ലോക്കുകളും സെമിക്രിട്ടിക്കലായി 23 ബ്ലോക്കുകളും സുരക്ഷിതമായി 126 ബ്ലോക്കുകളുമാണ് കണ്ടെത്തിയിരിക്കുന്നത്. പഠനങ്ങൾ നടത്താതെയല്ല; പക്ഷേ ആധികാരികതയോടുകൂടിയുള്ള കൂടുതൽ പഠനങ്ങൾ നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

ശ്രീ. അനിൽ അക്കര : സർ, തൃശ്ശൂർ കോൾനിലങ്ങളിലെയും മലപ്പുറം ജില്ലയിലെ പൊന്നാനി കോൾനിലങ്ങളുമുൾപ്പെടെ ഏതാണ്ട് അറുപതിനായിരത്തോളം ഏക്കർ കോൾനിലങ്ങളിൽ ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ കോടാനുകോടി ലിറ്റർ വെള്ളമാണ് സംഭരിച്ചിരിക്കുന്നത്. ഒക്ടോബർ-നവംബർ മാസങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടി വെള്ളം കടലിലേക്ക് പമ്പ് ചെയ്തുകളയുകയാണ് ചെയ്യുന്നത്. പമ്പ് ചെയ്യുന്ന വെള്ളത്തിനെ കനാലുകളിൽ തടയണകൾ കെട്ടി അവിടേക്ക് റിവേഴ്സ് പമ്പിംഗ് ചെയ്യുകയും കുളങ്ങളിലേക്ക് റീചാർജ്ജും ചെയ്തുകഴിഞ്ഞാൽ ഈ രണ്ട് ജില്ലകളിലേയും കുടിവെള്ള പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. സമുദ്രനിരപ്പിനേക്കാൾ 1.5 മീറ്റർ താഴെയാണ് ഈ കോൾ നിലങ്ങൾ. ഒക്ടോബർ-നവംബർ മാസങ്ങളിൽ വെള്ളം പമ്പ് ചെയ്യുന്നതോടുകൂടി രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഈ ജില്ലയിലുണ്ടാകുന്നത്. ഈ രണ്ട് ജില്ലകളിലെ കനാലുകളിലും തടയണകൾ കെട്ടി വെള്ളം സംഭരിക്കുന്നതിനും കുളങ്ങളിലേക്ക് റിവേഴ്സ് പമ്പിംഗ് ചെയ്യുന്നതിനുമുള്ള ഒരു സമഗ്ര പദ്ധതി സർക്കാർ തയ്യാറാക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്, കെട്ടിക്കിടക്കുന്ന വെള്ളം കാർഷികാവശ്യങ്ങൾക്കുവേണ്ടി പമ്പ് ചെയ്യുന്നുവെന്നുള്ളതാണ്. കുടിവെള്ളത്തിനുവേണ്ടി അവയെങ്ങനെ ഉപയോഗിക്കാമെന്നുള്ളതിനെ സംബന്ധിച്ച ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം നൽകിയത്. ശാസ്ത്രീയവശങ്ങൾ കൂടി പരിശോധിച്ചു മാത്രമേ അതുസംബന്ധിച്ച് ഉത്തരം പറയാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. വി. വിജയദാസ് : സർ, സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായതോടുകൂടി തടയണ നിർമ്മാണം അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴയിൽ തടയണകൊണ്ട് നിറഞ്ഞിരിക്കുകയാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഭാരതപ്പുഴയിലെ തടയണകളിൽ ഒട്ടും വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. പറമ്പിക്കുളം-ആളിയാർ നദീജല കരാർപ്രകാരം മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, കഴിഞ്ഞ ദിവസം ഒരു ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞതാണ്. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതിനുള്ള ചർച്ചകൾ സൗഹാർദ്ദപരമായി നടത്താനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വേനൽക്കാലമാകുമ്പോൾ ജലവിഭവ വകുപ്പ് പലയിടത്തും താൽക്കാലികമായ തടയണകൾ നിർമ്മിക്കാറുണ്ട്. വേനൽ രൂക്ഷമാകുമ്പോഴാണ് വാട്ടർ സോഴ്സുകളിൽ പലപ്പോഴും തടയണകൾ നിർമ്മിക്കാൻ വകുപ്പ് മുന്നോട്ടുവരുന്നത്. ഇതുകാരണം പ്രധാനപ്പെട്ട പല വാട്ടർ സോഴ്സുകളിലും ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾക്കു പകരം സ്ഥിരമായ തടയണകൾ നിർമ്മിക്കാനുള്ള പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, കുടിവെള്ള സ്രോതസ്സുകളിൽ വെള്ളമില്ലാതെ വരുമ്പോൾ താൽക്കാലികമായി തടയണ നിർമ്മിക്കുന്നുണ്ടാകാം. പക്ഷേ കുടിവെള്ള സ്രോതസ്സുകളിൽ ശാശ്വതമായി വെള്ളം ലഭിക്കാൻവേണ്ടി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി തടയണകൾ നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 62 കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u> : സർ, തലശ്ശേരി ഉൾപ്പെടെയുള്ള പ്രദേശം തീരദേശമേഖലയാണ്. രൂക്ഷമായ കടലാക്രമണമാണ് ഈ കേന്ദ്രങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പലയിടങ്ങളിലും ജലവിഭവ വകുപ്പിന്റെ തടയണ നിർമ്മാണത്തിന്റെ ആവശ്യമുണ്ട്. ഗവൺമെന്റ് തലത്തിൽ ശക്തമായി ഇടപെട്ടില്ലെങ്കിൽ തലശ്ശേരി ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകും. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, അങ്ങയുടെ നിയോജക മണ്ഡലത്തിലടക്കം കേരളത്തിലെ തീരദേശമേഖലയിലാകെ കടൽക്ഷോഭത്തിന്റെ ഭീതി നിലനിൽക്കുന്നുണ്ട്. കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ താൽക്കാലികമായി കല്ലുകൾ നിക്ഷേപിച്ചുകൊണ്ട് അതിന്റെ രൂക്ഷത തടയാൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. വലിയ പ്രശ്നമുള്ള സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് പുലിമുട്ട് നിർമ്മാണവും കടൽഭിത്തി നിർമ്മാണവും നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ചില പ്രദേശങ്ങൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റു പ്രദേശങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഭൂഗർഭജലം ഏറ്റവും കൂടുതൽ ഡിപ്ലീറ്റ് ചെയ്യപ്പെടുന്ന സെമി ക്രിട്ടിക്കൽ പ്രദേശമാണ് തൃത്താല നിയോജകമണ്ഡലത്തിലെ തൃത്താല ബ്ലോക്ക്. ഇവിടെ കാങ്കപ്പുഴ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഒരു പ്രൊപ്പോസലുണ്ട്. മുൻ ബഡ്ജറ്റിൽ ഒരു കോടി രൂപ അതിനുവേണ്ടി നീക്കിവച്ചിരുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വകുപ്പിന്റെ പരിഗണനയിലാണ്. അതിനാവശ്യമായ തുക അനുവദിച്ച് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച്, വരും വർഷത്തിൽ മതിയായ തുക ബഡ്ജറ്റിലൂടെയോ നബാർഡിലൂടെയോ അനുവദിച്ച് കാങ്കപുഴ റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ പാലക്കാട് ജില്ലയിൽ കുളങ്ങളുടെ റീ-ചാർജ്ജിംഗ് വളരെ പ്രധാനമാണ്. 200 കുളങ്ങൾ ഏറ്റെടുത്ത് പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി വകുപ്പിന്റെ കീഴിലുണ്ട്. ആ പദ്ധതിക്കും ആവശ്യമായ ഫണ്ട് അനുവദിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ലഭ്യമായ ഫണ്ട് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി പരമാവധി പ്രയോജനപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ദിവസം നിയമസഭയിൽ സമർപ്പിക്കാനായി ഞാൻ ഒപ്പിട്ടുനൽകിയ പെർഫോമൻസ് റിപ്പോർട്ടിൽ കഴിഞ്ഞ വർഷങ്ങളിൽ നീക്കിവച്ച തുക വേണ്ടത്ര ചെലവാക്കപ്പെട്ടിട്ടില്ലെന്ന് കാണുകയുണ്ടായി. ആരെയും വിമർശിക്കാൻ വേണ്ടിയല്ല പറയുന്നത്. പക്ഷേ ജലസംരക്ഷണത്തിനുവേണ്ടിയും ഭൂജല സംപോഷണത്തിനു വേണ്ടിയുമുള്ള പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന പണം പരിപൂർണ്ണമായും വിനിയോഗിക്കപ്പെടണമെന്ന കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് ഫയലുകൾ നോക്കിയാൽ മാത്രമേ പറയാൻ കഴിയുകയുള്ളൂ. അനുഭാവപൂർവ്വമായി അക്കാര്യങ്ങൾ പരിശോധിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, മഴവെള്ളം മുഴുവൻ ഇപ്പോൾ കടലിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിൽ കോലുമാട് ജലസംഭരണ പദ്ധതി പ്രാവർത്തികമാക്കണം. പീച്ചി ജലസംഭരണിയിൽ കഴിയുന്നത്ര വെള്ളം സംരക്ഷിക്കാൻ കഴിയുന്ന വളരെ ബൃഹത്തായൊരു പദ്ധതിയാണ് കോലുമാട് പദ്ധതി. ഈ പദ്ധതി അടിയന്തരമായി ഏറ്റെടുത്ത് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ആ വിഷയം പ്രത്യേകമായി പരിശോധിക്കാം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കാൻ മുന്തിയ പരിഗണന കൊടുക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ അനുപേക്ഷണീയമായ ഒരു സംഗതിയാണത്. അതിനായി റെഗുലേറ്റർ-കം-ബ്രിഡ്ജോ വി.സി.ബി.-കം-ബ്രിഡ്ജോ വലിയ തടയണയോ ആവശ്യാനുസരണം പണിയുന്നതിന് പരിഗണന നൽകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, കുടിവെള്ള സ്രോതസ്സുകളിൽ വെള്ളമെത്തിക്കാൻ വാട്ടർ അതോറിറ്റിയുടെ ചില പദ്ധതികളുണ്ട്. അവിടെയാണ് 62 കോടി രൂപയുടെ 15 തടയണകളെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചത്. എന്നാൽ അതൊന്നും മതിയാകുന്ന പദ്ധതികളല്ല. ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ കേന്ദ്രവിഹിതം കുറഞ്ഞുവരികയാണ് എന്നതാണ് ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം. 2013-14-ൽ 173 കോടി രൂപ കേന്ദ്ര വിഹിതമായി കിട്ടിയ സ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം കിട്ടിയത് 43 കോടി രൂപ മാത്രമാണ്. കേന്ദ്രമന്ത്രി ശ്രീ. ചൗധരി ബീരേന്ദർ സിംഗുമായി ഞാൻ ഇക്കാര്യം സംസാരിച്ചിരുന്നു. ദേശീയതലത്തിൽ കേന്ദ്ര ഗവൺമെന്റ് ഇതിനായി നീക്കിവച്ചിരുന്ന തുക കുറഞ്ഞുപോയിയെന്നും 16-ാം തീയതി തിരുവനന്തപുരത്ത് വരുമ്പോൾ വിശദമായി ചർച്ച നടത്താമെന്നുമാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇപ്പോൾ അദ്ദേഹം ആ വകുപ്പിന്റെ ചുമതലയിൽ നിന്നും മാറി. കേന്ദ്ര ഗവൺമെന്റ് ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ തുക വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനം വളരെ ആശങ്കയോടുകൂടിയാണ് കാണുന്നത്. ഇത് വലിയ ഗൗരവമുള്ള വിഷയമാണ്. അതേസമയം, നമ്മുടെ പരിമിതമായ ലഭ്യത ഉപയോഗിച്ചുകൊണ്ട് കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കാനുള്ള പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നതാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, ഭാരതപ്പുഴയടക്കമുള്ള പുഴകളിൽ തടയണകൾ അധികമായിപ്പോയി എന്ന രീതിയിലുള്ള സംസാരം ഇവിടെയുണ്ടായി. എന്നാൽ ജലസേചന പദ്ധതിയോ തടയണയോ ഇല്ലാത്ത ജില്ലയായ കാസർഗോഡിന് അത് അനുവദിച്ചുതരാൻ സന്മനസ്സ് കാണിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, 2014-ലെ ഉത്തരവുകൾപ്രകാരം കാസർഗോഡ് ജില്ലയിൽ 8 തടയണകൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒന്നുപോലും ഉപേക്ഷിച്ചിട്ടില്ല. എട്ട് പദ്ധതികളും പുരോഗതിയിലാണ്.

## അക്കാദമികളുടെ പുനഃസംഘടന

3 (*213) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കേന്ദ്രങ്ങളായ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ഭരണസമിതികൾ അക്കാദമികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അരാജകത്വവും ഫാസിസ്റ്റ് പ്രവണതയും പ്രതിരോധിക്കാൻ അക്കാദമികളെ പ്രാപ്തമാക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുമോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി തുടങ്ങിയവയെ പുനഃസംഘടിപ്പിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) ഉണ്ട്. സർക്കാരിന് കീഴിലുള്ള വിവിധ അക്കാദമികളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഗ്രാന്റായി അനുവദിക്കുന്ന തുക നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നു എന്നുള്ളത് ഉറപ്പു വരുത്തുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മതേതര ചിന്തകൾ പ്രോത്സാഹിപ്പിക്കുക, വർഗ്ഗീയതയിലധിഷ്ഠിതമായ ഫാസിസ്റ്റ് ശക്തികളെ പ്രതിരോധിക്കുക, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക, സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി എല്ലാവിധ അരാജകത്വ പ്രവണതകളെയും ചെറുക്കുക, പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുക, സാംസ്കാരിക ഇടങ്ങളെ തിരിച്ചു പിടിക്കുക എന്നീ ലക്ഷ്യങ്ങളിലധിഷ്ഠിതമായ ഒരു സാംസ്കാരിക നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി അക്കാദമികളെയും മറ്റിതര സാംസ്കാരിക സ്ഥാപനങ്ങളെയും സജ്ജമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകും.

(ഡി) കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവയുടെ പുനഃസംഘടന സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, നവ കേരളത്തിന് ചൈതന്യം പകരുന്നതാണ് സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനം. അവയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്നത്. മതേതര ചിന്തയും അഴിമതിയില്ലാത്ത ഭരണവും എന്ന മനോഭാവം സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലും ഉണ്ടാകണം. 'മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ഭരണസമിതികൾ അക്കാദമികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന എന്റെ രണ്ടാമത്തെ ചോദ്യത്തിന്, 'ശ്രദ്ധയിൽപ്പെട്ടിട്ടില്ല' എന്ന മറുപടിയാണ് നൽകിയത്. അത് ശ്രദ്ധയിൽപ്പെടേണ്ട കാര്യമാണ്. പഠനകാലത്ത് സാംസ്കാരിക വകുപ്പുമന്ത്രിക്ക് നാടകം, പ്രസംഗം എന്നിവയ്ക്ക് യൂണിവേഴ്സിറ്റി തലത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ട്. അതിനൊക്കെ പ്രാപ്തനാണ് മന്ത്രിയാണെന്ന കാര്യത്തിൽ തർക്കമില്ല. നാടകത്തിന് സമ്മാനം നേടിയതുപോലെ സാംസ്കാരികരംഗത്തും അദ്ദേഹം ഇടപെട്ടിരുന്നു. എനിക്ക് അദ്ദേഹത്തെ കുട്ടിക്കാലം മുതലറിയാം. അദ്ദേഹം കോഴിക്കോട് നിറഞ്ഞുനിന്നിരുന്ന വ്യക്തിയാണ്. പക്ഷേ മന്ത്രിയായപ്പോൾ "ഇത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല" എന്ന മറുപടി തന്നത് ശരിയായില്ല. എഴുതിക്കൊടുത്ത മറുപടിയായിരിക്കും. ഏതായാലും സാംസ്കാരിക രംഗത്ത് ഇടപെടാൻ കഴിയണം. സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും സാംസ്കാരിക രംഗത്ത് ഇടപെടണം. 14 ജില്ലകളിൽ നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ, സാംസ്കാരിക പഠനത്തിനായുള്ള സ്ഥലങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള വിഹിതം, ചലച്ചിത്ര മേളകൾ നടത്താൻ സ്ഥിരം വേദി എന്നിവയ്ക്കെല്ലാം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സാഹിത്യ അക്കാദമിയും സംഗീതനാടക അക്കാദമിയും ഫോക്‌ലോർ അക്കാദമിയും പാരമ്പര്യകലകളുടെ കലാകേന്ദ്രങ്ങളാണ്. അവയെല്ലാം ഉന്നതനിലവാരം പുലർത്തുന്നവയാണ്. അതിന്റെ ഫലം ജനങ്ങൾക്ക് കിട്ടണം. കേരള സാഹിത്യ അക്കാദമിയുടേയും മറ്റ് സാംസ്കാരിക കേന്ദ്രങ്ങളുടേയും പുനഃസംഘടന എത്രയും പെട്ടെന്ന് നടത്തുമോ?

ശ്രീ. എ. കെ. ബാലൻ : സർ, അക്കാദമികളുടെ പുനഃസംഘടന നടന്നുകൊണ്ടിരിക്കുകയാണ്. സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി തുടങ്ങി ഒമ്പത് അക്കാദമികളാണ് പ്രധാനമായും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ളത്. ഈ അക്കാദമികൾക്ക് ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്നുവെന്നുള്ളതിന്റെ

ഏറ്റവും വലിയ തെളിവാണ് കേരള സാഹിത്യ അക്കാദമിക്കും സംഗീതനാടക അക്കാദമിക്കും ലളിതകലാ അക്കാദമിക്കും ഫോക്‌ലോർ അക്കാദമിക്കും നിലവിൽ 18 കോടി രൂപയുണ്ടായിരുന്നത് 27 കോടി രൂപയായി വർദ്ധിപ്പിച്ചത്. ചലച്ചിത്ര അക്കാദമിക്കും നല്ല പ്രാധാന്യമാണ് കൊടുത്തത്. ഇതിന്റെ നേതൃത്വത്തിൽ നടക്കുന്നതാണ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ. തിരുവനന്തപുരത്ത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു തിയേറ്റർ കോംപ്ലക്സിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത ഇടപെടലാണ് ഇടതു പക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് സാംസ്കാരികരംഗത്ത് നടത്തുന്നത് എന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ് സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ. ഇതുമായി ബന്ധപ്പെട്ട് ഫലപ്രദമായ കമ്മിറ്റികൾക്ക് ഗവൺമെന്റ് രൂപം കൊടുക്കും.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, പതിനായിരത്തിലേറെ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തവ സാഹിത്യ അക്കാദമിയിലുണ്ട്. ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തിയതിലൂടെ പുസ്തകങ്ങളെക്കുറിച്ചും സാഹിത്യകാരന്മാരെക്കുറിച്ചുമുള്ള വ്യക്തമായ ധാരണ ജനങ്ങൾക്ക് ലഭിക്കും. അവിടെ 71 സ്ഥിരം ഗവേഷകരും 470-ൽ അധികം ആളുകളും വരുന്നുണ്ട്. പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതുകൊണ്ട് അതിന് കൂടുതൽ പണം അനുവദിച്ചുകൊണ്ട് ഇന്റർനാഷണൽ ലെവലിലേക്ക് ഉയർത്തുമോ; ധാരാളം പുസ്തകങ്ങൾ അച്ചടിച്ച് കൂട്ടിയിടുന്നതിനുപകരം ഡിജിറ്റലൈസ് സംവിധാനത്തോടുകൂടിയുള്ള പത്ത് പുസ്തകങ്ങൾ അവിടെ സൂക്ഷിക്കുന്ന രീതി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഭാഷയുടെയും സാഹിത്യത്തിന്റെയും പരിപോഷണമാണ് സാഹിത്യ അക്കാദമിയുടെ പ്രധാനപ്പെട്ട പ്രവർത്തനമേഖല. അക്കാദമി നിരവധി പുസ്തകങ്ങളും ഗവേഷണങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുന്നുണ്ട്. അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡിജിറ്റൽ റിസോഴ്സ് സെന്ററും സംസ്ഥാന ഡിജിറ്റലൈസേഷൻ ഹബ്ബും സ്ഥാപിക്കുന്നതിന് ഇപ്പോൾ രണ്ട് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ യാഥാർത്ഥ്യമാകാൻ പോവുകയാണ്. ഇപ്പോൾ ഏതാണ്ട് 1000-ത്തോളം പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ നല്ലൊരു സംവിധാനം ഇതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമിയിൽ ഒരുക്കുന്നതായിരിക്കും.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, അങ്ങിവിടെ നൽകിയ മറുപടിയിൽ ഗ്രാന്റായി അനുവദിക്കുന്ന തുക നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്കുമാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്ന് പറഞ്ഞു. അങ്ങനെയല്ല കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവം. കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക മേഖലയിൽ നടത്തിയ പല പദ്ധതി പ്രവർത്തനങ്ങളും അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ലെന്ന് മാത്രമല്ല പലതും അബദ്ധപഞ്ചാംഗമായിരുന്നുവെന്ന് കാണാൻ കഴിയും. രണ്ട് ഉദാഹരണങ്ങൾ പറയാം. ഒന്ന്, സാഹിത്യ അക്കാദമി അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച മലയാള സാഹിത്യചരിത്രത്തിൽ, കേരളത്തിലെ എണ്ണപ്പെട്ട രണ്ട് പ്രമുഖ സാഹിത്യകാരന്മാരെക്കുറിച്ചുള്ള ഒരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. രണ്ട്, ലളിതകലാ അക്കാദമിയുടെ സഞ്ചരിക്കുന്ന ചിത്രശാലയ്ക്കായി ലക്ഷക്കണക്കിന് രൂപ മുതൽമുടക്കിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി സഞ്ചരിക്കുന്ന ചിത്രശാല എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിന് മുന്നിലുള്ള ഗാലറിയുടെ മുന്നിൽ വെറുതെ കിടക്കുകയാണ്. ഇതെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം എഴുതിത്തന്നാൽ പരിശോധിക്കാം. എന്തിനും പഴയ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന നയം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ മാത്രമേ പറയാൻ സാധിക്കൂ.

ശ്രീ. എം. മുകേഷ് : സർ, അന്താരാഷ്ട്ര ചലച്ചിത്രോത്സവം എല്ലാ വർഷവും ഡിസംബർ മാസത്തിലാണ് നടത്തുന്നത്. അതിന്റെ തുടർച്ചയായാണ് അന്താരാഷ്ട്ര നാടകോത്സവം മുൻകാലങ്ങളിൽ സംഘടിപ്പിച്ചിരുന്നത്. എന്നാൽ സമീപ വർഷങ്ങളിൽ വേണ്ടത്ര മുന്നൊരുക്കങ്ങളോ ടൈം ഷെഡ്യൂളോ ഇല്ലാതെയാണ് നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നത്. ഇത് നാടകോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് തടസ്സമാണ്. ലോകോത്തരമായിട്ടുള്ള പല നാടകങ്ങളും അവതരിപ്പിക്കാൻ സാധിക്കുന്നില്ല. നാടകോത്സവങ്ങൾകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നതുതന്നെ കേരളത്തിലുള്ള നാടക പ്രവർത്തകർക്ക് ലോകത്തിൽ നടക്കുന്ന നാടകത്തിന്റെ വളർച്ചയും പരീക്ഷണങ്ങളും മനസ്സിലാക്കുക എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ വേണ്ടത്ര മുന്നൊരുക്കത്തോടെ, കൃത്യമായ ടൈം ഷെഡ്യൂൾ നിശ്ചയിച്ച് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മാതൃകയിൽ നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. അന്തർദ്ദേശീയ ചലച്ചിത്രോത്സവംപോലെ അന്തർദ്ദേശീയ നാടകോത്സവം നടക്കാറില്ല. വേണ്ട രൂപത്തിലുള്ള പ്രാധാന്യം ആ മേഖലയ്ക്ക് കൊടുക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നാടകോത്സവം അന്തർദേശീയ ചലച്ചിത്രോത്സവം പോലെ വളർത്തിയെടുക്കുന്നതിനുള്ള നടപടിക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നതായിരിക്കും.

<u>ഡോ. എൻ. ജയരാജ്</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് 'സുവർണ്ണം 2015' എന്ന പേരിൽ കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ കൂട്ടായ്മ കേരള ചരിത്രത്തിൽ ആദ്യമായി ഉണ്ടായത്. ഫോക്‌ലോർ അക്കാദമിയുടെ എക്സിക്യൂട്ടീവ് അംഗമായി കഴിഞ്ഞ അഞ്ചുവർഷക്കാലം ഞാൻ പ്രവർത്തിച്ചിരുന്നു. ഫോക്‌ലോർ അക്കാദമിയെ കേരളത്തിലെ സാധാരണക്കാരിലേയ്ക്കെത്തിക്കാൻ ധാരാളം പ്രവർത്തനം നടത്തിയതാണ്. ഒരേ പ്രവൃത്തി പല സ്ഥാപനങ്ങളും ചെയ്യുന്നുവെന്നുള്ളതാണ് പല അക്കാദമികളുടെയും പ്രശ്നം. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഒരു ഏകീകൃത രീതി കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്. ഫോക്‌ലോർ അക്കാദമി, ഫോക്‌ലോറിനെക്കുറിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. സാഹിത്യ അക്കാദമിയും അതേ പുസ്തകം അല്ലെങ്കിൽ സമാന സ്വഭാവത്തിലുള്ള പുസ്തകം തന്നെ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിനൊരു ഏകീകൃത സ്വഭാവമില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. സാംസ്കാരിക സമിതികളുടെ പ്രവർത്തനങ്ങളിൽ ഏകീകൃത സ്വഭാവം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 1982-ലാണ് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് ആദ്യം രൂപം കൊള്ളുന്നത്. പിന്നീടാണ് അതൊരു സാംസ്കാരിക ഡയറക്ടറേറ്റാകുന്നത്. പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ സാഹിത്യ അക്കാദമിയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമാണ് നടത്തേണ്ടത്. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഫോക്‌ലോർ അക്കാദമിയും ലളിതകലാ അക്കാദമിയും സംഗീത നാടക അക്കാദമിയുമെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പ്രസിദ്ധീകരണത്തിന്റെ ചുമതല ഒരു ഏജൻസിക്ക് കൊടുക്കുന്നതായിരിക്കും നല്ലതെന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്. കേരള ഫോക്‌ലോർ അക്കാദമി വളരെ പ്രധാനപ്പെട്ടതാണ്. കണ്ണൂരാണ് അതിന്റെ ആസ്ഥാനം. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, അതിന്റെ എക്സിസ്റ്റൻസ് ഉറപ്പുവരുത്തുക, കേരളത്തിൽ ഫോക്‌ലോറിന്റെ പ്രവർത്തനങ്ങളും അതിന്റെ വിവിധ വിഭാഗങ്ങളും കണ്ടെത്തുക, നാടൻ കലകളെ ജനമനസ്സുകളിൽ എത്തിക്കുക എന്നിവയാണ് ഫോക്‌ലോർ അക്കാദമിയുടെ ലക്ഷ്യങ്ങൾ. ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു അക്കാദമിയാണിത്. ഒരു വർഷം 46 പുരസ്കാരങ്ങളാണ് അവർ കൊടുക്കുന്നത്. ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവ പുരസ്കാരം എന്നിവയും കൊടുക്കുന്നുണ്ട്. ഈ അക്കാദമിയുടെ പ്രവർത്തനം ഞാൻ വിലയിരുത്തിയതാണ്; നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അവയെ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. നേരത്തെ പറഞ്ഞതുപോലെ, പ്രസിദ്ധീകരണ പ്രവർത്തനങ്ങളുടെ ചുമതല ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിനെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ : സർ, സാംസ്കാരിക കാര്യങ്ങളിൽ താല്പര്യം എടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല കാര്യമാണ്. നവോത്ഥാന നായകരെയും സാഹിത്യകാരെയും ആദരിക്കാനുള്ള ചില പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ മഹാകവി കുഞ്ചൻനമ്പ്യാരെ പൂർണ്ണമായും ഒഴിവാക്കി യിരിക്കുകയാണ്. അതിന് എന്തെങ്കിലും കാരണമുണ്ടോ? ഓട്ടൻതുള്ളൽ പ്രചരിപ്പി ക്കാനായി അദ്ദേഹത്തിന്റെ പേരിലുള്ള ഒരു സ്മാരകം ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽത്തന്നെയുണ്ട്. സാമ്പത്തികപരാധീനത അനുഭവിക്കുന്ന പ്രസ്തുത സ്ഥാനത്തിന് പ്രത്യേക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, കുഞ്ചൻനമ്പ്യാർ സ്മാരകമുള്ള സ്ഥലങ്ങളിലെല്ലാം അതിനെ പരിപോഷിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഫലിതരസികനും തുള്ളൽ പ്രസ്ഥാനത്തിന്റെ ജനയിതാവുമായ കുഞ്ചൻനമ്പ്യാരെ ആർക്കും മറക്കാൻ കഴിയില്ല. സാംസ്കാരിക വകുപ്പിൽ നിന്നോ ഗവൺമെന്റിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള അപാകത ഇക്കാര്യത്തിലുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : അദ്ദേഹം ലക്കിടിയിലെ കാര്യമാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ : സർ, ലക്കിടിയിലെ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന് ഈ ബഡ്ജറ്റ് വരുന്നതിനുമുമ്പുതന്നെ 25 ലക്ഷം രൂപ ഞാൻ അനുവദിച്ചിട്ടുണ്ട്. എവിടെയാണ് തുക കുറവുള്ളതെന്ന് സൂചിപ്പിച്ചാൽ അത് പരിഹരിക്കുന്നതാണ്.

ശ്രീ. കെ. രാജൻ : സർ, ശക്തനായ ധിഷണാശാലിയും പ്രഭാഷകനും എഴുത്തുകാരനുമൊക്കെയായിരുന്ന ഡോ. സുകുമാർ അഴീക്കോടിന്റെ വസതി ഗവൺമെന്റ് ഔപചാരികമായി ഏറ്റെടുക്കുകയും ഈ ബഡ്ജറ്റിന്റെ സമാപന പ്രസംഗത്തിൽ സുകുമാർ അഴീക്കോട് ട്രസ്റ്റിനുവേണ്ടി 50 ലക്ഷം രൂപ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അനുവദിക്കുകയും ചെയ്തു. ഇപ്പോൾ സാഹിത്യ അക്കാദമിയുടെ കീഴിൽ ഒരു ചെറിയ ഡിവിഷനായി അതിനെ കാണുകയും അക്കാദമി പ്രവർത്തനങ്ങളിലൊന്നും താൽപ്പര്യമില്ലാത്ത ഒരു കെയർടേക്കറെ വച്ച് നടത്തുകയും ചെയ്യുന്ന ഒരു സംവിധാനമാണുള്ളത്. ട്രസ്റ്റ്, ഫൗണ്ടേഷൻ എന്ന പേരിൽ പല സ്വകാര്യ സ്ഥാപനങ്ങളും അവിടെയുണ്ട്. കേരള ഗവൺമെന്റും സാംസ്കാരിക വകുപ്പും ഔപചാരികമായി ഡോ. സുകുമാർ അഴീക്കോടിന്റെ വീട് ഏറ്റെടുത്ത സാഹചര്യത്തിൽ അതിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പ്രത്യേക ട്രസ്റ്റ് രൂപീകരിച്ച് കേരളത്തിലെ ജനങ്ങൾക്ക് സുകുമാർ അഴീക്കോട് എന്ന വലിയ മനുഷ്യനെ അറിയാനുള്ള സംവിധാനങ്ങൾക്ക് അവസരമൊരുക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, സുകുമാർ അഴീക്കോടിന്റെ പേരിൽ ഒരു ട്രസ്റ്റ് നിലവിലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പുതിയൊരു ട്രസ്റ്റിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. എ. പി. അനിൽ കുമാർ : സർ, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേരളത്തെപ്പോലെ കലാരൂപങ്ങളുള്ള സംസ്ഥാനങ്ങൾ വളരെ കുറവാണ്. ആ കലാരൂപങ്ങൾ പലതും നിലനിൽക്കുന്നത്, കലാകാരന്മാർക്ക് ആ കലാരൂപത്തോടുള്ള താല്പര്യവും പ്രതിബദ്ധതയും കൊണ്ടാണ്. അത്തരം കലാകാരന്മാർ ഇന്ന് ജീവിക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കാൻ വർഷത്തിൽ ഒന്നോ രണ്ടോ അവസരങ്ങളാണ് ലഭ്യമാകുന്നത്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും മാറിമാറി വരുന്ന ഗവൺമെന്റുകൾ അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സഹായം വളരെ പരിമിതമാണ്. അവരുടെ പെൻഷൻതന്നെ 1000 രൂപ മാത്രമേയുള്ളൂ. കലാരൂപങ്ങളോട് താല്പര്യമുള്ള അത്തരം കലാകാരന്മാർക്ക് അനുവദിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കണം. മാത്രമല്ല, പെൻഷൻ കൊടുക്കുന്ന കലാകാരൻമാരുടെ എണ്ണം ലിമിറ്റ് ചെയ്തിരിക്കുകയാണ്. ആദ്യം 500 ആയിരുന്നു, പിന്നീടത് 700 ആയി, ഇപ്പോൾ, 1500 ആയി ലിമിറ്റ് ചെയ്തിരിക്കുകയാണ്. എണ്ണം ലിമിറ്റ് ചെയ്യാതെ കലാകാരന്മാർ എത്രയുണ്ടോ അവർക്കെല്ലാം പെൻഷൻ അനുവദിക്കാനും പെൻഷൻ തുക വർദ്ധിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. അന്യം നിന്നുപോകുന്ന ഒട്ടേറെ ഗ്രാമീണകലകൾ നമ്മുടെ നാട്ടിലുണ്ട്. കോൽക്കളി, പൂരക്കളി, കഥാപ്രസംഗം തുടങ്ങി നിരവധി കലകളുണ്ടായിരുന്നു. ഇപ്പോൾ അതൊക്കെ മൺമറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവയെല്ലാം തിരിച്ചു കൊണ്ടുവരണം. അതിന്റെ ഭാഗമായി ഈ മേഖലയ്ക്ക് നല്ല പ്രാധാന്യം ഗവൺമെന്റ് കൊടുക്കുകയാണ്. ഇത്തരം കലകൾ പ്രോത്സാഹിപ്പിക്കപ്പെടണമെങ്കിൽ കലാകാരന്മാർക്ക് ജീവിക്കാനാവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുത്തേ മതിയാകൂ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 750 രൂപയായിരുന്നു പെൻഷൻ. ഈ ഗവൺമെന്റ് അത് 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വരുന്നതിനുമുമ്പ് 500 രൂപയായിരുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, അതെ. 500 രൂപ നിങ്ങൾ 750 രൂപയാക്കി. 50 ശതമാനം വർദ്ധനവ്. ഞങ്ങൾ 750 രൂപ 1500 രൂപയാക്കി. 100 ശതമാനം വർദ്ധനവ്. 50 ശതമാനത്തിന്റെയും 100 ശതമാനത്തിന്റെയും വർദ്ധനവ് നിങ്ങളും

ഞങ്ങളും തമ്മിലുണ്ടെന്നുള്ളത് മനസ്സിലാക്കുക. കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കലാകാരന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട് അവർക്ക് പ്രത്യേകമായ ചില സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഇനിയും ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അടുത്ത ചോദ്യം എടുക്കേണ്ടതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് പോകുകയാണ്.

**ഗോത്രവർഗ്ഗ ക്ഷേമം**

4 (*214) ശ്രീ. ഒ. ആർ. കേളു :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും ദാരിദ്ര്യവും അതുമൂലമുണ്ടാകുന്ന രോഗാവസ്ഥയും പരിഹരിക്കുന്നതിനായി അവർക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ;

(സി) തീഷ്ണമായ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന എല്ലാ സെറ്റിൽമെന്റുകളിലും കമ്മ്യൂണിറ്റി കിച്ചണുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതാണ്.

(ബി) വനവാസികളായ പട്ടികവിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും ദാരിദ്ര്യവും രോഗാവസ്ഥയും പരിഹരിക്കുന്നതിനായി ഭക്ഷ്യവിതരണ സഹായപദ്ധതിയും പോഷകാഹാര വിതരണവും നടപ്പിലാക്കിവരുന്നു. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (മുൻ വർഷം 5 കോടി രൂപ വകയിരുത്തി).

(സി) തീഷ്ണമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ട അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ കുറവുനിമിത്തം ഈ പ്രവർത്തനം ഭാഗികമായിരുന്നതിനാൽ 3 കോടി രൂപ ഇപ്പോൾ അനുവദിച്ചു. അട്ടപ്പാടിയിലെ 3 പഞ്ചായത്തുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. രോഗിയുടെ കൂടെ നിൽക്കുന്ന സഹായിക്ക് നൽകേണ്ട പണം കൊടുക്കാൻ കഴിയാത്തതിന്റെ ഭാഗമായി ഈ പ്രവർത്തനവും ഫലപ്രദമല്ല. പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെടുന്ന മറ്റ് മേഖലകളിലും കമ്മ്യൂണിറ്റി കിച്ചൺ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. നിലവിൽ അട്ടപ്പാടിയിലെ 186 ഊരുകളിൽ 59 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u> : സർ, കേരളത്തിലെ വനാന്തരങ്ങളിൽ നൂറുകണക്കിന് ആദിവാസികളാണ് താമസിക്കുന്നത്. അവരുടെ ഡവലപ്മെന്റിനുവേണ്ടി നിലവിൽ എഫ്.ആർ.സി. പോലെയുള്ള കമ്മിറ്റികളൊക്കെയുണ്ടെങ്കിലും കസ്തൂരിരംഗൻ റിപ്പോർട്ട് പോലുള്ളവ വന്നതുകാരണം അവരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വനാന്തരങ്ങളിൽ നിന്ന് അവരെ മാറ്റി പാർപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ പ്രൊട്ടക്ഷൻ ഉറപ്പുവരുത്തുന്നതാണ് 2006-ലെ കേന്ദ്ര വനാവകാശ നിയമം (Scheduled Tribes and Traditional Dwellers Act). അതിന്റെ ഭാഗമായി 26600 ആദിവാസികൾക്ക് വനാന്തരങ്ങളിൽ താമസിക്കുന്നതിനുള്ള ആർ.ഒ.ആർ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതാണ്. അവരെ അവിടെനിന്നും മാറ്റിപ്പാർപ്പിക്കേണ്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല; അങ്ങനെയൊരാവശ്യം വരുന്നില്ല. മാത്രമല്ല, അത് ശരിയായ നടപടിയല്ല. അവിടെയുള്ള ആദിവാസികളുടെ വീട്, തൊഴിൽ എന്നിവ സംരക്ഷിക്കുകയും വെള്ളം, വെളിച്ചം തുടങ്ങിയ ആവശ്യങ്ങൾ നൽകുകയുമാണ് ഗവൺമെന്റിന്റെ നയം.

<u>ശ്രീ. ഒ. ആർ. കേളു</u> : സർ, പഞ്ഞമാസങ്ങളിൽ ആദിവാസി വിഭാഗങ്ങളുടെ പട്ടിണി മാറ്റുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഈ ഗവൺമെന്റ് ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ നാല് മാസങ്ങളിലായിട്ടാണ് എല്ലാ ആദിവാസികൾക്കും സൗജന്യമായി ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. ഏതാണ്ട് ഒരു ലക്ഷത്തി അയ്യായിരത്തോളം വരുന്ന ആദിവാസി കുടുംബങ്ങളിൽ 83013

കുടുംബങ്ങൾക്ക് കിറ്റ് വിതരണം നടത്തിക്കഴിഞ്ഞു. അതിൽ പ്രാക്തന ഗോത്ര വിഭാഗത്തിനാണ് കൂടുതൽ കൊടുക്കുന്നത്. അവർക്ക് അരി - 25 കിലോ, പയർ - 1 കിലോ, കടല-1 കിലോ, ശർക്കര -1 കിലോ, വെളിച്ചെണ്ണ - ½ കിലോ, ഉപ്പ്-1 കിലോ, മുളക് - ½ കിലോ എന്ന രീതിയിലും പ്രാക്തന ഗോത്ര വിഭാഗക്കാരല്ലാത്ത ആദിവാസികൾക്ക് അരി - 15 കിലോ, പയർ-1 കിലോ, കടല-1 കിലോ, ശർക്കര-½ കിലോ എന്ന രീതിയിലുമാണ് കൊടുക്കുന്നത്. ഇത് പഴയതിനേക്കാളും ഇരട്ടിയാണ്. ഇത്രയും സാധനങ്ങൾ എല്ലാ വീടുകളിലും എത്തിക്കണമെന്ന് പ്രോജക്ട് ഓഫീസർമാർക്കും ടി.ഡി.ഒ.-മാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പഞ്ഞമാസങ്ങളിൽ എല്ലാ ആദിവാസി കുടുംബങ്ങളിലും ഇവ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഫോറസ്റ്റ് റോഡുകളുടെ നവീകരണം

5 (*215) ഡോ. എൻ. ജയരാജ് :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസരംക്ഷണത്തിന് ഫോറസ്റ്റ് റോഡുകളുടെ പരിപാലനം എത്രത്തോളം സഹായകരമാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഫോറസ്റ്റ് റോഡുകളുടെ നിലവിലെ സ്ഥിതി എപ്രകാരമാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഫോറസ്റ്റ് റോഡുകളുടെ നവീകരണത്തിന് നടപ്പു സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) വനസംരക്ഷണത്തിന് ഫോറസ്റ്റ് റോഡുകളുടെ പരിപാലനം ഗണ്യമായ തോതിൽ സഹായകരമാണ്. 1980-ലെ വനസംരക്ഷണ നിയമത്തിലെ നിബന്ധനകളുടെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡ്‌ലൈനുകളുടെയും ബഹുമാനപ്പെട്ട

സുപ്രീം കോടതിയുടെ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് ഫോറസ്റ്റ് റോഡുകൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും. വനത്തിലൂടെയുള്ള പട്രോളിംഗിനും ക്രമാനുഗതമായ പട്രോളിംഗിനും വനം കുറ്റകൃത്യങ്ങൾ നടക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻ തന്നെ കൃത്യസ്ഥലത്ത് താമസംവിനാ എത്തുന്നതിനും കാട്ടുതീ, വന്യമൃഗവേട്ട എന്നിവ തടയുന്നതിനും ഫോറസ്റ്റ് റോഡുകളുടെ പരിപാലനം സഹായകരമാകുന്നു.

(ബി) ഫോറസ്റ്റ് റോഡുകളുടെ നിലവിലെ സ്ഥിതി നിരീക്ഷിച്ചിട്ടുണ്ട്. 1980-ലെ വനസംരക്ഷണ നിയമത്തിലെ നിബന്ധനകളുടെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡ്‌ലൈനുകളുടെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള ഫോറസ്റ്റ് റോഡുകൾ പരിപാലിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഫോറസ്റ്റ് റോഡുകളുടെ നവീകരണത്തിന് വനം വകുപ്പിന്റെ ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ 1980-ലെ വന സംരക്ഷണ നിയമത്തിലെ നിബന്ധനകളുടെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡ്‌ലൈനുകളുടെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുകളുടെയും അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സമയബന്ധിതമായി ചെയ്തുവരുന്നുണ്ട്.

## ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള അവകാശങ്ങൾ

6 (*216) ശ്രീ. വി. ജോയി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഷോപ്പുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങളും അവകാശങ്ങളും പരിരക്ഷയും ലഭിയ്ക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധിക കൂലി നൽകാതെ ഇവരെ അധികസമയം ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇപ്രകാരം തൊഴിൽ നിയമങ്ങൾ പാലിയ്ക്കാത്ത ഷോപ്പ് ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികളിന്മേൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി നിയമ ലംഘനങ്ങൾക്കെതിരെ സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഈ വർഷം നാളിതുവരെ വിവിധ തൊഴിൽ നിയമപ്രകാരം 20734 സ്ഥാപന പരിശോധനകളും 3043 പ്രോസിക്യൂഷനുകളും 402 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ട്. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിലെ സെക്ഷൻ 6, 7 എന്നിവ പ്രകാരമുള്ള നിയമ ലംഘനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്.

## സാംസ്കാരിക മണ്ഡലത്തിന്റെ പരിപോഷണത്തിനായി കർമ്മ പദ്ധതികൾ

7 (*217) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്കാരിക മണ്ഡലത്തിന്റെ പരിപോഷണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം നൽകുവാനും അനുചിത നിയന്ത്രണങ്ങൾ ഇല്ലാതാക്കുവാനും സഹായകരമായ എന്തെല്ലാം സമീപനങ്ങളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നല്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സാംസ്കാരികകാര്യ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സുവർണ്ണം 2015 സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധനസഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തി. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നാടൻകലാ സംഘങ്ങളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുവന്ന് "ഭാരതോത്സവം" സംഘടിപ്പിച്ചു. വിദേശ നാടൻ കലാകാരന്മാരെ പങ്കെടുപ്പിച്ച് "ഇന്റർനാഷണൽ ഫോക് ഫെസ്റ്റ്" സംഘടിപ്പിച്ചു. നാടോടി വാദ്യങ്ങളെയും ദേശീയ അന്തർദേശീയ പാരമ്പര്യ വാദ്യോപകരണങ്ങളെയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താൻ പാലക്കാട് കൽപ്പാത്തിയിൽ 2000-ത്തോളം വാദ്യോപകരണങ്ങളുടെ മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. തിരുവിതാംകൂറിലെ നാടൻ കലകളെയും നാടോടി വിജ്ഞാനീയത്തേയും ലോകത്തിന് പരിചയപ്പെടുത്താൻ കോട്ടയത്ത് ട്രാവൻകൂർ ഫോക് വില്ലേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പത്മനാഭപുരം കൊട്ടാരം UNESCO-യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വഹിച്ച ധീരദേശാഭിമാനികളുടെ ഓർമ്മയ്ക്കായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടത്തിയ വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സ്മാരകം നിർമ്മിച്ചു. 2012-ൽ തിരുവനന്തപുരത്ത് കേരള സാഹിത്യ അക്കാദമി മുഖാന്തരം വിശ്വ മലയാള മഹോത്സവം സംഘടിപ്പിച്ചു.

(ബി&സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ/അക്കാദമികൾ എന്നിവ സ്വയംഭരണ സ്ഥാപനങ്ങളാണ് (കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡും ഒഴികെ). സർക്കാർ അംഗീകരിച്ചിട്ടുള്ള Bylaw/Memmorandum of Association-ന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി വർഷന്തോറും പദ്ധതി/പദ്ധതിയേതര വിഹിതം നൽകിവരുന്നുണ്ട്. അതത് സ്ഥാപനങ്ങളുടെ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. സ്ഥാപനങ്ങളുടെ സ്വതന്ത്രമായ ദൈനംദിന പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടൽ നാമമാത്രമാണ്.

### ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്യാമ്പുകളിലെ ശോച്യാവസ്ഥ

8 (*218) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്യാമ്പുകളിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട WP(C) No. 21412/16 നമ്പർ കേസിൽ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേസ്സിൽ തൊഴിൽ, സാമൂഹ്യനീതി, ആഭ്യന്തരം, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിമാർ എതിർ കക്ഷികളാണ്. ആയതിനാൽ മേൽ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി സമാഹൃത വസ്തുതാ വിവരണ പത്രികയാണ് സമർപ്പിക്കേണ്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പ്രസ്തുത പത്രിക സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിൽനിയമ പരിഷ്കാരങ്ങൾ**

9 (*219) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നടപ്പാക്കിയതോ അല്ലെങ്കിൽ ഉടനെ നടപ്പാക്കാനുദ്ദേശിക്കുന്നതോ ആയ തൊഴിൽ നിയമ പരിഷ്കാരങ്ങളുടെ ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സെപ്റ്റംബർ മാസം വിവിധ കേന്ദ്ര വ്യവസായ തൊഴിലാളി സംഘടനകൾ സംയുക്തമായി ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്കിന് ആധാരമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്; ഈ ആവശ്യങ്ങളോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) തൊഴിലാളി വിരുദ്ധമായ തൊഴിൽ നിയമ പരിഷ്ക്കരണങ്ങളെയും തൊഴിലാളി പണിമുടക്കിന് ആധാരമായ പ്രശ്നങ്ങളെയും കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് അറിയിക്കാമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ മിനിമം വേതന നിയമം 1948, പേമെന്റ് ഓഫ് വേജസ് ആക്ട് 1936, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, ഈക്വൽ റെമ്യൂണറേഷൻ ആക്ട് 1976 എന്നീ കേന്ദ്രനിയമങ്ങളെ സംയോജിപ്പിച്ച് ലേബർ കോഡ് ഓൺ വേജസ് എന്ന ബില്ലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ട്രേഡ് യൂണിയൻ ആക്ട് 1926, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ ആക്ട് 1946 എന്നീ മൂന്ന് കേന്ദ്ര നിയമങ്ങളെ സംയോജിപ്പിച്ച് ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് എന്ന ബില്ലും കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിനൊപ്പം കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മോഡൽ ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ 2015-ഉം തയ്യാറാക്കിയിട്ടുണ്ട്. ഈ ബില്ലിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ നിലവിലുള്ള കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരം തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ള തൊഴിൽ സുരക്ഷ പാടെ ഇല്ലാതാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ബില്ലിന്റെ പരിധിയിൽ പത്തോ അതിലധികമോ ജോലിക്കാരുള്ള സംരംഭങ്ങൾ മാത്രമാണ് ഉൾപ്പെടുന്നത്. ജീവനക്കാരുടെ എണ്ണം പരിഗണിക്കാതെ എല്ലാ സ്ഥാപനങ്ങൾക്കും

ബാധകമാണ് കേരളത്തിൽ നിലവിലുള്ള നിയമം. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണമടക്കമുള്ള കാര്യങ്ങളെ ഏറെ ദോഷകരമായാണ് കേന്ദ്ര ബിൽ ബാധിക്കുന്നത്. തൊഴിലാളികൾ നിലവിൽ അനുഭവിച്ചുവരുന്ന അവധി അവകാശങ്ങളെല്ലാം അട്ടിമറിക്കുന്നതാണ് പുതിയ കേന്ദ്ര ബിൽ. സേവനദാതാവിന്റെ ഇഷ്ടാനുസരണം വനിതകളടക്കമുള്ളവരുടെ ഷിഫ്റ്റ് ഡ്യൂട്ടി നിശ്ചയിക്കാമെന്നും ജീവനക്കാരെ പിരിച്ചുവിടുന്നതടക്കമുള്ള കാര്യങ്ങളിൽ സേവനദാതാവിന് അനുകൂലമായ നിർദ്ദേശങ്ങളടങ്ങുന്നതാണ് കേന്ദ്രബിൽ. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ ഭേദഗതി സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ അഭിപ്രായം 6-2-2016-ലെ 989/ഇ 3/2016/തൊഴിൽ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി&സി) വിലക്കയറ്റം, തൊഴിലില്ലായ്മ, തൊഴിൽ നിയമങ്ങളുടെ സംരക്ഷണം, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വ്യാപനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം, ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, രാജ്യത്തിന്റെ സുപ്രധാന മേഖലകളിലടക്കമുള്ള പ്രത്യക്ഷ വിദേശ നിക്ഷേപം തുടങ്ങിയ വിഷയങ്ങൾ സെപ്റ്റംബറിലെ ദേശീയ പണിമുടക്കിൽ തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. രാജ്യത്തെ തൊഴിലാളികളടക്കമുള്ള സമസ്ത മേഖലകളിലെയും ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളെ നേരിട്ടു ബാധിക്കുന്ന വിഷയങ്ങളാണ് പണിമുടക്കിനാധാരമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നയസമീപനങ്ങൾ തിരുത്തേണ്ടതുണ്ട്. കേന്ദ്ര തൊഴിൽ നിയമ പരിഷ്കരണങ്ങളിൽ പ്രതിഫലിക്കുന്ന തൊഴിലാളികൾക്ക് ദോഷകരമായ നിലപാടുകൾ ഉപേക്ഷിക്കേണ്ടതായുണ്ട്. ഇ.പി.എഫ്., ഇ.എസ്.ഐ., മിനിമം വേതനം, ബോണസ്, മറ്റ് സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ സംരക്ഷണമടക്കമുള്ള വിഷയങ്ങളിൽ കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കുന്നതിനും അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ശക്തമായി ഇടപെടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി**

10 (*220) <u>ശ്രീ. റ്റി. വി.രാജേഷ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം നൽകാൻ കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള ഏജൻസികൾക്ക സാധിക്കാഞ്ഞതിനാലാണ് സംസ്ഥാനത്തെ കുപ്പിവെള്ള വിപണി വിപുലമായതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കുപ്പിവെള്ള വിപണിയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2006-2011 കാലയളവിൽ പ്രഖ്യാപിച്ച് തുടക്കംകുറിച്ച അരുവിക്കരയിലെ പ്ലാന്റ് നടപ്പിലാകാതെ പോയതിന്റെ കാരണങ്ങൾ എന്താണെ ന്നറിയിക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) പ്ലാസ്റ്റിക് കൊണ്ടുള്ള പരിസര മലിനീകരണമില്ലാതെ മിതമായ വിലയ്ക്ക് കുടിവെള്ളം വഴിയാത്രക്കാർക്ക് ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>):

(എ) ഈ വിഷയം സർക്കാർ പരിശോധിച്ചിട്ടില്ല.

(ബി) 2006-ൽ കുപ്പിവെള്ള പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് നിയമസഭയിൽ പ്രഖ്യാപനം നടത്തിയതിനുശേഷം 4-4-2008-ൽ 285 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. 2009 മുതൽ പലതവണകളിലായി വിളിച്ച ദർഘാസുകൾ ഓരോ കാരണങ്ങളാൽ റദ്ദുചെയ്യേണ്ടി വന്നിട്ടുണ്ട്. 16-8-2014-ൽ റീ-ടെണ്ടർ ക്ഷണിച്ചതിൽ ഒരു സ്വകാര്യ കമ്പനി മാത്രം പങ്കെടുത്തതിനാലും ക്വാട്ട് ചെയ്ത തുക കൂടുതലായിതിനാലും പ്രസ്തുത ടെണ്ടറും റദ്ദ് ചെയ്തതിനെ തുടർന്ന് ടി പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KIIDC) ഡാറ്റാ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ദർഘാസ് ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി മൂന്ന് പാക്കേജുകളിലായി ദർഘാസ് ക്ഷണിക്കുകയും പ്രവൃത്തികൾക്ക് കരാർ നൽകുകയും ചെയ്തു. ടി പ്രവൃത്തിയുടെ സിവിൽ വർക്കിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഒന്നാമത്തെ പാക്കേജായ പ്ലാന്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാക്കേജ് 2-ഉം 3-ഉം പ്രവൃത്തികളുടെ പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) നിലവിൽ ഇത്തരം പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ ഇല്ല. എന്നാൽ പ്ലാസ്റ്റിക് കൊണ്ടുള്ള മലിനീകരണമില്ലാതെ കുടിവെള്ള വിതരണം സൗജന്യമായി നടത്തുന്ന ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ശബരിമല-പമ്പ ശുദ്ധീകരണ പദ്ധതിയിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പമ്പയിൽ ഒരു റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ച് തെരഞ്ഞെടുത്ത രണ്ട് പ്രധാന ഭാഗങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ശുദ്ധജലം വിതരണം ചെയ്തുവരുന്നു. ഈ പദ്ധതി വിജയകരമായതിനാൽ ശബരിമല-പമ്പ പദ്ധതി പ്രദേശത്ത് കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കുടിവെള്ളത്തിനായി കഷ്ടപ്പെടുന്ന ജനങ്ങൾ

11 (*221) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ലഭിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ഉള്ളത്; വിശദമാക്കുമോ;

(ബി) കുടിവെള്ളത്തിനായി ജനങ്ങൾ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഒരു ദിവസം ഉദ്ദേശം 280 കോടി ലിറ്റർ ശുദ്ധീകരിച്ച വെള്ളം (Treated water) പമ്പ് ചെയ്യുവാനുള്ള installed capacity കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോഴുണ്ട്. ഇപ്പോൾ നിർമ്മാണത്തിലുള്ള പദ്ധതികൾ ഉദ്ദേശം 110 കോടി ലിറ്ററിന്റെയാണ്. കൂടാതെ 50 കോടി ലിറ്ററോളം വെള്ളം അണുവിമുക്തമാക്കിയും പമ്പ് ചെയ്യുന്നുണ്ട്. കൂടാതെ ലോക ബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട കുടിവെള്ള പദ്ധതി (2012-2017) - 1022 കോടി രൂപ മുതൽമുടക്കി നടപ്പാക്കുന്ന ഈ പദ്ധതിയുടെ 64 ശതമാനം ബാങ്ക് വായ്പയായും ബാക്കി തുക സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തും ഗുണഭോക്താക്കളും വഹിക്കുന്നു.

(ബി) ഉണ്ട്.

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അതാത് പ്രദേശത്തെ ആവശ്യകത സംബന്ധിച്ച് അവലോകനം ചെയ്ത് കുടിവെള്ള പദ്ധതികൾ വിഭാവന ചെയ്യുകയും ധനകാര്യ ഏജൻസികളിൽ നിന്നും ധനസഹായം ഉറപ്പാക്കിയതിനുശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതുകൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കാലഹരണപ്പെട്ട പൈപ്പുകളും പമ്പ് സെറ്റുകളും യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനും ജലചോർച്ച തടയുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വരൾച്ചാ കാലഘട്ടങ്ങളിൽ ചിലയിടങ്ങളിൽ പമ്പിങ് സമയം ദീർഘിപ്പിച്ചും മറ്റു ചില സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളാറുണ്ട്. ഇക്കഴിഞ്ഞ വേനൽക്കാലത്ത്

സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇതു പരിഹരിക്കുന്നതിനായി സർക്കാർ 39 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ 25 കോടി രൂപ അടിയന്തര പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റിക്കും 14 കോടി രൂപ ജില്ലാ കളക്ടർമാർ മുഖാന്തരം 14 ജില്ലകളിലും ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറി വഴി ശുദ്ധജലം എത്തിക്കാനുമാണ് നൽകിയിരുന്നത്. കേരള ജല അതോറിറ്റി ലഭിച്ച തുക ഉപയോഗിച്ച് ജലലഭ്യത ഉറപ്പാക്കാനാവശ്യമായ 1478 വിവിധതരം പ്രവൃത്തികൾക്ക് 14 ജില്ലകളിലുമായി ഭരണാനുമതി നൽകുകയും അവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. ഇതുകൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കാലഹരണപ്പെട്ട പൈപ്പുകളും പമ്പ്സെറ്റുകളും യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനും ജലചോർച്ച തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ജലനിധി നിയമാവലിയനുസരിച്ച് വിവിധ ബാച്ചുകളിലായി ജലനിധി പദ്ധതികൾ നടപ്പാക്കിവരുന്നു.

**ജലസേചന പദ്ധതികളുടെ നവീകരണം**

12 (*222) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വൻകിട ജലസേചന ശുദ്ധജല വിതരണ പദ്ധതികളുടെ കാലപ്പഴക്കം കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനോ, അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനോ പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ പദ്ധതികളുടെ നവീകരണം /മേജർ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റിസർവോയറുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ പഴയ പൈപ്പുകൾ, പമ്പ്സെറ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനായി 665 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ 24x7 വാട്ടർ സപ്ലൈ നടപ്പിലാക്കാനായി 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അണക്കെട്ടുകളുടെ കാലപ്പഴക്കം കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനും ലോകബാങ്ക് സഹായത്തോടെ 'Drip-Dam Rehabilitation and Improvement Project' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ 16 ഡാമുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കി അവയെ സംരക്ഷിക്കുവാനുള്ള പണികളാണ് നടന്നുവരുന്നത്.

(സി) റിസർവോയറുകളുടെ സംഭരണശേഷി നിലനിർത്താനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. റിസർവോയറുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ മലമ്പുഴ ഡാമിൽ ഭാഗികമായി desilting നടത്തിയിട്ടുണ്ട്. മറ്റ് ഡാമുകളുടെ desilting നടത്താൻ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മംഗലം ഡാം, മീങ്കര (Meenkara), ചുള്ളിയാർ (Chulliar) തുടങ്ങിയവയിൽ പഠനങ്ങൾ നടന്നു.

**വ്യവഹാര നയം**

13 (*223) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് 3-12-2011 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. എ.ഡി.ആർ. സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ, വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസ്സുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതല പെടുത്തിയിട്ടുണ്ട്. നിലവിൽ പതിനൊന്ന് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൊക്കേഷണൽ ട്രെയിനിംഗ് അഫിലിയേഷൻ

14 (*224) ശ്രീ. പി. ഉണ്ണി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ്(എൻ.സി.വി.ടി) അഫിലിയേഷൻ ലഭിക്കാനായി സംസ്ഥാനത്തെ വ്യവസായ പരിശീലന സ്ഥാപനങ്ങൾ (ഐ.ടി.ഐ) എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കണമെന്നാണ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ ഏതൊക്കെ വ്യവസായ പരിശീലന സ്ഥാപനങ്ങളിൽ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും പണിശാലകളും ഉണ്ട്; ഇതിന്റെയടിസ്ഥാനത്തിൽ എത്ര ഐ.ടി.ഐ കൾക്ക് റീ അഫിലിയേഷൻ ലഭിച്ചു;

(സി) അഫിലിയേഷൻ ലഭിക്കാതെ നടത്തുന്ന കോഴ്സുകളിൽ പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് ലഭിക്കുമോ; ഇല്ലെങ്കിൽ അത് അവരുടെ ഭാവിയെ എങ്ങനെ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാനായി എന്ത് അടിയന്തര നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി.) അഫിലിയേഷൻ ഒരു ഐ.ടി.ഐ. ആയിട്ടല്ല മറിച്ച് ഐ.ടി.ഐ.-കളിലെ ഓരോ ട്രേഡിലേയും ഓരോ യൂണിറ്റിനുമാണ് ലഭിക്കുന്നത്. ഓരോ ട്രേഡിന്റെയും അതാത് എൻ.സി.വി.ടി. സിലബസ്സ് പ്രകാരമുള്ള യന്ത്ര സാമഗ്രികളും പഠനോപകരണങ്ങളും വർക്ക്ഷോപ്പും സജ്ജമാക്കിയശേഷം Q.C.I.(ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ)-യുടെ അക്രഡിറ്റേഷൻ ക്രൈറ്റീരിയ പ്രകാരം ഓൺലൈൻ മുഖേന എൻ.സി.വി.ടി. അഫിലിയേഷന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിഗണിച്ച് Q.C.I. പ്രതിനിധികൾ അതാത് സ്ഥാപനങ്ങളിൽ പരിശോധന നടത്തി ശിപാർശ നൽകുകയും ശിപാർശയുടെ അടിസ്ഥാനത്തിൽ അഫിലിയേഷൻ സംബന്ധിച്ച തീരുമാനം എൻ.സി.വി.ടി. കൈക്കൊള്ളുകയും ചെയ്യും.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എൻ.സി.വി.ടി. അഫിലിയേഷൻ ഇല്ലാതെ എൻ.സി.വി.ടി. സിലബസ് പ്രകാരം എസ്.സി.വി.ടി. അംഗീകാരത്തോടെ വകുപ്പ് നടത്തുന്ന ട്രേഡുകളിൽ വിജയിക്കുന്നവർക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. എന്നാൽ എസ്.സി.വി.ടി. ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (STC) നൽകിവരുന്നുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമുള്ള നിയമനങ്ങൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കെല്ലാം ബന്ധപ്പെട്ട എസ്.സി.വി.ടി. സർട്ടിഫിക്കറ്റുകൾ (STC) തത്തുല്യമായി പരിഗണിച്ചിട്ടുണ്ട്.

**വാത്സല്യനിധി പദ്ധതി**

15 (*225) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി 'വാത്സല്യനിധി പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇത് പട്ടികജാതി പെൺകുട്ടികൾക്കുള്ള ഒരു ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് 2016-17 വർഷം മുതൽ ജനിക്കുന്ന പെൺകുട്ടികളെ ഉൾപ്പെടുത്താവുന്നതാണ്. ഗുണഭോക്താവിന്റെ പേരിൽ 1,38,000 രൂപ നാല് ഘട്ടങ്ങളിലായി നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവിന് 18

വയസ് പ്രായപൂർത്തിയാകുമ്പോൾ 3,00,000 രൂപ ലഭിക്കുന്നതാണ്. പോളിസി കാലയളവിൽ രക്ഷിതാക്കൾക്കുണ്ടായേക്കാവുന്ന അത്യാഹിതങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഇൻഷ്വർ ചെയ്യപ്പെടുന്ന പെൺകുട്ടിയുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പുകൾ, സ്കൂൾ അഡ്മിഷൻ, ഉന്നത വിദ്യാഭ്യാസ പദ്ധതി എന്നിവയും ഉറപ്പുവരുത്തുന്നു.

(ബി) വാത്സല്യനിധി പദ്ധതിയിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് 2016-17 മുതൽ ജനിക്കുന്ന പെൺകുട്ടികളുടെ ജനന രജിസ്ട്രേഷൻ, ആരോഗ്യ സുരക്ഷ, വിദ്യാഭ്യാസം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ദേശസാൽകൃത/സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിലേക്ക് LIC of India-യെ നിക്ഷേപക ഏജൻസിയായി സർക്കാർ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച മാർഗ്ഗരേഖ അംഗീകരിക്കുകയും പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**മദ്യ ഉപഭോഗത്തിൽ വന്ന മാറ്റം**

16 (*226) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ, ബിയർ-വൈൻ പാർലറുകളാക്കി മാറ്റിയതിനുശേഷം മദ്യ ഉപഭോഗത്തിൽ വന്ന മാറ്റം അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കാമോ;

(ബി) മദ്യോല്പാപാദനത്തിന്റേയും ഉപഭോഗത്തിന്റേയും അടിസ്ഥാനത്തിൽ, മദ്യ ലഭ്യത കുറയ്ക്കുക എന്ന പ്രഖ്യാപനം ഫലപ്രദമായി നടപ്പിലാക്കാൻ മുൻ സർക്കാരിന് സാധിച്ചോ എന്ന് വ്യക്തമാക്കാമോ;

(സി) കഞ്ചാവ് അടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ ഇക്കാലയളവിൽ വന്ന മാറ്റം പരിശോധനാ വിധേയമായിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ബാറുകൾ, ബിയർ/വൈൻ പാർലറുകളാക്കി മാറ്റിയതിനുശേഷം മദ്യ ഉപഭോഗം സംബന്ധിച്ച കണക്കുകൾ വിശകലനം ചെയ്തതിൽ 2014-15-ലെ അബ്കാരി നയം നിലവിൽ വന്ന ശേഷം, അതിനുമുമ്പുള്ള വർഷങ്ങളെ അപേക്ഷിച്ച് മദ്യ വില്പനയിൽ കുറവാണ് കാണുന്നത്. 2013-14-ൽ ബിവറേജസ് കോർപ്പറേഷൻ 240.67 ലക്ഷം കെയ്സ് മദ്യം വിറ്റഴിച്ചുവെങ്കിൽ 2014-15-ൽ ആയതിന്റെ വിൽപ്പന 220.58 ലക്ഷം കെയ്സുകളായി കുറയുകയാണുണ്ടായത്. 2014-15-ൽ തൊട്ടു മുൻ വർഷത്തെ അപേക്ഷിച്ച് 20.09 ലക്ഷം കെയ്സുകളുടെ, അതായത് 8 ശതമാനം കുറവാണുണ്ടായത്. അതുപോലെ 2015-16 വർഷത്തിൽ 2014-15-നെ അപേക്ഷിച്ച് 18.83 ലക്ഷം കെയ്സുകളുടെ, അതായത് 9 ശതമാനം കുറവാണുണ്ടായത്. എന്നാൽ കോർപ്പറേഷന്റെ ബിയർ വിൽപ്പനയിൽ ഗണ്യമായ വർദ്ധനവാണ് ഇക്കാലയളവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2015-16-ൽ കോർപ്പറേഷൻ 154.20 കെയ്സ് ബിയറാണ് വിറ്റഴിച്ചത്. തൊട്ട് മുൻ വർഷമായ 2014-15-ൽ വിറ്റഴിക്കപ്പെട്ട 96.59 ലക്ഷം കെയ്സുകൾ എന്നതിന്മേൽ 58.61 ലക്ഷം കെയ്സുകളുടെ, അതായത് 61 ശതമാനം വർദ്ധനവാണ് 2015-16-ൽ ബിയർ വിൽപ്പനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) അബ്കാരി നയപ്രകാരം ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും ഉടമസ്ഥതയിലുള്ള 10 ശതമാനം മദ്യ വിൽപ്പനശാലകൾ വർഷംതോറും നിർത്തലാക്കുന്നതിന്റെ ഭാഗമായി ആകെയുണ്ടായിരുന്ന 384 മദ്യ വിൽപ്പനശാലകളിലെ 78 മദ്യ വിൽപ്പനശാലകൾ 2014-15-നും 2015-16-നും ഇടയിലുള്ള കാലയളവുകളിൽ അടച്ചുപൂട്ടുകയുണ്ടായി. ഇക്കാലയളവിൽ ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വിൽപ്പനയിൽ 38.92 ലക്ഷം കെയ്സുകളുടെ കുറവും (2013-14 വർഷത്തെ അപേക്ഷിച്ച് 2014-15 വർഷത്തിൽ 8 ശതമാനവും 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16-ൽ 9 ശതമാനം കുറവ്) ബിയർ വിൽപ്പനയിൽ 58.61 ലക്ഷം കെയ്സുകളുടെ വർദ്ധനവുമാണ് (2014-15 വർഷത്തെ അപേക്ഷിച്ച് 2015-16-ൽ 61 ശതമാനം വർദ്ധനവ്) രേഖപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ കണക്കുകൾ പ്രകാരം മദ്യോല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ മദ്യലഭ്യത കുറയ്ക്കുക എന്ന പ്രഖ്യാപനം ഫലപ്രദമായി നടപ്പിലാക്കാൻ മുൻ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നാണ് വിലയിരുത്തുന്നത്.

(സി) കഞ്ചാവ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉൾപ്പെട്ട കേസ്സുകളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പ് 2013-14 കാലഘട്ടത്തിൽ 860 കേസ്സുകൾ മാത്രം കണ്ടെത്തിയപ്പോൾ 2014-15-ൽ 1021 കേസ്സുകളും 2015-16 വർഷത്തിൽ 1704 കേസ്സുകളും കണ്ടെത്തിയിട്ടുണ്ട്. കേസ്സുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ഷീര സംഘങ്ങൾക്ക് കൂടുതൽ ധനസഹായം നൽകാൻ നടപടി

17 (*227) ശ്രീമതി സി. കെ. ആശ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ക്ഷീര സംഘങ്ങൾക്ക് കൂടുതൽ ധന സഹായം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ക്ഷീര സംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ഉണ്ട്. "ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും" എന്ന പദ്ധതി പ്രകാരം പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരസഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവത്ക്കരിക്കുകയും ചെയ്യുക തുടങ്ങിയവ വിഭാവന ചെയ്യുന്നു. ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സുതാര്യത ഉറപ്പുവരുത്തുവാനുമായി ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡലവപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾക്ക് കീഴിൽ ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമിയും ഭവനവും

18 (*228) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തിയുള്ള കർമ്മ പദ്ധതികൾ മുഖേന എത്ര ശതമാനം ലക്ഷ്യത്തിലെത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിയതിൽ പൂർത്തീകരിക്കപ്പെടാത്തതും ജീർണ്ണാവസ്ഥയിലായതുമായ ഭവനങ്ങളുടെ കാര്യത്തിൽ അവയുടെ സ്ഥിതി മെച്ചപ്പെടുത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ മുറികൾ കൂട്ടിച്ചേർക്കുന്നതിനും പര്യാപ്തമാകുന്ന വിധത്തിൽ തുക നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

പട്ടികജാതി :

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകി വരുന്ന ധനസഹായം

| ഭൂമി | ധനസഹായം |
|---|---|
| പഞ്ചായത്ത് (5 സെന്റ് സ്ഥലം) | 3.75 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി (3 സെന്റ് സ്ഥലം) | 4.50 ലക്ഷം രൂപ |
| നഗരസഭ (3 സെന്റ് സ്ഥലം) | 6 ലക്ഷം രൂപ |

ഭവനരഹിതരായ പട്ടികജാതിക്കാർക്ക് 3 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗം :

ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം', ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം 2006, കെ.എസ്.റ്റി. ആക്ട് എന്നീ പദ്ധതികളും ഭവനരഹിതർക്കായി ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

(ബി) 2014-15, 2015-16 വർഷങ്ങളിലായി ഭവനരഹിതരായി കണ്ടെത്തിയ 33,652 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിരുന്നു. എന്നാൽ ഇതിൽ 384 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതിക്കാർക്ക് വകുപ്പ്/സർക്കാർ മുഖേന ധനസഹായം നൽകി നിർമ്മിച്ച വീടുകളിൽ 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ പുനരുദ്ധാരണത്തിനായി 50,000 രൂപ ഭവന പുനരുദ്ധാരണ/അഡീഷണൽ റൂം പദ്ധതി പ്രകാരം അനുവദിക്കുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുമ്പ് ധനസഹായം അനുവദിച്ച് പണി പൂർത്തിയാക്കിയതും 6 വർഷം കഴിഞ്ഞതുമായ വീടുകളുടെ അറ്റകുറ്റപ്പണി, നവീകരണം, പണി പൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കുമായി പരമാവധി 1,00,000 രൂപ വരെ അനുവദിച്ച് നൽകിവരുന്നു.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ശുദ്ധജല വിതരണ മേഖല വിപുലീകരിക്കാൻ നടപടി

19 (*229) ശ്രീ. കെ. ബാബു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം ഉറപ്പു വരുത്തിയ കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് നിലവിലുള്ള ജല വിതരണ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ശുദ്ധജല വിതരണം ഫലപ്രദമായി നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപടികൾ ആരംഭിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ, നിർമ്മാണം നടന്നുകൊണ്ടിരിയ്ക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി ശുദ്ധജല വിതരണ മേഖല വിപുലീകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) ഗുണനിലവാരമുള്ള കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശുദ്ധജല വിതരണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത്. ഇതിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ശുദ്ധജലലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്ക് മുൻഗണനന നൽകുന്നുണ്ട്. ഇപ്രകാരം എല്ലാ ജനങ്ങൾക്കും ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയ കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടികൾ ധനലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുക, വിതരണ ശൃംഖല വിപുലീകരിക്കുക തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾക്കാവശ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ജലഅതോറിറ്റിക്ക് കൈമാറുന്നത്. പദ്ധതി രൂപകൽപ്പന നടത്തുമ്പോഴും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോഴും അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. കൂടാതെ നിലവിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമേ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പദ്ധതികൾ പരിശോധിച്ച് അനുയോജ്യമായവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. ടി സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നിർമ്മാണം നടന്നുവരുന്ന കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കി ശുദ്ധജലവിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി വിവിധ വിഭാഗങ്ങളിൽപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾക്ക് ധനലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി സംബന്ധിച്ച് അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ലഹരിക്കായി ദുരുപയോഗം ചെയ്യുന്ന മരുന്നുകൾ

20 (*230) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ വ്യാപകമായി ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മരുന്നുകളാണ് ഇപ്രകാരം ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം മരുന്നുകളുടെ നിയമവിരുദ്ധ വിൽപ്പന തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) മരുന്നുകൾ വ്യാപകമായി ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്യൂപ്രിനോർഫിൻ ഫിനാർഗൻ, പെത്തഡിൻ, മോർഫിൻ, നൈട്രോസെപാം, ലോറസെപാം, ഡൈക്ലോഫിനാക്, ഫെനാമിൻ, പ്രോമിത്തേസിൻ, പെന്റാസോസൈൻ, മോർഫെറിഡിൻ, ഡൈസഫാം തുടങ്ങിയ മരുന്നുകളാണ് പ്രധാനമായും ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുവേണ്ടി നിയമവിരുദ്ധമായി വിൽപ്പന നടത്തുന്നത് തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. ഇതോടൊപ്പം മെഡിക്കൽ സ്റ്റോറുകളിലും പരിസരങ്ങളിലും പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാരുടെ കുറിപ്പടി കൂടാതെ ആർക്കും ഇത്തരം മരുന്നുകൾ നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പും ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്റ്റ് പ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന മെഡിക്കൽ ഷോപ്പുകൾ നിരന്തരമായി പരിശോധന നടത്തി മരുന്നുകളുടെ ദുരുപയോഗമോ അമിത വില്പനയോ നടത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകി ലഹരിയുടെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഈ രംഗത്ത് ഗണ്യമായ സംഭാവന നൽകിവരുന്നതും സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളെ സംസ്ഥാന വ്യാപകമായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത 11 ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി നീക്കി വച്ചിരിക്കുന്ന 3.5 കോടി രൂപയിൽ നിന്നും 1,00,35,840 രൂപ ലഹരി വിമുക്ത ചികിത്സയ്ക്കായി നൽകിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട നിരവധി പേരെ പ്രസ്തുത ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ വഴി ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളതാണ്. ലഹരി വിമുക്ത ചികിത്സ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി എല്ലാ ജില്ലാശുപത്രികളോടനുബന്ധിച്ചും ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

**ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

21 (*231) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കുന്നതിന് ആസൂത്രണം ചെയ്ത കർമ്മ പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങളുടെ മികവ് പരിശോധിച്ച് കേന്ദ്രത്തിൽ നിന്നും അധികമായി തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>):

(എ) ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. നേട്ടങ്ങളും പ്രവർത്തനമികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കികഴിഞ്ഞു. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

(ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 67 ശതമാനം കവറേജിനും 15 ശതമാനം ഒ&എം-നും 10 ശതമാനം സസ്റ്റൈനബിലിറ്റിക്കും 5 ശതമാനം സപ്പോർട്ട് ആക്ടിവിറ്റീസിനും 3 ശതമാനം വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവീലിയൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ്.സി/എസ്.റ്റി. കോളനികളിലേക്ക് ഡിസ്ട്രിക്റ്റ് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009 മുതൽ ഈ പദ്ധതി "നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം" എന്ന പേരിലാണറിയപ്പെടുന്നത്.

(സി) പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായും 24.70 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 99.70 കോടി രൂപ) 2012-13-ലും 67.31 കോടി രൂപ അഡീഷണൽ ഫണ്ടായും 2.69 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 70 കോടി രൂപ) 2014-ലും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

22 (*232) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) മണ്ണിലെ ജലനിരപ്പുയർത്തുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും പരിസ്ഥിതി സന്തുലനം സാധ്യമാക്കുന്നതിനും പദ്ധതി പുനരാവിഷ്കരിച്ച് പ്രാവർത്തികമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ആരാധനാലയങ്ങളെയും പൊതുസ്ഥാപനങ്ങളെയും സ്വകാര്യവ്യക്തികളെയും കൂടി പങ്കാളികളാക്കുന്ന രീതിയിൽ പദ്ധതി പുനഃസംഘടിപ്പിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റാവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപ അനുവദിച്ചു. ഇതിൽ 209 കുളങ്ങൾ പൂർത്തിയായി.

(ബി) പ്രസ്തുത പദ്ധതി തുടരുന്നതിന്റെ ഭാഗമായി സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനപ്രകാരം 542 കുളങ്ങൾ നവീകരിക്കുന്നതിനായി 228.45 കോടി രൂപയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചെങ്കിലും മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകാൻ സാധിച്ചില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രോജക്ട് സാറ്റർഡേ പദ്ധതി

23 (*233) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ 'പ്രോജക്ട് സാറ്റർഡേ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 'സാറ്റർഡേ പ്രോഗ്രാം' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ശനിയാഴ്ചയും പരമാവധി ഫയലുകൾ തീർപ്പാക്കിക്കൊണ്ട് ഓഫീസിന്റെ പ്രവർത്തന അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി.

(ബി) ആഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകളിൽ തീരുമാനമെടുത്ത് എല്ലാ ആഴ്ചയിലേയും അവസാന പ്രവൃത്തി ദിവസത്തിൽ (ശനിയാഴ്ച) പരമാവധി ഫയലുകൾ തീർപ്പു കൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനായി ജോലി സ്ഥലം ക്രമീകരിക്കുക, ആഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയായിരുന്നു സാറ്റർഡേ പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 'സാറ്റർഡേ പ്രോഗ്രാം' നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആഴ്ചതോറും അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നു. ഓരോ ജില്ലയിലേയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് ആസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ/റെയ്ഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## വനമേഖലയുടെയും വന്യജീവികളുടെയും സംരക്ഷണം

24 (*234) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനം-വന്യജീവി സംരക്ഷണത്തിനായി വനമേഖലയിൽ വാർത്താ വിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിലെ വിവിധ വനമേഖലകളിൽ പതിനേഴ് വയർലെസ് റിപ്പീറ്റർ സ്റ്റേഷനുകൾ പുതുതായി സ്ഥാപിച്ച് വനമേഖലയും വന ആസ്ഥാനമുൾപ്പെടെയുള്ള ഓഫീസുകളും തമ്മിലുള്ള വാർത്താവിനിമയ ശൃംഖല വിപുലീകരിക്കുക എന്നതാണ് പ്രഥമ ലക്ഷ്യം. ഇപ്രകാരം വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുക വഴി വനം-വന്യജീവികളുടെ സംരക്ഷണം, മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കൽ, ചന്ദന സംരക്ഷണം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യം.

(സി) കേരളത്തിലെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം റെയ്ഞ്ച് ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി ഇനിയും 53000-ൽപ്പരം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ ഓരോ വർഷവും സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് ഇതുസംബന്ധിച്ച നടപടി റെയ്ഞ്ച് ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്നുമാസത്തെ സർവ്വേ പരിശീലനം നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ 30 പേരടങ്ങുന്ന രണ്ട് ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി സർവ്വേ ജോലികൾ ചെയ്തുവരുന്നു. കൂടുതൽ പേർക്ക് പരിശീലനം നൽകാൻ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം ഡിവിഷൻ, സർക്കിൾ, വനം വകുപ്പാസ്ഥാനം എന്നീ തലങ്ങളിൽ മാസംതോറും വിലയിരുത്തിപ്പോരുന്നു. ജണ്ട നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**ജലസംരക്ഷണ മാർഗ്ഗങ്ങൾ**

25 (*235) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല സംരക്ഷണത്തിനായി ഭൂഗർഭജല റീചാർജിംഗ്, അക്വിഫർ മാപ്പിംഗ് തുടങ്ങിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജല സംരക്ഷണത്തിന്റെ അടിസ്ഥാനഘടകം നീർത്തടങ്ങളാണെന്നതിനാൽ നീർത്തടങ്ങളെ നദീതടങ്ങളിലേക്ക് സംയോജിപ്പിച്ച് കൊണ്ടുള്ള ജല സംരക്ഷണ പരിപാലനത്തിന് നടപടികൾ സ്വീകരിയ്ക്കുമോ;

(സി) ജലാശയങ്ങളിലെ മലിനീകരണം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പങ്കാളിത്ത സമീപനം സ്വീകരിയ്ക്കുമോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) ഭൂജലസംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള "കേന്ദ്ര ഭൂജല ബോർഡ്-കേരള സർക്കിൾ"-ന്റെ മേൽനോട്ടത്തിൽ അക്വിഫർ മാപ്പിംഗ് നടന്നുവരുന്നു. ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളുടെ മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ജലസംരക്ഷണത്തിന്റെ അടിസ്ഥാനഘടകം നീർത്തടങ്ങളാണെന്നതിനാൽ നീർത്തടങ്ങളെ നദീതടങ്ങളിലേക്ക് സംയോജിപ്പിച്ചുകൊണ്ടുള്ള ജലസംരക്ഷണ പരിപാലനത്തിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കുളങ്ങളുടെയും തോടുകളുടെയും പുനരുജ്ജീവനം, സംരക്ഷണം എന്നിവ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുക്കുന്നു. എന്നാൽ ചെറു നീർത്തടങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള നദീതട പരിപാലന പദ്ധതികൾ രൂപപ്പെടുത്തിയിട്ടില്ല.

(സി) ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. എന്നാൽ ജലാശയങ്ങളിൽ മാലിന്യ നിക്ഷേപം തുടരുന്നതായി കാണുന്നു. ഇത് തടയുന്നതിനും നിലവിലുള്ള നിയമമനുസരിച്ച് നടപടികൾ ശക്തവും വേഗത്തിലുമാക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ-തദ്ദേശ സ്വയംഭരണം, ജലസേചനം, ആരോഗ്യം, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ്-ഏകോപന സമിതി പ്രാദേശിക തലത്തിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരുന്നു.

**ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത**

26 (*236) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി പാലിന്റെ സംഭരണ, സംസ്കരണ, വിതരണ പ്രക്രിയ ശാസ്ത്രീയമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആധുനിക ലബോറട്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും കാലിത്തീറ്റയുടെ ഉൽപാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ വഴി ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ സംഭരിക്കുകയും പ്രാദേശിക വിപണനം നടത്തുകയും ബാക്കി വരുന്ന പാൽ മിൽമ മുഖേന വിറ്റഴിക്കുകയും ചെയ്യുന്നു. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വേണ്ടി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :

1. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തന സഹായം.
2. പ്രവർത്തനരഹിതമായ ക്ഷീര സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് സഹായം.
3. ശുചിത്വമുള്ള പാൽ സംഭരണ മുറികളുടെ നിർമ്മാണം/പുനരുദ്ധാരണം.
4. ക്ഷീര സഹകരണ സംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത സഹായം ലഭ്യമാക്കൽ.
5. ക്ഷീര സഹകരണ സംഘങ്ങൾക്ക് ബി.എം.സി. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ചെറുകിട പാൽ, പാലുൽപ്പന്ന സംസ്കരണശാലകൾ, കാലിത്തീറ്റ യൂണിറ്റുകൾ എന്നിവയ്ക്കുമുള്ള ധനസഹായം.
6. കർഷകർക്ക് ഫെസിലിറ്റേഷൻ -കം-ഇൻഫർമേഷൻ സെന്റർ.
7. ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭക്ഷ്യ സുരക്ഷാ പരിശീലനം.
8. മിൽക്ക് റൂട്ടുകളിലേക്ക് സംഘങ്ങൾക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.
9. ഓട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ.

10. സംഘങ്ങളുടെ ഓട്ടോമേഷനും കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിനുള്ള ധനസഹായം.

11. ക്ഷീര വികസന വകുപ്പിന്റെ എം.ഐ.എസ്. കമ്പ്യൂട്ടർവൽക്കരണം.

12. ഡോക്യുമെന്റേഷനും ഡാറ്റാ ബാങ്ക് രൂപീകരണവും

(ബി) പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിനോടനുബന്ധിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു സ്റ്റേറ്റ് ഡയറി ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന് NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരം ഈ വർഷം ലഭിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം, കാസർഗോഡ് ജില്ലകളിലായി രണ്ട് റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കന്നുക്കുട്ടികൾക്ക് 4 മാസം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി. കാഫ് അഡോപ്ഷൻ (ദത്തെടുക്കൽ) പ്രോഗ്രാം, ഗോവർദ്ധിനി എന്നീ സ്കീമുകൾ പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി മുഖേന നടപ്പാക്കി വരുന്നു. ഇതിനുപുറമേ ആർ.കെ.വി.വൈ. ഫണ്ട് ലഭ്യമാക്കിയിട്ടുള്ള സ്കീമിനും നിർദ്ദേശമുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം കന്നുക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന മൃഗസംരക്ഷണവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ് 1999 മുതൽ എം.എം.സി.പി. ടെക്നോളജി ഉപയോഗിച്ചുകൊണ്ട് സമീകൃത കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നു. കമ്പനിയുടെ മൊത്തം പ്രതിദിന ഉൽപ്പാദനം 500 ടണ്ണിൽ നിന്നും ഘട്ടംഘട്ടമായി 1000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. ഗുണമേന്മയേറിയ കാലിത്തീറ്റ കമ്പനിയുടെ കല്ലേറ്റുംകര, കരുനാഗപ്പള്ളി, കഞ്ചിക്കോട് എന്നിവിടങ്ങളിലെ ഫാക്ടറിയിൽ നിന്നും പൂർണ്ണ തോതിൽ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കേരളത്തിലുടനീളം വിപണിയിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ക്ഷീരകർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള കാലിത്തീറ്റ കൂടുതലായി ലഭ്യമാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ 300 ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കി, ഉദ്ഘാടനം ചെയ്ത് പ്രാഥമിക ഉൽപ്പാദനം നടത്തി വരികയാണ്. വളരെ ചുരുങ്ങിയ ദിസങ്ങൾക്കുള്ളിൽ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ച് മലബാർ മേഖലയിൽ കേരള ഫീഡ്സിന്റെ കാലിത്തീറ്റയുടെ ലഭ്യത കൂടുതൽ ഉറപ്പാക്കുന്നതാണ്. കൂടാതെ

ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ 500 ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ലോകോത്തര നിലവാരമുള്ള കാലിത്തീറ്റ നിർമ്മാണ ഉപകരണ കമ്പനിയായ Buhler-ന്റെ ഉപകരണങ്ങളാണ് പ്രധാനമായും ഫാക്ടറിയിൽ സ്ഥാപിക്കുന്നത്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ)-ന്റെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായ പരിശോധനകൾക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കന്നുക്കുട്ടികൾക്ക് നൽകുന്നതിനുള്ള പ്രത്യേകതരം ടി.എം.ആർ. തീറ്റ പുതിയതായി നിർമ്മിച്ച് നൽകിവരുന്നു. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

## തൊഴിൽ നൈപുണ്യ വികസന അക്കാദമികൾ

27 (*237) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാദമികൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇതു നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ&ബി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I. സെന്റർ ഓഫ് എക്സലൻസ് :

1. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്)

II. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) :

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ആലോചിക്കുന്നു.

III. കൗശൽ കേന്ദ്രങ്ങൾ :

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV. എംപ്ലോയബിലിറ്റി സെന്ററുകൾ :

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും

എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

(സി) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൗൺസിലും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

**കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടികൾ**

28 (*238) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകുന്ന കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം നിയമസഹായങ്ങളാണ് 'കെൽസ' യിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കെൽസ'-യെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (നൽസ)-യുടെ നാഷണൽ പ്ലാൻ ഓഫ് ആക്ഷന്റെ മാതൃകയിൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയേയും വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുവാൻ കൂടുതൽ സാമ്പത്തിക സഹായം നൽകുകയും മെച്ചപ്പെട്ട ആന്തരഘടന ലഭ്യമാക്കേണ്ടതും കൂടുതൽ ജീവനക്കാരെ വിന്യസിക്കേണ്ടതും വിവിധ വകുപ്പുകളുടെ സഹകരണവും കെൽസയുമായുള്ള ഏകോപനവും ഉറപ്പു വരുത്തേണ്ടതുണ്ട്.

(ബി) കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാവുന്നതുമായ നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തുകളിലൂടെ ഒത്തുതീർപ്പാക്കുക, കോടതികളിൽ നിലനിൽക്കുന്ന നിയമപരമായി ഒത്തുതീർപ്പാക്കാൻ സാധിക്കുന്ന കേസ്സുകളിൽ മീഡിയേറ്റർമാരുടെ സഹായത്തോടെ കക്ഷികൾ തമ്മിൽ കേസ്സുകൾ ഒത്തുതീർപ്പാക്കുവാൻ വേണ്ട ശ്രമം നടത്തുക, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നിയമ അവബോധം നൽകുക, ദേശീയ നിയമ സേവന അതോറിറ്റി (NALSA) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നിയമ സഹായത്തിനുവേണ്ടി രൂപകൽപ്പന ചെയ്ത വിവിധ പദ്ധതികൾ നടപ്പിലാക്കുക, താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങൾക്ക് കോടതികളിൽ കേസ് നടത്തുന്നതിനായി സൗജന്യമായി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ് :

1. സ്ത്രീകൾ
2. കുട്ടികൾ
3. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ
4. പ്രകൃതിക്ഷോഭത്തിനോ വംശീയ അതിക്രമത്തിനോ ഇരയായവർ
5. വ്യവസായ തൊഴിലാളികൾ
6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ
7. വികലാംഗർ
8. നിർബന്ധിത വേലയ്ക്ക് വിധേയരാക്കപ്പെട്ടവർ എന്നിവർക്ക് വരുമാനപരിധി ഇല്ലാതെയും
9. മറ്റുള്ളവർക്ക് 1,00,000 രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യനിയമ സഹായം ലഭിക്കും.

(സി) നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നാഷണൽ പ്ലാൻ ഓഫ് ആക്ഷനിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി പ്രവർത്തിക്കുന്നത്. കൂടാതെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി 2015-ൽ സമൂഹത്തിലെ വിവിധ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി തയ്യാറാക്കിയ 7 പുതിയ പദ്ധതികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തിനും മേൽ നടപടികൾക്കുമായി കൊടുത്തിട്ടുണ്ട്.

## ഇതരസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

29 (*239) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ജോയി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വിവിധ മേഖലകളിൽ തൊഴിലെടുക്കുകയും താമസിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ നിയന്ത്രണത്തിലോ നിരീക്ഷണത്തിലോ അല്ല എന്നത് പൊതുസമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന കാര്യവും ഇത് തൊഴിലാളികളുടെ ക്ഷേമത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ വകുപ്പ് നടത്തുന്ന രജിസ്ട്രേഷൻ ഫലപ്രദമല്ലെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട്, കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ലേബർ വകുപ്പിന്റെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിൽ വ്യാപിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി രജിസ്ട്രേഷൻ നടത്തുകയും അതത് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പരിശോധനയ്ക്ക് പോലീസിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് നിലപാട് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് മുഖേന നടത്തുന്ന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ 53136 ഇതര സംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ചുള്ള അംഗത്വ രജിസ്ട്രേഷൻ ഉണ്ടായിട്ടില്ല. തൊഴിലാളികൾ ഇടയ്ക്കിടെ ജോലിസ്ഥലം മാറുകയും ഇപ്രകാരം ജോലിസ്ഥലം മാറുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും അംഗത്വം പുതുക്കുന്നതിനും പ്രായോഗികമായി കഴിയുന്നില്ല. വ്യക്തമായ തിരിച്ചറിയൽ രേഖകൾ ഇല്ലാത്തതും അംഗത്വ രജിസ്ട്രേഷൻ കുറയുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ തൊഴിലുടമകളുടെയും കരാറുകാരുടെയും തൊഴിലാളികളുടെയും ഇക്കാര്യത്തിലുള്ള താൽപ്പര്യക്കുറവ് രജിസ്ട്രേഷന് പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാത്തതിനുള്ള കാരണമായിട്ടുണ്ട്.

(സി) ഇത്തരത്തിലൊരു വിലയിരുത്തൽ തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യപരിപാലനവും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കേരളത്തിൽ എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ എല്ലാ വകുപ്പുകളുമായും ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

**വനം വകുപ്പിൽ ആധുനികവൽക്കരണം**

30 (*240) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾക്കായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വന്യ ജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; ഇതിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ആധുനികവൽക്കരണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന റേഡിയോ കോളർ സംവിധാനവും ക്യാമറാ ട്രാപ്പ് നിരീക്ഷണ സംവിധാനവും കൂടുതലായി ഉപയോഗിച്ചുവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം പരിക്കോ മരണമോ കൃഷിനാശമോ മറ്റ് നാശനഷ്ടങ്ങളോ സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ അപേക്ഷകന് ലഭിക്കുന്നതിനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കി. വയനാട് ജില്ലയിൽ കാട്ടാനകൾ നാട്ടിലേക്ക് ഇറങ്ങി പ്രശ്നങ്ങളുണ്ടാക്കുന്ന മേഖലകളിൽ സമീപവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ

സാദ്ധ്യത പഠിച്ചുവരുന്നു. ലോകബാങ്കിന്റെ സഹായത്തോടെ കേരള വനവല്ക്കരണ പദ്ധതി പ്രകാരം 1998-2003 കാലയളവിൽ വിപുലമായ തോതിൽ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിരുന്നു. നിലവിൽ റേഞ്ച് ഓഫീസ് തലം വരെയുള്ള ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വനം വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സേവനാവകാശ നിയമത്തെ അടിസ്ഥാനപ്പെടുത്തി കാർഷിക വിളനാശം സംഭവിച്ചതും വന്യമൃഗങ്ങളാൽ മരണം സംഭവിച്ചതുമായ ബന്ധപ്പെട്ട അപേക്ഷകളിന്മേൽ നഷ്ടപരിഹാരം അനുവദിക്കപ്പെട്ടത് സംബന്ധിച്ച അനുമതിപത്രം ഓൺലൈൻ വഴി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) വനം വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേക്ക് 1642.50 ലക്ഷം രൂപ 14th Finance Commission-ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.

9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം

10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

13. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

1 (1786) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ബാബു :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ലഭിച്ച തുക പര്യാപ്തമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് പലിശ രഹിത വായ്പ നൽകാൻ പദ്ധതിയുണ്ടോ ?

ഉത്തരം

ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കാത്ത പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലില്ല.

## വളപ്പ് എസ്.സി. കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി

2 (1787) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച വളപ്പ് എസ്.സി. കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദീർഘനാളായി തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ് പുലയാസ് കോളനിയിലെ 92 ശതമാനം പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഞാറക്കൽ സീഷോർ കോളനിയിലെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ പദ്ധതി

3 (1788) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പും, ഗ്രാന്റും നൽകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദീകരിക്കുമോ;

(സി) പദ്ധതി നിർവഹണത്തിന് എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100 ശതമാനം CSS)
5. 9, 10 ക്ലാസുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100 ശതമാനം CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ
8. ലാപ്ടോപ്പ് വാങ്ങൽ
9. പ്രാരംഭ ചെലവ്
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം
11. അയ്യൻകാളി ടാലന്റ് സെർച്ച് & ഡവലപ്പ്മെന്റ് സ്കീം
12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
13. പ്രത്യേക പ്രോത്സാഹന സമ്മാനം
14. ബുക്ക് ബാങ്ക് സ്കീം (50 ശതമാനം CSS)

(ബി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക, വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ അവർക്ക് അവസര സമത്വം ലഭ്യമാക്കുക, തദ്വാര അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്.

(സി) പ്രീ-മെട്രിക് തലത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ തുക സ്ഥാപന മേധാവിക്ക് കൈമാറുകയും സ്ഥാപനമേധാവി തുക മാറി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണം ഇ-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പാക്കി വരുന്നത്. വിദ്യാർത്ഥികൾ അക്ഷയകേന്ദ്രം വഴി സമർപ്പിക്കുന്ന അപേക്ഷകൾ അതത് സ്ഥാപന മേധാവികൾ മുഖേന ബന്ധപ്പെട്ട ജില്ലാപട്ടികജാതി വികസന ഓഫീസിലേക്ക് അയയ്ക്കുകയും അസിസ്റ്റന്റ് ജില്ലാപട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ക്ലെയിം സ്റ്റേറ്റ്മെന്റ് പരിശോധിച്ച് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ടറേറ്റ് മുഖേന ആനുകൂല്യം ക്രെഡിറ്റ് ചെയ്യുന്നു.

അദ്ധ്യയന വർഷാരംഭത്തിൽ രക്ഷിതാക്കൾക്ക് ഒരു ധനസഹായം നൽകുന്നതിലേക്കായി 2014-15 അധ്യയന വർഷം മുതൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി (9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക്) 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി എന്നിവയും ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കിവരുന്നു. അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം ലഭിക്കാത്ത 2.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പും ജില്ലാ ഓഫീസർ മുഖേന നൽകി വരുന്നു. ഒന്നാം വർഷ എം.ബി.ബി.എസ്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2014-15 മുതൽ സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം (5,500 രൂപ) ജില്ലാ ആഫീസർമാർ സ്ഥാപന മേധാവി മുഖേന വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് സ്ഥാപനമേധാവി മുഖേന റീ-ഇംബേഴ്സ്മെന്റ് രീതിയിൽ 25,000 രൂപ അനുവദിച്ചുവരുന്നു. എം.ബി.ബി.എസ്./ബി.ഡി.എസ്./ബി.ടെക് എന്നീ കോഴ്സുകൾക്കു പഠിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്ക് സ്ഥാപന മേധാവി മുഖേന തുക അനുവദിച്ചുവരുന്നു. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം 2013-14 വർഷം മുതൽ ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കിവരുന്നു. അയ്യൻകാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4500 രൂപ സ്കോളർഷിപ്പായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന അനുവദിച്ചുവരുന്നു. (വരുമാന പരിധി 1 ലക്ഷം രൂപ)

വിഷൻ 2013 പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ ന് മുകളിൽ ഗ്രേഡ് ലഭിച്ച പ്ലസ് 1-ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് ധനസഹായമായി 20,000 രൂപ വീതം (രണ്ട് വർഷത്തേക്ക്) അനുവദിച്ചുവരുന്നു. (വരുമാന പരിധി - 4,50,0000 രൂപ) എസ്.എസ്.എൽ.സി., പ്ലസ് 2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹന സമ്മാനമായി ക്യാഷ് അവാർഡ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ/ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന അനുവദിച്ചുവരുന്നു. ബുക്ക് ബാങ്ക് സ്കീം (50 ശതമാനം CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ/അലമാര വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം കണ്ട് 2016 ജൂൺ മാസത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് 50 ശതമാനം ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## റാന്നി നിയോജക മണ്ഡലത്തിലെ സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

4 (1789) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പട്ടികജാതി കോളനികളെയാണ് സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നതെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓരോ സങ്കേതങ്ങളും തിരഞ്ഞെടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സങ്കേതങ്ങളിൽ ഓരോന്നിലും എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സങ്കേതങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്നും ഇനി എന്തൊക്കെയാണ് നടപ്പാക്കാനുള്ളതെന്നും ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജക മണ്ഡലത്തിലെ 'ബിമ്മരം' പട്ടികജാതി കോളനി (2012-13), കിസുമം പട്ടികജാതി കോളനി (2013-14) എന്നിവയെ സ്വയം പര്യാപ്ത ഗ്രാമങ്ങളായി തെരഞ്ഞെടുത്തിരുന്നു. എന്നാൽ കിസുമം പട്ടികജാതി കോളനി നിവാസികളുടെ ആവശ്യങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പകരം 'ചന്തോലിൽ' പട്ടികജാതി കോളനിയുടെ പേര് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനിയിൽ 50 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. 'ചന്തോലിൽ' കോളനിയിൽ 50 പട്ടികജാതി കുടുംബങ്ങൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) 2012-13 വർഷം തെരഞ്ഞെടുക്കപ്പെട്ട 'ബിമ്മരം' കോളനിയിൽ ഒരു കോടി രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത് :

1. 32 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ
2. റോഡ് കോൺക്രീറ്റ് 500 മീറ്റർ
3. അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ്, ട്രസ്സ് വർക്ക്
4. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം
5. കമ്മ്യൂണിറ്റി ഹാളിലെ സ്റ്റേജ് പുനരുദ്ധാരണം
6. കമ്മ്യൂണിറ്റി ഹാൾ ട്രസ്സ് പുനരുദ്ധാരണം
7. കുടിവെള്ള പദ്ധതി.

(സി) പൂർത്തിയാക്കിയ പദ്ധതികൾ

- 26 വീടുകളുടെ പ്ലാസ്റ്ററിംഗ്
- 500 മീറ്റർ റോഡ് കോൺക്രീറ്റിംഗ്
- അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിംഗ് & ട്രസ്സ് വർക്ക്
- കമ്മ്യൂണിറ്റി ഹാൾ, സ്റ്റേജ്, ട്രസ്സ് പുനരുദ്ധാരണം
- കുടിവെള്ള പദ്ധതി-കിണർ നിർമ്മാണം, ടാപ്പ് കണക്ഷൻ നൽകുന്നതിലേക്കായി പൈപ്പ് ലൈൻ വലിക്കൽ

കുടിവെള്ള പദ്ധതി കോൺക്രീറ്റ് ടാങ്ക് നിർമ്മാണം പുരോഗമിക്കുന്നു.

6 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ അംഗൻവാടി കെട്ടിടത്തിന്റെ ഫ്ലോർ ടൈൽ വർക്ക്, കോൺക്രീറ്റ് വാട്ടർ ടാങ്കിന്റെ ശേഷിച്ച പ്രവൃത്തികൾ, വൈദ്യുത കണക്ഷൻ ലഭിച്ചശേഷം ടാപ്പ് കണക്ഷൻ ലഭ്യമാക്കൽ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### കായംകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

5 (1790) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കായംകുളത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള തീരുമാനം സ്ഥലം അനുയോജ്യമല്ലാത്തതിനാൽ റദ്ദ് ചെയ്ത് പകരം ചേർത്തലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് 7-10-2013-ലെ സ.ഉ.(സാധാ) നമ്പർ 1389/2013/പജപവവിവ പ്രകാരം ഉത്തരവാകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

### അനുവദിച്ച ചികിത്സാ ധനസഹായം വിതരണം ചെയ്യാൻ നടപടി

6 (1791) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ 2016 ജനുവരി മുതൽ മാർച്ച് വരെ എത്ര പേർക്കാണ് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസ്തുത തുക വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. ചന്ദ്രൻ, വി. കെ. നഗർ, പെരുങ്കുളം, ആലത്തൂർ എന്നയാൾക്ക് അനുവദിച്ച തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തുക നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ 2016 ജനുവരി മുതൽ മാർച്ച് വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 109 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല. മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതുകൊണ്ട് 82 പേർക്കായി 23,38,000 രൂപ മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഉത്തരവായതിന്റെ മുൻഗണനാക്രമം അനുസരിച്ച് ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്.

(സി) ശ്രീ. ചന്ദ്രൻ, വി. കെ. നഗർ, പെരുങ്കുളം, ആലത്തൂർ എന്നയാൾക്ക് സർക്കാർ ഉത്തരവ് (സാധാ)നമ്പർ 509/2016/പജപവവിവ തിരുവനന്തപുരം തീയതി 2-3-2016 എന്ന ഉത്തരവ് പ്രകാരം 15,000 രൂപ അനുവദിച്ചിട്ടുണ്ട്. മുൻഗണനാക്രമം അനുസരിച്ച് ടിയാന് ഉടൻ ധനസഹായം നൽകുന്നതാണ്.

**അത്തൂട്ടി പട്ടികജാതി കോളനി വികസനം**

7 (1792) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ കയ്യൂർ-ചീമേനി പഞ്ചായത്തിൽപ്പെട്ട അത്തൂട്ടി പട്ടികജാതി കോളനിക്ക് മോഡൽ കോളനി വികസനത്തിനായി അനുവദിച്ച 1 കോടി രൂപ ഉപയോഗിച്ച് എന്തെല്ലാം വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

2013-14-ൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽപ്പെട്ട അത്തൂട്ടി കുപ്പമൺ കോളനിയിൽ കമ്മിറ്റി കൂടി തീരുമാനിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിന് എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

**കോർപ്പസ് ഫണ്ട്**

8 (1793) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന ജില്ലകളിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതു തരത്തിലുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത്; വിശദാംശം നൽകുമോ;

(സി) കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും, ആയതിൽ എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി ജനവിഭാഗങ്ങൾ അധിവസിക്കുന്ന കോളനികളിലെയും മറ്റ് പ്രദേശങ്ങളിലെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും റോഡ്, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 2014-2015 സാമ്പത്തിക വർഷം മുതൽ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തുന്ന തുകയുടെ 1/3 ഭാഗം ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധ ജില്ലകൾക്ക് അനുവദിച്ചുവരുന്നു. ജില്ലാ കളക്ടർ (ചെയർമാൻ), ജില്ലാ പ്ലാനിംഗ് ഓഫീസർ (കോ-ഓർഡിനേറ്റർ), ജില്ലാ പട്ടികജാതി വികസന ഓഫീസർ (കൺവീനർ) എന്നിവർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റിയാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ മുൻഗണനാക്രമം അനുസരിച്ച് ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്നത്. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുവാൻ പ്രസ്തുത ജില്ലാതല സമിതിക്ക് അധികാരമുണ്ട്.

(ബി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി ജനവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ഇതര വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന വിധത്തിലുള്ള കുടിവെള്ള വിതരണ പദ്ധതി.
2. പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം എന്നിവ.
3. പട്ടികജാതി സങ്കേതങ്ങൾ, കോളനികൾക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ ഉൾപ്പെടുന്ന വൈദ്യുതീകരണ പ്രവൃത്തികൾ.
4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/സംസ്കാരം/കായികം തുടങ്ങിയവ) DIET-ന്റെ സഹകരണത്തോടെ തയ്യാറാക്കുന്ന പ്രോജക്ടുകൾ.

5. പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ പട്ടികജാതി ക്ഷേമഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത് പൂർത്തിയാക്കിയതും എന്നാൽ കമ്മീഷൻ ചെയ്യാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ കമ്മീഷനിംഗ് പ്രവൃത്തികൾ.

6. വിജ്ഞാൻ വാടികളുടെ ആവർത്തന ചെലവുകൾ.

(സി) 2016-17 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 1/3 തുകയായ 8174.33 ലക്ഷം രൂപ 14 ജില്ലകൾക്കുമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി ക്ഷേമവകുപ്പിൻ കീഴിലുള്ള തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ ഉദ്ധരിക്കുന്നതിന് നടപടി

9 (1794) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി ക്ഷേമ വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐ.-കളുടെ പ്രവർത്തനങ്ങൾ പ്രത്യേകം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-കളിൽ എൻ.സി.വി.ടി. അംഗീകാരമുള്ളവ ഏതെല്ലാമാണെന്നും അവിടെ ഏതെല്ലാം കോഴ്സുകളാണുള്ളതെന്നും വിശദമാക്കുമോ;

(സി) പട്ടികജാതിയിൽപ്പെട്ടവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തികവും, സാമൂഹ്യവുമായ പുരോഗതി കൈവരിക്കുന്നതിനും ഉതകുന്ന തരത്തിൽ ഈ തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ ഉദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കളുടെ പ്രവർത്തനങ്ങൾ പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന എൻ.സി.വി.ടി. അംഗീകാരമുള്ള ഐ.ടി.ഐ.-കളുടെയും അവിടെ നടത്തുന്ന കോഴ്സുകളുടെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി മേഖലയിൽ അനുവദിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

10 (1795) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷം (2011-2016) പട്ടികജാതി മേഖലയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ആകെ അനുവദിച്ച തുകയെത്ര;

(ബി) ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് ഇനത്തിൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ കുടിശ്ശിക ആയിട്ടുണ്ടോ; കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷം പട്ടികജാതി മേഖലയിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി 940,83,24,000 രൂപ (തൊള്ളായിരത്തി നാൽപ്പത് കോടി എൺപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) അനുവദിച്ചു.

(ബി) ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | തുക (രൂപ) |
|---|---|
| 2011-12 | 119,16,74,000 |
| 2012-13 | 143,56,50,000 |
| 2013-14 | 220,00,00,000 |
| 2014-15 | 248,10,00,000 |
| 2015-16 | 210,00,00,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 189 കോടി രൂപയുടെ വിദ്യാഭ്യാസ കുടിശ്ശികയുണ്ടായിരുന്നു. ഇതിൽ 70 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകി. ബാക്കി തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി കോളനികളുടെ നവീകരണം**

11 (1796) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി സ്വയം പര്യാപ്ത ഗ്രാമങ്ങൾ അനുവദിച്ചതിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാക്കാത്ത കോളനികളിൽ അവ പൂർത്തിയാക്കാൻ എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നത്; വിശദീകരിക്കാമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 216 കോളനികളിൽ 37 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനതുമനുഷ്യ വിഭവശേഷിക്കുറവ്, കോളനി നിവാസികളുടെ എതിർപ്പ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനിയിലെ സ്ഥലലഭ്യതക്കുറവ്, കോളനി നിവാസികളുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുത്തുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയവയാണ് കോളനികളുടെ നവീകരണത്തിന് നിലനിൽക്കുന്ന തടസ്സങ്ങൾ.

**ഒറ്റപ്പാലം മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

12 (1797) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി കോളനികളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും എത്ര തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നടത്തിയിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

(ബി) ബാധകമല്ല.

**പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

13 (1798) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സ്ഥലം വാങ്ങുന്നതിനും വീടുവെക്കുന്നതിനും പ്രത്യേകം പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000 ലക്ഷം രൂപയും നൽകുന്നുണ്ട്. ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി 3 ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അംഗീകൃത ഗ്രാമസഭ/വാർഡ് സഭാ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത സ്ഥലങ്ങളിൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നു. സ്വന്തമായി ഭൂമിയില്ലാത്തവരും ഭാര്യ/ഭർത്താവിന്റെ പേരിൽ സ്ഥലമില്ലാത്തവരും കുടുംബപരമായി ഭൂമി ലഭിക്കാനില്ലാത്തവരും കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ളവരെയുമാണ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായോ കുടുംബപരമായോ ഭൂമിയില്ലെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു വരുന്നു.

സ്വന്തമായി ഭൂമിയുള്ളവരും നിലവിൽ അപേക്ഷകനോ ഭാര്യയ്ക്കോ വാസയോഗ്യമായ വീടില്ലാത്തവരും 50,000 രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികജാതിക്കാരെയാണ് ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നത്. ജാതി, വരുമാന, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നു.

**പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായി സാമ്പത്തിക സഹായം**

14 (1799) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹാവശ്യത്തിനായി സാമ്പത്തിക സഹായമോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആർക്കാണ് അപേക്ഷ

സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക അപേക്ഷാ ഫോറം ലഭ്യമാണെങ്കിൽ അതിന്റെ പകർപ്പ് നൽകുമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി നൽകി വരുന്നതെന്നും അപേക്ഷ സമർപ്പിച്ച് എത്ര നാളുകൾ കൊണ്ട് ഈ ആനുകൂല്യം ലഭ്യമാക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും 50,000 രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു.

(ബി) വാർഷിക വരുമാനം 50,000 രൂപയോ അതിനുതാഴെയോ വരുന്ന നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട പതിനെട്ട് വയസ്സോ അതിനുമുകളിലോ പ്രായമുള്ള പെൺകുട്ടിയുടെ വിവാഹത്തിന് 50,000 രൂപ ധനസഹായം നൽകിവരുന്നു. പെൺകുട്ടികളുടെ മാതാവ്/പിതാവ്/രക്ഷകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം ലഭ്യമാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്/വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ഡി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിവരുന്ന പരമാവധി സാമ്പത്തിക സഹായം 50,000 രൂപയാണ്. മറ്റാനുകൂല്യങ്ങളൊന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിവരുന്നില്ല. അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധനവ്**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

15 (1800) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

25-6-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 43/2016/പജപവവിവ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ ഇത് വീണ്ടും വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്**

16 (1801) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണത്തിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി പ്രസ്തുത സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ**

17 (1802) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെ എത്ര അതിക്രമങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കൊലപാതകങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനം, പ്രായ

പൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള പീഡനം എന്നിവ എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 മുതൽ 2016 വരെ (7-7-2016 വരെ) പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കെതിരെ അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 4335 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 20 കൊലപാതക കേസ്സുകളും 1307 സ്ത്രീകൾക്കെതിരെയുള്ള പീഡനകേസ്സുകളും 391 പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള പീഡനകേസ്സുകളും ഉൾപ്പെടുന്നു.

(സി) പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി എല്ലാ മാസവും ജില്ലാപോലീസ് മേധാവികളുടെ അധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തിവരുന്നു. പ്രസ്തുത മീറ്റിംഗിൽ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്തുകയും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ മൂന്നുമാസം കൂടുമ്പോൾ ജില്ലാപോലീസ് മേധാവികളുടെ അധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർ, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുക്കുന്നു. ഇതുകൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റികൾ നടത്തുന്നു. ഈ മീറ്റിംഗിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാപോലീസ് മേധാവികളും, ഡിവൈ.എസ്.പി.-മാരും ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കുടിവെള്ള വിതരണം, ബോധവത്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമേ ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗങ്ങളിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസ്സുകളെപ്പറ്റിയും പട്ടികജാതി/ പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള പരാതികൾ

കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ ഒരു എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് കീഴിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്.) പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമം, 1989 ചട്ടങ്ങൾ 1995 എന്നീ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷയിൽ കൈപുസ്തകം തയ്യാറാക്കി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിൻ കീഴിൽ വരുന്ന കേസ്സുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ വയനാട്, മഞ്ചേരി, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജില്ലാകോടതികളെ പ്രത്യേകം നോട്ടിഫൈ ചെയ്ത് വിചാരണ ദ്രുതഗതിയിൽ നടത്തുന്നതിനുള്ള സംവിധാനമുണ്ട്.

## പട്ടികജാതി -പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിച്ച സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം

18 (1804) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് വിലക്ക് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമ തടസ്സം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനു എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ച ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലില്ല. എന്നാൽ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം കൈപ്പറ്റി വാങ്ങിയതോ ആയ ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുള്ളതും എന്നാൽ ഗുണഭോക്താക്കളുടെ കാലശേഷം പ്രാബല്യത്തിൽ വരത്തക്കവിധം അനന്തരാവകാശികളിൽ ഒരാൾക്ക് കൈമാറാവുന്നതാണെന്ന വ്യവസ്ഥയുള്ളതുമാണ്. പട്ടികവർഗ്ഗക്കാർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം

പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ട്. വിലക്കിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള മേൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ

19 (1805) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾ ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുണ്ടെന്നും എത്ര ജീവനക്കാർ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കാമോ ;

(സി) ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിന് കീഴിൽ മൂവാറ്റുപുഴയിൽ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലും പിന്നോക്ക സമുദായ വകുപ്പിൻ കീഴിലും നിലവിൽ ഹോസ്റ്റലുകൾ ഇല്ല.

(ബി) മൂവാറ്റുപുഴ പ്രീ-മെട്രിക് ഹോസ്റ്റലിൽ (പെൺ) നിലവിൽ 30 കുട്ടികൾ താമസിക്കുന്നുണ്ട്. 5 ജീവനക്കാർ നിലവിലുണ്ട്. ആയതിൽ 4 പേർ സ്ഥിരം ജീവനക്കാരും ഒരാൾ ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

വാർഡൻ - 1 (സ്ഥിരനിയമനമല്ല), കുക്ക് - 2, വാച്ച് വുമൺ - 1, പാർട്ട് ടൈം സ്വീപ്പർ - 1

(സി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി നിലവിൽ വകുപ്പ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് ഇൻ എയ്ഡ് തുകയ്ക്ക് പുറമേ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ 150 കോടി രൂപയും ഉപയോഗപ്പെടുത്തുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റലും ഗ്രാന്റ് വിതരണവും**

20 (1806) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ്/പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാകാകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. ഇതിൽ 64 എണ്ണം ആൺകുട്ടികൾക്കായും 44 എണ്ണം പെൺകുട്ടികൾക്കായും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായും പ്രവർത്തിക്കുന്നു. പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പു വരുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷത്തിൽ "2225-02-277-52 Improving facilities in ST Hostels (Plan) എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11,83,383 രൂപ 11-7-2016 വരെ ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മുഴുവൻ ഹോസ്റ്റലുകളും നവീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഊർജ്ജിതമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്.

**ആറന്മുളയിലെ ഭവനരഹിതമായ പട്ടികവിഭാഗക്കാർ**

21 (1807) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള നിയോജക മണ്ഡലത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതരുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## ഉത്തരം

ആറന്മുള നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പഞ്ചായത്ത് | എണ്ണം |
|---|---|
| പത്തനംതിട്ട മുനിസിപ്പാലിറ്റി | 10 |
| ആറന്മുള | 27 |
| ചെന്നീർക്കര | 12 |
| ഇലന്തൂർ | 2 |
| കോഴഞ്ചേരി | 1 |
| കുളനട | 11 |
| മല്ലപ്പുഴശ്ശേരി | 9 |
| മെഴുവേലി | 25 |
| നാരങ്ങാനം | 5 |
| ഓമല്ലൂർ | 7 |
| ഇരവിപേരൂർ | 62 |
| കോയിപ്രം | 12 |
| തോട്ടപ്പുഴശ്ശേരി | 6 |
| ആകെ | 189 |

ആറന്മുള നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പഞ്ചായത്ത് | എണ്ണം |
|---|---|
| ആറന്മുള | 1 |
| കുളനട | 1 |
| ഓമല്ലൂർ | 8 |
| ഇരവിപേരൂർ | 4 |
| കോയിപ്രം | 5 |
| ആകെ | 19 |

## കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

22 (*T 1808) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.-യിൽ പുതിയതായി കെടിട്ടം നിർമ്മിക്കുന്നതിന് ഭരണാനുമതി കിട്ടിയിട്ടുള്ള പദ്ധതിയുടെ തുടർ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണത്തിനായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടോ;

(സി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുറുവങ്ങാട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 193 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 6-10-2015-ലെ സ.ഉ.(സാധാ)1637/2015/പജപവവിവ അംഗീകരിച്ചിട്ടുള്ളതും നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി 26-5-2016-ൽ MoU ഒപ്പിടുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടി പ്രവൃത്തി ഇ-ടെൻഡർ ചെയ്യുകയും ഏറ്റെടുത്ത കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി എർത്ത് ലെവലിംഗ്, സൈറ്റ് ക്ലിയറൻസ് തുടങ്ങിയ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്.

(സി) കുറുവങ്ങാട് ഐ.ടി.ഐ.-യിൽ കെട്ടിട നിർമ്മാണ സൈറ്റിലുള്ള മരങ്ങൾ മുറിച്ചുമാറ്റി കൊയിലാണ്ടി നഗരസഭയിൽ നിന്നും നിർമ്മാണാനുമതിയും ലഭിച്ചാൽ മാത്രമേ കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ എസ്.സി./എസ്.റ്റി. കോളനികൾ മാതൃകാ കോളനികളാക്കുന്നതിന് മാസ്റ്റർപ്ലാൻ

23 (1809) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ബുദ്ധിമുട്ടുന്ന എസ് സി/എസ് റ്റി കോളനികൾ നവീകരിച്ച് മാതൃകാ കോളനികളാക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് പദ്ധതിക്ക് വേണ്ടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

24 (1810) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുഴൽമന്ദം പഞ്ചായത്തിലെ പെരച്ചിലംകാട് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി ഏതെല്ലാമാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന ഏജൻസിയ്ക്ക് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കുഴൽമന്ദം പഞ്ചായത്തിലെ പെരച്ചിലംകാട് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) <u>പൂർത്തീകരിച്ച പ്രവൃത്തികൾ</u> :

കിണർ നവീകരണം, ഇലക്ട്രിക് പോസ്റ്റ് മാറ്റലും ലൈൻ വലിക്കലും

<u>ഭാഗികമായി പൂർത്തീകരിച്ചവ</u> :

കോൺക്രീറ്റ് റോഡ്, അരികു ഭിത്തി നിർമ്മാണം

<u>പൂർത്തീകരിക്കാനുള്ളവ</u> :

കോൺക്രീറ്റ് റോഡ്, അരികു ഭിത്തി നിർമ്മാണം, അംഗൻവാടി ടൈൽസ് പാകൽ, കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ, കുഴൽകിണർ വാട്ടർ ടാങ്ക് നിർമ്മാണം, വഴിവിളക്ക് സ്ഥാപിക്കൽ, വീട് റിപ്പയറിംഗ്.

(സി) പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് 65 ലക്ഷം (അറുപത്തിഅഞ്ച് ലക്ഷം) രൂപ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി**

25 (1811) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരം കോളനികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതെ പോയ കോളനികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ചൂണ്ടൽ ഹിൽ കോളനിയെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരം കോളനികളിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. കുടിവെള്ള പദ്ധതി
2. കളിസ്ഥലം
3. കളിസ്ഥലത്തേക്കുള്ള കോൺക്രീറ്റ് റോഡ്
4. കളിസ്ഥലത്തിന് സംരക്ഷണഭിത്തി
5. റോഡ് ടാറിംഗ്
6. കമ്മ്യൂണിറ്റി ഹാൾ, ഓഫീസ് മുറി.

(സി) പുതുതായി ഏതെല്ലാം കോളനികളെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള തീരുമാനം എടുത്തിട്ടില്ല.

**കടുത്തുരുത്തി പട്ടികജാതി-പട്ടികവർഗ്ഗ ഐ.റ്റി.ഐ-യുടെ**

**കെട്ടിട നിർമ്മാണം സംബന്ധിച്ച്**

26 (1812) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലി പട്ടിക വർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന്, ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ വ്യക്തമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ. ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ഐ.റ്റി.ഐ.- യുടെ കെട്ടിട നിർമ്മാണ അനുമതിക്ക് ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (ഡി. പി. ആർ) സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ ഫയൽ നമ്പറും തീയതിയും അറിയിക്കാമോ. കൂടാതെ സെക്രട്ടേറിയേറ്റ് ഫയൽ നമ്പർ കൂടി ലഭ്യമാക്കാമോ ?

ഉത്തരം

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മധുരവേലിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഐ.റ്റി.ഐ. ഇല്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ-യുടെ കെട്ടിട നിർമ്മാണത്തിന് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ പട്ടികജാതി വികസന വകുപ്പുഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) മധുരവേലി ഐ.റ്റി.ഐ.-യുടെ കെട്ടിട നിർമ്മാണാനുമതിക്കുള്ള ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം

27 (1813) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) പദ്ധതി നിർവഹണത്തിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് തൊഴിൽപരിശീലനം നൽകുക എന്ന കർമ്മപദ്ധതിയുടെ ഭാഗമായി വകുപ്പിനുകീഴിൽ 44 ഐ.ടി.എ.-കളും (41 എണ്ണം എൻ.സി.വി.റ്റി (NCVT) അഫിലിയേഷനുള്ളത്, 3 എണ്ണം എസ്.സി.വി.റ്റി. (SCVT) അഫിലിയേഷനുള്ളത്). നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങൾ വഴി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലും മത്സരപ്പരീക്ഷകളിലും പരിശീലനം നൽകിവരുന്നു. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വകാര്യവൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ആന്റ് ടെക്നോളജി, നെട്ടൂർ ടെക്നിക്കൽ ഫൗണ്ടേഷൻ, സൈബർശ്രീ, ക്രെസ്റ്റ് എന്നീ സ്ഥാപനങ്ങൾ മുഖേനയും പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് വിവിധ ട്രേഡുകളിലും മത്സര പരീക്ഷകളിലും പരിശീലനം നൽകുക വഴി എളുപ്പത്തിൽ അനുയോജ്യമായതും മെച്ചപ്പെട്ടതുമായ തൊഴിൽ മേഖല കണ്ടെത്തുന്നതിനും തദ്വാര സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുവാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവയിൽ ഓരോ വർഷവും അർഹതയുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് പരിശീലനം നൽകുന്നു. പ്രവേശനം ലഭിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ ആവർത്തന അനാവർത്തനചെലവുകൾ പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും കണ്ടെത്തുന്നു.

## പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ

28 (1814) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, എ.ടി.എസ്.പി. ഭരണഘടനയുടെ ആർട്ടിക്കിൾ 275 (1) 'എസ്.സി.എ. ടു ടി.എസ്.പി.' എന്നീ പദ്ധതികൾ വഴിയും സ്വയം തൊഴിലിനും നൈപുണ്യവികസനത്തിനുമായി പ്രത്യേക ശീർഷകം വഴിയും കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ സർക്കാർ വകുപ്പുകൾ വഴിയും പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പുതിയ തൊഴിലുകളിൽ പരിശീലനം നൽകി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നു. സ്വയം തൊഴിൽ ലഭിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം ആയി ചേർത്തിരിക്കുന്നു).*

(ബി) പട്ടികവർഗ്ഗക്കാരെ അവർക്ക് അറിയാവുന്ന ജോലികളിൽ നൈപുണ്യം വർദ്ധിപ്പിക്കുക, സ്ഥിരമായി ഒരു വരുമാനത്തിലൂടെ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ആശ്രിതരായി ജോലി ചെയ്ത് ജീവിക്കുന്നതിലുപരി അവരുടെ കഴിവുകളിൽ ആത്മവിശ്വാസം സൃഷ്ടിക്കുക, മറ്റുള്ളവർക്ക് മാതൃകയാകുന്നതോടൊപ്പം കോളനിയിലെ പുതിയ തലമുറയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ദിശാബോധവും ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 'പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ശീർഷകത്തിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കാനായി 2016-17 വർഷം 5 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വനിതകളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ സംരംഭകത്വത്തിനുമായി 'ജെണ്ടർ ആക്ഷൻ പ്ലാൻ' എന്ന ശീർഷകത്തിൽ തുക വകയിരുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു. പുതിയ സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ജില്ലകളിൽ നിന്നും കൂടാതെ മറ്റു വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

## ആറളം ആദിവാസി പുനരധിവാസമേഖലയുടെ സമഗ്ര വികസനം

29 (1815) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി പുനരധിവാസ മേഖലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ മുൻ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വകുപ്പിന്റെയും ധനവകുപ്പിന്റെയും അനുമതിയോടെ നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദവിവരങ്ങൾ നൽകാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ അനുമതിക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കിറ്റ്കോ തയ്യാറാക്കിയ 60.75 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുമതി ലഭിച്ചിട്ടില്ല. നടപ്പുവർഷം പരിഗണിക്കുമെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## റാന്നി മണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി

30 (1816) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് ഏർപ്പെടുത്തിയ 'ഹാംലെറ്റ് പദ്ധതി 'റാന്നി നിയോജക' മണ്ഡലത്തിലെ ഏതൊക്കെ കോളനികളിലാണ് നടപ്പിലാക്കിയത്; എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് പദ്ധതി വഴി ഓരോ കോളനിയിലും വിഭാവനം ചെയ്തതെന്ന് വിശദീകരിക്കാമോ;

(ബി) പദ്ധതി വിഭാവനം ചെയ്ത എന്തൊക്കെ പ്രവൃത്തികളാണ് ഓരോ കോളനിയിലും പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2013-14, 2014-15, 2015-16 കാലയളവിൽ ഹാംലെറ്റ് വികസന പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിലെ കുറുമ്പൻമൂഴി, മണക്കയം, തെറ്റുപാറ കോളനി, കൊട്ടുമുടി കോളനി എന്നിവയാണ് തെരഞ്ഞെടുത്ത കോളനികൾ. ഓരോ കോളനികളിലും വിഭാവന ചെയ്ത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർക്കുന്നു.* അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പിലെ ക്ഷേമപ്രവർത്തനങ്ങൾ

31 (1817) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വികസന വകുപ്പിലെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസർ(റ്റി.ഇ.ഒ.)മാർക്ക് ആദിവാസി സെറ്റിൽമെന്റുകളിൽ എത്തിച്ചേരുന്നതിന് യാതൊരു യാത്രാ സൗകര്യവും ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റ്റി.ഇ.ഒ.-മാർക്ക് യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിന് ഇരുചക്ര വാഹനങ്ങൾ വാങ്ങി നൽകുന്നതിനായി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം തന്നെ അടിയന്തരമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റ്റി.ഇ.ഒ.-മാർക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന് ഇരുചക്ര വാഹനങ്ങൾ വാങ്ങി നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി കർമ്മപദ്ധതി

32 (1818) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ്ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ ഭരണ തലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

2. പട്ടികവർഗ്ഗക്കാർക്കായി സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.

3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടത്തിവരുന്നു.

4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.

5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി, മാനേജ്മെന്റ് എന്നീ കോഴ്സുകൾ നൽകിവരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.

7. തിരുവനന്തപുരത്തെ ഗവൺമെന്റ് ആയുർവ്വേദ കോളേജ് മുഖേന 30 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.

8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. പരിശീലനം നൽകി.

9. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകിവരുന്നു.

10. 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം & ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്പ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോപോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കി വരുന്നു.

11. അട്ടപ്പാടിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കി വരുന്നു.

12. കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകിവരുന്നു.

13. നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുള്ളതും ആയത് വിനിയോഗിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഇതിനുപുറമേ ജില്ലകൾക്ക് അനുവദിക്കുന്ന തുകയിൽ പി.എസ്.സി. കോച്ചിംഗ് ഉൾപ്പെടെയുള്ള നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) തൊഴിൽ സാദ്ധ്യതയുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകി പൊതുസ്വകാര്യ മേഖലകളിൽ സ്ഥിരവരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സജ്ജരാക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) (എ) പിരിവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മൊബൈൽ റേഷൻ ഷോപ്പ്**

33 (1819) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലുള്ള ഒളകര, പാത്രകണ്ടം എന്നീ ട്രൈബൽ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ 22 കിലോമീറ്റർ സഞ്ചരിച്ചാണ് റേഷൻ സാധനങ്ങൾ വാങ്ങുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്ത് ഒരു മൊബൈൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായിച്ചു ചേർന്നു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആദിവാസി മേഖലയിലെ പണി പൂർത്തീകരിക്കാത്ത വീടുകൾ**

34 (1820) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലയിൽ വിവിധ കാരണങ്ങളാൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അത്തരം വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2014-15, 2015-16 വർഷങ്ങളിൽ ഒട്ടാകെ 33652 വീടുകൾ അനുവദിച്ചതിൽ 384 വീടുകൾ മാത്രമേ പൂർത്തീകരിക്കാനായിട്ടുള്ളൂ. സ്പിൽ ഓവറായ വീടുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗതാഗതയോഗ്യമല്ലാത്ത വനമേഖലകളിൽ ആയതിനാലും സാധന സാമഗ്രികളുടെ ദൗർലഭ്യംമൂലവും നിർമ്മാണ തൊഴിലാളികളുടെ അഭാവവും സമയത്തിന് ഫണ്ട് ലഭ്യമാകാത്തതുമൂലവും വീട് പണി വൈകുന്നുണ്ട്. ഒട്ടും പൂർത്തീകരിക്കാനാവാതെ കിടക്കുന്ന മുൻകാലത്ത് അനുവദിച്ച വീടുകൾക്ക് അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരു ലക്ഷം രൂപ വരെ പ്രത്യേക സഹായം നൽകിവരുന്നുണ്ട്.

**ആദിവാസി കോളനികളിൽ ടൈൽ പാകുന്ന പദ്ധതി**

35 (1821) ശ്രീ. ആർ. രാജേഷ് :
ശ്രീ പി. ടി. എ. റഹീം :
ശ്രീ പി. കെ. ശശി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ, ആദിവാസി കോളനികളിൽ ടൈൽ പാകുന്ന പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് പ്രയോജനപ്രദമാകാതെ പോയ പ്രസ്തുത പദ്ധതിക്കായി മുൻ സർക്കാർ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിൽ വൻ അഴിമതി നടന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ഇ) സമഗ്ര കോളനി വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ പട്ടികവർഗ്ഗ കോളനികളിൽ ടൈൽ പാകുന്ന പദ്ധതി എന്ന പേരിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി വയനാട്, ഇടുക്കി, പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി വിവിധ വികസന പ്രവർത്തനങ്ങളായ വൈദ്യുതീകരണം, റോഡ് നിർമ്മാണം, കുടിവെള്ളം, കമ്മ്യൂണിറ്റി സെന്ററുകൾ, ശ്മശാനം, കുളിമുറി നിർമ്മാണം, നടപ്പാലങ്ങൾ, നടപ്പാതകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എ.റ്റി.എസ്.പി. പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിൽ കോളനികളിൽ ടൈൽ പാകി മോടി പിടിപ്പിച്ചിരുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് എ.ടി.എസ്.പി. എന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അതിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 135.75 കോടി രൂപയുടെ വിവിധ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയുടെ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) 2014-15 വർഷത്തിൽ വിവിധ വകുപ്പ് മുഖേന ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 വർഷത്തിൽ കണ്ണൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (FIT) ആലുവയാണ്. മലപ്പുറം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത് നിലമ്പൂർ മുൻസിപ്പാലിറ്റിയും പോത്തുകൽ ഗ്രാമപഞ്ചായത്തുമാണ്.

(ഇ) സമഗ്ര കോളനി വികസന പദ്ധതി നടപ്പിലാക്കുന്നത് ചുവടെ ചേർത്തിരിക്കും പ്രകാരമുള്ള സംവിധാനത്തിലൂടെയാണ് :

പദ്ധതി രൂപീകരണം :

- ജനപ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത ഊരുകൂട്ട നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആവിഷ്കരിക്കുന്നത്.
- ഡി.പി.ആർ. തയ്യാറാക്കുന്നതിനായി വിവിധ സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തുന്നു.
- പദ്ധതി നടപ്പിലാക്കുന്നത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടിയാണ്.

പദ്ധതി അവലോകനം :

- വിവിധ തലത്തിൽ ടി പദ്ധതികളുടെ അവലോകനം നടത്തിവരുന്നു.
- ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി ടി പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്.
- വകുപ്പ് അദ്ധ്യക്ഷൻ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പദ്ധതി അവലോകന യോഗത്തിൽ ടി പദ്ധതികൾ വിലയിരുത്തുന്നു.
- വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജില്ലാ കളക്ടർമാരുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസിലൂടെ പദ്ധതി അവലോകനം ചെയ്തുവരുന്നു.

സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ ഹൈ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി പുരോഗതി വിലയിരുത്തുകയും പദ്ധതി നടത്തിപ്പിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിച്ച് പദ്ധതി നടത്തിപ്പ് സുഗമമാക്കുകയും ചെയ്യുന്നു.

## ഫീൽഡ് ഓഫീസർമാർക്കുള്ള ഫോൺ വിതരണത്തിലെ കാലതാമസം

36 (1822) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഫീൽഡ് ഓഫീസർമാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി വാങ്ങിയ ഫോണുകൾ ഇതുവരെ വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇവ അടിയന്തരമായി വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊബൈൽ എം-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഫോണുകൾ വാങ്ങിയത്. ഇതിലേക്കാവശ്യമായ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് 'സിഡ്കോ' എന്ന സ്ഥാപനവുമായി ചേർന്ന് നടപടികൾ തുടർന്നുവരികയാണ്. അത് പൂർത്തിയായശേഷം മാത്രമേ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ.

## ഒല്ലൂർ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി

37 (1823) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ 42 പട്ടികവർഗ്ഗ കുടുംബങ്ങളെ വീടില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 20 പേർ സ്വന്തമായി ഭൂമി ഇല്ലാത്തവരാണ്.

(സി) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള പദ്ധതികളിൽപ്പെടുത്തി വീടും സ്ഥലവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

38 (1824) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടിക വർഗ്ഗ കോളനികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ വൈദ്യുതി എത്താത്ത എത്ര കോളനികളുണ്ടെന്നും അവ ഏതെന്നും വിശദമാക്കാമോ;

(സി) വൈദ്യുതി എത്താത്ത കോളനികളിൽ അടിയന്തിരമായ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) ഒല്ലൂക്കര ബ്ലോക്കിൽ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആകെ 20 കോളനികളുണ്ട്. കോളനികളുടെ പേര് ചുവടെ ചേർക്കുന്നു :

1. ഞാറക്കുറ
2. കാളക്കുന്ന്
3. പയ്യനം
4. ചീനിക്കടവ്
5. പായ്ക്കണ്ടം
6. താമരവെള്ളച്ചാൽ
7. മണിയങ്കിണർ
8. പട്ടിലംകുഴി
9. വിലങ്ങന്നൂർ
10. അടുക്കളപ്പാറ
11. പൊട്ടിമട

12. കൊമ്പഴ
13. ഒളകര
14. കരടുക്കണ്ട്
15. പെരുംതുമ്പ
16. പൂവ്വഞ്ചിറ
17. മരോട്ടിച്ചാൽ
18. വല്ലൂർ
19. ഉരുളൻകുന്ന്
20. പഴവെള്ളം

(ബി&സി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രാക്തന ഗോത്രവർഗ്ഗമടക്കമുള്ള ആദിവാസികളെ സഹായിക്കാനുള്ള പദ്ധതികൾ**

39 (1825) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാലവർഷം കനത്തതുമൂലം ഉൾവനങ്ങളിൽ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗമടക്കമുള്ള ആദിവാസികൾ തൊഴിൽ ഇല്ലാതെയും ഭക്ഷ്യലഭ്യത കുറവുംമൂലം ദുരിതമനുഭവിക്കുന്നതു കണക്കിലെടുത്ത്, അവർക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗക്കാർ അടക്കമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മഴക്കാലത്ത് ഭക്ഷ്യധാന്യങ്ങളും പോഷകാഹാരങ്ങളും സൗജന്യമായി വീടുകളിലെത്തിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യ സഹായ പദ്ധതി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ അനുവദിച്ചതിൽ 7.14 കോടി രൂപ ഇതിനോടകം ജൂൺ 2016-ൽ വിതരണം ചെയ്തിട്ടുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കൽ

40 (1826) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ജില്ലയിലും ഒരേക്കറിൽ താഴെ ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂരഹിതരും, നാമ മാത്രമായി ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറെങ്കിലും ഭൂമി നൽകുന്നതിന് സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഒരേക്കറിൽ കുറയാത്ത വിധത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഓരോ ജില്ലയിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഒരേക്കറിൽ താഴെ ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂരഹിതരും നാമമാത്രമായി ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിലവിൽ "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം 25 സെന്റ് മുതൽ ഒരേക്കറിൽ അധികരിക്കാതെ ഗുണഭോക്താക്കൾ തന്നെ കണ്ടെത്തുന്ന ഭൂമിക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകിവരുന്നുണ്ട്.

(ഡി) "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്കാണ് ഭൂമി അനുവദിക്കുന്നത്. അതുകൊണ്ടുതന്നെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഭൂമി നൽകാൻ കഴിയുമെന്ന കൃത്യമായ കണക്ക് നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാച്ചുമരം, ഷോളയാർ, ആനക്കയം, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് ഭൂമി

41 (1827) ശ്രീ.ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, ആനക്കയം, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് കൃഷിക്കും താമസത്തിനുമായി ഭൂമി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ആനക്കയം ഭാഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂമി ഇവർക്ക് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ഭൂമി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഗോത്രസാരഥി പദ്ധതി

42 (1828) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഗോത്രസാരഥി പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമല്ലായെന്നും, യാത്രാചെലവ് ഇനത്തിൽ ധാരാളം തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിലെ കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ശേഷിച്ച തുക ഏത് തീയതിക്കകം നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രാച്ചെലവ് ഇനത്തിൽ കുടിശ്ശിക തുക ജില്ല തിരിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. ഇടുക്കി | - | 7,07,533 |
| 2. പാലക്കാട് | - | 22,42,920 |
| 3. മലപ്പുറം | - | 46,580 |
| 4. കോഴിക്കോട് | - | 10,14,798 |
| 5. വയനാട് | - | 1,59,02,928 |
| 6. കണ്ണൂർ | - | 29,60,428 |
| ആകെ | | 2,28,75,187 |

(സി) കുടിശ്ശിക തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സമയബന്ധിതമായി നൽകുന്നതാണ്.

(ഡി) 2016-17 വർഷം ഗോത്രസാരഥി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുമുഖേന അർഹതപ്പെട്ട സ്കൂളുകളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനും വിവിധ തലങ്ങളിൽ പദ്ധതി പ്രവർത്തനം മോണിറ്ററിംഗ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

43 (1829) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തുന്ന ഫണ്ടുകളുടെ യഥാർത്ഥ വിനിയോഗത്തിനും സർക്കാർ ജോലിയിൽ അവർക്കുള്ള സംവരണം ഉറപ്പ് വരുത്തുന്നതിനും നിലവിലെ നിയമ സംവിധാനങ്ങൾ പര്യാപ്തമാണോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പുതിയ നിയമനിർമ്മാണത്തിലൂടെ എന്തൊക്കെ കാര്യങ്ങൾ ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നിയമം എന്നത്തേക്ക് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തുന്ന ഫണ്ടുകളുടെ കാര്യക്ഷമവും ഗുണപരവുമായ വിനിയോഗത്തിനായി പരമാവധി ശ്രദ്ധ പുലർത്തുന്നുണ്ട്. ഫണ്ടിന്റെ വിനിയോഗത്തിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. സർക്കാർ ജോലിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഉറപ്പുവരുത്തുന്നതിന് ഭരണഘടനാപരമായ സംവിധാനം നിലവിലുള്ളത് പര്യാപ്തമായിട്ടുള്ളതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ

44 (1830) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഐ.എ.വൈ. ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ നിരവധി വീടുകൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള വീടുകൾ കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതി പ്രകാരവും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരവും 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുള്ള ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിച്ചുവരുന്നുണ്ട്. മുഴുവൻ തുകയും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അധിക സഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിലില്ല. പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ചുനൽകിയതും 6 വർഷം കഴിഞ്ഞതും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

## അതിരപ്പിള്ളി പദ്ധതി പ്രദേശത്തിൽ ഉൾപ്പെടുന്ന ആദിവാസികളുടെ ഭൂമി

45 (T*1831) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതി പ്രദേശത്തിൽ 2014-ലെ വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് സാമൂഹിക വനാവകാശം ലഭിച്ച ഭൂമി ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഈ പ്രദേശങ്ങളിലെ ആദിവാസി ഊരുകളെ ഒഴിപ്പിക്കുവാൻ ശ്രമിക്കുന്നത് വനാവകാശ നിയമത്തിന്റെ ലംഘനമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടെങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ?

ഉത്തരം

(എ) നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതി പ്രദേശത്തിൽ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് സാമൂഹിക വനാവകാശം ലഭിച്ച ഭൂമി ഉൾപ്പെടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് കക്ഷിയായി കേസ്സുകളൊന്നും നിലവിലില്ല.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കുന്ദമംഗലത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ

46 (1832) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടും ആയത് കുട്ടികൾക്ക് തുറന്നു കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലിൽ എന്നത്തേക്ക് കുട്ടികളെ താമസിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ, ഫർണിച്ചർ സൗകര്യം എന്നിവ കൂടി ഏർപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടൻ സൗകര്യങ്ങൾ ഏർപ്പാടാക്കി തുറന്നു കൊടുക്കുന്നതാണ്.

## പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ

47 (1833) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിന് സാമ്പത്തിക സഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക അപേക്ഷാ ഫോറം നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി നൽകി വരുന്നതെന്നും അപേക്ഷ സമർപ്പിച്ച് എത്ര നാളുകൾക്കകം ഈ ആനുകൂല്യം ലഭ്യമാകുമെന്നും വിശമാക്കുമോ?

ഉത്തരം

(എ) അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 50,000 രൂപ ധനസഹായമായി നൽകിവരുന്നുണ്ട്.

(ബി) അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) പട്ടികവർഗ്ഗ വികസന ഓഫീസർക്ക് വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോറത്തിന്റെ മാതൃക അനുബന്ധം ആയി ചേർക്കുന്നു.* അപേക്ഷയോടൊപ്പം രേഖകളായി ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

(ഡി) പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിന് പരമാവധി 50,000 രൂപ വരെ സാമ്പത്തിക സഹായം അനുവദിച്ചു നൽകിവരുന്നു. അപേക്ഷ ലഭിച്ചാൽ ഉടനെ തന്നെ അന്വേഷണം നടത്തി അപേക്ഷയിൽ മറ്റ് ന്യൂനതകൾ ഇല്ലെന്ന് കണ്ടെത്തിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക ഉടൻ തന്നെ അനുവദിക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സംരക്ഷണം**

48 (1834) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് 'കൈത്താങ്ങ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) മാതാപിതാക്കളുടെ ആശ്രയമില്ലാത്ത പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോത്സാഹിപ്പിക്കുകയുമാണ് കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും മാതാപിതാക്കൾ മരിച്ചതോ ഉപേക്ഷിച്ചതോ അല്ലെങ്കിൽ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് മനോരോഗം, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ രോഗങ്ങളിലേതെങ്കിലും പിടിപെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ കുട്ടികൾ കൈത്താങ്ങ് പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നയാൾക്ക് ടി കുട്ടിക്ക് 18 വയസ് തികയുന്നതുവരെയോ അല്ലെങ്കിൽ കുട്ടി വളർന്ന് സ്വയംതൊഴിൽ തേടുന്നതുവരെയോ പ്രതിമാസം 1,000 രൂപ നിരക്കിൽ വ്യവസ്ഥകളില്ലാതെ രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരുന്നു.

(സി) അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 'കൈത്താങ്ങ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നിശ്ചിത നിബന്ധനകളുൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന കണ്ടെത്തി അർഹതപ്പെട്ട ആനുകൂല്യം ഐ.ടി.ഡി. പ്രോജക്ടാഫീസ്/പട്ടികവർഗ്ഗ വികസന ആഫീസ് മുഖേന വിതരണം നടത്തുന്നതിനും ടി വിദ്യാർത്ഥികളുടെ ക്ഷേമവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ**

49 (1835) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് എത്ര പീഡനങ്ങളും, അതിക്രമങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കൊലപാതകങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ പ്രത്യേകം വ്യക്തമാക്കാമോ;

(സി) അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് എന്തൊക്കെ കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പീഡനങ്ങളും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 767 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 7 കൊലപാതക കേസ്സുകളും 298 സ്ത്രീകൾക്കെതിരെയുള്ള പീഡന കേസ്സുകളും 104 കുട്ടികൾക്കെതിരെയുള്ള അതിക്രമ കേസ്സുകളും ഉൾപ്പെടുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ നിയമം) ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവികളുടെ അധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തിവരുന്നു. പ്രസ്തുത മീറ്റിംഗിൽ അന്വേഷണാവസ്ഥയിലുള്ള കേസ്സുകളുടെ പുരോഗതി വിലയിരുത്തുകയും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ മൂന്ന് മാസം കൂടുമ്പോൾ ജില്ലാ പോലീസ് മേധാവികളുടെ അധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികൾ, പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർ, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുക്കുന്നു. ഇതുകൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റികൾ നടത്തുന്നു. ഈ മീറ്റിംഗിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവികളും ഡിവൈ.എസ്.പി.-മാരും ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കുടിവെള്ള വിതരണം, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമേ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗങ്ങളിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസ്സുകളെപ്പറ്റിയും പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ ഒരു എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് കീഴിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്.) പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, ചട്ടങ്ങൾ 1995 എന്നീ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷയിൽ കൈപുസ്തകം തയ്യാറാക്കി വകുപ്പ് വിതരണം ചെയ്യുന്നുണ്ട്.

## അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

50 (1836) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ആദിവാസികളെ സ്വയംപര്യാപ്തരാക്കുവാൻ വേണ്ടി കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികൾ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പ്രത്യേക പാക്കേജ് തൃപ്തികരമായി നടപ്പിലാക്കിയോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണ നിരീക്ഷണത്തിനായി സ്ഥലം എം.പി., എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അട്ടപ്പാടി പ്രദേശത്തെ മൂന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവരടങ്ങുന്ന 9 അംഗ സമിതി രൂപീകരിക്കുകയും ടി സമിതി പ്രതിമാസ അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്.

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2829 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി ആകെ 30,11,89,774 (മുപ്പത് കോടി പതിനൊന്ന് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടിയിൽ തെങ്ങ്, അടയ്ക്ക, കശുവണ്ടി, മാതളം, സപ്പോട്ട, മാങ്ങ, കാപ്പി, കുരുമുളക്, വാഴപ്പഴം, ഇഞ്ചി, മഞ്ഞൾ, ഏലം, ജാതിക്ക എന്നീ കൃഷിക്കായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ ആകെ 8,42,79,325 രൂപ (എട്ടുകോടി നാൽപ്പത്തിരണ്ടു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഗോത്രവിഭാഗങ്ങളുടെ പോഷകാഹാരക്കുറവ്

51 (1837) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ എന്നീ ഗോത്രവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന എല്ലാ കേന്ദ്രങ്ങളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഗുരുതരമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ആകെ 18 മാസം ധനസഹായം നൽകി വരുന്ന ജനനി ജന്മരക്ഷ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ഭാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ, സാമൂഹ്യനീതി വകുപ്പ് മുഖേന ആറ് മാസം മുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര ലഭ്യത, കുടുംബശ്രീ, എൻ.ആർ.എൽ.എം. മുഖേന കമ്മ്യൂണിറ്റി കിച്ചൻ, ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പി.വി.ടി.ജി. വിഭാഗത്തിനും മറ്റു പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ ജനവിഭാഗത്തിന് എല്ലാപേർക്കും സമ്പൂർണ്ണ ആരോഗ്യം, പോഷകാഹാര ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ലക്ഷ്യപ്രാപ്തി നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

## ആദിവാസിക്ഷേമത്തിന് കേന്ദ്ര-സംസ്ഥാന സംയോജിത സർക്കാർ പദ്ധതികൾ

52 (1838) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എത്ര വകുപ്പുകളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും എത്ര തുക വീതം അനുവദിച്ചതെന്നും ഏതെല്ലാം ഇനങ്ങളിലായി ചെലവഴിക്കാനാണ് തീരുമാനിച്ചതെന്നും വെളിപ്പെടുത്തുമോ ;

(സി) ആദിവാസി ഭവന പദ്ധതി, റോഡ് നിർമ്മാണ പദ്ധതി, സാമൂഹിക അടുക്കള പദ്ധതി,സ്വയംപര്യാപ്തമാക്കാനുള്ള കാർഷിക പദ്ധതി എന്നിവ പരാജയ പെടാനുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിൽ നിന്നും സംസ്ഥാന സർക്കാരിന്റെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വൈദ്യുതി വകുപ്പ്, ജലസേചന വകുപ്പ് മുതലായ സർക്കാർ വകുപ്പുകൾ അവരുടെ പദ്ധതികളുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് ചെലവഴിക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും 2011-12 വർഷങ്ങളിലായി പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനായുള്ള പാക്കേജിന് 4 വർഷങ്ങളിലായി അനുവദിച്ച 148 കോടി രൂപയും കൺസർവേഷൻ-കം-ഡവലപ്മെന്റ് പദ്ധതിക്ക് 2012-13 വർഷം ലഭിച്ച 1210 ലക്ഷം രൂപയുടെ പദ്ധതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭവന നിർമ്മാണ പദ്ധതി, റോഡ് നിർമ്മാണ പദ്ധതി, സാമൂഹിക അടുക്കള പദ്ധതി, സ്വയം പര്യാപ്തമാക്കാനുള്ള കാർഷിക പദ്ധതി എന്നിവ പരാജയപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതും ദുർഘടവും പൊതുഗതാഗത സൗകര്യമില്ലാത്ത വനാന്തരങ്ങളിലുമാണ്. ഇത്തരം പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ചുമട്ടു കൂലിയിനത്തിൽ നല്ലൊരു ശതമാനം തുക ചെലവഴിക്കേണ്ടി വരുന്നതിനാൽ തുക അപര്യാപ്തമായി വരുന്നു. പ്രകൃതിക്ഷോഭം, നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം എന്നിവമൂലം നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തിയാക്കുന്നതിന് ചിലയിടങ്ങളിൽ തടസ്സമാകുന്നുണ്ട്. ആയത് പദ്ധതി പൂർത്തീകരണത്തെ ബാധിക്കുന്നു.

**പട്ടിക ഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം**

53 (1839) ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ വികസനത്തിനായി നടപ്പാക്കുന്ന ക്ഷേമപദ്ധതികളോടൊപ്പം ഈ വിഭാഗക്കാരുടെ സുസ്ഥിര വികസനം ഉറപ്പാക്കാനായി പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) ഇക്കാര്യത്തിൽ പട്ടികഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം കൂടാതെ ഹാംലെറ്റ് വികസന പദ്ധതി, എ.റ്റി.എസ്.പി. ഉൾപ്പെടുന്ന പശ്ചാത്തല സൗകര്യവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി തന്നെയാണ് നടപ്പിലാക്കി വരുന്നത്.

(ബി) വിലയിരുത്തിയിട്ടുണ്ട്. 2001 സാമ്പത്തിക വർഷത്തിൽ നിലവിൽ വന്ന പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക

എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കി വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുവരുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ടി.ആർ.ഡി.എം. നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ സ്വയം പര്യാപ്തരാക്കാനായി പദ്ധതി

54 (1840) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ വിശേഷിച്ച് യുവതീയുവാക്കളെ സ്വയംപര്യാപ്തരാക്കാനായുള്ള പദ്ധതികളുണ്ടെങ്കിൽ, അവയുടെ വിശദാംശം നൽകുമോ;

(ബി) ഇവർക്കായി നിലവിൽ ഏതെങ്കിലും സ്വയംതൊഴിൽ പദ്ധതിയുണ്ടെങ്കിൽ അവയുടെ വിശദാംശവും അവ എത്രമാത്രം ഫലപ്രദമായിരുന്നുവെന്നും അറിയിക്കാമോ;

(സി) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കളെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തമാക്കാനായി എന്തെങ്കിലും പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ കാർഷികവൃത്തിയിൽ ആധുനിക സാങ്കേതിക വിദ്യയുടെയും കൃഷിരീതിയുടെയും വ്യാപനം ഫലപ്രദമായി നടന്നിട്ടുണ്ടോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളെ സ്വയം പര്യാപ്തരാക്കുന്നതിലേക്കായി വിവിധ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി, മൃഗസംരക്ഷണം, പെട്ടിക്കട, ഫോട്ടോസ്റ്റാറ്റ് കട, സംരംഭകത്വ വികസന പദ്ധതികൾ തുടങ്ങിയവയും കൂടാതെ നൈപുണ്യവികസനത്തിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. (വിശദാംശം അനുബന്ധമായി ചേർക്കുന്നു.)* കൂടാതെ ജെന്റർ ആക്ഷൻ പ്ലാൻ എന്ന ശീർഷകത്തിൽ കാർഷിക മേഖലയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും കൂടുതൽ ഊന്നൽ നൽകി പദ്ധതി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം കൃഷി ഉൾപ്പെടെയുള്ള സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2016-17 വർഷം 5 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ബി) 2015-16-ൽ 724 പേർക്ക് 188.80 ലക്ഷം രൂപ അനുവദിച്ച് സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിലാണ്. 2225-02-800-21 എന്ന ശീർഷകത്തിൽ 2016-17 വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ വകുപ്പിൽ പ്രത്യേക കേന്ദ്ര സഹായം, ഭരണഘടനയുടെ ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള സഹായങ്ങൾ, കോർപ്പസ് ഫണ്ട് തുടങ്ങിയവയിലൂടെയും വ്യക്തിഗത പദ്ധതികൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പദ്ധതികളിലും ഉൾപ്പെടുത്തി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ അഭിരുചിക്കും അവരുടെ താൽപ്പര്യത്തിനും അനുസരിച്ചുള്ള സ്വയം തൊഴിൽ പദ്ധതികൾ, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാർ അവരുടെ താൽപ്പര്യവും അഭിരുചിയും അനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാകയാൽ അത് അവർക്ക് സ്ഥിര വരുമാനം ഉണ്ടാക്കുന്നതിന് ഉതകുന്നവയാണ്.

(സി) കൃഷി വകുപ്പ് മുഖേന ദീർഘകാല വിളകൾക്കും കുടുംബശ്രീ മുഖേന ഹ്രസ്വകാല വിളകൾക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന കന്നുകാലി പരിപാലനത്തിലൂടെയും ഇവർക്ക് കാർഷികമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാർഷികവൃത്തിയിൽ ആധുനിക സാങ്കേതിക വിദ്യയുടെയും കൃഷി രീതിയുടെയും വ്യാപനം ഇനിയും ഫലപ്രദമാകേണ്ടതുണ്ട്. ഇതിനായി കൃഷി വകുപ്പുമായി സഹകരിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക തൊഴിൽദാന പദ്ധതി

55 (1841) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾവനങ്ങളിൽ വസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ പ്രത്യേകിച്ച് പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവർ മഴക്കാലത്ത് തൊഴിൽ ഇല്ലാതെയും ഭക്ഷ്യ ധാന്യങ്ങളും കിഴങ്ങുകളും ലഭിക്കാതെയും കടുത്ത ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെട്ടവർക്ക് മഴക്കാലത്തും അതിനുശേഷവുമുള്ള കാലങ്ങളിലും വീടുകളിൽ സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകാൻ നടപടിയെടുക്കുമോ;

(സി) ഇവർക്കായി പ്രത്യേക തൊഴിൽ ദാന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മഴക്കാലത്ത് ഭക്ഷ്യധാന്യങ്ങളും പോഷകാഹാരങ്ങളും സൗജന്യമായി വീടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യ സഹായ പദ്ധതി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ അനുവദിച്ചതിൽ 7.14 കോടി രൂപ ഇതിനോടകം ജൂൺ 2016-ൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഗ്രാമന്യായാലയങ്ങൾ**

56 (1842) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികൾ ഇല്ലാത്തയിടങ്ങളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇതുവരെയായി എവിടെയെല്ലാം ഗ്രാമന്യായാലയങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) കൊടുവള്ളി ബ്ലോക്കിൽ ഗ്രാമന്യായാലയം സ്ഥാപിക്കുന്നുണ്ടോ ; എങ്കിൽ എവിടെയാണ് അത് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) താഴെപ്പറയുന്ന ആറ് സ്ഥലങ്ങളിൽ ഗ്രാമന്യായാലയങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട് :

1. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല
2. കൊല്ലം ജില്ലയിലെ ചടയമംഗലം

3. ഇടുക്കി ജില്ലയിലെ അഴുത

4. ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം

5. വയനാട് ജില്ലയിലെ കൽപ്പറ്റ

6. കണ്ണൂർ ജില്ലയിലെ ഇരിട്ടി.

(സി) ഉണ്ട്. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ താമരശ്ശേരിയിലാണ് ഗ്രാമന്യായാലയം ആരംഭിക്കുന്നത്.

## ഇ-ഗ്രാന്റ് സ്കോളർഷിപ്പ്

57 (1843) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒ.ഇ.സി.-ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മറ്റ് പിന്നോക്ക വിഭാഗ ഹിന്ദു സമുദായത്തിലെ പല വിഭാഗങ്ങളെയും ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സമുദായത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ്/അൺഎയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന എസ്‌സി., ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് വരുമാന പരിധിയില്ല. എന്നാൽ ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് മുപ്പത് സമുദായങ്ങൾക്ക് കൂടി പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ച് മറ്റു വിഭാഗം വിദ്യാർത്ഥികൾക്ക് [മറ്റ് പിന്നോക്ക സമുദായങ്ങൾ (OBC), സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ (SEBC), കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് (KPCR) പ്രകാരം ആനുകൂല്യത്തിന് അർഹരായ സമുദായങ്ങൾ] കൂടി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ബിരുദധാരികളായ പട്ടികജാതി/ഒ.ഇ.സി./ഒ.ബി.സി. വിഭാഗം

വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതും ബിരുദ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേധാവി ടി അപേക്ഷ പരിശോധിച്ച് അനുമതിക്കായി ജില്ലാ പട്ടികജാതി വികസന ആഫീസിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ബി) ഉണ്ട്.

(സി) പരിഗണനയിലാണ്.

**മുഖാരി, മൂവാരി സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താൻ നടപടി**

58 (1844) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ അധിവസിക്കുന്ന കല്ല് വെട്ട് തൊഴിലിൽ ഏർപ്പെട്ടു വരുന്ന മുഖാരി, മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) കേന്ദ്ര ലിസ്റ്റിൽ ഒ.ബി.സി. പട്ടികയിൽപ്പെട്ട ഇവർക്ക് കേരളത്തിൽ ഒ ബി സി യായി പരിഗണിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏതു നിയമമാണ് ഇവർക്ക് തടസ്സമായി മാറിയിരിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ഡി) പാർശ്വവത്കരിക്കപ്പെട്ട മുഖാരി, മൂവാരി സമുദായത്തെ ഒ ബി സിയിൽ ഉൾപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) മുഖാരി, മൂവാരി സമുദായങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ പ്രാദേശികതല വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. ടി റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

## നഴ്സിംഗ് വിദ്യാർത്ഥിനിയെ ക്രൂരമായി റാഗ് ചെയ്ത സംഭവം

59 (1845) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർണ്ണാടകത്തിലെ ഗുൽബർഗ്ഗയിലുള്ള നഴ്സിംഗ് കോളേജിൽ വിദ്യാർത്ഥിനി ക്രൂരമായി റാഗിംഗിന് ഇരയായതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് സംബന്ധമായി ആരെയൊക്കെ കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

കർണ്ണാടകയിലെ ഗുൽബർഗ്ഗ ജില്ലയിലെ അൽ ഖമാർ നഴ്സിംഗ് കോളേജിൽ മലയാളി നഴ്സിംഗ് വിദ്യാർത്ഥിനിയെ ഹോസ്റ്റൽ മുറിയിൽ വച്ച് അതിക്രൂരമായി റാഗിംഗിന് ഇരയാക്കുകയും തുടർന്ന് കർണ്ണാടകയിലുള്ള ആശുപത്രിയിൽ ചികിത്സിച്ചെങ്കിലും ചികിത്സ ഫലിക്കാത്തതിനാൽ ഗുരുതരാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റാവുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 650/2016 u/s 341, 560(1), 307 r/w 34 IPC & Sec.3 (II) (V) (X) 2(1) of SC/ST PoA Act and Sec.4 of Kerala Prohibition of Ragging Act ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ പറഞ്ഞ പരാതിക്കാസ്പദമായ സംഭവം നടന്നിട്ടുള്ളത് കർണ്ണാടകയിലെ ഗുൽബർഗ്ഗ ജില്ലയിലെ റോസാ പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ. ഉൾപ്പെടെയുള്ള വിവരങ്ങൾ ഗുൽബർഗ്ഗ പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കൊല്ലം കരുനാഗപ്പള്ളി സ്വദേശിനി ലക്ഷ്മി, ഇടുക്കി കണിയാർ സ്വദേശിനി ആതിര, കോട്ടയം തിരുവഞ്ചൂർ സ്വദേശിനി കൃഷ്ണപ്രിയ എന്നിവരെ അറസ്റ്റ് ചെയ്തതായി ബന്ധപ്പെട്ട പോലീസ് അധികാരികൾ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികവിഭാഗ-പിന്നോക്ക ക്ഷേമ നിയമ സാംസ്കാരിക വകുപ്പുമന്ത്രി കുട്ടിയെ ആശുപത്രിയിൽ സന്ദർശിക്കുകയും ആവശ്യമെങ്കിൽ കുട്ടിയുടെ തുടർ പഠനം കേരളത്തിൽ നടത്തുന്ന തിനുള്ള സഹായവും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ധനസഹായമായി 2,00,000 രൂപ നേരിട്ട് നൽകുകയും ചെയ്തു.

## ഒല്ലൂർ മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

60 (1846) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ 'സ്വയം പര്യാപ്ത ഗ്രാമം പദ്ധതി' പ്രകാരം ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്തതെന്നും അതിൽ പൂർത്തീകരിച്ച പ്രവർത്തികൾ ഏതെല്ലാമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവർത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന കോളനികളെ 'സ്വയം പര്യാപ്ത ഗ്രാമം പദ്ധതി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. വിശ്വനാഥൻ നഗർ കോളനി, മരത്താക്കര, പുത്തൂർ പഞ്ചായത്ത്
2. പൂച്ചെട്ടി മുരിയൻകുന്ന് കോളനി, നടത്തറ പഞ്ചായത്ത്
3. കള്ളായി കോളനി, മാടക്കത്തറ പഞ്ചായത്ത്

(ബി) പ്രസ്തുത കോളനികളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പൂർത്തീകരിച്ച പ്രവൃത്തികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിശ്വനാഥൻ നഗർ കോളനി

1. വീടുകളുടെ അറ്റകുറ്റപ്പണി } പൂർത്തീകരിച്ചു.
2. സ്നേഹമതിൽ നിർമ്മാണം } പൂർത്തീകരിച്ചു.
3. കിണർ സംരക്ഷണം } പൂർത്തീകരിച്ചു.
4. കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി നിർമ്മാണം
5. ശ്മശാന നിർമ്മാണം
6. റോഡ് സൈഡ് കെട്ടൽ
7. കുടിവെള്ള കണക്ഷൻ നൽകൽ.

<u>പൂച്ചെട്ടി മുരിയൻകുന്ന് കോളനി</u>

1. കോൺക്രീറ്റ് റോഡ് നിർമ്മാണം
2. കുളത്തിന് സംരക്ഷണഭിത്തി
3. ഡ്രെയിനേജ് നിർമ്മാണം
4. സൈഡ് വാൾ നിർമ്മാണം
5. ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യ നവീകരണം - II

} പൂർത്തീകരിച്ചു.

6. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം
7. ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യ നവീകരണം-I
8. ശ്മശാന നിർമ്മാണം
9. വീട് പുനരുദ്ധാരണം
10. വാട്ടർ ടാങ്ക് ആന്റ് വെയ്സ്റ്റ് പിറ്റ് നിർമ്മാണം
11. കുടിവെള്ള വിതരണം
12. വൈദ്യുതീകരണം
13. അംഗനവാടി വൈദ്യുതീകരണം
14. ബുക്ക്, ഫർണിച്ചർ വിതരണം
15. പൊതുകിണർ.

<u>കള്ളായി കോളനി</u> :

1. കമ്മ്യൂണിറ്റി ഹാളിന്റെ സംരക്ഷണഭിത്തി
2. കനാലിന് സ്ലാബ് നിർമ്മാണം

} പൂർത്തീകരിച്ചു.

3. കിണർ പുനരുദ്ധാരണം
4. കോൺക്രീറ്റ് റോഡ്
5. സൈഡ് കെട്ടൽ

6. അംഗനവാടി പുനരുദ്ധാരണം
7. വീട് റിപ്പയർ
8. വാട്ടർ ടാങ്ക് ആന്റ് വെയ്സ്റ്റ് പിറ്റ് നിർമ്മാണം
9. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
10. തെരുവ് വിളക്ക്
11. അംഗനവാടി ട്രസ്സ് വർക്ക്
12. അംഗനവാടിയുടെ മുൻവശം ടൈൽ പാകൽ.

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പിന്നോക്ക സമുദായ കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന ധനസഹായങ്ങൾ**

61 (1847) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ കോർപ്പറേഷനിൽ നിന്ന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നുണ്ടോ; എങ്കിൽ 2015-16 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് വായ്പ ലഭിച്ചു എന്നും ആകെ എത്ര തുക നൽകി എന്നും വായ്പ തിരിച്ചടവിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മറ്റു പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവരുടെ സമഗ്ര പുരോഗതിക്ക് വേണ്ടി വ്യാവസായികം, കാർഷികം, സേവനം, ഗതാഗതം, കരകൗശലം തുടങ്ങിയ മേഖലകളിൽ ചെറുകിട യൂണിറ്റുകൾ തുടങ്ങുവാനും സ്വയം തൊഴിൽ വായ്പകളും വിവാഹ ധനസഹായം, വിദ്യാഭ്യാസം തുടങ്ങിയ ബഹുവിധ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികളും നടപ്പിലാക്കിവരുന്നു. കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ താഴെപ്പറയുന്നു.

(i) മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ (ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ പദ്ധതികൾ) :

(1) സ്വയം തൊഴിൽ വായ്പ

(2) വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ

(3) കാർഷിക വായ്പ

(4) സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ളവർക്ക്)

(5) വിദ്യാഭ്യാസ വായ്പ

(6) ശില്പ സമ്പദ

(7) ലഘു വായ്പ (NGO/CDS മുഖേന)

(8) മഹിളാ സമൃദ്ധി യോജന (NGO/CDS മുഖേന)

(9) കൃഷി സമ്പദ (NGO/CDS മുഖേന).

(ii) ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പദ്ധതികൾ) :

(1) സ്വയം തൊഴിൽ വായ്പ

(2) കാർഷിക വായ്പ

(3) വിദ്യാഭ്യാസ വായ്പ

(4) ലഘു വായ്പ (NGO/CDS മുഖേന).

(iii) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതികൾ :

(1) വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ

(2) വിവാഹ ധനസഹായ വായ്പ

(3) വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ

(4) ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ

(5) ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

(6) ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ

(7) ലഘു വായ്പ (NGO/CDS മുഖേന)

(8) പ്രവർത്തന മൂലധന വായ്പ

(9) ഭവനശ്രീ വായ്പ (പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്)

(10) വിദ്യാശ്രീ വായ്പ

(11) സ്വയം തൊഴിൽ വായ്പ

(12) സുവർണ്ണശ്രീ.

(ബി) വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 2100 പേർക്ക് 24,45,62,800 രൂപ വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. ടി വായ്പയുടെ തിരിച്ചടവ് കോഴ്സ് കഴിഞ്ഞ് 6 മാസം അല്ലെങ്കിൽ ജോലി കിട്ടി 3 മാസം (ഏതാണോ ആദ്യം) മുതൽ അടച്ചു തുടങ്ങേണ്ടതാണ്. തിരിച്ചടവ് കാലാവധി 60 മാസം.

(സി) വിദ്യാഭ്യാസ വായ്പ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC)പദ്ധതി പ്രകാരം ഗവ. അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്കും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) പദ്ധതി പ്രകാരം ഗവ. അംഗീകൃത ടെക്നിക്കൽ/പ്രൊഫഷണൽ ഡിപ്ലോമ/ഡിഗ്രി കോഴ്സിന് പഠിക്കുന്നവർക്കും ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

62 (1848) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലെ ജനങ്ങളുടെ ചികിത്സക്കായി എന്തൊക്കെ ധനസഹായപദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതൊക്കെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ നിയന്ത്രണത്തിലാണെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗക്കാരുടെ ചികിത്സക്കായി ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിയിൽ നിന്നും 9-1-1998 ലെ സ.ഉ.(കൈ) നമ്പർ 1/98/പജപവവിവ. പ്രകാരം 1998 മുതൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. 20-9-2012 സ.ഉ.(കൈ) നമ്പർ 128/12/പജപവവിവ പ്രകാരം ടി ധനസഹായത്തിന്റെ വരുമാനപരിധിയും ധനസഹായ തുകയും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി 1,00,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിൽ ഇരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവു സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് രോഗങ്ങളുടെ ചികിത്സക്കായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ അപേക്ഷകന് നൽകുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സക്കായി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗങ്ങൾക്കായി പിന്നോക്ക സമുദായ വികസന വകുപ്പു മുഖേന ചികിത്സാ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല.

(ബി) അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. 10,000 രൂപ വരെ വകുപ്പ് ഡയറക്ടർക്കനുവദിക്കാം. 10,000-ത്തിന് മുകളിലുള്ള തുക സർക്കാരാണ് അനുവദിക്കുന്നത്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 50,000 രൂപയാണ്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഐ.റ്റി.ഡി., പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മുഖേന അപേക്ഷ നൽകേണ്ടതാണ്. ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ 18 മാസം പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി പട്ടികവർഗ്ഗ

വികസന വകുപ്പ് ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നിവ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. നിശ്ചിത അപേക്ഷ ബന്ധപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് സാക്ഷ്യപ്പെടുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് എന്നിവ മുഖേനയാണ് പ്രതിമാസാനുകൂല്യം വിതരണം ചെയ്തുവരുന്നത്.

**വായ്പക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

63 (1849) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പയുടെ പലിശ നിരക്ക് മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളുടെ പലിശ നിരക്കിനനുസൃതമായി കുറയ്ക്കുന്നതിന് നിർദ്ദേശം നൽകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ബി) ടി കോർപ്പറേഷനിലെ വായ്പാക്കാരിൽ മരണമടഞ്ഞവർ, മാറാരോഗം ബാധിച്ചവർ എന്നിവർമൂലമുള്ള വായ്പാ ബാദ്ധ്യത ഏറിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി കോർപ്പറേഷനിലെ വായ്പക്കാർക്ക്, ഇൻഷുറൻസ് പരിരക്ഷ വിഹിതം വായ്പയോടൊപ്പം സ്വീകരിച്ച് വായ്പക്കാർക്ക് ഉണ്ടാകുന്ന ആകസ്മിക ദുരന്തത്തിൽ നിന്ന് അവരുടെ കുടുംബത്തെ ബാദ്ധ്യതയിൽ നിന്നും രക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളെ അപേക്ഷിച്ച് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പകൾക്ക് നിലവിൽ കുറഞ്ഞ പലിശനിരക്കാണ് ഈടാക്കുന്നത്. ഈ സാഹചര്യത്തിൽ പലിശ നിരക്ക് കുറയ്ക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വായ്പക്കാർ മരണമടയുകയോ മാറാരോഗം ബാധിക്കുകയോ ചെയ്യുന്ന പക്ഷം അത്തരം വായ്പക്കാരുടെ കുടുംബത്തെ സഹായിക്കുന്നതിനായി കോർപ്പറേഷൻ നിലവിൽ 'LDRF' പദ്ധതി (Loanees Distress Relief Fund) നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കോർപ്പറേഷനിലെ വായ്പക്കാരിൽ മരണമടഞ്ഞവർ, മാറാരോഗം ബാധിച്ചവർ എന്നിവർക്കുണ്ടാകുന്ന വായ്പ ബാധ്യത ഇളവ് ചെയ്ത് നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

## സ്വയംപര്യാപ്തഗ്രാമം പദ്ധതി

64 (1850) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം, മാടപ്പള്ളി കോളനികളിൽ അനുവദിച്ചിരിക്കുന്ന പദ്ധതികളുടെ നിർമ്മാണ ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ഓരോ കോളനിക്കും അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതികളുടെ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം കോളനിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്കായുള്ള വെൽഡിംഗ് വർക്ക്ഷോപ്പ്, ഗാർമെന്റ് യൂണിറ്റ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ വൈദ്യുതി ബന്ധം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയുടെ ഭാഗമായുള്ളമോർച്ചറിക്ക് ആവശ്യമായ ആംബുലൻസും അനുബന്ധ സംവിധാനങ്ങളും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാടപ്പള്ളി കോളനിയിൽ നടത്തുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രവർത്തനങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വനിതാ കൾച്ചറൽ സെന്ററിന്റെ കെട്ടിടം കോൺക്രീറ്റ് ചെയ്യുകയും സെമിത്തേരിക്ക് ചുറ്റുമതിൽ കെട്ടുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനിക്കും ഒരു കോടി രൂപ വീതമുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. സചിവോത്തമപുരം കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് 2 ഗഡുക്കളായി 65 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മാടപ്പള്ളി കോളിനിയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് ആദ്യ ഗഡുവായി 25 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കഴിഞ്ഞ സർക്കാരിന്റെ അവസാന ആറുമാസ കാലയളവിൽ ഇറക്കിയ ഉത്തരവുകൾ

65 (1851) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ അവസാന ആറുമാസകാലയളവിൽ ഭൂമി പതിച്ചു നൽകൽ, ഭൂപരിധി നിയമത്തിൽ ഇളവുകൾ, വയൽ നികത്തൽ അനുമതി, മിച്ച ഭൂമി ഏറ്റെടുക്കാതിരിക്കാൻ നടപടി, പാട്ടക്കുടിശ്ശിക ഇളവു നൽകൽ, വിവിധ നികുതി കുടിശ്ശിക റദ്ദാക്കലും ഇളവു നല്കലും സ്റ്റേ അനുവദിക്കലും തുടങ്ങി ഓരോ വകുപ്പുമായി എത്ര ഉത്തരവുകൾ നല്കി വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ മന്ത്രിസഭാ യോഗ അജണ്ടയിൽ ഉൾപ്പെടുത്താതെ പുറപ്പെടുവിച്ചവ, നിയമ വകുപ്പിന്റെ അറിവില്ലാതെ പുറപ്പെടുവിച്ചവ, ബന്ധപ്പെട്ട വകുപ്പു മേലധികാരികളെയോ വകുപ്പോ അറിയാതെ പുറപ്പെടുവിച്ചവ എന്നീ വിഭാഗങ്ങളിലുൾപ്പെട്ട ഉത്തരവുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇത്തരം വിവിധ ഉത്തരവുകളുടെ ഉറവിടം കണ്ടെത്താനും, നിയമ സാധ്യത പരിശോധിച്ച് ഇവ റദ്ദാക്കാനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത എല്ലാ ഉത്തരവുകളും നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം അനധികൃതമായവ റദ്ദാക്കാനും അനഭിമത പ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ ഉന്നത തല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1-1-2016 മുതൽ 30-4-2016 കാലയളവിൽ കഴിഞ്ഞ സർക്കാരിന്റെ മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകളിൽനിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമ സാധുതയും സാങ്കേതികപരമായ വിഷയങ്ങളും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൺവീനറായുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരികയാണ്. പ്രസ്തുത ഉപസമിതിയുടെ അന്തിമ റിപ്പോർട്ടിനനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി-ഡി) മുകളിൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

**കേരളത്തിലെ നിയമങ്ങൾ**

66 (1852) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ ഏതെല്ലാമാണ്; വിശദമായ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങളുടെ പട്ടിക, ബുക്ക് ഫോമിൽ അച്ചടിക്കും പ്രസിദ്ധീകരിക്കുന്നതിനുമായി ഗവൺമെന്റ് പ്രസ്സിൽ നൽകിയിരിക്കുകയാണ്. അച്ചടിച്ചാലുടൻ തന്നെ വിവരം ലഭ്യമാക്കുന്നതാണ്.

**കിളിമാനൂർ കേന്ദ്രമായി കോടതി**

67 (1853) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കേന്ദ്രമായി കോടതി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) വിവിധതരം കോടതികൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) വിവിധ കോടതികളിലെ തീർപ്പാകാതെ അവശേഷിക്കുന്ന കേസ്സുകളുടെ സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ഭൂപ്രകൃതി എന്നിവയാണ് കോടതി സ്ഥാപിക്കുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ.

## സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ

68 (1854) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കക്ഷിയായ കേസുകൾ തീർപ്പാക്കുന്നതിൽ സർക്കാർ അഭിഭാഷകർ ഗുരുതരമായ അലംഭാവം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ അഭിഭാഷകരായി നിയമിക്കപ്പെടുന്നവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കക്ഷിയായ കേസ്സുകൾ തീർപ്പാക്കുന്നതിൽ സർക്കാർ അഭിഭാഷകർ ഗുരുതരമായ അലംഭാവം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ അഭിഭാഷകരായി നിയമിക്കപ്പെടുന്നവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉത്തരവാദിത്വത്തോടുകൂടി കേസ്സുകൾ നടത്തുക എന്ന ലക്ഷ്യം ഉറപ്പുവരുത്തുന്നതിനുമായി ദേശീയ വ്യവഹാര നയത്തിന്റെ ചുവടുപിടിച്ച് 3-12-2011-ൽ G.O.(P) No. 12/2011/Law നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വ്യവഹാര നയം രൂപീകരിക്കുകയുണ്ടായി. ഇതുപ്രകാരം സർക്കാർ അഭിഭാഷകർക്ക് മതിയായ ഓഫീസ് അനുബന്ധ സൗകര്യങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് പോലെയുള്ള സൗകര്യങ്ങൾ, കേസ്സുകളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി CCMS എന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ എന്നിവ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ കാര്യാലയം, സബ് കോർട്ട് സെന്ററുകൾ എന്നിവിടങ്ങളിൽ നൽകിവരുന്നുണ്ട്. കൂടാതെ ഈ വ്യവഹാരനയത്തിന്റെ ഭാഗമായി ജില്ലാ കളക്ടറേറ്റുകൾ വഴിയും സർക്കാർ അഭിഭാഷകർക്ക് കമ്പ്യൂട്ടർ നൽകിവരുന്നുണ്ട്. ഇൻ സർവ്വീസ് പരിശീലനം, പൊതുവായ റിസർച്ചിനുള്ള സൗകര്യം എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോടതി നടപടികളിലെ കാലതാമസം

69 (1855) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ;

(ബി) സംസ്ഥാനത്തെ ഓരോ കോടതികളിലും ഓരോ ന്യായാധിപൻമാരും തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച് കൃത്യമായ അവലോകനം നടത്താറുണ്ടോയെന്ന വ്യക്തമാക്കാമോ:

(സി) കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസംമൂലം നീതി ലഭിക്കാൻ വൈകുന്ന സാഹചര്യവും അതുമൂലം സാമൂഹികമായി ഉണ്ടാകുന്ന പ്രത്യാഘാതവും ഓരോ കേസുകളിലും പ്രത്യേകമായി വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന വ്യക്തമാക്കാമോ ;

(ഡി) കോടതി നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും അർഹതപ്പെട്ട നീതി ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോടതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ Monitoring Mechanism നിലവിലുണ്ട്.

(സി) ഇത്തരത്തിലൊരു സംവിധാനം സർക്കാർ തലത്തിൽ നിലവിലില്ല.

(ഡി) വിവിധ മേഖലകളിലെ കെട്ടിക്കിടക്കുന്ന കേസ്സുകൾ എളുപ്പത്തിൽ തീർപ്പാക്കുന്നതിനായി കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ, 2016-ൽ കൂടിയ ചീഫ് ജസ്റ്റിസുമാരുടെ കോൺഫറൻസിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസ്സുകൾ 2016-ൽ തന്നെ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

**കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല**

70 (1856) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ, കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല കലാ-കായിക കേന്ദ്രത്തിൽ, കലാ കായിക മേഖലയിലെ പ്രഗത്ഭരെക്കൊണ്ട് പരിശീലനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളത്തെ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല കലാകായിക കേന്ദ്രം സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമല്ല. പ്രസ്തുത കേന്ദ്രത്തിൽ കലാകായിക മേഖലയിലെ പ്രഗത്ഭരെക്കൊണ്ട് പരിശീലനം നടത്തുന്ന കാര്യം ഇപ്പോൾ സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലില്ല.

**പടയണി എന്ന കലാരൂപം സംരക്ഷിക്കുന്നതിന് നടപടി**

71 (1857) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള മണ്ഡലത്തിലെ കടമ്മനിട്ട, ഓതറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കലാരൂപമായ പടയണി സംരക്ഷിക്കപ്പെടേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? വിശദമാക്കുമോ ?

<u>ഉത്തരം</u>

തിരുവിതാംകൂറിലെ നാടൻകലകളിൽ സുപ്രധാനമായ കലാരൂപമാണ് പടയണി. പടയണി ഉൾപ്പെടെ തിരുവിതാംകൂറിലെ മുഴുവൻ നാടൻ കലകളുടെയും സ്ഥിരം പ്രദർശനം, ഗവേഷണം എന്നിവയ്ക്കായി ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ ഫോക് വില്ലേജ് കോട്ടയം ജില്ലയിലെ വെള്ളാവൂരിൽ മണിമലയാറിന്റെ തീരത്ത് നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നുണ്ട്. പടയണിക്ക് ലൈവ് മ്യൂസിയം ഈ വില്ലേജിൽ വിഭാവന ചെയ്തിട്ടുണ്ട്. ഈ സർക്കാർ പുതുക്കിയ ബഡ്ജറ്റിൽ പടയണി കലാകാരന്മാരെ കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രതിമാസം 750 രൂപ വീതമുള്ള പെൻഷൻ പുതുക്കിയ ബഡ്ജറ്റിൽ 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**പറവൂർ ജി. ദേവരാജൻ മാസ്റ്റർക്ക് സ്മാരകം**

72 (1858) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച സംഗീത സംവിധായകൻ പറവൂർ ജി. ദേവരാജൻ മാസ്റ്റർക്ക് പറവൂരിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അന്തരിച്ച പ്രശസ്ത സംഗീത സംവിധായകൻ ജി. ദേവരാജൻ മാസ്റ്റർക്ക് അദ്ദേഹത്തിന്റെ ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കണമെന്ന് ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ. ആവശ്യപ്പെടുകയും ഈ വിഷയം പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ഉന്നയിക്കുകയും ചെയ്തിരുന്നു. ജി. ദേവരാജൻ മാസ്റ്റർക്ക് ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും മറ്റടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടി ഉറപ്പായി പരിഗണിച്ചതിനാൽ സ്മാരക നിർമ്മാണത്തിനുള്ള സ്ഥലലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹു. എം.എൽ.എ.-യോട് ആവശ്യപ്പെട്ടിരുന്നു. സ്മാരക നിർമ്മാണത്തിനുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും പരവൂർ നഗരസഭയിൽ ലഭ്യമാണെന്നും വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുന്നതാണെന്നും ബഹു. എം.എൽ.എ. അറിയിച്ചിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിക്കുന്നതിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ദേവരാജൻ മാസ്റ്റർ അന്ത്യവിശ്രമം കൊള്ളുന്ന പാർക്ക് സാംസ്കാരിക വകുപ്പ് അനുവദിച്ച 10 ലക്ഷം രൂപ ചെലവഴിച്ച് നഗരസഭ നവീകരിച്ചിട്ടുണ്ട്.

**നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി**

73 (1859) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ലളിതകലാ അക്കാദമി തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 200 വർഷത്തിലേറെ പഴക്കമുള്ള ശില്പപാരമ്പര്യമുള്ള നൂറനാട് പടനിലം പരബ്രഹ്മക്ഷേത്ര പരിസരപ്രദേശത്തെ പൈതൃക കേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ലളിതകലാ അക്കാദമി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

(സി) ബാധകമല്ല.

**ഒന്നിൽ കൂടുതൽ ഭാഷകളും സംസ്കാരങ്ങളുമുള്ള പ്രദേശങ്ങൾ**

74 (1860) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒന്നിൽ കൂടുതൽ ഭാഷകൾ സംസാരിക്കുന്ന പ്രദേശങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം ഭാഷകളാണെന്ന് പ്രദേശങ്ങൾ വേർതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒന്നിൽ കൂടുതൽ ഭാഷകളും സംസ്കാരങ്ങളും കൊണ്ട് സമ്പന്നമായ പ്രദേശങ്ങളുടെ സാംസ്കാരിക പൈതൃകവും പാരമ്പര്യവും കാത്തു സൂക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കന്നഡ, തുളു, ബ്യാരി ഭാഷ സംസാരിക്കുന്നവരും പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ തമിഴ് സംസാരിക്കുന്നവരും എറണാകുളം ജില്ലയിൽ ഗുജറാത്തിയും കൊങ്കണിയും ഭാഷ സംസാരിക്കുന്ന ആളുകളും താമസിച്ചുവരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ഈ ഭാഷാ മാധ്യമ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കാസർഗോഡ് കേന്ദ്രമാക്കി 2007-ൽ തുളു സാഹിത്യ അക്കാദമിയും എറണാകുളം ആസ്ഥാനമായി 2012-ൽ കൊങ്കണി സാഹിത്യ അക്കാദമിയും ആരംഭിച്ചിട്ടുണ്ട്. കൊങ്കണി ഭാഷയിലെ സാഹിത്യവും കലകളും പ്രോത്സാഹിപ്പിക്കുന്നതിനായി കവി സമ്മേളനങ്ങൾ, സെമിനാറുകൾ, നാടോടി കലാ പ്രദർശനങ്ങൾ, പുസ്തക പ്രസിദ്ധീകരണം, സിനിമാ പ്രോത്സാഹനം എന്നീ പദ്ധതികൾ കൊങ്കണി സാഹിത്യ അക്കാദമി നടപ്പിലാക്കിയിട്ടുണ്ട്. തമിഴിൽനിന്നുള്ള പരിഭാഷകളും തെരഞ്ഞെടുത്ത കൊങ്കണി കഥകളും കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ഭാഷകളിൽനിന്നുള്ള മികച്ച വിവർത്തന ഗ്രന്ഥങ്ങൾക്ക് വർഷംതോറും കേരള സാഹിത്യ അക്കാദമി പുരസ്കാരം നൽകിവരുന്നുണ്ട്.

## കലാഭവൻ മണിക്കും കുഴൂർ നാരായണമാരാർക്കും സ്മാരകം

75 (1861) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ കലാഭവൻ മണിയ്ക്കും, ശ്രീ. കുഴൂർ നാരായണ മാരാർക്കും അനുയോജ്യമായ സ്മാരകങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന വ്യക്തമാക്കാമോ?

### ഉത്തരം

അന്തരിച്ച പ്രശസ്ത നടൻ കലാഭവൻ മണിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരാർ ഫൗണ്ടേഷൻ സ്ഥലം ലഭ്യമാക്കാമെന്നേറ്റിരിക്കുന്നു. സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പണ്ഡിറ്റ് കറുപ്പൻ സ്മാരകം

76 (1862) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ നവോത്ഥാന നായകരിൽ ഒരാളും വാഗ്മിയുമായിരുന്ന പണ്ഡിറ്റ് കറുപ്പന്റെ സ്മരണാർത്ഥം, അദ്ദേഹത്തിന്റെ കുട്ടിക്കാലം ചെലവഴിച്ച വീട് സംരക്ഷിച്ച് സ്മാരകമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കേരളത്തിലെ നവോത്ഥാന നായകനും വാഗ്മിയുമായിരുന്ന പണ്ഡിറ്റ് കറുപ്പൻ കുട്ടിക്കാലം ചെലവഴിച്ച വീട് 1868-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കാനാവുന്നതാണോ എന്ന കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. ചെറായി പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയലിന് പ്രത്യേക ധനസഹായമായി 50 ലക്ഷം രൂപ അനുവദിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## പള്ളിപ്പുറം തുണ്ടിടപ്പറമ്പിൽ സ്മാരകം നിർമ്മിക്കുന്നത്

77 (1864) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ നവോത്ഥാനത്തിൽ പ്രമുഖ പങ്കുവഹിച്ച മിശ്രഭോജനം നടന്ന പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപ്പറമ്പിൽ സ്മാരകം നിർമ്മിക്കുന്നതിനും അതുവഴി ചരിത്രം പുതുതലമുറക്ക് പകർന്ന് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരളത്തിന്റെ നവോത്ഥാനത്തിൽ പ്രമുഖ പങ്കുവഹിച്ച മിശ്രഭോജനം നടന്ന പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപ്പറമ്പിൽ മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് ഭൂമി ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പ് തീരുമാനിക്കുകയും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

## കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയ നവീകരണം

78 (1865) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയ നവീകരണത്തിനായി സാംസ്കാരിക വകുപ്പ് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്മാരകവും കിളിമാനൂർ കൊട്ടാരവുമുൾപ്പെടുന്ന പ്രദേശം ചിത്രകലാ പഠന ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കാർട്ടൂണിസ്റ്റ് ശങ്കർ ദേശീയ മ്യൂസിയം

79 (1866) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള കാർട്ടൂണിസ്റ്റ് ശങ്കർ ദേശീയ മ്യൂസിയത്തിനും, ഇതിനോടൊപ്പം ഉയർന്നു വരുന്ന സാംസ്കാരിക വിനോദ കേന്ദ്രത്തിനും ചുറ്റുമതിൽ, കവാടം എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടവും സ്ഥലവും മാത്രമാണ് കേരള ലളിതകലാ അക്കാദമിക്ക് ലഭ്യമായിട്ടുള്ളത്. കാർട്ടൂൺ മ്യൂസിയത്തിന് കമാനം നിർമ്മിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനായുള്ള നടപടി കാർട്ടൂൺ അക്കാദമി സ്വീകരിച്ചുവരുന്നുണ്ട്.

## കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം

80 (1867) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ കായംകുളം കൃഷ്ണപുരത്ത് പ്രവർത്തിച്ചുവരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് ഓണാട്ടുകരയുടെ പൈതൃകം, അനുഷ്ഠാനകലകൾ എന്നിവയെക്കുറിച്ചും ഇവിടത്തെ സാമൂഹിക സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ച മഹാരഥൻമാരെ പരിചയപ്പെടുത്തുന്നതിനുവേണ്ടി ആഡിയോ വിഷ്വൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇതുസംബന്ധിച്ച് ലളിതകലാ അക്കാദമിയാണ് തീരുമാനം എടുക്കേണ്ടത്. അക്കാദമിയുമായി ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## വനം വകുപ്പിന്റെ ശാക്തീകരണ പരിപാടികൾ

81 (1868) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ ശാക്തീകരണത്തിനും പരിഷ്കരണത്തിനും വേണ്ടി കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ ശാക്തീകരണത്തിനും പരിഷ്കരണത്തിനും വേണ്ടി വാർഷിക പദ്ധതി നടപ്പാക്കിവരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കീമുകളിൽ, പുതിയ സ്കീമുകൾക്ക് സർക്കാരിൽ നിന്നും ഭരണാനുമതി നൽകുകയും ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നടത്തിയും വരുന്നു. നടപ്പു പദ്ധതികൾ (ongoing scheme) ബഡ്ജറ്റിലെ തുകയുടെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) വനങ്ങളുടെ സംരക്ഷണം, വന്യജീവികളുടെ സംരക്ഷണം, വനപ്രദേശങ്ങളുടെ വിശിഷ്യാ വനതോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, മെച്ചപ്പെട്ട വിഭവ പരിപാലനം, അടിസ്ഥാന സൗകര്യ വികസനം, ഇക്കോ ടൂറിസം, സാമൂഹ്യ വനവൽക്കരണം, വനാതിർത്തികളുടെ സർവ്വേ, ജണ്ടകൾ, കരിങ്കൽ ഭിത്തികൾ, സംരക്ഷണ ഭിത്തികൾ എന്നിവയുടെ നിർമ്മാണം, ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര ഉല്പന്നങ്ങളുടെ വികസനം, ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും മാനവശേഷി വികസനം, വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവരസാങ്കേതിക സംവിധാനവും മെച്ചപ്പെടുത്തൽ, വിഭവ ആസൂത്രണവും ഗവേഷണവും മനുഷ്യ-മൃഗ സംഘർഷം ലഘൂകരണ മാർഗ്ഗങ്ങളുടെ നടത്തിപ്പ്, തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ കേന്ദ്രവും സ്ഥാപിക്കൽ എന്നിവയാണ് പദ്ധതികളുടെ നടത്തിപ്പ് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ.

(സി) പദ്ധതി നടത്തിപ്പിന് ആവശ്യം വേണ്ടുന്ന ഫണ്ട് സംസ്ഥാന ബഡ്ജറ്റിൽ കൂടി ലഭ്യമാക്കിയിട്ടുണ്ട്.

**വനം വന്യജീവി സംരക്ഷണം വകുപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ**

82 (1869) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വനം, വന്യജീവി സംരക്ഷണം വകുപ്പുകളിൽ കരാർ അടിസ്ഥാനത്തിലോ, ദിവസവേതന വ്യവസ്ഥയിലോ ജീവനക്കാരോ, തൊഴിലാളികളോ ജോലി നോക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഓഫീസുകളിൽ എത്രപേർ ജോലി നോക്കുന്നുവെന്നതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ സതേൺ സർക്കിൾ കൊല്ലത്തിനു കീഴിൽ കരാർ അടിസ്ഥാനത്തിൽ ആരുംതന്നെ സേവനമനുഷ്ഠിക്കുന്നില്ല. എന്നാൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി)

| ഓഫീസിന്റെ പേര് | തസ്തിക | എണ്ണം |
|---|---|---|
| സതേൺ സർക്കിൾ | ഡ്രാഫ്റ്റ്സ്മാൻ | 1 |
| കോന്നി ഡിവിഷൻ | 1. ചെക്ക്പോസ്റ്റ് ഓപ്പറേറ്റർ | 1 |
| | 2. മുളച്ചങ്ങാടം കടത്ത് | 1 |
| | 3. ഓഫീസ് അറ്റൻഡന്റ് | 1 |
| പുനലൂർ | 1. ഡ്രൈവർ | 1 |
| | 2. ഡ്രാഫ്റ്റ്സ്മാൻ | 1 |
| തെന്മല | ഡ്രാഫ്റ്റ്സ്മാൻ | 1 |
| അച്ചൻകോവിൽ | 1. ഡ്രാഫ്റ്റ്സ്മാൻ | 1 |
| | 2. ടൈപ്പിസ്റ്റ് | 1 |
| ടിമ്പർ സെയിൽസ്, പുനലൂർ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| കടയ്ക്കാമൺ തടി ഡിപ്പോ | മസ്ദൂർ വാച്ചർ | 1 |
| കോന്നി തടി ഡിപ്പോ | 1. മസ്ദൂർ വാച്ചർ | 1 |
| | 2. പി.റ്റി.എസ് | 1 |
| | 3. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| പത്തനാപുരം തടി ഡിപ്പോ | മസ്ദൂർ വാച്ചർ | 1 |
| അരിക്കക്കാവ് തടി ഡിപ്പോ | മസ്ദൂർ വാച്ചർ | 2 |
| വിയപുരം തടി ഡിപ്പോ | മസ്ദൂർ വാച്ചർ | 2 |
| | ആകെ | 19 |

**അടവി ഇക്കോ ടൂറിസം പദ്ധതി**

83 (1870) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടവി ഇക്കോ ടൂറിസം പദ്ധതി സന്ദർശിക്കുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം എത്രപേർ വന്നുപോയിട്ടുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇവിടെ ലഭിക്കുന്ന വരുമാനം ഏതുതരത്തിലാണ് വിനിയോഗിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനായി പുതുതായി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 56552 പേർ അടവി ഇക്കോ ടൂറിസം സെന്റർ സന്ദർശിക്കുകയുണ്ടായി.

(ബി) അടവി ഇക്കോ ടൂറിസത്തിൽ നിന്നും ലഭിക്കുന്ന വരുമാനം ടി സെന്ററിലെ ജോലിക്കാരുടെ വേതനം നൽകുന്നതിനും ടി സെന്ററിന്റെ പരിപാലനത്തിനും മറ്റ് വിവിധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു.

(സി) അടവിയിൽ ആറ് ട്രീ ടോപ്പ് ബാംബൂ ഹട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ആയത് ഉടനെ സന്ദർശകർക്കായി തുറന്ന് നൽകുന്നതാണ്. കൂടാതെ അടവിയിലെ ബൗൾ ബോട്ട് റൈഡുമായി (കുട്ടവഞ്ചി സവാരി) ബന്ധപ്പെടുത്തി ഇക്കോ ഫ്രെണ്ട്‌ലിയായിട്ടുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളും സൈനേജുകളും ടിക്കറ്റ് കൗണ്ടറുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കോന്നി ഇക്കോ ടൂറിസം പദ്ധതി**

84 (1871) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര ആളുകൾ സന്ദർശനം നടത്തിയിട്ടുണ്ടെന്നുള്ളതിന്റെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) കൂടുതൽ ആളുകൾ വരുന്നതിലേക്കായി കോന്നിയിൽ കൂടുതൽ ആകർഷകമായ പദ്ധതികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രകൃതിക്ക് ദോഷം സംഭവിക്കാത്ത തരത്തിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 174486 ആളുകൾ കോന്നി ഇക്കോ ടൂറിസം സെന്ററിൽ സന്ദർശകരായി എത്തിയിട്ടുണ്ട്.

(ബി) കൂടുതൽ ആളുകളെ ആകർഷിക്കുന്നതിലേക്കായി പരിസ്ഥിതിക്കനുയോജ്യമായ പല പദ്ധതികളും കോന്നി ഇക്കോ ടൂറിസം സെന്ററിൽ നടപ്പിലാക്കി വരുന്നുണ്ട്.

(സി) കോന്നി ഇക്കോ ടൂറിസം കേന്ദ്രത്തിൽ കുട്ടികളുടെ പാർക്ക് തുടങ്ങുന്നതാണ്. കൂടാതെ കോന്നിയിൽ നിന്ന് ഗവിയിലേക്ക് കണ്ടക്ടഡ് ടൂർ പദ്ധതിയും കോന്നിയിൽ നിന്ന് കാട്ടാത്തിപ്പാറയിലേക്ക് ട്രക്കിംഗ് പരിപാടിയും ഫലപ്രദമായി നടപ്പാക്കുന്നതാണ്. ഇക്കോ ഷോപ്പിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നിലവിലുള്ള കഫെറ്റീരിയയിൽ മിൽമയുടെ സഹായത്തോടെ മിൽമാ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കും സൗകര്യം ഒരുക്കുന്നുണ്ട്.

## പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ

85 (1872) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഇതിലേക്ക് സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും, ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ:

(ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിലേക്കായി ശ്രീമതി ജലജ.സി., ജലജ വിലാസം, ആശാരിമുക്ക്, പൂതക്കുളം, കൊല്ലം എന്നയാളുടെ അപേക്ഷ 16-7-2015-ന് 653/VIP/15 എന്ന നമ്പരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) അപേക്ഷകയുടെ മകൻ ആർ. അജിത്ത്, പാമ്പ് കടിയേറ്റു മരിച്ചതുമായി ബന്ധപ്പെട്ട് ടിയാൾ നൽകിയ അപേക്ഷയിന്മേൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ഈ കുടുംബത്തിന് ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനത്തിനുള്ളിൽ വച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരമായി അനന്തരാവകാശിക്ക് അഞ്ച് ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുകയാണെന്നുണ്ടെങ്കിൽ നഷ്ടപരിഹാരമായി അനന്തരാവകാശിക്ക് ഒരു ലക്ഷം രൂപയും വനം വകുപ്പ് നൽകിവരുന്നു. ആയതിലേക്ക് ചുവടെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. സംഭവസ്ഥലത്തിന്റെ അധികാര

പരിധിയിലുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

1. നിശ്ചിത ഫോമിലുള്ള അപേക്ഷ.
2. മെഡിക്കൽ സർട്ടിഫിക്കറ്റ്
3. പോസ്റ്റ്മോർട്ടം റിപ്പോർട്ട്
4. അപേക്ഷകന്റെ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്
5. പാമ്പുകടിയേറ്റ് മരണം സംഭവിച്ച വ്യക്തിയുടെ മരണസർട്ടിഫിക്കറ്റ്
6. അനന്തരാവകാശ സർട്ടിഫിക്കറ്റ്.

(ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിലേക്കായി ശ്രീമതി ജലജ സി., ആശാരിമുക്ക്, പൂതക്കുളം, കൊല്ലം എന്നയാളുടെ അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സുസ്ഥിര കേരളം പദ്ധതി**

86 (1873) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണം ലക്ഷ്യം വച്ച് സുസ്ഥിര കേരളം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ആയതു നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ 2014-15 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള "ഹരിതശ്രീ" പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് സുസ്ഥിര കേരളം (Sustainable Environment Plan for the Nature). പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ബയോഡൈവേഴ്സിറ്റി ബോർഡ്, കുടുംബശ്രീ, ജനശ്രീ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ

സഹകരണത്തോടെ പങ്കാളിത്ത പരിസ്ഥിതി പ്രവർത്തന പദ്ധതികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ബി) സംസ്ഥാനത്തിന്റെ ഹരിതാഭ വർദ്ധിപ്പിച്ചും ജൈവവൈവിദ്ധ്യം പരിപോഷിപ്പിച്ചും ആവാസവ്യവസ്ഥാ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഓരോ വ്യക്തിയും ഒരു മരമെങ്കിലും നടുകയും തുടർന്ന് അതിനെ പരിപാലിച്ച് അതിന്റെ അതിജീവനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ സുസ്ഥിര കേരളം പരിപാടിയിൻ കീഴിൽ 2014 ജൂൺ 5-ന് "ഹരിതശ്രീ" എന്ന പദ്ധതി ആവിഷ്കരിച്ച് രാവിലെ 10.30 മുതൽ 11.30 വരെയുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നതും ടി ഹരിതസമയത്തിനുള്ളിൽ സംസ്ഥാനത്തൊട്ടാകെ 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുള്ളതുമാണ്.

**സാമൂഹ്യ വനവത്കരണ പദ്ധതി**

87 (1874) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്കരണ പദ്ധതിയിലൂടെ പ്രധാനമായും ഏതെല്ലാം മരങ്ങളാണ് വളർത്തുന്നത് എന്ന് അറിയിക്കാമോ;

(ബി) ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്ന അക്കേഷ്യ പോലുള്ള മരങ്ങൾക്ക് പകരം ഫല വൃക്ഷങ്ങളായ മാവ്, പ്ലാവ് തുടങ്ങിയവ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവത്ക്കരണ പദ്ധതിയിലൂടെ 70-ഓളം ഇനം വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. ഇവയിൽ പ്രധാനമായും മാവ്, പ്ലാവ്, നെല്ലി, പേര, സപ്പോട്ട, റംബൂട്ടാൻ, സീതപ്പഴം, വുഡ് ആപ്പിൾ, മാതളം, വേപ്പ്, കാഞ്ഞിരം, ലക്ഷ്മിതരു, താന്നി തുടങ്ങിയ ഔഷധ തൈകളും തേക്ക്, മഹാഗണി, രക്തചന്ദനം മുതലായ വൃക്ഷത്തൈകളും ഉൾപ്പെടുന്നു.

(ബി) അക്കേഷ്യ പോലുള്ള മരങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നിലവിൽ നട്ടുപിടിപ്പിക്കുന്നില്ല. ഇപ്പോൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികളിൽ മാവ്, പ്ലാവ്, നെല്ലി, മാതളം തുടങ്ങിയ തദ്ദേശീയ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ട്.

**ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പ്രദേശങ്ങളിൽ**

## കാട്ടാന ശല്യം

88 (1875) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിൽ 2011-2016 കാലയളവിൽ കാട്ടാനകളുടെ ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ബി) പ്രദേശങ്ങളിൽ കാട്ടാന ശല്യം രൂക്ഷമായിട്ടും ആയത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കാനാവാത്ത സാഹചര്യം പരിശോധിക്കാമോ;

(സി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് കാട്ടാനകളുടെ ശല്യം ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കെല്ലാം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടോ; എത്രപേർ അപേക്ഷ നൽകിയിരുന്നു; എത്ര പേർക്ക് ധനസഹായം നൽകി എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) കാട്ടാനകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ആർക്കാണ് നൽകേണ്ടത്; എന്തൊക്കെ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം; വിശദാംശം നൽകാമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിൽ 2011-2016 കാലയളവിൽ കാട്ടാനയുടെ ആക്രമണത്തിൽ 11 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ബി) ടി വിഷയം പരിശോധിച്ചിട്ടുണ്ട്. 12-2-2016-ൽ ഇടുക്കി ജില്ലാ കളക്ടർ, മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ വനം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥ സംഘവും പ്രദേശത്തെ ജനപ്രതിനിധികളും ചേർന്ന് മൂലത്തുറയിൽ വച്ചും 16-2-2016-ൽ ശാന്തൻപാറ പഞ്ചായത്ത് ഹാളിൽവച്ചും യോഗം ചേർന്ന് ടി വിഷയത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് നൽകുകയുണ്ടായി.

(സി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് കാട്ടാനകളുടെ ശല്യം ഫലപ്രദമായി തടയുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ദേവികുളം റെയ്ഞ്ച് കേന്ദ്രീകരിച്ച് ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.

2. ഈ പ്രശ്നത്തിന്റെ ഗൗരവവും പരിഹാരമാർഗ്ഗങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ഒരു ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തു. കൂടാതെ പ്രാദേശിക നെറ്റ്വർക്കുകളിലൂടെയും പ്രചരണം നടത്തി.

3. ആനകളെ നിരീക്ഷിക്കുന്നതിനും അവയുടെ നീക്കങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനും വാച്ചർമാരെ നിയമിച്ചു. വനപാലകർ രാത്രികാല ങ്ങളിൽ ഈ മേഖലകളിലൂടെ പട്രോളിംഗ് നടത്തിവരുന്നു.

4. എം.പി., എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(ഡി) കാട്ടാനയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചതിന് നഷ്ട പരിഹാരത്തിനായി ലഭിച്ച 9 അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഒരു കേസ്സിൽ ആശ്രിതരില്ലാത്തതിനാൽ അപേക്ഷ ലഭിച്ചിട്ടില്ല. ഒരു അപേക്ഷയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

(ഇ) കാട്ടാനകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ച തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തെ അധികാരപരിധിയുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ., റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പുകൾ, അനന്തരാവകാശ സർട്ടിഫിക്കറ്റ്, 100 രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

### സാമൂഹ്യ വനവൽക്കരണ പദ്ധതി

89 (1876) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം വച്ച് പിടിപ്പിക്കുന്ന വൃക്ഷത്തൈകൾ നഷ്ടപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വച്ച് പിടിപ്പിക്കുന്നത് ഫലവൃക്ഷത്തൈകൾ ആക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്ന തൈകൾക്ക് നിരന്തരമായ സംരക്ഷണവും മേൽനോട്ടവും ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ നഷ്ടപ്പെട്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും വിധത്തിൽ തൈകൾ നശിച്ചുപോയാൽ പോക്കുതൈകൾ മാറ്റിവയ്ക്കുന്നതിലേക്കായി തുടർന്നും തൈകൾ വിതരണം ചെയ്യാറുണ്ട്.

(ബി) ഇപ്പോൾ നടപ്പിലാക്കിവരുന്ന പ്രധാന സാമൂഹ്യ വനവൽക്കരണ പദ്ധതിയായ ഹരിത കേരളം പദ്ധതിയിൽ മാവ്, പ്ലാവ്, മാതളം, ഞാവൽ മുതലായ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഹരിതകേരളം പദ്ധതിയിൻകീഴിൽ 'എന്റെ മരം', 'നമ്മുടെ മരം', 'വഴിയോരത്തണൽ' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷത്തൈകളുടെ പരിപാലനം വിലയിരുത്തുന്നതിന് അതത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, പി.റ്റി.എ. പ്രസിഡന്റ്, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ട തൈകൾ ട്രീ ഗാർഡ് വച്ച് സംരക്ഷിക്കു കയും ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്.

**വനദീപ്തി പദ്ധതി**

90 (1877) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടു സ്ഥലങ്ങളിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ടി പ്രദേശത്ത് ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുപാടുമുള്ള പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയുവാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ജില്ലാ തലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ ഡിവിഷനുകളുടെ കീഴിൽ വരുന്ന വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

**ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നതിനുള്ള അനുമതി**

91 (1878) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് പ്രത്യേക അനുവാദം അഭ്യർത്ഥിച്ചുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കാൻ കഴിയാത്തതിനാൽ ആദിവാസികൾ ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ;

(സി) മുൻകാലങ്ങളിൽ നൽകുന്നതുപോലെ ക്ലോഷർ സമയം ഈറ്റ ശേഖരിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ലോഷർ പിരീഡിൽ ഈറ്റ വെട്ടുന്നതിന് അനുവാദം ചോദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31-5-2016-ലെ കത്ത് പ്രകാരം ക്ലോഷർ പിരീഡായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ ശേഖരിക്കുന്നതിനുള്ള അനുമതി ഈ വർഷവും ആഗസ്റ്റ് 31 വരെ നീട്ടി നൽകണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഈറ്റ വെട്ടാൻ കഴിയാതെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നത് ഈ ശേഖരണ കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റു മാസങ്ങളിൽ ആവശ്യമുള്ളത്ര ഈറ്റ വെട്ടുന്നതിന് കോർപ്പറേഷന് അനുമതി നൽകാറുണ്ട്. അത് സംഭരിക്കാമെങ്കിൽ ക്ലോഷർ പിരീഡിൽ ഈറ്റ വെട്ടാൻ കഴിയാത്തത് തൊഴിലാളികൾക്ക് ഒരു ബുദ്ധിമുട്ടാവുകയില്ല.

(സി) ക്ലോഷർ പിരീഡിൽ ഈറ്റ വെട്ടുമ്പോൾ അതിന്റെ പുതുനാമ്പുകൾ നശിക്കുകയും ഈറ്റ സമ്പത്തിന് ഉന്മൂലനാശം സംഭവിക്കുകയും ചെയ്യുമെന്നതിനാൽ ക്ലോഷർ പിരീഡ് ഒഴികെയുള്ള ഒൻപത് മാസവും വേണ്ടത്ര ഈറ്റ വെട്ടുന്നതിന് അനുമതി നൽകാറുണ്ട്. ക്ലോഷർ പിരീഡിൽ മാത്രമേ നിയന്ത്രണം ഏർപ്പെടുത്താറുള്ളൂ.

8-7-2016-ലെ സ.ഉ.(സാധാ) 266/2016/വനം നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള കരാർ വ്യവസ്ഥകൾക്ക് വിധേയമായി വരും വർഷങ്ങളിൽ ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരണം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ഈറ്റയുടെ പുനരുൽപ്പാദനത്തെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ 2016-ലെ ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## കാർഷിക മേഖലകളിൽ കാട്ടാനശല്യം

92 (1879) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലകളിൽ കാട്ടാനകൾ ഇറങ്ങി വിളനാശവും, ആൾനാശവും ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിൻമേൽ എന്തു നടപടിയാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കാർഷിക മേഖലകളിൽ കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശവും ആൾനാശവും ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ

ട്ട വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൂടാതെ, പ്രശ്നബാധിത മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാട്ടാനകൾ നാട്ടിലേക്കിറങ്ങാതിരിക്കാൻ മതിൽ, കിടങ്ങ്, സൗരോർജ്ജ വേലി എന്നിവ നിർമ്മിക്കുന്നുണ്ട്.

**വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ സാദ്ധ്യത**

93 (1880) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ സാദ്ധ്യത ലക്ഷ്യമിട്ട് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദമാക്കാമോ?

ഉത്തരം

(എ) വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ/ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി പങ്കാളിത്ത വനപരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വന സംരക്ഷണ വനപരിപാലന പ്രവർത്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ദേശീയ വന വൽക്കരണ പരിപാടി, ദേശീയ ഔഷധ സസ്യ ബോർഡ്, ബാംബൂ മിഷൻ എന്നിവ വഴിയുള്ള പദ്ധതികളിലെ വനവൽക്കരണ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾ വഴി കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമപ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ സംസ്ഥാന പദ്ധതി വിഹിതത്തിലൂടെയും ടൂറിസം വകുപ്പിന്റെയും ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ മുഖേന വികസന പ്രവർത്തനങ്ങൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമപ്രവർത്തനങ്ങളും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്.

(ബി) വനവൽക്കരണ, വനസംരക്ഷണ പ്രവർത്തികളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ നൽകുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, അവരിൽ സ്വാശ്രയത്വം വളർത്തുക, അവരേയും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിലൂടെ അവർക്ക് വനത്തോടുള്ള ആശ്രിതത്വം കുറയ്ക്കുക, വനത്തിനോട് ടി വിഭാഗങ്ങൾക്ക് കൂടുതൽ ആഭിമുഖ്യം വളർത്തുക, അതിലൂടെ വനസംരക്ഷണം ഉറപ്പുവരുത്തുക എന്നിവയും പ്രധാന ലക്ഷ്യങ്ങളാണ്.

(സി) വനം വകുപ്പാസ്ഥാനത്തെ ഇക്കോ-ഡവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ വിഭാഗത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മുപ്പത്തിയാറ് വനവികാസ ഏജൻസികളുടെ അപ്പെക്സ് ബോഡിയായ സംസ്ഥാന വന വികസന ഏജൻസി വഴിയാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള മേൽപ്പറഞ്ഞ പദ്ധതികളുടെ അംഗീകാരം, ഫണ്ട് ലഭ്യത എന്നിവ ഉറപ്പാക്കുക, ഫീൽഡ് തലത്തിലെ പദ്ധതി നടത്തിപ്പ്, ധന വിനിയോഗം എന്നിവ അവലോകനം ചെയ്യുക, പദ്ധതി നടത്തിപ്പിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക, കൂടുതൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ ഭരണതലത്തിൽ കൈക്കൊണ്ടുവരുന്നു.

## കാട്ടുതീ പ്രതിരോധിക്കാൻ നടപടി

94 (1881) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര ഹെക്ടർ വനഭൂമിയാണ് കത്തിനശിക്കുന്നതായി കണക്കാക്കിയിട്ടുള്ളത്.വിശദമാക്കാമോ;

(ബി) ഓരോ വർഷവും ഇതിന്റെ കണക്ക് എത്രുവീതമാണെന്ന് വിശകലനം ചെയ്യാറുണ്ടോ;

(സി) വനഭൂമി കത്തിനശിച്ചതുമൂലം എത്ര രൂപയുടെ നഷ്ടമാണ് കഴിഞ്ഞവർഷം കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിക്കുന്ന തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## ഉത്തരം

(എ) 2013 മുതലുള്ള നാല് വർഷത്തെ കണക്കെടുത്താൽ ഒരു വർഷം ശരാശരി 1690.7 ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

| | | |
|---|---|---|
| 2013 | - | 1740.53 ഹെക്ടർ |
| 2014 | - | 1637.54 ഹെക്ടർ |
| 2015 | - | 1415.51 ഹെക്ടർ |
| 2016 | - | 1969.08 ഹെക്ടർ |

(സി) കഴിഞ്ഞവർഷം (2015) 35,420 രൂപയുടെ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) എല്ലാ ഡിവിഷനുകളിലെയും അംഗീകൃത ഹയർ മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ചിട്ടയായി നടത്തിവരുന്നുണ്ട്. ഇതിൽ ഫയർലൈൻ നിർമ്മാണം, ഫയർ വാച്ചർമാരെ നിയമിക്കൽ, കൺട്രോൾ ബേണിംഗ് എന്നീ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തുവരുന്നുണ്ട്. ആദിവാസി സമൂഹത്തിൽപ്പെട്ടവരെയും വനാശ്രിത സമൂഹത്തിൽ പെട്ടവരെയും ഫയർ വാച്ചർമാരായി നിയമിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. കൂടാതെ പൊതുജന പങ്കാളിത്തത്തോടെയുള്ള അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നുണ്ട്.

## ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസ്

95 (1882) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസിന് സ്വന്തമായി എത്ര സ്ഥലമുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരാണുള്ളതെന്ന് വിശദീകരിക്കാമോ;

(സി) ഫോറസ്റ്റ് വകുപ്പിന്റെ കൈവശമുള്ള ഈ ഭൂമിയിൽ കൈയ്യേറ്റമെന്തെങ്കിലും നടന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസിന് സ്വന്തമായി തൊണ്ണൂറ്റിയെട്ട് സെന്റ് സ്ഥലമുണ്ട്.

(ബി) ഇടപ്പള്ളി ഫോറസ്റ്റ് കോംപ്ലക്സിൽ സോഷ്യൽ ഫോറസ്ട്രി സർക്കിൾ ഓഫീസ്, എക്സ്റ്റൻഷൻ ഓഫീസ്, എറണാകുളം ഡിവിഷണൽ ഓഫീസ്, എറണാകുളം റെയ്ഞ്ച് ഓഫീസ്, ഇടപ്പള്ളി ഐ.ബി. എന്നിവിടങ്ങളിലായി അഞ്ച് താൽക്കാലിക ജീവനക്കാരടക്കം നാൽപ്പത്തിയാറ് ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(സി) ഫോറസ്റ്റ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയുടെ തൊട്ടടുത്ത ഭൂമിയുടെ ഉടമയുമായി ഒരു അതിർത്തി തർക്കം നിലവിലുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 8-7-2014-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ അധികൃതർ ഭൂമിയുടെ അതിർത്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആനക്കൊമ്പ് കേസ്സിലെ അന്വേഷണങ്ങൾ**

96 (1883) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജിബ്രൈറ്റ് അടക്കമുള്ള ആനക്കൊമ്പ് കേസിലെ പ്രതികളെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പരാതിയിന്മേലുള്ള അന്വേഷണ പുരോഗതിയും വിശദമാക്കാമോ ;

(ബി) വനം വകുപ്പല്ലാതെ ഇതുമായി ബന്ധപ്പട്ട കേസ്സുകൾ വേറെ ഏതെല്ലാം ഏജൻസികളാണ് അന്വേഷിക്കുന്നതെന്ന് വ്യക്താമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ബഹു. വനം വകുപ്പുന്ത്രി പ്രഖ്യാപിച്ച അന്വേഷണത്തിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അജിബ്രൈറ്റ് അടക്കമുള്ള ആനക്കൊമ്പ് കേസ്സിലെ പ്രതികളെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വനം വകുപ്പിൽ ഒരു പരാതിയും വനംവകുപ്പുമന്ത്രി മുമ്പാകെ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ 1026/2015 എന്ന നമ്പരിൽ ഒരു ക്രൈം കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വനം വകുപ്പിന് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമായി കണ്ടെത്തിയതിനാൽ തീർപ്പാക്കിയിട്ടുള്ളതാണ്. വനം വകുപ്പ് മന്ത്രി മുമ്പാകെ ശ്രീ. അജിബ്രൈറ്റിന്റെ മാതാവ് ശ്രീമതി ലീല സമർപ്പിച്ച ടി പരാതിയിന്മേൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, കേരളാ പോലീസ് എന്നിവരും ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കുന്നുണ്ട്.

(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിലൂടെ കടന്നുപോകുന്ന റോഡുകൾ**

97 (1884) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിലൂടെ കടന്നുപോകുന്ന റോഡുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ നിർമ്മിച്ചത് ഏത് വകുപ്പാണെന്നും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതാരാണെന്നും ഓരോ റോഡിന്റെയും അറ്റകുറ്റപ്പണി ഏറ്റവും ഒടുവിൽ ചെയ്തത് എന്നാണെന്നും അതിന് എന്ത് തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിലൂടെ 54 റോഡുകൾ കടന്നു പോകുന്നുണ്ട്.

(ബി) വനത്തിനുള്ളിലൂടെയുള്ള കൂപ്പ് റോഡുകൾ നിർമ്മിച്ചത് വനം വകുപ്പാണ്. അറ്റകുറ്റപ്പണികൾ പഞ്ചായത്തും പൊതുമരാമത്ത് വകുപ്പും വനം വകുപ്പും നടത്തിയിട്ടുണ്ട്. ഈ റോഡുകളുടെ അറ്റകുറ്റപ്പണി ഏറ്റവും ഒടുവിൽ ചെയ്തത് എന്നാണെന്നും അതിന് എന്ത് തുക ചെലവഴിച്ചു എന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു.

**അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് സ്ഥലം**

98 (1885) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് വനം വകുപ്പ്, സ്ഥലം വിട്ടു നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും എത്ര സ്ഥലമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനഭൂമി വിട്ടു നൽകാൻ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം വിട്ടു നൽകാനാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

(സി) വനമേഖലയിൽ ഒറ്റപ്പെട്ടു കഴിയുന്ന ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്ന അടത്തോട്ട് ട്രൈബൽ സ്കൂളിന് സ്ഥലം വിട്ടു നൽകാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി വനം ഡിവിഷന്റെ പരിധിയിൽ വരുന്ന അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂളിന് വനം വകുപ്പ് സ്ഥലം വിട്ടുനൽകണമെന്ന ആവശ്യം ജില്ലാ വികസന സമിതി യോഗങ്ങളിൽ ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാം ഉന്നയിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ യൂസർ ഏജൻസിയായ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ അപേക്ഷയിൽ ഒരു ഹെക്ടർ സ്ഥലമാണ് ആവശ്യ പെട്ടിട്ടുള്ളത്.

(ബി&സി) അട്ടത്തോട് ട്രൈബൽ സ്കൂളിന്റെ (പ്രൈമറി) വികസനത്തിനായി 0.5 ഹെക്ടർ സ്ഥലം 16-2-2016-ൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യൂസർ ഏജൻസിക്ക് വിട്ട് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പക്കലാണുള്ളത്.

## നഗരങ്ങളിലെ റോഡുകൾക്കിരുവശവും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് സംബന്ധിച്ച്

99 (1886) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ റോഡുകൾക്കിരുവശവും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജന പങ്കാളിത്തത്തോടെ പ്രസ്തുത പരിപാടി നടപ്പിലാക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഴിയോരത്തണൽ, അർബൻ ഫോറസ്ട്രി തുടങ്ങിയ പദ്ധതികൾ പ്രകാരം നഗരങ്ങളിലെ റോഡുകൾക്കിരുവശവും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പൊതുജനങ്ങളുടെയും സർക്കാർ ഇതര സംഘടനകളുടെയും പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

### ശംഖുകുളങ്ങര കാവ് സംരക്ഷിക്കാൻ നടപടി

100 (T*1887) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്തമായ കാവുകളെ സംരക്ഷിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടോ;

(ബി) കയ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ശംഖുകുളങ്ങര കാവ് സംരക്ഷിക്കുവാൻ നടപടിയെടുക്കാമോ?

ഉത്തരം

(എ) ഉണ്ട്. 12-9-2013 ലെ ജി.ഒ.(ആർറ്റി.) 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കാവ് സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിലും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അതാത് വർഷം അപേക്ഷകൾ ക്ഷണിക്കുകയും ടി അപേക്ഷ വിദഗ്ദ്ധസമിതി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ധനസഹായവും നൽകി വരുന്നു.

(ബി) 19-1-2016-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി തെരഞ്ഞെടുത്ത കാവുകളിൽ ഒന്നായ തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ശംഖുകുളങ്ങര കാവിന് മൈക്രോ പ്ലാൻ അനുസരിച്ച് തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽനിന്നും 2015-16 വർഷത്തിൽ 17000 രൂപ കാവ് സംരക്ഷണത്തിനായി അനുവദിച്ചിട്ടുണ്ട്.

### സംസ്ഥാനത്തെ വനഭൂമി

101 (1888) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ എത്ര ശതമാനം വനമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29.1% വനമുണ്ട്.

(ബി) സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ 1.479% ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ കടക്കുന്നതുമൂലമുള്ള വിപത്തുകൾ**

102 (1889) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ എത്ര വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ കടന്ന് നാശനഷ്ടമുണ്ടാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടു എന്നു വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ 6355 വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ കടന്ന് നാശനഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. കടുവ, പുലി, ആന, പന്നി, മാൻ എന്നീ വന്യമൃഗങ്ങളാണ് പ്രധാനമായും നാശനഷ്ടം ഉണ്ടാക്കിയിട്ടുള്ളത്.

(ബി) ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ 41 പേർ കൊല്ലപ്പെട്ടു.

(സി) വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

8. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

**വനഭൂമി സംരക്ഷണ സംവിധാനങ്ങൾ**

103 (1890) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്ര ഏക്കർ വീതം വനഭൂമിയുണ്ട്; വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും എത്ര ഏക്കർ വനഭൂമിവീതം ആൾക്കാർ കയ്യേറിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള വനഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം | |
|---|---|---|---|
| | | ഏക്കറിൽ | ഹെക്ടറിൽ |
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 114615.73 | 46383.41 |
| 2 | കൊല്ലം | 207708.36 | 84056.72 |
| 3 | പത്തനംതിട്ട | 379008.09 | 153379.37 |
| 4 | കോട്ടയം | 24919.3 | 10084.5 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | എറണാകുളം | 203572.56 | 82383.02 |
| 6 | ഇടുക്കി | 670574.42 | 271372.26 |
| 7 | തൃശ്ശൂർ | 252727.06 | 102275.17 |
| 8 | പാലക്കാട് | 377417.4 | 152735.64 |
| 9 | മലപ്പുറം | 178883.78 | 72391.81 |
| 10 | കോഴിക്കോട് | 71771.99 | 29045.14 |
| 11 | വയനാട് | 224135.28 | 90704.47 |
| 12 | കണ്ണൂർ | 59693.55 | 24157.16 |
| 13 | കാസർഗോഡ് | 29585.98 | 11973.04 |
| | ആകെ | 2794613.5 | 1130941.71 |

(ബി) ഓരോ ജില്ലയിലും അനധികൃതമായി കയ്യേറിയതായി കണ്ടെത്തിയ വനഭൂമിയുടെ 31-3-2016 വരെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## വന്യജീവികളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ

104 (1891) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

ഉത്തരം

വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 1980 - ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ജി.ഒ.(എംഎസ്.)നമ്പർ 96/2014/വനം തീയതി 17-11-2014 പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി ഉണ്ടായാൽ ആശ്രിതർക്ക് 5 ലക്ഷം രൂപയും കാടിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ നഷ്ടപരിഹാരം ലഭിക്കുന്നതിനായി പരേതന്റെ ആശ്രിതർ നിശ്ചിത ഫോമിൽ, റവന്യൂ അധികാരിയിൽ നിന്നുള്ള അന്തരാവകാശ സർട്ടിഫിക്കറ്റും പരേതന്റെ മരണ സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട ഫോറസ്റ്റ് റെയ്ഞ്ചാഫീസിൽ സംഭവം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെയ്ഞ്ച് ഫോറസ്റ്റാഫീസർ അന്വേഷണം നടത്തി ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം അർഹതപ്പെട്ട തുക നൽകുന്നതിനായുള്ള നടപടി ഉത്തരവ് ഡിവിഷണൽ ഫോറസ്റ്റാഫീസർ പുറപ്പെടുവിക്കുന്നു.

## കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷൻ റോഡ്

105 (1892) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷന്റെ മുൻഭാഗത്തുള്ള റോഡ് പൂർണ്ണമായും തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ തകർന്നു കിടക്കുന്ന ഈ ഭാഗത്ത് ഒരു പാലത്തിൻെറ ആവശ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പാലം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷനു മുന്നിലെ റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റേഷനു മുന്നിലെ ഭാഗത്ത് ഒരു പാലത്തിന്റെ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിലെ Annual Plan of Operation-ൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും 1980- ലെ വനസംരക്ഷണ നിയമപ്രകാരം ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്കും മാത്രമെ പാലം പണിയുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ..

(ഡി) പ്രസ്തുത റോഡിന്റെ മെറ്റലിംഗ് ജോലികൾ മൂന്ന് റീച്ചായി താഴെ പറയും പ്രകാരം ചെയ്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ചെലവായ തുക |
|---|---|
| 2007-08 | 3,98,236 |
| 2008-09 | 3,58,850 |
| 2009-10 | 4,44,570 |

**വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിന് കേന്ദ്രസഹായം**

106 (1893) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ആധുനികവല്കരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്രകോടിയുടെ വീതം സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) വനവാസികളായ പട്ടികവർഗ്ഗവിഭാഗങ്ങളുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം തേടിയിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേക്ക് 1642.50 ലക്ഷം രൂപ 14-ാം ധനകാര്യ കമ്മീഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെട്ട അർഹതപ്പെട്ട 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 80 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിലായി 17.80 കോടി രൂപ കേന്ദ്രസർക്കാർ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് 185 കുടുംബങ്ങളെ വന്യജീവി സങ്കേതത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. പുനരധിവസിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. പദ്ധതിയുടെ

ബാക്കി വിഹിതമായ 62.20 കോടി രൂപ ഒരു തവണയായി ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ 6-4-2015-ലെ 12829/D2/2014-F&WLD നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊട്ടങ്കര, അരക്കഞ്ചി, വെള്ളക്കോട്, കുറിച്യാട് എന്നീ സെറ്റിൽമെന്റുകളിൽ നിന്ന് യഥാക്രമം 29, 20, 64, 4, 2, 66 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആകെ 185 കുടുംബങ്ങളിൽ 167 പേർക്ക് 10 ലക്ഷം രൂപ വീതവും 18 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 6 ലക്ഷം രൂപ വീതവും നൽകിയതിലൂടെ 17.78 കോടി രൂപ ആകെ നൽകിയിട്ടുണ്ട്. 17-7-2015-ലെ ഉത്തവ് പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കടമായി ലഭിച്ച 7.4 കോടി രൂപ ഉപയോഗിച്ച് കുറിച്യാട്, ഈശ്വരക്കൊല്ലി, നരിമാന്തിക്കൊല്ലി സെറ്റിൽമെന്റുകളിലെ ആദിവാസികളെ പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2015-16-ൽ ലഭിച്ച 2.7 കോടി രൂപ ഉൾപ്പെടെ ആകെ 20.5 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 100 കോടി രൂപയും വനവാസികളായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപയും വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 200 കോടി രൂപയും കേന്ദ്ര സഹായമായി ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടാതെ വനത്തിനുള്ളിൽ വസിക്കുന്ന ജനങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള പാക്കേജിൽ കൂടുതൽ തുക അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയാൻ നടപടി

107 (1894) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഉപദ്രവം ചെയ്ത എത്ര കേസുകൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; എത്ര രൂപ നഷ്ടപരിഹാരമായി നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാതിരിക്കാൻ വനാതിർത്തിയിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് പൂർണ്ണമായും തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഉപദ്രവം ചെയ്യതുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യാറില്ല. നഷ്ടപരിഹാരമായി നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരത്തിനായി അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 138 | 15,93,540 |
| കൊല്ലം | 217 | 20,65,311 |
| പത്തനംതിട്ട | 84 | 11,58,311 |
| ആലപ്പുഴ | 5 | 4,47,760 |
| കോട്ടയം | 28 | 11,51,732 |
| ഇടുക്കി | 415 | 39,69,479 |
| എറണാകുളം | 83 | 31,07,426 |
| തൃശ്ശൂർ | 169 | 11,44,610 |
| പാലക്കാട് | 436 | 77,43,703 |
| മലപ്പുറം | 213 | 29,18,000 |
| വയനാട് | 3840 | 1,94,39,111 |
| കോഴിക്കോട് | 165 | 12,40,937 |
| കണ്ണൂർ | 572 | 39,41,577 |
| കാസർഗോഡ് | 404 | 82,15,445 |

(ബി) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയാൻ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വനാതിർത്തിയിൽ നിലവിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം

4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ

7. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

8. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങാതിരിക്കാൻ സ്വീകരിച്ചുവരുന്ന മേൽനടപടികൾ കൂടുതൽ കാര്യക്ഷമതയോടെ തുടർന്നും നടപ്പിലാക്കുന്നതാണ്.

(സി) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയാൻ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പ്**

108 (1895) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ ഏകദേശ അളവ് എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇവ സൂക്ഷിക്കുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) ആനക്കൊമ്പ് കത്തിച്ചുകളയാനാണോ മ്യൂസിയത്തിൽ സൂക്ഷിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ ഏകദേശ അളവ് ഒമ്പത് ടൺ ആണ്.

(ബി) വനം വകുപ്പ് ആസ്ഥാനത്തുള്ള സ്ട്രോംഗ് റൂമിലും ജില്ലാ ട്രഷറികളിലും വനം റെയ്ഞ്ച് ഓഫീസുകളിലെ സ്ട്രോംഗ് റൂമിലുമാണ് ആനക്കൊമ്പുകൾ സൂക്ഷിക്കുന്നത്.

(സി) വനംവകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് നാളിതുവരെ നിർദ്ദേശങ്ങളൊന്നും കേന്ദ്രസർക്കാർ നൽകിയിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ**

109 (1896) <u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതൊക്കെ റെയിഞ്ചുകളിലാണ് ഈ വിധം ജഡങ്ങൾ കണ്ടെത്തിയതെന്നും എത്ര ജഡങ്ങൾ ഇതിനകം കണ്ടെത്തിയെന്നും വെളിപ്പെടുത്താമോ ;

(സി) സംഭവത്തെക്കുറിച്ച് ഏതെങ്കിലും തലത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആരാണ് അന്വേഷണത്തിന് ഉത്തരവിട്ടതെന്നും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(ഇ) അന്വേഷണത്തിൽ ഇതിനകം കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ കണ്ടെത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഈസ്റ്റ് ഡിവിഷനിൽപ്പെട്ട തേക്കടി, പെരിയാർ, വള്ളക്കടവ് റെയ്ഞ്ചുകളിലായി 2016 ജനവരി 1 മുതൽ 2016 ജൂലൈ 12 വരെ 7 എണ്ണവും പെരിയാർ വെസ്റ്റ് ഡിവിഷനിൽപ്പെട്ട അഴുത, പമ്പ റെയ്ഞ്ചുകളിലായി 2015-16 വർഷങ്ങളിൽ 6 എണ്ണവും നാളിതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം സ്വാഭാവിക മരണം സംഭവിച്ച പിടിയാനകളാണ്.

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ വകുപ്പ് തലത്തിൽ പ്രാഥമിക അന്വേഷണം നടത്തി കാരണം കണ്ടെത്തിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്. മേൽ സൂചിപ്പിച്ച കേസ്സുകളെല്ലാം തന്നെ സ്വാഭാവിക മരണമാണെന്ന് കണ്ടെത്തുകയും പോസ്റ്റുമോർട്ടം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ഡി &ഇ) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

## പക്ഷികളുടെ ആവാസകേന്ദ്രങ്ങളുടെ സംരക്ഷണം

110 (1897) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശാടപക്ഷികളുടെയും മറ്റ് പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളായി മാറുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സർവ്വേകൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ;

(ബി) ദേശാടന പക്ഷികളുടെയും മറ്റ് അപൂർവ്വ ഇനം പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളാകുന്ന പ്രദേശങ്ങളുടെ പ്രത്യേകതകൾ നിലനിർത്തുന്നതിനും ഇവയ്ക്കാവശ്യമായ അനുകൂല സാഹചര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കാമോ;

(സി) ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശാടനപക്ഷികളുടെയും മറ്റ് പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളായി മാറുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് പക്ഷി സർവ്വേകൾ നടത്താറുണ്ട്. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുമായി സഹകരിച്ച് വെള്ളാണിക്കര ഫോറസ്ട്രി കോളേജ് പക്ഷിസർവ്വേയും നാട്ടുപക്ഷി നിരീക്ഷണവും നടത്തിയിട്ടുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ദേശാടന പക്ഷികളുടെയും മറ്റു പക്ഷികളുടെയും സർവ്വേകൾ കൊച്ചിൻ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയുടെ സഹായത്തോടെ നടത്താറുണ്ട്. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ, പെരിയാർ വെസ്റ്റ് ഡിവിഷൻ എന്നിവിടങ്ങളിലും ഇത്തരം സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) ദേശാടനപക്ഷികളും മറ്റ് അപൂർവ്വയിനം പക്ഷികളും മിക്കവാറും നീർത്തടങ്ങളിലും കണ്ടൽ പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പക്ഷികളെ വേട്ടയാടുന്നതും ഉപദ്രവിക്കുന്നതും തടയുന്നതിനായും അതിന്റെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യ ത്തെക്കുറിച്ചും തദ്ദേശ വാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നുണ്ട്. ദേശാടന പക്ഷികളുടെയും മറ്റ് അപൂർവ്വ ഇനം പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളാകുന്ന പ്രദേശങ്ങളുടെ പ്രത്യേകതകൾ നിലനിർത്തുന്നതിനും ഇവയ്ക്കാവശ്യമായ അനുകൂല സാഹചര്യമൊരുക്കുന്നതിനും സ്വീകരിച്ചുവരുന്ന ഇത്തരം നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ തുടരുന്നതാണ്.

(സി) സ്വകാര്യ വ്യക്തികളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും അധീനതയിലുള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണം വനം വകുപ്പിന് പൂർണ്ണമായും ഏറ്റെടുക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിലും ഇതിനായി സാധ്യമായ നടപടികൾ സ്വീകരിക്കും. വനം വകുപ്പിന്റെ കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലും കുമരകത്തും പക്ഷികളുടെ ആവാസ കേന്ദ്രങ്ങൾ സംരക്ഷിച്ചുവരുന്നു.

## കാട്ടുപന്നി ആക്രമണത്തിന് നഷ്ടപരിഹാരം

111 (1898) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ കാട്ടുപന്നി ആക്രമണത്തിൽ മരണപ്പെട്ട കീലത്ത് അബ്ദുസ്സലാമിന്റെ കുടുംബത്തിന് മുൻ സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം ലഭ്യക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കാട്ടുപന്നി ആക്രമണത്തിൽ മരിച്ച കീലത്ത് അബ്ദുസ്സലാമിന്റെ കുടുംബത്തിന് മുൻസർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം നൽകാൻ കഴിയാതിരുന്നത്.

(ബി) കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 4-7-2016-ലെ ജി2-1892/15 നമ്പർ ഉത്തരവുപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക അനന്തരാവകാശിക്ക് ലഭിക്കുന്നതിന് കോഴിക്കോട് ജില്ലാ ട്രഷറി മുഖാന്തരം അപേക്ഷകയുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം - നഷ്ടപരിഹാരം

112 (1899) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇപ്പോഴത്തെ നടപടികൾ ഉദ്ദേശിച്ച ഫലം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ മറ്റെന്തെങ്കിലും നടപടികളെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ;

(ബി) വന്യജീവികളുടെ ആക്രമണമുണ്ടായാലും കൃഷിനാശം സംഭവിച്ചാലും എത്ര ദിവസത്തിനുള്ളിലാണ് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നത്; കഴിഞ്ഞ അഞ്ച് വർഷം വിതരണം ചെയ്ത നഷ്ടപരിഹാരങ്ങളുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ; ഈ ഇനത്തിൽ ആർക്കെങ്കിലും തുക നൽകാൻ ബാക്കിയുണ്ടോ; വ്യക്തമാക്കുമോ;

(സി) പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് നൽകിവരുന്നത്; കഴിഞ്ഞ അഞ്ച് വർഷം നൽകിയ തുകയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ; ഈ ഇനത്തിൽ ആർക്കെങ്കിലും തുക നൽകാൻ ബാക്കിയുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ആനയുടെ കുത്തേറ്റ് മരിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണ്; കഴിഞ്ഞ അഞ്ച് വർഷം നൽകിയ തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഇനത്തിൽ ആർക്കെങ്കിലും തുക നൽകാൻ ബാക്കിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ

7. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

8. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

ഈ നടപടികൾ സ്വീകരിച്ച പ്രദേശങ്ങളിൽ ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ട്. കൂടാതെ റെയിൽ ഫെൻസിംഗ്, വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് അറിഞ്ഞാൽ പ്രദേശവാസികളെ അറിയിക്കുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിന്റെ സാധ്യത പഠിച്ചുവരുന്നു.

(ബി) അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനകം അപേക്ഷ തീർപ്പാക്കും. കഴിഞ്ഞ 5 വർഷം വിതരണം ചെയ്ത നഷ്ടപരിഹാരങ്ങളുടെ കണക്ക് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | നഷ്ടപരിഹാരമായി അനുവദിച്ച തുക (രൂപയിൽ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 35,60,604 |
| കൊല്ലം | 66,87,730 |
| പത്തനംതിട്ട | 48,44,512 |
| ആലപ്പുഴ | 25,13,240 |
| കോട്ടയം | 28,00,171 |
| ഇടുക്കി | 2,03,88,648 |

| (1) | (2) |
|---|---|
| എറണാകുളം | 91,27,935 |
| തൃശ്ശൂർ | 82,70,589 |
| പാലക്കാട് | 3,24,32,766 |
| മലപ്പുറം | 1,92,76,822 |
| വയനാട് | 10,86,80,314 |
| കോഴിക്കോട് | 98,38,340 |
| കണ്ണൂർ | 3,77,47,209 |
| കാസർഗോഡ് | 1,02,74,626 |

ഈ ഇനത്തിൽ 411 പേർക്ക് തുക നൽകാൻ ബാക്കിയുണ്ട്.

(സി) ജി.ഒ.(എംഎസ്.) 96/2014 /വനം തീയതി 17-11-2014 പ്രകാരം വന്യജീവികളുടെ ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. കഴിഞ്ഞ 5 വർഷം നൽകിയ തുകയുടെ കണക്കിന്റെ ജില്ല തിരിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു :

| ജില്ല | വിതരണം ചെയ്ത തുക (രൂപയിൽ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 88,00,000 |
| കൊല്ലം | 41,00,000 |
| പത്തനംതിട്ട | 18,70,000 |
| ആലപ്പുഴ | 14,00,000 |
| കോട്ടയം | 13,00,000 |
| ഇടുക്കി | 20,00,000 |
| എറണാകുളം | 22,00,000 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 93,00,000 |
| പാലക്കാട് | 79,00,000 |
| മലപ്പുറം | 44,00,000 |
| കോഴിക്കോട് | 24,00,000 |
| വയനാട് | 6,00,000 |
| കണ്ണൂർ | 62,00,000 |
| കാസർഗോഡ് | 17,00,000 |

ഈ ഇനത്തിൽ എൺപത് പേർക്ക് തുക നൽകാൻ ബാക്കിയുണ്ട്.

(ഡി) കാട്ടാനയുടെ ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് ജി.ഒ. (എംഎസ്.)96/2014/ വനം തീയതി 17-11-2014 പ്രകാരം 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു. കഴിഞ്ഞ 5 വർഷം നൽകിയ തുകയുടെ കണക്കിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | വിതരണം ചെയ്ത തുക (രൂപയിൽ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 3,00,000 |
| കൊല്ലം | 11,00,000 |
| പത്തനംതിട്ട | 5,00,000 |
| ആലപ്പുഴ | -- |
| കോട്ടയം | -- |
| ഇടുക്കി | 53,87,400 |
| എറണാകുളം | 4,00,000 |
| തൃശ്ശൂർ | 6,00,000 |

| (1) | (2) |
|---|---|
| പാലക്കാട് | 51,35,000 |
| മലപ്പുറം | 25,00,000 |
| കോഴിക്കോട് | -- |
| വയനാട് | 47,00,000 |
| കണ്ണൂർ | 8,00,000 |
| കാസർഗോഡ് | -- |

ഈ ഇനത്തിൽ പത്ത് പേർക്ക് തുക നൽകാൻ ബാക്കിയുണ്ട്.

**ആട് വളർത്തലിന് സബ്സിഡി**

113 (1900) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ആട് വളർത്തലിന് സബ്സിഡി നൽകാൻ ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ആട് ഫാമുകളും രണ്ട് ആട്ടുവളർത്തൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ആയവ ചുവടെ ചേർക്കുന്നു :

ആട് ഫാം

1. ഗോട്ട് ഫാം, പാറശ്ശാല
2. ഗോട്ട് ഫാം, അട്ടപ്പാടി
3. ഗോട്ട് ഫാം, കൊമേരി.

<u>ആട് വളർത്തൽ യൂണിറ്റുകൾ</u>

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്

2. ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല.

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികളിൽ ലഭ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 1.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ആട് വളർത്തലിന് സബ്സിഡി സഹായം മൃഗസംരക്ഷണ വകുപ്പ് നൽകുന്നുണ്ട്. അഞ്ച് പെൺ ആടും ഒരു ആൺ ആടും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കാൻ കർഷകന് 25000 രൂപ സബ്സിഡി സഹായമായി നൽകുന്നു. 2016-17-ൽ ഇത്തരം 680 യൂണിറ്റുകൾ സ്ഥാപിക്കുവാനായി 1.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഇറച്ചിക്കോഴി ഉല്പാദന സംസ്കരണ വിപണന കേന്ദ്രങ്ങൾ**

114(1901) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കോഴിയിറച്ചി വിപണന കേന്ദ്രങ്ങൾ എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും സംസ്കരണ വിപണന കേന്ദ്രങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) കേരളത്തിലെ ഇറച്ചിക്കോഴി കർഷകരിൽ നിന്നും മികച്ച വില നൽകി കോഴിയിറച്ചി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) എല്ലാ ജില്ലകളിലും പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഇറച്ചിക്കോഴി ഉൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആസ്ഥാന കേന്ദ്രമായ പേട്ടയിൽ പ്രധാന വിപണനശാല പ്രവർത്തിക്കുന്നു. അതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കെപ്കോ ഏജൻസികളും കെപ്കോ കോഴിയിറച്ചിയുടെ വിപണനകേന്ദ്രങ്ങളാണ്. പേരൂർക്കട, പട്ടം, ശ്രീകാര്യം,

നാലാഞ്ചിറ കിളിമാനൂർ, കരമന, മെഡിക്കൽ കോളേജ്, വർക്കല, വെട്ടുകാട്, പേയാട്, വാളിക്കോട്, വട്ടിയൂർക്കാവ്, കല്ലമ്പലം, മുട്ടട, ഏണിക്കര, ആയുർവേദ കോളേജ്, ആറ്റിങ്ങൽ, കുമാരപുരം, ചിറയിൻകീഴ്, സ്റ്റേഷൻ കടവ്, മണ്ണന്തല, നെയ്യാറ്റിൻകര, വെട്ടുകാട് എം.ആർ.ജംഗ്ഷൻ,കാഞ്ഞിരംപാറ.

(ബി) ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് സംസ്കരണ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) കെപ്കോയുടെ കീഴിൽ മറ്റ് ജില്ലകളിൽ ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം ആരംഭിക്കുമ്പോൾ അവിടെ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഇന്റഗ്രേഷൻ വ്യവസ്ഥയിൽ, കർഷകരുടെ സ്വന്തം ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെയാണ് കെപ്കോ കോഴിയിറച്ചിക്കായി ഉപയോഗിക്കുന്നത്. ഇപ്രകാരം കോഴികൾ മതിയാകാതെ വരുന്ന സന്ദർഭത്തിൽ ഇറച്ചിക്കോഴി കർഷകർക്ക് അവരുടെ പക്കലുള്ള കോഴികളെ കെപ്കോയ്ക്ക് വിൽക്കാവുന്നതാണ്.

(ഇ) എല്ലാ ജില്ലകളിലും ഇറച്ചിക്കോഴി ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല.

## കോഴിത്തീറ്റ ഫാക്ടറിയുടെ പ്രതിദിന ഉൽപ്പാദനക്ഷമതയും പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന തീറ്റയുടെ അളവും

115(1902) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ കൊട്ടിയം കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുള്ള കോഴിത്തീറ്റ ഫാക്ടറിയുടെ പ്രതിദിന ഉല്പാദനക്ഷമതയും ഇപ്പോൾ പ്രതിദിനം ഉല്പാദിപ്പിക്കുന്ന തീറ്റയുടെ അളവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; ഇതിൽ സ്ഥിര നിയമനം ലഭിച്ചവർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ;

(സി) ദിവസവേതന അടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന ജീവനക്കാർ എത്ര പേർ ഉണ്ടെന്നും, ഏതൊക്കെ തസ്തികകളിൽ എന്നു മുതൽ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനം ഇപ്പോൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കൊട്ടിയത്ത് സ്ഥാപിച്ചിരിക്കുന്ന കോഴിത്തീറ്റ ഫാക്ടറിയുടെ പ്രതിദിന ഉൽപ്പാദനക്ഷമത പത്ത് ടണ്ണും ഇപ്പോഴത്തെ പ്രതിദിന ശരാശരി ഉൽപ്പാദനം ഏഴ് ടണ്ണമാണ്.

(ബി) ഈ സ്ഥാപനത്തിൽ ഇരുപത്തിയെട്ട് പേർ ജോലി ചെയ്യുന്നു. ഇതിൽ ഹാച്ചറി വർക്കർ തസ്തികയിൽ ജോലി ചെയ്യുന്ന രണ്ടുപേർ സ്ഥിര നിയമനം ലഭിച്ചവരാണ്.

(സി) കൊട്ടിയം പൗൾട്രി കോംപ്ലക്സിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഇരുപത്തിനാലുപേരും രണ്ട് പേർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. തസ്തികകളുടെയും എന്നുമുതൽ ജോലി ചെയ്യുന്നുയെന്നുള്ള വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിയും ഈ കോർപ്പറേഷന്റെ കീഴിലുള്ള കെപ്കോ ഇന്റഗ്രേഷൻ ഫാമുകളിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയുമാണ് ഈ സ്ഥാപനത്തിൽ കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ തീറ്റ ഉൽപ്പാദിപ്പിക്കുന്നത് വാണിജ്യാടിസ്ഥാനത്തിലോ ലാഭനഷ്ടാടിസ്ഥാനത്തിലോ അല്ല.

**ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ ശോച്യാവസ്ഥ**

116 (1903) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ നിലവിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പുരോഗതിക്കാവശ്യമായ റിവോൾവിംഗ് ഫണ്ട്, ജീവനക്കാർ, മറ്റ് ഘടകങ്ങൾ എന്നിവ സജ്ജീകരിച്ച് പ്രസ്തുത ഹാച്ചറിയെ ശോച്യാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ഇപ്പോൾ പ്രവർത്തന യോഗ്യമല്ലാത്ത കെട്ടിടങ്ങളും സ്ഥലങ്ങളും പ്രയോജനപ്പെടുത്തി വെറ്ററിനറി കോളേജ് ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിന്റെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമാണ്.

(ബി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ ഫീഡ് കോമ്പൗണ്ടിംഗ് ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് 2006-07 വർഷത്തിനുശേഷം അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ ഓപ്പറേറ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഫീഡ് കോമ്പൗണ്ടിംഗ് ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ തീറ്റ ഘടക പദാർത്ഥങ്ങൾ കേരളാ സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യത്തിനുള്ള ജീവനക്കാർ ഇപ്പോൾ സെൻട്രൽ ഹാച്ചറിയിൽ ലഭ്യമാണ്.

(സി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ഇപ്പോൾ പ്രവർത്തന യോഗ്യമല്ലാത്ത കെട്ടിടങ്ങളില്ല. അവിടെ വെറ്ററിനറി കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

**കേരളാ ലൈവ്സറ്റോക്ക് ആക്ട് 1961**

117 (1904) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ആക്റ്റ് 1961, പ്രകാരം നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ല എന്ന നിയമം സംസ്ഥാനത്ത് നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ലെന്നും നിയമവിരുദ്ധമായി ബ്രീഡു ചെയ്യുകയാണെങ്കിൽ 3 മാസം വരെ ശിക്ഷ നൽകാവുന്നതാണെന്നും നിയമം അനുശാസിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ നിയമംമൂലം നാടൻ പശുക്കൾ, വംശനാശ ഭീഷണിയി ലാകുന്നതിനാൽ 1961 ലെ ലൈവ്സ്റ്റോക്ക് ആക്റ്റ് ഭേദഗതി ചെയ്ത് ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ലായെന്ന നിയമം സംസ്ഥാനത്ത് നിലവിലില്ല.

(ബി) നാടൻ പശുക്കളെ ബ്രീഡ് ചെയ്യിക്കുന്നതിന് ശിക്ഷ നൽകുന്ന തരത്തിൽ യാതൊരു നിയമവും നിലവിലില്ല. എന്നാൽ കേരളത്തിന്റെ കന്നുകാലി പ്രജനന നയത്തിന് വിരുദ്ധമായി, മൃഗസംരക്ഷണ വകുപ്പിന്റെ ലൈസൻസില്ലാതെ വിത്തുകാളയെ പ്രജനനത്തിനുപയോഗിച്ചാൽ പിഴ ശിക്ഷ ഈടാക്കുന്നതാണ്.

(സി) നാടൻ പശുക്കളെ വളർത്തുന്നതിന് നിയമതടസ്സമില്ല. നാടൻ പശുക്കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള ലൈവ്സ്റ്റോക്ക് ആക്ട് ഭേദഗതി ചെയ്യേണ്ടതില്ല. നാടൻ പശുക്കളുടെ വംശനാശഭീഷണി ഇല്ലാതാക്കുന്നതിനായി വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ബദിയഡുക്കയിൽ നാടൻ പശുക്കളുടെ ഒരു ഫാം ആരംഭിച്ചിട്ടുണ്ട്. അവിടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ ജനുസ്സുകളെ സംരക്ഷിച്ചുവരുന്നു. കേരളത്തിന്റെ തനത് നാടൻ ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വംശ വർദ്ധനവിനുവേണ്ടി ഇവയുടെ ഗാഢശീതീകരിച്ച ബീജം ആവശ്യമുള്ള കർഷകർക്ക് കെ.എൽ.ഡി. ബോർഡ്, മൃഗാശുപത്രികൾ വഴി ലഭ്യമാക്കി വരുന്നു. കൂടാതെ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കുന്ന പദ്ധതിപ്രകാരം ഈ ഇനം പശുക്കളുടെ സംരക്ഷണത്തിനുവേണ്ടി ഇവയെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ സഹായധനമായി പതിനായിരം രൂപ വീതം നൽകിവരുന്നു.

## വിതുര ചെറ്റച്ചൽ ജഴ്സി ഫാമിലെ ഡയറി സയൻസ് കോളേജിന്റെ നിർമ്മാണം

118 (1905) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര പഞ്ചായത്തിൽ ആരംഭിക്കുന്ന ഡയറി സയൻസ് കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളത്. വിശദമാക്കാമോ;

(ബി) ഡയറി സയൻസ് കോളേജിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഡയറി സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) വിതുര പഞ്ചായത്തിൽ ആരംഭിക്കുന്ന ഡയറി സയൻസ് കോളേജിന്റെ നിർമ്മാണത്തിന് ആർ.ഐ.ഡി.എഫ് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി എടുത്തുവരുന്നു. അതിനിടയിൽത്തന്നെ ഈ കോളേജിന്റെ പ്രവർത്തനം കരകുളം പഞ്ചായത്തിലെ കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സിൽ താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഡയറി സയൻസ് കോളേജിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിലെയും വെറ്ററിനറി സർവ്വകലാശാലയിലെയും ഉദ്യോഗസ്ഥർ അടങ്ങിയ സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പത്ത് ഏക്കർ സ്ഥലം ജഴ്സി ഫാമിൽനിന്ന് സർവ്വകലാശാലയ്ക്ക് കൈമാറുവാൻ നടപടികൾ എടുത്തുവരുന്നു.

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ നടപടി എടുത്തുവരുന്നു.

## കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂരിൽ സ്ഥാപിച്ച കാലിത്തീറ്റ ഫാക്ടറി

119 (1906) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂരിൽ സ്ഥാപിച്ച കാലിത്തീറ്റ ഫാക്ടറി ഉത്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ബിൽഡിംഗ് നമ്പരും, വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കാലിത്തീറ്റ ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ട കെട്ടിട പെർമിറ്റ് പഞ്ചായത്തിൽനിന്ന് ലഭ്യമല്ലാത്തതിനാൽ ഉദ്ഘാടനത്തിനുശേഷം ഡീസൽ ജനറേറ്റർ ഉപയോഗിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദനം നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) പഞ്ചായത്തിൽനിന്നും കെട്ടിട പെർമിറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണ തോതിലുള്ള ഉത്പാദനം ആരംഭിക്കുന്നതാണ്.

## പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണമേന്മ

120 (1907) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ഗുണമേന്മ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിശോധനകളിൽ ഗുണമേന്മ കുറഞ്ഞതും മായം കലർന്നതുമായ ഉല്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്നും; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഉല്പന്നങ്ങളാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ വില്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ; ഏതെല്ലാം കമ്പനികൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷീരവികസന വകുപ്പിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാന തലത്തിൽ NABL അംഗീകാരമുള്ള തിരുവനന്തപുരം സ്റ്റേറ്റ് ഡയറി ലാബും ആലത്തൂരിൽ ഡയറി ലാബും നിലവിലുണ്ട്. കൂടാതെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബും ഉണ്ട്. കാസർഗോഡ്, കോട്ടയം ജില്ലകളിൽ മേഖലാ ലാബുകൾ സ്ഥാപിച്ചുവരുന്നു. മിൽമ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സുസജ്ജമായ ഗുണനിലവാര പരിശോധനാ ലാബുകൾ മിൽമയുടെ കീഴിലുള്ള എല്ലാ ഡയറികളിലും സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ ഹെവി മെറ്റൽസ്, ആന്റിബയോട്ടിക്സ് പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും മിൽമ നടത്തിവരുന്നു.

(ബി) ക്ഷീരവികസന വകുപ്പിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ അതാതു ജില്ലകളിൽ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ വിധ ബ്രാൻഡ് പാൽ സാമ്പിളുകൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിക്കുന്നു. ഓരോ മാസവും ടി റിപ്പോർട്ടുകൾ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ നൽകുകയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാരിനും ഫുഡ് സേഫ്റ്റി കമ്മീഷണർക്കും നൽകുന്നു. മിൽമ കൃത്യമായ ഇടവേളകളിൽ മിൽമയുടെ ലാബുകളിലും ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

(സി) ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾ കണ്ടെത്തിയിട്ടുണ്ട്. മാത്രവുമല്ല ഹെറിറ്റേജ്, ജേഷ്മ, ലയ തുടങ്ങിയ ബ്രാൻഡുകളിലുള്ള പാലുകളിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിന്നീട് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ഈ

ബ്രാന്റിലെ പാൽ സംസ്കരിക്കുന്ന പ്ലാന്റുകളിൽ പരിശോധിച്ച്, ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത ബ്രാന്റുകളുടെ പാലിന്റെ നിരോധനം സംസ്ഥാന വ്യാപകമായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഹെറിറ്റേജ്, ജേഷ്ഠ, ലയ തുടങ്ങിയ ബ്രാൻഡുകളിലുള്ള പാലുകൾക്ക് സംസ്ഥാന വ്യാപകമായി നിരോധനം ഏർപ്പെടുത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ടി യൂണിറ്റുകൾ പരിശോധിച്ച് ഈ ബ്രാന്റുകളിലെ പാലുകളിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പുവരുത്തിയശേഷം ഇവയുടെ നിരോധനം സംസ്ഥാന വ്യാപകമായി പിൻവലിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ**

121 (1908) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ അഡ്മിനിസ്ട്രേറ്റർ/കമ്മിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷീരസംഘങ്ങളിൽ സമയബന്ധിതമായി തെരഞ്ഞെടുപ്പ് നടത്തുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ ചെങ്കുളം ക്ഷീരസഹകരണ സംഘം ക്ലിപ്തം നം.ക്യൂ. 225 (ഡി) ആപ്കോസും പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിൽ മൂന്ന് ക്ഷീരസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു :

1. കുനയിൽ ക്ഷീരസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 182 (ഡി) ആപ്കോസ്
2. പരവൂർ ക്ഷീരസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.109 (ഡി)
3. കുണ്ടുമൺ ക്ഷീരസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 244 (ഡി) ആപ്കോസ്.

(ബി) തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചെങ്കുളം പരവൂർ ക്ഷീരസഹകരണ സംഘങ്ങളിൽ ബൈലാ ഭേദഗതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുനയിൽ, കുണ്ടുമൺ സംഘങ്ങളിലും ബൈലാ ഭേദഗതി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കുണ്ടുമൺ ക്ഷീരസഹകരണ സംഘത്തിൽ 3-9-2016- ൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ തീരുമാനിച്ചിട്ടുണ്ട്. മറ്റ് സംഘങ്ങളിൽ ബൈലാ ഭേദഗതി പൂർത്തിയാക്കുന്ന മുറയ്ക്ക് ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

**ക്ഷീരോൽപ്പാദക മേഖല**

122 (*T 1909) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോൽപ്പാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിലേക്ക് കൂടുതൽ കർഷകർ കടന്നുവരാൻ മടിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന് ശാശ്വത പരിഹാരമുണ്ടാക്കി, ചെറുപ്പക്കാരെ ക്ഷീരോൽപ്പാദക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാനും തൊഴിൽ ലാഭകരമാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോൽപ്പാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് മാത്രമായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിലെ ഘടകങ്ങളായ ഡയറി യൂണിറ്റുകൾ, ഡയറി ഫാമിന്റെ ആധുനികവൽക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികൾ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോൽപ്പാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് സഹായകരമാണ്. പത്ത് പശു യൂണിറ്റിന് 3,50,000 രൂപയും അഞ്ച് പശു യൂണിറ്റിന് 1,75, 000 രൂപയും പത്ത് കിടാരി യൂണിറ്റിന് 1,81,200 രൂപയും സബ്സിഡിയായി നൽകിവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൂടാതെ പുതിയ ഫാമുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് മുതൽ പശു വാങ്ങൽവരെ നടത്തിക്കൊടുക്കുന്ന രീതിയിൽ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF)എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ആധുനിക ഡയറി ഫാമുകളിലേക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ മുതൽ ചെലവ് കുറഞ്ഞ കാലിത്തൊഴുത്ത് വരെ നിർമ്മിച്ചു കൊടുക്കുന്നതിന് MRDF സഹായിക്കുന്നു. മലബാർ യൂണിയന്റെ പ്രത്യേക സബ്സിഡി 25,000 രൂപ ഓരോ പുതിയ സംരംഭകനും നിബന്ധനകൾക്ക് അനുസരിച്ച് ലഭ്യമാണ്. മിൽമ ട്രെയിനിംഗ് സെന്ററുകളിലൂടെയും ക്ഷീരമേഖലയിലേക്ക് വരാൻ താൽപ്പര്യമുള്ള പുതു സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകിവരുന്നുണ്ട്.

(ബി&സി) ഉണ്ട്. ചെറുപ്പക്കാരെ ക്ഷീരോൽപ്പാദക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാനും തൊഴിൽ ലാഭകരമാക്കാനും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഗവൺമെന്റ് നൽകുന്ന സബ്സിഡികളും ഗ്രാന്റുകളും ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ പലപ്പോഴും സാധിക്കാതെ വരുന്നതിനാൽ കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക മാത്രമാണ് പ്രായോഗികം. ഇക്കാര്യത്തിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

123 (1910) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) ചെറുകിട ക്ഷീര കർഷകർ ഇപ്പോൾ ഏറെ നഷ്ടം സഹിച്ചാണ് ഈ മേഖലയിൽ തുടരുന്നത് എന്നത് കണക്കിലെടുത്ത്, അവർക്കായി എന്തെല്ലാം സഹായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം പോലുള്ള പദ്ധതികളിൽ അന്യസംസ്ഥാനത്തു നിന്നും പശുക്കളെ കൊണ്ടുവരണമെന്ന നിയമം ചെറുകിട കർഷകർ ഈ രംഗത്തേക്ക് വരുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കെ.എൽ.ഡി. ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ഉല്പാദന മേന്മയുള്ള പശുക്കളെ കർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

(ബി) ചെറുകിട ക്ഷീര കർഷകരെ ക്ഷീരമേഖലയിൽ നിലനിർത്തുന്നതിന് വേണ്ടി കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി, പുൽകൃഷി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുവാൻ കഴിയുന്നതാണ്. മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിലെ രണ്ട് പശു യൂണിറ്റ്, ഗോദാനം ( 1 പശു യൂണിറ്റ്) എന്നീ ഘടകങ്ങൾ ഇത്തരം കർഷകരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്.

(സി) അന്യ സംസ്ഥാനത്ത് നിന്നും പശുക്കളെ കൊണ്ടുവരുന്നത് സംബന്ധിച്ച് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കർഷകർക്ക് ക്ഷീരോൽപ്പാദന രംഗത്തേക്ക് വരുന്നതിന് ഇത് തടസ്സമല്ല. കെ.എൽ.ഡി.ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ഉൽപ്പാദനമേന്മയുള്ള പശുക്കളെ കർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

124 (1911) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പാലിന്റെ ഇറക്കുമതി കുറയ്ക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്ത്ത കൈവരിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉൽപ്പാദനച്ചെലവ് കുറച്ച് പാലുൽപ്പാദനം ലാഭകരമാക്കി മാറ്റുന്നതിന് തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ

സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതി, ക്ഷീരസംഘങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയായി ഏകദേശം പത്ത് കോടി രൂപയോളം നൽകിയിട്ടുണ്ട്.

(ബി) വകുപ്പിന്റെ പദ്ധതികൾ ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്നതുമൂലം ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, വാർത്താമാധ്യമങ്ങൾ, ക്ഷീരവികസന ഓഫീസുകൾ എന്നിവ വഴി ആവശ്യമായ പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുവഴി ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

(സി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മിൽമയുടെ പ്രതിദിന പാൽ ഉപഭോഗം 12,66,000 ലിറ്ററാണ്. അതിൽ മിൽമയുടെ ആഭ്യന്തര സംഭരണം 10,77,000 ലിറ്റർ പാലാണ്. തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി**

125 (1912) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഒരു പഞ്ചായത്തിന് ഒരു കുളം' പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി സ.ഉ.(സാധാ) നമ്പർ 318/2013/ജവിവ. തീയതി 23-3-2013- പ്രകാരം 72.758 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 209 കുളങ്ങളുടെ നവീകരണം പൂർത്തിയായി. ബാക്കിയുള്ളതിൽ 43 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി) മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി സ.ഉ.(സാധാ) നമ്പർ 318/2013/ജവിവ. തീയതി 23-3-2013 പ്രകാരം 72.758 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 209 കുളങ്ങളുടെ നവീകരണം പൂർത്തിയായി. ബാക്കിയുള്ളതിൽ 43 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.

### കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ജലനിധി പദ്ധതി

126 (1913) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പദ്ധതി എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ; ഇതിൻമേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ രണ്ട് ജലനിധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റി നൽകുന്ന ശുദ്ധീകരിച്ച ജലം ജലനിധി മുഖേന വിതരണ ശൃംഖലയും വീട്ടുകണക്ഷനും നൽകാനാണ് പദ്ധതി. 125.50 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുവാനുള്ളതിൽ 65% പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഡിസംബർ മാസം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

## അണക്കെട്ടുകളുടെ സുരക്ഷ

127 (1914) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ ഇതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പരിശോധനാ സമിതിയിലെ വിദഗ്ധരെ നിയമിക്കുന്ന ഘടന എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം സുരക്ഷാ പരിശോധനയിൽ കേരളത്തിലെ ഏതെങ്കിലും അണക്കെട്ടുകൾക്ക് സുരക്ഷാ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള സുരക്ഷാ പരിശോധനാ വിഭാഗത്തിന് പുറമേ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായവരെക്കൊണ്ട് പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(എഫ്) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോക ബാങ്കോ മറ്റ് ഏതെങ്കിലും ഏജൻസികളോ പണം അനുവദിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഡാം സേഫ്റ്റി റിവ്യൂ പാനൽ, ഡാം സേഫ്റ്റി ഓർഗനൈസേഷൻ, കേരള ഡാം സേഫ്റ്റി അതോറിറ്റി എന്നിവ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്. ബഹു. സുപ്രീംകോടതിയുടെ OS No.3/2006-ലെ വിധി പ്രകാരം കേരള ഡാം സേഫ്റ്റി അതോറിറ്റിയെ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്.

(ബി) DRIP-ന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 16 ഡാമുകളിൽ ഡാം സേഫ്റ്റി റിവ്യൂ പാനൽ പരിശോധന നടത്തിയിട്ടുണ്ട്. മലമ്പുഴ, ചിമ്മിനി, കാഞ്ഞിരപ്പുഴ, ചുള്ളിയാർ, മീൻകര, പോത്തുണ്ടി, മംഗലം, വാഴാനി, കുറ്റിയാടി, പഴശ്ശി ബാരേജ്, മൂലത്തറ റെഗുലേറ്റർ, കല്ലട, ശിരുവാണി എന്നീ അണക്കെട്ടുകളിൽ പാനൽ പരിശോധന നടത്തുകയും പുനരുദ്ധാരണത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളുടെ സംരക്ഷണത്തിനായി

എല്ലാ വർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഡാമുകളുടെ പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കാനും അറ്റകുറ്റപ്പണികൾ നടത്തുവാനുമുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ കേരള ഡാം സേഫ്റ്റി അതോറിറ്റിയും അണക്കെട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(സി) സ.ഉ.(സാധാ) നമ്പർ 867/2012/ ജവിവ തീയതി 19-7-2012 സ.ഉ. (സാധാ) നമ്പർ 749/13 /ജവിവ തീയതി 2-7-2013 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ഡാം സേഫ്റ്റി റിവ്യൂ പാനലിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ ചെയർമാൻ, സി.ഡബ്ല്യു.സി.-യുടെ മുൻ ചെയർമാനായ ശ്രീ. ആർ.സി. ഝാ ആണ്. ബി. എം. ഉപാദ്ധ്യായ (റിട്ട.ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി സി.ഡബ്ല്യു.സി.) ശ്രീ.ടി.പി.സിംഗ് (ചീഫ് എഞ്ചിനീയർ, റിട്ട., ഡിസൈൻസ്, സി.ഡബ്ല്യു.സി.), ശ്രീ.എസ്.ആർ.ടോളി (റിട്ട.ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യു.സി), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ട.), ശ്രീ. രാജഗോപാലൻ (റിട്ട.ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം.കെ. പരമേശ്വരൻ നായർ (മെമ്പർ, റിട്ട.സിവിൽ കെ.എസ്.ഇ.ബി) എന്നിവർ ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ അംഗങ്ങളാണ്. സ.ഉ. (സാധാ) നമ്പർ 503/2012/ജ.വി.വ തീയതി 24/4/12 പ്രകാരമാണ് ഡാം സേഫ്റ്റി ഓർഗനൈസേഷനിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ ചെയർമാൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറാണ്. ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1), ചീഫ് എഞ്ചിനീയർ (പ്രോജക്ട്- 2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഡയറക്ടർ, ഐ.ഡി.ആർ.ബി. എന്നിവർ മെമ്പർമാരായ ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ കൺവീനർ ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി ഐ.ഡി.ആർ.ബി.ആണ്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരമാണ് കേരള ഡാം സേഫ്റ്റി അതോറിറ്റിയിലെ അംഗങ്ങളെ നിയമിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയും മെമ്പർ സെക്രട്ടറിയായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഡയറക്ടർ, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, ജലസേചന വകുപ്പ്, ചീഫ് എഞ്ചിനീയർ, സിവിൽ ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി എന്നിവർ എക്സ് ഒഫിഷ്യോ മെമ്പർമാരും ജലസംരക്ഷണവും അണക്കെട്ടുകളുമെന്ന മേഖലയിലെ രണ്ട് വിദഗ്ധർ, ചീഫ് എഞ്ചിനീയർ (CWC), ഒരു വിദഗ്ധ ജിയോളജിസ്റ്റ് എന്നിവർ മെമ്പർമാരുമാണ്.

(ഡി) അണക്കെട്ടുകൾക്ക് ഗുരുതരമായ സുരക്ഷാപ്രശ്നം കണ്ടെത്തിയിട്ടില്ല.

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് കേരളം ഉന്നയിച്ച ആശങ്കകൾ സുപ്രീം കോടതിയിൽ സ്വീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൂടുതൽ പരിശോധന വേണ്ടതുണ്ടോയെന്ന സംഗതി പരിഗണിക്കുന്നതാണ്.

(എഫ്) സംസ്ഥാന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് (DRIP) ലോകബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ ഉൾപ്പെടെ 16 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഡാമുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി സുരക്ഷിതമായി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും ഈ പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. DRIP പദ്ധതിക്കായി ജലസേചന വകുപ്പിന് 16 ഡാമുകൾക്കും ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിനുമായി 360 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**നദീ സംരക്ഷണം**

128 (1915) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന നദികളിൽ മണൽ വാരൽ,നദീതടങ്ങളിലെ കൈയേറ്റം, ഫാക്ടറി മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മലിനീകരണം എന്നിവ നിയന്ത്രിക്കാനും നദികളെ സംരക്ഷിക്കാനും മുൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതു ഫലപ്രദമായിരുന്നോ എന്നും അതിനായി എത്ര തുക ചെലവാക്കി എന്നും ഇത്തരം പ്രവൃത്തിമൂലം ഏതെല്ലാം പാലങ്ങൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പ്രധാന നദികളെ മാലിന്യമുക്തമാക്കാനും വരൾച്ചയേയും, വെള്ളപ്പൊക്കത്തേയും അതിജീവിക്കാനും മത്സ്യസമ്പത്ത് നിലനിറുത്തുവാനും മുൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും എത്ര തുക ഇതിനായി ചെലവാക്കി എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) വരൾച്ചയിൽ നിന്നും വെള്ളപൊക്കത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുവാനും സംസ്ഥാനത്താകമാനം യഥാസമയം ജലം ലഭ്യമാക്കുവാനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ഒരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇതിനായി എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നദികളിലെ മണൽ വാരൽ, നദികളുടെ കയ്യേറ്റം എന്നിവ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ പ്രസ്തുത വിവരം റവന്യൂ വകുപ്പിനെ അറിയിക്കാറുണ്ട്. റവന്യൂ വകുപ്പാണ് ഇവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. നദികളെ സംരക്ഷിക്കുന്നതിന് സ്റ്റേറ്റ് ഫണ്ട്, RMF എന്നിവ ഉപയോഗിച്ച് നദികളുടെ തീര സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. State fund-ൽ Flood control, Flood damage എന്നീ ശീർഷകങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഏകദേശം 89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചമ്രവട്ടം ആർ.സി.ബി.-ക്ക് മണൽവാരൽമൂലം ബലക്ഷയം ഉണ്ടായിട്ടുണ്ട്.

(ബി) മൺസൂൺ കാലത്ത് ലഭ്യമാകുന്ന ജലം ഒഴുകിപ്പോകാതെ അനുയോജ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് സംഭരിക്കുന്നതിനായി പുഴകളിലും മറ്റും മണൽ ചാക്കിട്ട് താത്കാലിക തടയണ കെട്ടിയും കുളങ്ങളുടെ പുനരുദ്ധാരണം വഴിയും കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്തും കനാലുകൾ നവീകരിച്ചും മഴവെള്ളം പരമാവധി സംഭരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ഭൂജല വിതരണം താഴാതെ നിലനിർത്തി കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക പ്രവർത്തനങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ചെക്ക് ഡാമുകൾ വഴി ലക്ഷ്യമിടുന്നത്. കുളങ്ങളുടെ പുനരുദ്ധാരണത്തിനായും ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനുമായി RRR of ponds, ഒരു പഞ്ചായത്തിൽ ഒരു കുളം, 13-ാം ധനകാര്യകമ്മീഷൻ, നബാർഡ് പദ്ധതി, സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് വെള്ളം ശേഖരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ദീർഘകാല പദ്ധതികളായ ചെക്ക് ഡാമുകളുടെ നിർമ്മാണം വഴി പരമാവധി ജലം സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനായും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## കേരള വാട്ടർ അതോറിറ്റിയിൽ എം.എൽ.എ. ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾ

129 (1916) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ 2006 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഓരോ മണ്ഡലത്തിനും എത്ര രൂപ വീതമാണ് ഓരോ പ്രവൃത്തിക്കും അനുവദിച്ചതെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര തുക ബാക്കിയുണ്ടെന്നും മണ്ഡലം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കടൽഭിത്തി നിർമ്മാണം

130 (1917) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ നിർമ്മിച്ച കടൽ ഭിത്തി എത്രയെന്നും എവിടെയൊക്കെയാണെന്നും അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) കോർവാൾ ചെയ്തിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നും എത്ര മീറ്റർ ദൂരത്തിലെന്നും അടങ്കൽ തുകയെത്രയെന്നും വിശദമാക്കുമോ;

(സി) ടെണ്ടർ വിളിച്ച് നിരതദ്രവ്യം വച്ച ശേഷം പ്രവൃത്തി ആരംഭിക്കാത്തവ ഉണ്ടോ; കാരണം വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ പ്രകാരം പറഞ്ഞിരിക്കുന്ന സ്ഥലത്തല്ലാതെ പണി മാറ്റി ചെയ്തിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നും തുക എത്രയെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) 2011-16 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ രണ്ട് കടൽഭിത്തികളുടെ നിർമ്മാണം നടപ്പിലാക്കി.

(1) 13th FC -വേളി പൊഴിക്ക് വടക്ക് 35.971 കിലോമീറ്ററിനും 36.461 കിലോമീറ്ററിനും ഇടയ്ക്ക് 400 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം

അടങ്കൽ തുക - 146.734 ലക്ഷം

(2) 13th FC-വേളി പൊഴിക്ക് വടക്ക് 36.971 കിലോമീറ്ററിനും 37.571 കിലോമീറ്ററിനും ഇടയ്ക്ക് 480 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം.

അടങ്കൽതുക - 58.38 ലക്ഷം

(480 മീറ്ററിൽ 160 മീറ്റർ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.)

(ബി) കോൾവാൾ ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(സി) ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(1) ASE-ബീമാപ്പള്ളിയിൽ CP0087 നിന്നും വടക്കോട്ട് 40 മീറ്റർ ദൂരത്തിൽ കടൽഭിത്തി ബലപ്പെടുത്തൽ -അടങ്കൽ തുക-25 ലക്ഷം രൂപ

ക്വാറി സമരംമൂലമുള്ള പാറയുടെ ദൗർലഭ്യം കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(2) ASE Work-ബീമാപള്ളിയിൽ CP0086-നും 0087-നും മദ്ധ്യേ 40 മീറ്റർ ദൂരത്തിൽ കടൽഭിത്തി ബലപ്പെടുത്തൽ - അടങ്കൽ തുക - 25 ലക്ഷം രൂപ ക്വാറി സമരംമൂലമുള്ള പാറയുടെ ദൗർലഭ്യം കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(3) ASE Work-CESCP 69.00 KM ഓടയത്തിൽ 20 മീറ്റർ മുതൽ 600 മീറ്റർ തെക്ക് വരെ കടൽഭിത്തി ബലപ്പെടുത്തലും വർക്കല ഇറിഗേഷൻ ഓഫീസ് കോമ്പൗണ്ടിൽ വേ ബ്രിഡ്ജ് നിർമ്മാണവും - അടങ്കൽ തുക-22.78 ലക്ഷം രൂപ. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(4) ASE Work- CESCP 69.00 KM ഓടയത്തിൽ 30 മീറ്റർ മുതൽ 480 മീറ്റർ തെക്ക് വരെ കടൽഭിത്തി ബലപ്പെടുത്തൽ

അടങ്കൽ തുക -24.04 ലക്ഷം രൂപ. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടെണ്ടർ പ്രകാരം പറഞ്ഞിരിക്കുന്ന സ്ഥലത്തല്ലാതെ പണി മാറ്റി ചെയ്തിട്ടില്ല.

**പമ്പാ ആക്ഷൻ പ്ലാൻ**

131 (1918) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയുടെ ശുദ്ധീകരണത്തിനായി നടപ്പിലാക്കിയ പമ്പാ ആക്ഷൻ പ്ലാനിന്റെ നിലവിലെ സ്ഥിതി എന്താണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്നു വ്യക്തമാക്കാമോ;

(ഡി) പമ്പാ ആക്ഷൻ പ്ലാനിനു വേണ്ടി ഇതുവരെ കേന്ദ്ര സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) പമ്പാ ആക്ഷൻ പ്ലാനിന്റെ തുടർ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കും എന്നും ആയതിനു വേണ്ട പദ്ധതി രൂപീകരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(എഫ്) പമ്പാ റിവർബേസിൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) പമ്പാ ആക്ഷൻ പ്ലാൻ 2003-ലാണ് ആരംഭിച്ചത്. ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം 70:30 എന്ന അനുപാതത്തിലാണ്. 18.45 കോടി രൂപയുള്ള പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത്. കേന്ദ്രവിഹിതമായി 70%-ന് 12.91 കോടി രൂപ വകയിരുത്തിയതിൽ 2.92 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്രവിഹിതത്തിന് പുറമെ സംസ്ഥാന സർക്കാർ ഇതുവരെ 30.76 കോടി രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രസർക്കാരിന്റെ National River Conservation പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാ നദിയുടെ മലിനീകരണം തടയാനുള്ള വകയിൽ 2016-ൽ ഗ്രാന്റായി 5 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാനിലെ 12 ഘടകപദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഇ) Rejuvenation and Pollution Abatement of Pamba River എന്ന ശീർഷകത്തിൽ പദ്ധതി രൂപീകരിക്കുന്നതിനായി ഒരു കേന്ദ്ര സംഘം 2016 ജൂണിൽ പമ്പാ നദീതട പരിശോധന നടത്തിയിരുന്നു. പ്രസ്തുത ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

(എഫ്) പമ്പാ റിവർബേസിൻ അതോറിറ്റി ആക്ട് നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**റിംഗ് ബണ്ടുകളുടെ നിർമ്മാണം**

132 (1919) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നതു തടയാൻ നിർമ്മിക്കുന്ന റിംഗ് ബണ്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവ ഓരോന്നിനും വരുന്ന നിർമ്മാണ ചെലവ് എത്രയാണെന്ന് വിശദീകരിക്കാമോ;

(സി) ഇവയുടെ എസ്റ്റിമേറ്റിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷങ്ങളിൽ റിംഗ് ബണ്ട നിർമ്മാണം വൈകിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ റിംഗ് ബണ്ട നിർമ്മാണത്തിനാവശ്യമായ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കൃഷിക്ക് ദോഷമുണ്ടാകാതെ ഈ വർഷം യഥാസമയം ബണ്ടുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ ഏനമാക്കൽ, ഇടിയൻചിറ, മുനയം എന്നീ താൽക്കാലിക ചിറകളുണ്ട്.

(ബി) ഈ ചിറകൾക്ക് ഓരോ വർഷവും വരുന്ന നിർമ്മാണ ചെലവ് വ്യത്യസ്തമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ വേണ്ടി വന്ന നിർമ്മാണ ചെലവ് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഏനമാക്കൽ ചിറ | - | 30,00,000 രൂപ |
| ഇടിയൻചിറ | - | 9,30,000 രൂ |
| മുനയംചിറ | - | 29,50,000 രൂപ |

(സി) ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് നിർമ്മിക്കുന്ന താൽക്കാലിക ബണ്ടിന് വേണ്ടി വരുന്ന സാധനസാമഗ്രികളുടെ വില, ലേബർ ചാർജ്ജ്, സാധനങ്ങൾ സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവുകൾ, മഴക്കാലത്ത് ഇവ പൊളിച്ചുമാറ്റുന്നതിനുള്ള ചെലവുകൾ എന്നിവ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ നിലവിൽ വരുന്ന SOR-ന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നത്.

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിട്ടു. തുടർന്ന് അനുമതി ലഭിച്ചതിനുശേഷം പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചു. ഇവയിൽ ഒരു പ്രവൃത്തി ക്വട്ടേഷൻ വിളിച്ച് നൽകേണ്ടതായും വന്നു. പ്രവൃത്തി നടപ്പിലാക്കുമ്പോൾ മണ്ണ് ലഭിക്കുവാൻ ജിയോളജി വകുപ്പിൽ നിന്നുൾപ്പെടെ വിവിധ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുവാനുള്ള താമസവും തുടർന്ന് അനുമതി ലഭിച്ച സ്ഥലത്തുനിന്നും മണ്ണെടുക്കുന്നത് പരിസരവാസികൾ തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങളാലാണ് റിംഗ് ബണ്ടുനിർമ്മാണം വൈകിയത്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) കൃഷിക്ക് ദോഷമുണ്ടാകാതെ ഈ വർഷം യഥാസമയം ബണ്ടുകൾ നിർമ്മിക്കാൻ നടപടികൾ ക്രമീകരിച്ചുവരുന്നു.

**എച്ച് ആർ./സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ പ്രശ്നങ്ങൾ**

133 (1920) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-1-2013-ലെ സർക്കർ ഉത്തരവ് നമ്പർ 06/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം എച്ച്.ആർ./സി.എൽ.ആർ. ജീവനക്കാരായി നിയമനം ലഭിക്കാതെ പോകുകയും എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം നിയമനത്തിന് അർഹതയുള്ളവരുമായ 150 ഓളം എച്ച്.ആർ./സി.എൽ.ആർ ജീവനക്കാരെ സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ് തീരുമാനമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) എച്ച്.ആർ. ജീവനക്കാർക്ക് മുഴുവൻ സമയവും (12 മാസവും) ജോലി നൽകുവാനുള്ള തീരുമാനം ജലസേചന വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എസ്.എൽ.ആർ. ജീവനക്കാർക്ക് പുതുക്കിയ വേതനം നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) എസ്.എൽ.ആർ. ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചീഫ് എഞ്ചിനീയർ (ഐ&എ) തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്ന എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും അർഹരായ എച്ച്.ആർ/സി.എൽ.ആർ തൊഴിലാളികളെ കണ്ടെത്തുന്നതിനായി ചീഫ് എഞ്ചിനീയർ (IDRB) അദ്ധ്യക്ഷനായി ഒരു മൂന്നംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ എച്ച്.ആർ./സി.എൽ.ആർ. തൊഴിലാളികളെയും നേരിൽ കണ്ട് അവരുടെ രേഖകൾ പരിശോധിച്ചതിനുശേഷം 834 പേരുടെ ലിസ്റ്റ് സമിതി സർക്കാരിൽ സമർപ്പിച്ചു. ഇതുകൂടാതെ 22 പേരുടെ ലിസ്റ്റും സമിതി സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ നിയോഗിച്ച സമിതി കണ്ടെത്തിയ എച്ച്.ആർ./സി.എൽ.ആർ/ തൊഴിലാളികളെയാണ് 16-1-13-ലെ സ.ഉ.(എം.എസ്)നമ്പർ 06/13/ജ.വി.വ.

നമ്പർ സർക്കാർ ഉത്തരവുപ്രകാരം എസ്.എൽ.ആർ. വർക്കർമാരായി മാറ്റി നിയമിച്ചിട്ടുള്ളത്. പ്രസ്തുത സമിതി കണ്ടെത്താത്ത തൊഴിലാളികളെ എസ്.എൽ. ആർ. ആയി മാറ്റി നിയമിച്ചിട്ടില്ല.

(സി) ഇല്ല. ചില പ്രത്യേക സീസണുകളിൽ മാത്രമാണ് (നവംബർ മുതൽ മെയ് വരെ) എച്ച്.ആർ. തൊഴിലാളികൾക്ക് ജലസേചന വകുപ്പിൽ ജോലി നൽകുന്നത്.

(ഡി) എസ്.എൽ.ആർ വർക്കർമാർ കേരള സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാരല്ല. ആയതിനാൽ ഇവരുടെ വേതന പരിഷ്കരണം പ്രത്യേകമായിട്ടാണ് നടപ്പിലാക്കാറുള്ളത്. എസ്.എൽ.ആർ. വർക്കർമാർക്ക് പുതുക്കിയ വേതനം നൽകുന്നതിനായി അവരുടെ സ്റ്റാഫ് ഇൻഡെക്സ് അംഗീകരിച്ച് ഉത്തരവാകേണ്ടതുണ്ട്.ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ തലത്തിൽ നടന്നുവരുന്നു.

(ഇ) ജലസേചന വകുപ്പിലെ 290 എസ്.എൽ.ആർ.വർക്കർമാരെ വർക്കർ ഗ്രേഡ്- II തസ്തിക സൂപ്പർന്യൂമററിയായി സൃഷ്ടിച്ചുകൊണ്ട് പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള 9-6-2014 ലെ സ.ഉ. (എം.എസ്) നമ്പർ 45/2014/ജ.വി.വ. നമ്പർ ഉത്തരവിൽ ഇനിമേൽ ഇത്തരം വർക്കേഴ്സിനെ നിയമിക്കുന്നതല്ല എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു.

**റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം**

134 (1921) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിളാ സംരക്ഷണത്തിന്റെ ഭാഗമായി പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ;

(സി) വിനിയോഗമില്ലാതെ അവശേഷിക്കുന്ന ഇത്തരം ഫണ്ടുകളുപയോഗിച്ച് അടിയന്തരമായി നദീ സംരക്ഷണത്തിനുതകുന്ന ബൃഹത്തായ പദ്ധതികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരസംരക്ഷണത്തിനായി പാർശ്വഭിത്തി നിർമ്മാണം, നദികൾക്ക് കുറുകെ തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(ബി) നിളാ സംരക്ഷണത്തിന്റെ ഭാഗമായി പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഊതപ്പുഴയിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് :

(i) കുലുക്കല്ലൂർ പഞ്ചായത്തിലെ മാപ്പാട്ടുകര തടയണയുടെ താഴെ ഭാഗത്ത് ഊതപ്പുഴയുടെ സംരക്ഷണ പ്രവൃത്തി-മുപ്പത് ലക്ഷം രൂപ - പ്രസ്തുത പണി പൂർത്തീകരിച്ചു.

(ii) വിളിയൂർ പഞ്ചായത്തിൽ ഊതപ്പുഴയിൽ പുലമാന്തോൾ തടയണയ്ക്ക് താഴെ ഭാഗത്ത് അരിക് സംരക്ഷണം-55 ലക്ഷം-പ്രസ്തുത പണിക്ക് സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

**മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

135 (1922) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് ലെവൽ സ്കീംസ് സാങ്ഷനിംഗ് കമ്മിറ്റി (SLSSC) അംഗീകരിക്കുകയും 27-2-2016-ന് ഭരണാനുമതി ലഭിക്കുകയും ചെയ്ത 586 ലക്ഷം രൂപയുടെ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും, വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനു വേണ്ടി 586 ലക്ഷം രൂപയുടെ ഒരു പദ്ധതി 2016 സ്റ്റേറ്റ് ലെവൽ സ്കീംസ് സാംങ്ഷനിംഗ് കമ്മിറ്റിയിൽ വച്ച് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.ഈ പദ്ധതി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ കടൽഭിത്തികളുടെ നിർമ്മാണം

136 (1923) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ അരിയിൽചാൽ, കക്കാടംചാൽ, നീരൊഴുക്കുംചാൽ എന്നിവിടങ്ങളിൽ തകർന്ന സംരക്ഷണ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതിയ സംരക്ഷണ ഭിത്തി പണിയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും മാട്ടൂൽ നോർത്തിൽ പുതിയ പുലിമുട്ട് പണിയുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചുറ്റാട് പുതിയങ്ങാടി ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 297 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും നീരൊഴുക്കും ചാൽ, കക്കാടൻ ചാൽ, വാവു വളപ്പിൽ തോട്, മാട്ടൂൽ സൗത്ത് എന്നീ പ്രദേശങ്ങളിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 949 ലക്ഷം രൂപയുടെ അഞ്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും തയ്യാറാക്കി വരുന്നു. മേൽസ്ഥലങ്ങളിലുള്ള കടൽഭിത്തി നിർമ്മാണ പുനരുദ്ധാരണത്തിന് ഏകദേശം 1246 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്യേണ്ടതുണ്ട്. നീരൊഴുക്കും ചാലിൽ ചെ. 100/400 കി.മീ.നും 100/550 കി.മീ.നും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് S.D.R.F.-ൽ ഉൾപ്പെടുത്തി നടപ്പാക്കാൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

നീരൊഴുക്കും ചാലിൽ ചെ. 100/ 200 കി.മീ. മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് മൂന്ന് തവണ ടെണ്ടർ ചെയ്യുകയും രണ്ട് തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കാരറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടാകാത്തതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിക്കുകയും കരാറുകാരൻ ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തതിനാൽ ക്വട്ടേഷൻ നിരസിക്കുകയും റീ-ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മാടായി പഞ്ചായത്തിൽ നീരൊഴുക്കും ചാലിൽ ചെ. 100/265 കി.മീറ്ററിനും 100/3 25 കി.മീറ്ററിനും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് പതിനഞ്ച് ലക്ഷം രൂപയുടെ പ്രവൃത്തിക്ക് മൂന്നാം തവണ ടെണ്ടർ ചെയ്തപ്പോൾ ഒരു കരാറുകാരൻ ഇരുപത്തിയഞ്ച് ശതമാനം അധികനിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കടലാക്രമണം തടയുന്നിതനുള്ള തീരസംരക്ഷണ പ്രവൃത്തികൾ CWPRS/IIT-യോ വിശദമായ പഠനം നടത്തിയാണ് തീരുമാനിക്കുന്നത്. ഇതിന്റെ പ്രാരംഭ പഠനം CWPRS നടത്തിക്കഴിഞ്ഞു. അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കണ്ണൂർ ജില്ലയിലെ 12 കി.മീ. വരുന്ന തീരങ്ങളിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മാർക്കറ്റ് മുതൽ വാവ്വവളപ്പ് തോട് വരെയുള്ള 4 കി.മീറ്ററിനും മാട്ടൂൽ സൗത്തിലെ 545 മീറ്ററും ഉൾപ്പെടുന്നു. പ്രസ്തുത പഠനത്തിനാവശ്യമായ ഡാറ്റകൾ ഫീൽഡിൽ നിന്നും ശേഖരിച്ചുവരികയാണ്.

**ഭൂഗർഭ ജലവിതാനം**

137 (1924) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത ജല സ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ജലസേചന വകുപ്പിന് കീഴിൽ പരമ്പരാഗത ജലസ്രോതസ്സുകളായ നദികളും നീർച്ചാലുകളും തോടുകളും സംരക്ഷിക്കുന്നതിനായി അവയിൽ തടയണ, വി.സി.ബി. എന്നിവ നിർമ്മിച്ചുവരുന്നു. ഇതുവഴി ഇവയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, വേനൽക്കാലത്ത് സ്വാഭാവിക നീരൊഴുക്ക് കുറച്ചെങ്കിലും നിലനിർത്തുക, സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയർത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 190 തടയണകൾ നിർമ്മിക്കുന്നതിന് 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്. ഭൂജല വകുപ്പിന് കീഴിൽ ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ മുഖേനയുള്ള ഭൂജല സംപോഷണം എന്നിവ വകുപ്പ് നടപ്പാക്കിവരുന്നു. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഭൂജല സംപോഷണത്തിനും സംരക്ഷണത്തിനുമായി പൊതുജനങ്ങളിൽ അവബോധം നൽകുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ, കൈ പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

## കേച്ചേരി പുഴ സംരക്ഷിക്കുന്നതിന് നടപടികൾ

138 (1925) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേച്ചേരി പുഴ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും ബണ്ടുകൾ ബലപ്പെടുത്തിയും ആവശ്യമായ സ്ഥലങ്ങളിൽ സ്ലൂയിസുകൾ സ്ഥാപിച്ചും കർഷകർക്ക് ഗുണകരമായ വിധത്തിൽ ജലസംരക്ഷണത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുമോ; അവ സമയബന്ധിതമായി നടപ്പാക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ബണ്ടുകൾ ബലപ്പെടുത്തിയും ആവശ്യമായ സ്ഥലങ്ങളിൽ സ്ലൂയിസുകൾ സ്ഥാപിച്ചും കർഷകർക്ക് ഗുണകരമായ വിധത്തിൽ ജല സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടപ്പിലാക്കാവു ന്നതാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്.

## അവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ

139 (1926) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പണി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കാലടിയിൽ നിന്നും നായത്തോട് ഷാപ്പ് കവല വരെ വീതി കുറച്ച് കോൺക്രീറ്റ് ചെയ്യുകയും ബാക്കി ഭാഗം പണി പൂർത്തീകരിക്കാത്തതിനാൽ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിനുള്ള പരിഹാരമാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് മാലിന്യം അടിഞ്ഞുകൂടി വൃത്തിഹീനമായതിനാൽ സാംക്രമിക രോഗങ്ങൾ പടരുകയും, പ്രദേശത്തെ കിണറുകൾ ഉൾപ്പെടെയുള്ള ജലസംഭരണികൾ മലിനമാകുന്നതു കാരണം ജലം ഉപയോഗിക്കാൻ കഴിയാത്തതുമായ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് മുന്നോട്ട് വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി പ്രസ്തുത ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ ശൃംഖല പൂർണ്ണമായും പൂർത്തീകരിച്ചിരുന്നതാണ്. എന്നാൽ, ലൈനിംഗുള്ള കനാലുകൾ കാലക്രമേണ ഇടിഞ്ഞുപോകുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഇത്തരം കനാലുകൾ കോൺക്രീറ്റ് കനാലുകളാക്കി മാറ്റുന്ന പ്രവൃത്തി ഫണ്ടിന്റെ അപര്യാപ്തത കാരണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

(ബി) കാലടിയിൽനിന്നും നായത്തോട് ഷാപ്പ് കവലയ്ക്കുസമീപം വരെയുള്ള കോൺക്രീറ്റ് കനാൽ അവസാനിക്കുന്ന ഭാഗത്ത് കനാൽ ബണ്ടിനോട് ചേർന്നുള്ള ഒരു ഹോട്ടലിൽനിന്നുമുള്ള മാലിന്യങ്ങൾ കനാൽ ബണ്ടിൽ നിക്ഷേപിക്കുന്നതായി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഉടനടി ബന്ധപ്പെട്ട കക്ഷിയെക്കൊണ്ട് തന്നെ ടി മാലിന്യങ്ങൾ നീക്കം ചെയ്യിച്ചിട്ടുള്ളതും മേലിൽ മാലിന്യ നിക്ഷേപം നടത്തരുതെന്ന് താക്കീത് ചെയ്തിട്ടുള്ളതുമാണ്.

(സി) ജലവിതരണ സമയത്ത് കനാലിലൂടെ ഒഴുകിയെത്തുന്ന മാലിന്യങ്ങൾ അപ്പപ്പോൾ കനാൽ വാച്ചർമാരെ നിയോഗിച്ച് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ജലക്ഷാമം നേരിടാൻ പദ്ധതികൾ**

140 (1927) ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലക്ഷാമം അധികരിച്ചു വരുന്നതു പരിഗണിച്ച് മഴവെള്ള സംഭരണത്തിനും ഭൂജല സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്;

(ബി) കിണർ റീച്ചാർജിംഗ്, ഉപയോഗ ശൂന്യമായ കുളങ്ങൾ സംരക്ഷിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നീർത്തടങ്ങൾ സംരക്ഷിക്കാനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് "വർഷ"പദ്ധതി. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം

ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ "വർഷ" പദ്ധതി കൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മലയോര/കടലോര/പിന്നോക്ക ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത് മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകുന്നുണ്ട്. ഇതിനു പുറമേ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മഴവെള്ള സംഭരണികൾ നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന മഴവെള്ളം ഭൂജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേകം ഭൂമിയിലേക്ക് റീചാർജ്ജ് ചെയ്യുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കിണർ റീച്ചാർജിംഗ്, ഉപയോഗശൂന്യമായ കുളങ്ങൾ സംരക്ഷിക്കൽ എന്നിവ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ 11-7-2016 വരെ 1470 കിണർ റീചാർജിംഗും കൂടാതെ 8 ഉപയോഗശൂന്യമായ കുളങ്ങളും സംരക്ഷിക്കുകയുണ്ടായി. തുടർ പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ, അടിയണകൾ, റീചാർജ്ജ് പിറ്റുകൾ, തുറന്ന കിണറുകൾ വഴിയുള്ള കിണർ റീചാർജിംഗ് എന്നിവ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) പരമ്പരാഗത ജലസ്രോതസ്സുകളായ നദികളിലും നീർച്ചാലുകളിലും തോടുകളിലും തടയണ, വെന്റഡ് ക്രോസ് ബാർ എന്നിവ നിർമ്മിച്ചുവരുന്നു. ഇതുവഴി ഇവയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, വേനൽക്കാലത്ത് സ്വാഭാവിക നീരൊഴുക്ക് കുറെയെങ്കിലും നിലനിർത്തുക, സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയർത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ എന്നിവയുടെ നിർമ്മാണത്തിന് വിവിധ പദ്ധതികളിലായി 590.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ച നേരിടുന്നതിനായി ബഡ്ജറ്റിൽ 700 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 190 തടയണകൾ നിർമ്മിക്കുന്നതിന് 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്.

**ആലപ്പാട് പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം**

141 (T*1928) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ തീരമേഖല മുഴുവൻ കടൽ ഭിത്തി നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ആലപ്പാട് പഞ്ചായത്തിലെ ഏതെങ്കിലും പ്രദേശത്ത് ഇനിയും കടൽ ഭിത്തി നിർമ്മിക്കുവാനുണ്ടോ;

(സി) ആലപ്പാട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും കടൽഭിത്തി നിർമ്മിച്ചു സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ ഫിഷിങ് ഗ്യാപ്പ് ഒഴിച്ചുള്ള തീരമേഖലയിലെ മുഴുവൻ പ്രദേശത്തും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്.

**കുളങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് നടപടി**

142 (1929) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങൾ ശുദ്ധീകരിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) കുളങ്ങൾ കുഴിച്ച് ജലസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിലെ കുളങ്ങൾ ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ടോ; എങ്കിൽ ഇവ ഉപയോഗപ്രദമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) നടന്നു വരുന്ന പദ്ധതി പൂർത്തീകരിച്ചതിനുശേഷം അതിന്റെ കൂടി അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പുതിയ പദ്ധതികളുടെ സാദ്ധ്യത പരിശോധി ക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഉണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപ അനുവദിച്ചു. ഇതിൽ 209 കുളങ്ങൾ പൂർത്തിയായി. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുളങ്ങൾ ഉപയോഗ പ്രദമാകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലിയാർ പുഴക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി

143 (1930) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ പന്നിപ്പാറ പള്ളിമുക്ക് എന്ന സ്ഥലത്ത് ചാലിയാർ പുഴക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി&സി) എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഐ.ഡി.ആർ.ബി. പരിഗണിക്കുകയും ഐ.ഡി.ആർ.ബി. റെഗുലേറ്ററിന്റെ ഡിസൈനും ഡ്രോയിംഗും തയ്യാറാക്കിയിട്ടുമുണ്ട്. എന്നാൽ റെഗുലേറ്ററിന്റെ മുഖ്യഭാഗമായ ഷട്ടറിന്റെയും പ്ലാറ്റ്ഫോമിന്റെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും എസ്റ്റിമേറ്റും ഡിസൈനും മെക്കാനിക്കൽ വിഭാഗം തയ്യാറാക്കേണ്ടതുണ്ട്.

### അരുവിക്കര ജലസംഭരണിയുടെ ശുചീകരണ പ്രവർത്തനങ്ങൾ

144 (1931) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന ജലസ്രോതസ്സായ അരുവിക്കര ജല സംഭരണിയിൽ അടിഞ്ഞുകൂടിയ ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കഴിഞ്ഞ സർക്കാർ, തുക അനുവദിച്ചതിനോടനുബന്ധിച്ച് തുടർശുചീകരണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുമോ;

(ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ഘട്ടങ്ങളായിട്ടാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നു വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം നഗരവാസികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്ന ഉറവിടം എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി ശുചീകരണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അരുവിക്കര ജലസംഭരണിയിൽ 72 mld പ്ലാന്റിന്റെ സ്രോതസ്സിൽ അടിഞ്ഞുകൂടിയ ജൈവ -അജൈവ മാലിന്യങ്ങൾ മിക്കതും മാർച്ച് 2016-ൽ നീക്കം ചെയ്തിട്ടുണ്ട്. ഈ ഭാഗത്ത് തുടർ ശുചീകരണ പ്രവർത്തനങ്ങൾക്ക് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) അരുവിക്കര ഡാം വൃഷ്ടി പ്രദേശത്തുനിന്നും മണൽ നീക്കാൻ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പഠനറിപ്പോർട്ട് പരിശോധിച്ച് 6 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനും കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ കൺവീനറും ജലസേചന വകുപ്പിലെ മെക്കാനിക്കൽ, IDRB വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും കെംഡൽ മാനേജിംഗ് ഡയറക്ടറും അംഗങ്ങളുമായി ഒരു സമിതിയെ രൂപീകരിച്ചു കൊണ്ട് 10-5-2016-ൽ ഉത്തരവായി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

### കയ്പമംഗലം മണ്ഡലത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് പദ്ധതി

145 (T*1932) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ കടലാക്രമണം ചെറുക്കാൻ പുലിമുട്ട് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ന് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബംങ്ങളെ മാറ്റിത്താമസിപ്പിക്കാൻ വീടും, ഭൂമിയും നൽകാനുള്ള സർക്കാർ സഹായം നിലവിലുണ്ടോയെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയ്പമംഗലം മണ്ഡലത്തിൽ ഉൾപ്പെടെ കേരളത്തിൽ കടലാക്രമണം തടയുന്നതിനുള്ള സംരക്ഷണ പ്രവൃത്തികൾ CWPRS/IIT വിശദമായ പഠനം നടത്തിയാണ് തീരുമാനിക്കുന്നത്. ഇതിൻപ്രകാരം പഠനം CWPRS പൂർത്തിയാക്കി കഴിഞ്ഞു. റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുനരധിവാസം റവന്യൂ വകുപ്പ് ജില്ലാ ഭരണകൂടം വഴിയാണ് നടപ്പിലാക്കുന്നത്.

## പ്ലാച്ചിമട ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ

146 (1933) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്ന കാര്യത്തിൽ കേന്ദ്രാനുമതി പ്രകാരമുള്ള നിയമനിർമ്മാണം സാധിക്കാതെ വന്ന സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) മറ്റേതെങ്കിലും സംസ്ഥാനം സമാന സാഹചര്യം നേരിടാൻ സ്വന്തം അധികാരമുപയോഗിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് ഇക്കാര്യത്തിൽ ഇനി സ്വീകരിക്കാനാവുന്ന നടപടികൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടി സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ ജലസേചന പദ്ധതികൾ

147 (1934) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നബാർഡിന്റെ ധന സഹായമുള്ള എത്ര ചെറുകിട ജലസേചന പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ എടുക്കാൻ ആരും തയ്യാറാകാത്ത സ്ഥിതി വന്നത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ;

(സി) ഇവയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ അധികതുക എവിടെ നിന്നും കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ:

(ഡി) പൈപ്പ് കംപോണന്റ് നേരിട്ട് വാങ്ങിക്കൊടുക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരാരംഭിക്കുവാൻ തയ്യാറാകുമോ എന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഒരു പ്രവൃത്തിയാണ് മുടങ്ങിയത്. (നായർകുഴി എൽ.ഐ. സ്കീം)

(ബി&സി) ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് മുടങ്ങിയ പദ്ധതിയായ നായർകുഴി ലിഫ്റ്റ് ഇറിഗേഷന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിൽ പൈപ്പിന്റെ വില മാർക്കറ്റ് റേറ്റിനേക്കാൾ കുറവാണ്. കരാറുകാർ ആരും വരാത്തതിനാൽ ഇപ്പോഴത്തെ നിരക്കിൽ (ഡി.എസ്.ആർ.) എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അധിക തുക വരികയാണെങ്കിൽ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ നിന്ന് കണ്ടെത്താനാവുമോ എന്നു പരിശോധിക്കുന്നതാണ്.

(ഡി) പൈപ്പ് കംപോണന്റ് നേരിട്ട് വാങ്ങുകയാണെങ്കിൽ പേമെന്റ് ഉടനടി നൽകേണ്ടതുണ്ട്. അതിനുള്ള സംവിധാനം ജലസേചന വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

(ഇ) നിലവിലുള്ള നിരക്കിൽ (ഡി.എസ്.ആർ.)എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

## കായലുകളുടെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടി

148 (T*1935) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെ മൊത്തം വിസ്തീർണ്ണം എത്രയെന്നും അവ സംരക്ഷിക്കുന്നതിനും മലിനീകരണം തടയുന്നതിനും കഴിഞ്ഞ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചു എന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ കായൽ കയ്യേറ്റം, മലിനീകരണം എന്നിവ സംബന്ധിച്ച് ലഭിച്ച പ്രധാന പരാതികൾ എന്തെല്ലാമാണെന്നും ഇവയിന്മേൽ സ്വീകരിച്ച നടപടികൾ ഏന്തൊക്കെയാണെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) വേമ്പനാട്ട് കായലിൽ ഓരുവെള്ളം കടക്കാനുള്ള തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തന ക്ഷമതയും നിലവിലെ സ്ഥിതിയും എന്താണെന്നും മുൻ സർക്കാർ ഇതിനായി എന്തു നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവാക്കി എന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ കായലുകളിൽ മനുഷ്യ വിസർജ്യം, ഹാനികരമായ സൂക്ഷ്മ ജീവികൾ, ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം, ഫാക്ടറി മാലിന്യങ്ങൾ എന്നിവ മൂലമുണ്ടാകുന്ന മലിനീകരണത്തിന്റെ തോത് (കായൽ തിരിച്ച്) വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കായലുകളുടെ വിസ്തീർണ്ണം സംബന്ധിച്ച് ജലസേചന വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. എന്നാൽ ഐ.എസ്.ആർ.ഒ.-യുടെ കീഴിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി, ഹൈദ്രാബാദ് നടത്തിയ പഠനമനുസരിച്ച് കേരളത്തിൽ കായലുകളുടെയും തടാകങ്ങളുടെയും മറ്റ് ജല സ്രോതസ്സുകളുടെയും (ജലസംഭരണി, നദികൾ ഉൾപ്പെടെ) വിസ്തൃതി 1,60,590 ഹെക്ടറായാണ് കണക്കാക്കിയിട്ടുള്ളത്. കായലുകളുടെ സംരക്ഷണ പ്രവർത്തനത്തിനുള്ള പ്രത്യേക പദ്ധതികൾ ജലസേചന വകുപ്പിന്റെ കീഴിലില്ല. എന്നിരുന്നാലും അത്യാവശ്യ ഘട്ടങ്ങളിൽ സംരക്ഷണ പ്രവർത്തികൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ പ്രവർത്തനത്തിനു മാത്രമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല. കൂടാതെ മലിനീകരണം തടയുന്നതിനും ജലസേചന വകുപ്പിൽ പ്രത്യേകിച്ച് തുക വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് നദികളും പുഴകളും അടക്കമുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി ജലനിയമം 1974 പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും ജലമലിനീകരണത്തിന് ഇടയാക്കുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമ പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നുണ്ട്.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണത്തിന് കാരണമാകുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ജലനിയമ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്ന് ശേഖരിക്കുന്ന സീവേജ് കരയിലെത്തിച്ച് സംസ്കരിക്കുന്നതിനായി നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ 180 കെ.എൽ.ഡി. ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ, പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി ഫോർ സ്റ്റോക്ക് ഔട്ട് ബോർഡ് എഞ്ചിനോ, ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമാണ് അനുമതി പുതുക്കി നൽകിവരുന്നത്.

(ബി) ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലംമൂലം കായൽ മലിനീകരിക്കപ്പെട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

1. ഫുഡ്കോ ഡെലിക്കസീസ്, തൃച്ചാറ്റുകുളം
2. ഹോട്ടൽ റമദ, ആലപ്പുഴ

ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ടി സ്ഥാപനങ്ങൾ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതിനാൽ നിലവിൽ പരാതികളില്ല. വേമ്പനാട്ട് കായലിലേക്ക് എത്തുന്ന ചിലവന്നൂർ കായലിലെ ജലത്തിന്റെ ഗുണനിലവാരം മോശമാണെന്ന പരാതി ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ശക്തികുളങ്ങരയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളിൽ നിന്നുള്ള മലിനജലം ഓടവഴി അഷ്ടമുടി കായലിലേക്ക് എത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അതിനെ തുടർന്ന് മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് ടി യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കായൽ കയ്യേറ്റത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വേമ്പനാട്ടു കായലിൽ ഓരുവെള്ളം കടക്കാതിരിക്കുവാനുള്ള തണ്ണീർമുക്കം ബണ്ടിന്റെ ആധുനികവത്ക്കരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആയതിന്റെ ഭാഗമായി ബണ്ടിന്റെ മദ്ധ്യഭാഗ നിർമ്മാണം (മൂന്നാം ഘട്ടം) 62 ശതമാനം പൂർത്തിയായി. അതിലേക്കായി ഇതുവരെ 94,15,02,457 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എല്ലാ വർഷവും കായലുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ ജല ഗുണനിലവാരം തിട്ടപ്പെടുത്തി വരുന്നു. ആക്കുളം കായലിൽ ആക്കുളം പാലത്തിനു സമീപത്തും അഷ്ടമുടി കായലിൽ നീണ്ടകര ഫിഷിംഗ് ഹാർബറിനു സമീപത്തും പരവൂർ കായലിൽ റയിൽവേ സ്റ്റേഷനു സമീപവും വേമ്പനാട് കായലിൽ പാതിരാമണലിലും ഓയിൽ ടാങ്കർ ജെട്ടിക്ക് സമീപത്തും പുന്നമട (ആലപ്പുഴ) യിലും കൊടുങ്ങല്ലൂർ കായൽ, കായംകുളം കായൽ എന്നിവിടങ്ങളിലും ഓരോ സാമ്പിളിംഗ് സ്റ്റേഷനുകൾ വീതം ഏർപ്പെടുത്തിയിട്ടുണ്ട്. 2015-ലെ മാസന്തോറുമുള്ള പരിശോധന അനുസരിച്ച് ഗുണനിലവാര ഘടകങ്ങളുടെ ശരാശരി അളവ് ചുവടെ ചേർക്കുന്നു.

ആക്കുളം കായൽ : പി.എച്ച്- 6.73, ഡിസോൾവ്ഡ് ഓക്സിജൻ-6.23, ബി.ഒ.ഡി-5.4, ടോട്ടൽ കോളിഫോം - 1678, ഫീക്കൽ കോളിഫോം -534

അഷ്ടമുടികായൽ : പി.എച്ച്-7.54, ഡിസോൾവ്ഡ് ഓക്സിജൻ-5.26, ബി.ഒ.ഡി-2.34, ടോട്ടൽ കോളിഫോം - 915, ഫീക്കൽ കോളിഫോം- 350.

പരവൂർ കായൽ : പി.എച്ച്- 7.44, ഡിസോൾവ്ഡ് ഓക്സിജൻ - 6.36, ബി.ഒ.ഡി-1.81, ടോട്ടൽ കോളിഫോം - 651, ഫീക്കൽ കോളിഫോം- 254.

വേമ്പനാട്ട് കായലിലെ പാതിരാമണൽ : പി.എച്ച്- 6.85, ഡിസോൾവ്ഡ് ഓക്സിജൻ-6.5, ബി.ഒ.ഡി-2, ടോട്ടൽ കോളിഫോം -805, ഫീക്കൽ കോളിഫോം- 475

ഓയിൽ ടാങ്കർ ജെട്ടി : പി.എച്ച്- 7.6, ഡിസോൾവ്ഡ് ഓക്സിജൻ-4.5, ബി.ഒ.ഡി-2.76, ടോട്ടൽ കോളിഫോം - 162, ഫീക്കൽ കോളിഫോം -77.

പുന്നമട കായൽ : പി.എച്ച്-6.82, ഡിസോൾവ്ഡ് ഓക്സിജൻ-5.46, ബി.ഒ.ഡി-1.84, ടോട്ടൽ കോളിഫോം - 1388, ഫീക്കൽ കോളിഫോം - 834.

കൊടുങ്ങല്ലൂർ കായൽ : പി.എച്ച്-7.57, ഡിസോൾവ്ഡ് ഓക്സിജൻ-5.3, ബി.ഒ.ഡി-2.63, ടോട്ടൽ കോളിഫോം - 109, ഫീക്കൽ കോളിഫോം -54.

കായംകുളം കായൽ : പി.എച്ച്- 6.99, ഡിസോൾവ്ഡ് ഓക്സിജൻ-4.06, ബി.ഒ.ഡി-2.7, ടോട്ടൽ കോളിഫോം - 671, ഫീക്കൽ കോളിഫോം - 449.

**ഉൾനാടൻ ജലാശയങ്ങൾ**

149 (1936) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജലാശയങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറപ്പെടുവിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും, അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ജല മലനീകരണം തടയുന്നതിനായി ഫോർ സട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**കൊയിലാണ്ടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

150 (1937) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷന്റെ കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടന്ന് വരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടന്ന് വരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ചിറ്റാരിക്കടവ് പുഴയ്ക്ക് കുറുകെ ആർ.സി.ബി. നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. മൂടാടി പഞ്ചായത്തിലെ ചാക്കര പാടശേഖരത്തിൽ ഡ്രെയിനേജ് തോടിന്റെ പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ 3 പ്രവർത്തികൾക്ക് ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) രൂക്ഷമായ കരയിടിച്ചിൽ നേരിടുന്ന പുഴയുടെ തീരങ്ങളിൽ കരിങ്കല്ല് കൊണ്ട് ഭിത്തികെട്ടുകയും രാമച്ചം പോലുള്ള ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു കൊണ്ടുള്ള കര സംരക്ഷണ പ്രവൃത്തികളാണ് നടത്തുന്നത്.

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

151 (1938) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ മുഖാന്തരം നടപ്പിലാക്കുന്ന, 'പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ 'വായില്യാംകുന്ന് ക്ഷേത്രക്കുളം' നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കുളം അടിയന്തരമായി നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ വീട്ടാമ്പാറ കുളത്തിന്റെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

താഴെ പറയുന്ന കുളങ്ങൾ കൂടി നവീകരിക്കാൻ ഉദ്ദേശിക്കുന്നു.

1. കടമ്പഴിപ്പുറം പഞ്ചായത്തിലെ വേട്ടേക്കരമ്പ്രക്കുളം
2. കരിമ്പുഴ പഞ്ചായത്തിലെ കുലുക്കിലിയാട് അയ്യപ്പൻകുളം
3. ലക്കിടി പേരൂർ പഞ്ചായത്തിലെ ചണ്ടിക്കുളം
4. പൂക്കോട്ട്ക്കാവ് പഞ്ചായത്തിലെ നബിയത്ത് കുളം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ചന്തക്കുളം
6. അമ്പലപ്പാറ പഞ്ചായത്തിലെ ചാക്കോട്ടുകുളം
7. തച്ചനാട്ടുകര പഞ്ചായത്തിലെ മണലടിക്കുളം

(ബി) കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിലെ 'വായില്യാംകുന്ന് ക്ഷേത്രക്കുളം' നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**ഇരിമ്പിളിയം കൈതക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

152 (1939) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം - പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഇരിമ്പിളിയം - കൈതക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് (ആർ.സി.ബി.)-ന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആർ.സി.ബി.-ക്ക് ഭരണാനുമതി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇരിമ്പിളിയം കൈതക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് അനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറെടുക്കാൻ ആരും സന്നദ്ധരല്ലാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ നടത്തി, വിശദമായ എസ്റ്റിമേറ്റ് ലഭിച്ചെങ്കിൽ മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സ്ഥലത്തിൽ അംഗൻവാടി നിർമ്മാണം**

153 (1940) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 2-ാം വാർഡിലെ അംഗൻവാടി നിർമ്മാണത്തിന് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സ്ഥലം വിട്ടു നൽകുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസിൽ ഇപ്പോൾ നിലനിൽക്കുന്ന ഫയലിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ ഓഫീസിലെയും സെക്രട്ടേറിയറ്റിലേയും ഫയൽ നമ്പർ വ്യക്തമാക്കാമോ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ അംഗൻവാടിയ്ക്കുവേണ്ടി എം.വി.ഐ.പി. വക സ്ഥലം ലഭ്യമാക്കുന്നതിനുള്ള അനുമതിക്കായി മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച അപേക്ഷയും സൈറ്റ് സ്കെച്ചും സഹിതം ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിലേക്കായി പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പി.ജി2-2414/2016 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരികയാണ്.

**നദികളുടെയും പുഴകളുടെയും മലിനീകരണം**

154 (1941) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളുടെയും പുഴകളുടെയും മലിനീകരണം തടയാൻ മുൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് നദികളും പുഴകളും അടക്കമുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി ജല നിയമം 1974 പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും ജലമലിനീകരണത്തിന് ഇടയാക്കുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമ പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല സ്രോതസ്സുകളിലെ മലിനീകരണം നിയന്ത്രിച്ച് വരുന്നുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണത്തിന് കാരണമാകുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ജലനിയമ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്ന് ശേഖരിക്കുന്ന സീവേജ് കരയിലെത്തിച്ച് സംസ്കരിക്കുന്നതിനായി നീലംപേരൂർ പഞ്ചായത്തിലെ കുന്നമ്മ വില്ലേജിൽ 180 കെ.എൽ.ഡി. ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. സീവേജ് മാലിന്യം കരയിലെ സ്വന്തമായ

സീവേജ് സംസ്കരണ സംവിധാനം വഴിയോ, പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമാണ് അനുമതി പുതുക്കി നൽകിവരുന്നത്.

സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും മലനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ക്യാമ്പ് ഓഫീസ് രൂപീകരിച്ച് ശബരിമല സീസൺ കാലത്ത് പമ്പാനദിയുടെയും ശബരിമല, സന്നിധാനം, എരുമേലി എന്നിവിടങ്ങളിലെയും മലിനീകരണ നിയന്ത്രണത്തിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന സമയത്ത് പമ്പയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള മലിനജലം എത്തിച്ച് ശുദ്ധീകരിക്കുന്നതിന്റെയും, പമ്പാനദിയിലെ ജലത്തിന്റെയും ഗുണനിലവാരം ദിവസവും ബോർഡ് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കും നൽകി മലിനീകരണം നിയന്ത്രിക്കുകയുണ്ടായി. കൂടാതെ ഖരമാലിന്യ സംസ്കരണ ത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന സംവിധാനങ്ങൾ അവലോകനം ചെയ്ത് പോരായ്മകൾക്ക് ഉടനടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പമ്പാനദിയിൽ ഭക്തജനങ്ങൾ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പോകുന്നത് തടയുന്നതിനായി കഴിഞ്ഞ സീസണിൽ എൻ.എസ്.എസ്. വോളന്റിയർമാരുടെയും പോലീസ് സേനയുടെയും സഹായത്തോടെ നടപടികൾ സ്വീകരിച്ചു. ബോധവൽക്കരണ സന്ദേശങ്ങൾ വിവിധ ഭാഷകളിൽ ദൂരദർശൻ മുഖേനയും ഓൾ ഇന്ത്യ റേഡിയോ വഴിയും നൽകി.

തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ സീവേജ് മാലിന്യ സംസ്കരണ ത്തിനായി 107 MLD ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സജ്ജമാക്കി പ്രവർത്തിപ്പിച്ചുവരുന്നു. എറണാകുളം ജില്ലയിൽ $100m^3$/day ശേഷിയുള്ള ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിച്ചു. Travancore Devasom Board ഏർപ്പെടുത്തിയിട്ടുള്ള പമ്പയിലെ 3.5 MLD ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി പര്യാപ്തമല്ലാത്തതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി 5 MLD യിലേക്ക് വർദ്ധിപ്പിക്കുവാനും സന്നിധാനത്ത് 5 MLD-യുടെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും Travancore Devasom Board-ന് മലിനീകരണ

നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയതിനാൽ സന്നിധാനത്ത് പുതിയ ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓൺ ലൈൻ കൺസെന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങളെ ഓൺ ലൈൻ പാഴ്ജല ഗുണനിലവാര മോണിറ്ററിംഗ് സംവിധാനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതുവഴി വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവിടുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ മാലിന്യ ഘടകങ്ങളുടെ അളവ് തൽസമയം ബോർഡിന്റെ കാര്യാലയങ്ങളിൽ ലഭ്യമാക്കുവാനും ഏതെങ്കിലും മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിക്ക് അധികമായതായി ബോദ്ധ്യപ്പെടുമ്പോൾ തന്നെ മേൽ നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് മലിനീകരണ നിയന്ത്രണ ബോർഡ് ജല ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യമൊരുക്കി പരിശോധനാഫലം അപ്പപ്പോൾ പൊതുജനങ്ങളിൽ എത്തിക്കുവാൻ ഫാക്ട്, ഉദ്യോഗമണ്ഡൽ ഓഫീസിനു മുമ്പിലുള്ള ട്രാഫിക് ഐലന്റിലെ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിച്ചിരുന്നു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിറ്റർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ മലിനീകരണ നിയന്ത്രണബോർഡ് സ്ഥാപിച്ചിട്ടുള്ളതിനാൽ വ്യവസായ സ്ഥാപനങ്ങൾ അനധികൃതമായി മലിനജലം നിക്ഷേപിക്കുന്നത് പരിശോധിക്കുവാനും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഉടനടി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കുവാനും കഴിയുന്നു. വ്യവസായ സ്ഥാപനങ്ങളോടടുത്ത പെരിയാർ നദിയുടെ ഭാഗങ്ങളിൽ നിന്നും ദിവസേന സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാസജ്ജമായ ഒരു സർവൈലൻസ് വാൻ മലനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിപ്പിച്ചുവരുന്നു. ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടു കൂടിയ കേന്ദ്ര പരിശോധനശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലയും പ്രവർത്തിച്ചു വരുന്നുണ്ട്. മലിനീകരണ നിയന്ത്രണത്തിന് പൊതുജന ബോധവൽക്കരണം നടത്തുന്നതിനായി പത്ര ദൃശ്യ മാധ്യമങ്ങൾവഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ശബരിമല സീസൺ സമയത്ത് ശബരിമല, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഭക്തർ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി ബോധവൽക്കരണ സന്ദേശങ്ങൾ വിവിധ ഭാഷകളിൽ ഈ വർഷം ദൂരദർശൻ മുഖേനയും ഓൾ ഇൻഡ്യാ റേഡിയോ മുഖേനയും നൽകിയിട്ടുണ്ട്. പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ബോധവൽക്കരണ സന്ദേശങ്ങൾ പ്രദർശിപ്പിച്ചും എക്സിബിഷനുകൾ

സംഘടിപ്പിച്ചും പരിസ്ഥിതി അവബോധത്തിനുതകുന്ന ബാനറുകൾ പ്രദർശിപ്പിച്ചും അവെയർനസ് വാൻ ഉപയോഗിച്ചും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. പൊതുജന ബോധവൽക്കരണത്തിന് ഉതകുന്നതിനായി മലിനീകരണ നിയന്ത്രണ നിയമങ്ങൾ/ചട്ടങ്ങൾ അനുശാസിക്കുന്ന നിബന്ധനകൾ അടങ്ങിയ ലഘുലേഖകൾ മലിനീകരണ നിയന്ത്രണ ബോർഡ് പുറത്തിറക്കാറുണ്ട്. കൂടാതെ നദികളിലേക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ /തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നഗര പ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി, സാമ്പത്തിക ലഭ്യതയനുസരിച്ച്, കമ്പിവേലി നിർമ്മാണവും, ഓരു ജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിച്ചും ഫ്ളഷ് ഔട്ട് സംവിധാനം പമ്പയാറിൽ നടപ്പാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടി നിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

**സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ**

155 (1942) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന എത്ര ജലസേചന പദ്ധതികളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നിർമ്മാണം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളെല്ലാം പൂർത്തിയായാൽ എത്ര ലക്ഷം ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാത്തതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന നാല് ജലസേചന പദ്ധതികളുണ്ട്.

1. ബാണാസുരസാഗർ പദ്ധതി.
2. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി
3. ഇടമലയാർ ഇറിഗേഷൻ പദ്ധതി
4. കാരാപ്പുഴ ജലസേചന പദ്ധതി.

(ബി) സംസ്ഥാന സർക്കാർ ഫണ്ടും കേന്ദ്ര ഗവൺമെന്റിന്റെ എ.ഐ.ബി.പി. ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത്.

(സി) പ്രസ്തുത പദ്ധതികളെല്ലാം ജലസേചനത്തിനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ളതാണ്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

(ഇ) പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ മാത്രമേ തുക സംബന്ധിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

**കൊട്ടാരക്കര രവിനഗറിലെ ക്വാർട്ടേഴ്സുകൾ**

156 (1943) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കൊട്ടാരക്കര രവി നഗറിൽ എത്ര ക്വാർട്ടേഴ്സുകൾ ഉണ്ട്;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ നിലവിൽ ആരുടെയൊക്കെ പേരിലാണ് അനുവദിച്ചിരിക്കുന്നതെന്നും അവരുടെ ഔദ്യോഗിക വിലാസവും ലഭ്യമാക്കുമോ;

(സി) രവി നഗറിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കൊട്ടാരക്കര രവി നഗറിൽ 32 ക്വാർട്ടേഴ്സുകളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) രവി നഗറിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള 12 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

1. കെ.ഐ.പി.ആർ.ബി. സർക്കിൾ
2. കെ.ഐ.പി.ആർ.ബി. ഡിവിഷൻ നമ്പർ 2
3. കെ.ഐ.പി.എൽ.ബി. സബ്ഡിവിഷൻ നമ്പർ 17
4. കെ.ഐ.പി.എൽ.ബി. സെക്ഷൻ നമ്പർ 47/17
5. കെ.ഐ.പി.എൽ.ബി. സെക്ഷൻ നമ്പർ 49/17
6. കെ.ഐ.പി.എൽ.ബി. സെക്ഷൻ നമ്പർ 50/17
7. കെ.ഐ.പി.എൽ.ബി. സെക്ഷൻ നമ്പർ 51/17
8. മേജർ ഇറിഗേഷൻ സെക്ഷൻ
9. മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ
10. ക്വാളിറ്റി കൺട്രോൾ ഡിവിഷൻ
11. ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ
12. ക്വാളിറ്റി കൺട്രോൾ സെക്ഷൻ.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

157 (1944) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഭരണാനുമതി ലഭിക്കുന്നതിനായി ജലസേചന വകുപ്പിലുള്ളതെന്നും, ആയതിന്റെ പേര്, ഫയൽ നമ്പരുകളെന്നിവ വിശദമാക്കാമോ ?

<u>ഉത്തരം</u>

2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുന്നതിനായി പരിഗണനയിലായിരുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയില്ല. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ വരും വർഷങ്ങളിൽ ഭരണാനുമതിക്കായി പരിഗണിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭാരതപ്പുഴയിലെ തടയണ നിർമ്മാണം

158 (1945) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ നഗരസഭാപ്രദേശത്തെയും വാണിയംകുളം ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട സമീപ പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ഭാരതപ്പുഴയുടെ കുറുകെ 2008- ൽ പണി തുടങ്ങിയ തടയണയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും പ്രസ്തുത തടയണയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും പദ്ധതി പൂർത്തീകരണത്തിന് ഇനിയും എത്ര തുക വേണ്ടിവരുമെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭ, തൃക്കടീരി, അനങ്ങനടി, ചളവറ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായുള്ള കാളിക്കടവിലെ സ്ഥിരം തടയണ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്ര, പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തടയണകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയ്ക്കായി നാളിതുവരെ 2.8 കോടി രൂപ ചെലവഴിച്ചു. കരാറുകാരന്റെ ആകസ്മിക മരണംമൂലം കരാർ റദ്ദു ചെയ്യേണ്ടി വന്നു. നിലവിലുള്ള സൈറ്റ് കണ്ടീഷൻ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതി രൂപരേഖ തയ്യാറായാൽ മാത്രമേ എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) മലപ്പുറം ജില്ലയിലെ ആലിപറമ്പ് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കാലിക്കടവിൽ ഒരു തടയണ നിർമ്മാണത്തിനുവേണ്ടി വിശദമായ പര്യവേഷണം നടത്തുകയും തടയണയുടെ രൂപകല്പന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**പെരുമ്പുഴക്കടവ് പാലം പുനർനിർമ്മാണം**

159 (1946) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ചുമതലയിൽ നടത്തുന്ന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പെരുമ്പുഴകടവ് പാലത്തിന്റെ പുനർനിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പെരുമ്പുഴക്കടവ് പാലം പുനർ നിർമ്മാണത്തിനായി 3.5 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർന്ന് മണ്ണു പരിശോധനക്കായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും അവയുടെ മണ്ണു പരിശോധന റിപ്പോർട്ട് 2016 ഫെബ്രുവരിയിൽ ലഭിക്കുകയും ചെയ്തു. രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്ക് കൂടുതൽ സ്ഥലത്ത് മണ്ണു പരിശോധന ആവശ്യമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുലിമുട്ടുകളുടെ സംരക്ഷണം**

160 (1947) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പടിഞ്ഞാറെ തീരത്തുള്ള പുലിമുട്ടുകളിൽ പലതും തകർന്ന നിലയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന പുലിമുട്ടുകളുടെ അടർന്നുപോയ കല്ലുകൾ അടുക്കി പുലിമുട്ടുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ജലവിഭവ വകുപ്പിന്റെ ചുമതലയിൽ പുലിമുട്ടുകൾ സ്ഥാപിക്കുമ്പോൾ, നിശ്ചിത കാലത്തേക്ക് അറ്റകുറ്റപ്പണികൾ അടക്കമുള്ള പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) പുലിമുട്ടുകൾക്ക് ഒരു വർഷമാണ് സെക്യൂരിറ്റി പിരീഡ്. പ്രവൃത്തി തീർന്നതിനുശേഷം സെക്യൂരിറ്റി പിരീഡുവരെയുള്ള അറ്റകുറ്റപ്പണികൾ ചെയ്യുവാൻ കോൺട്രാക്റ്റർ ബാദ്ധ്യസ്ഥനാണ്.

## തൃപ്പൂണിത്തുറ പനങ്ങാട് ബണ്ട് ചോപ്പനം ഭാഗത്ത് ബോട്ട്ജെട്ടി

161 (1948) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ പനങ്ങാട് ബണ്ട് ചോപ്പനം ഭാഗത്ത് ബോട്ട്ജെട്ടി ഇല്ലാത്തതിനാൽ പ്രദേശവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് ഒരു ബോട്ട്ജെട്ടി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സമയബന്ധിതമായി ഈ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## കുട്ടനാട്ടിലെ തടിബോട്ടുജെട്ടികളെ കോൺക്രീറ്റാക്കുന്ന നടപടി

162 (1949) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ള തടിബോട്ടു ജെട്ടികളായ കൈനകരി പഞ്ചായത്ത് 15 -ാം വാർഡിലെ പുത്തൻകായൽ ജെട്ടി, 3-ാം വാർഡിലെ ചാവറ ഭവൻ ജെട്ടി, നെടുമുടി പഞ്ചായത്ത് 6-ാം വാർഡിലെ ചേന്നാംകരി അക്ഷര ജെട്ടി, പുളിങ്കുന്നു പഞ്ചായത്ത് 4-ാം വാർഡിലെ റ്റി. ആർ. റ്റിംബേഴ്സ് ജെട്ടി എന്നിവ മാറ്റി കോൺക്രീറ്റ് ജെട്ടികൾ ആക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫയൽ നമ്പർ സഹിതം വിശദീകരിക്കാമോ;

(ബി) പ്രസ്തുത ബോട്ടു ജെട്ടികൾക്ക് സാമ്പത്തിക അനുമതി നൽകുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൈനകരി പഞ്ചായത്ത് 15-ാം വാർഡിലെ പുത്തൻ കായൽ ജെട്ടി (തുക 10 ലക്ഷം രൂപ) നെടുമുടി പഞ്ചായത്ത് 6-ാം വാർഡിലെ ചേന്നാംങ്കരി അക്ഷര ജെട്ടി(തുക 10 ലക്ഷം രൂപ) പുളിങ്കുന്ന് പഞ്ചായത്ത് 4-ാം വാർഡിലെ റ്റി.ആർ. റ്റിംബേഴ്സ് ജെട്ടി (തുക 10 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2015-16 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്ന ഫയൽ നമ്പർ W3/4296/16/FS/DB-II ആണ്.

കൈനകരി പഞ്ചായത്ത് 3-ാം വാർഡിലെ ചാവറ ഭവൻ ജെട്ടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പൊതു കുളങ്ങളുടെ സംരക്ഷണം**

163 (1950) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു കുളങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു പൊതു കുളമെങ്കിലും സർക്കാർ <u>ഏറ്റെടുത്തു</u> നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 318/2013/ജവിവ തീയതി 23-3-2013 പ്രകാരം അംഗീകാരം നൽകിയതിൽ 209 കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളതിൽ 43 കുളങ്ങളുടെ നവീകരണം നടന്നുവരുന്നു.

**അച്ചൻകോവിലാറിന് സംരക്ഷണഭിത്തി**

164 (1951) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോട്ടത്തോടിന്റെ പതനമുഖത്ത് അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര കൊല്ലകടവ് പാലത്തിന് പടിഞ്ഞാറുഭാഗത്ത് അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതികൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിക്ക് 84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ടി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൻമേൽ കോൺട്രാക്ടർ എസ്റ്റിമേറ്റ് തുകയേക്കാൾ അധിക നിരക്ക് ക്വാട്ട് ചെയ്തിരിക്കുകയാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

**ചാലക്കുടിപ്പുഴയിൽ തടയണകൾ**

165 (1952) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തട്ടുപാറയിലും പൂളുരുത്തി തോട്ടിലും തടയണകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടിപ്പുഴയിലെ തട്ടുപാറ തടയണയുടെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ റദ്ദ് ചെയ്തതാണ്. 37.5% മാത്രം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന 108 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. പൂതുരുത്തി തോട്ടിലെ പൂതുരുത്തി ക്രോസ്ബാറിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നിലവിലെ കോസ്റ്റ് ഇൻഡെക്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള കുപ്പി നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ**

166 (1953) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കുപ്പി നിർമ്മാതാക്കൾ വിവിധ ലോബികളുടെ സഹായത്തോടെ വ്യാപകമായി കുഴൽകിണർ കുഴിക്കുന്നതും വളരെ ശക്തി കൂടിയ പമ്പ് ഉപയോഗിച്ച് ഭൂഗർഭജലം വലിച്ചെടുക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അതീവ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം കമ്പനികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണത്തിനായുള്ള സ്ഥാപനങ്ങൾക്ക് ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. മലിനീകരണ ബോർഡ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ അനുമതിയോടെ കർശന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി. നൽകുന്നത്. നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ എൻ.ഒ.സി. റദ്ദാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇത്തരം കമ്പനികൾക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് എൻ.ഒ.സി. റദ്ദാക്കുന്നതുൾപ്പെടെയുള്ള അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊക്കകോള കമ്പനിയുടെ ജലചൂഷണം**

167 (1954) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ നിന്ന് കൊക്കകോള കമ്പനി ജലചൂഷണം നടത്തിയതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) കേസ് രജിസ്റ്റർ ചെയ്തതിനുശേഷം ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായി പരിസ്ഥിതി മലിനീകരണംമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുക എന്നത് ലക്ഷ്യമിട്ട് ഇതുസംബന്ധിച്ച കേസുകൾ ഫയൽ ചെയ്യുന്നതിന് ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനായി, നിയമസഭ പാസാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011'-ന്, ദേശീയ ഹരിത ട്രിബ്യൂണൽ 2010-ൽ നിലവിൽ വന്നതിനാൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചില്ല. ട്രിബ്യൂണൽ രൂപീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തുനടപടി സ്വീകരിക്കാം എന്നത് നിയമ വകുപ്പുമായി ആലോചിച്ചുവരികയാണ്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

168 (1955) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്നതിന് പരിഹാരമായി ഭൂഗർഭ ജലവകുപ്പിനെക്കൊണ്ട് വിശദമായി ഒരു പദ്ധതി തയ്യാറാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെയും ഭൂഗർഭ ജലവകുപ്പിന്റേയും നേതൃത്വത്തിൽ നടപടികൾ കൈക്കൊള്ളുവാനുള്ള നിർദ്ദേശം നൽകാമോ;

(സി) കോട്ടയ്ക്കൽ മണ്ഡലത്തിൽ ഈ വകുപ്പുകളുടെ പ്രവർത്തനം യോജിപ്പിച്ച് കൊണ്ടുപോകാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിന് പരിഹാരമായി പ്രസ്തുത സ്ഥലത്ത് വിശദമായ ഭൂജല പര്യവേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

**ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ**

169 (1956) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഭൂഗർഭജലവിതാനം വർഷംതോറും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂഗർഭജലവിതാനം ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഭൂഗർഭജലവിതാനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, കൊല്ലം ജില്ലയിൽ കുഴൽകിണർ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അത്തരം റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി വിവിധതരം മഴക്കുഴികൾ, കിടങ്ങുകൾ, തടയണകൾ, അടിയണകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിച്ചുവരുന്നു. കൂടാതെ, ഇതിന്റെ ആവശ്യകത പൊതുജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തുന്നതിനായി ഭൂഗർഭ ജലവകുപ്പിന്റെ നേതൃത്വത്തിൽ സെമിനാറുകൾ കൊല്ലം ജില്ലയിൽ നടത്തിയിട്ടുണ്ട്.

(സി) ഇപ്രകാരമുള്ള പഞ്ചായത്തുകൾ കൊല്ലം ജില്ലയിൽ കണ്ടെത്തിയിട്ടില്ല.

**മാറാക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

170 (1957) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇവിടത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായിട്ടുള്ള പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര പഞ്ചായത്ത് ഉൾപ്പെടുന്ന തിരുനാവായയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ കുടിവെള്ള ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയായി കമ്മീഷൻ ചെയ്തു. മാറാക്കര പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലയുടെ നിർമ്മാണ പ്രവൃത്തി നടന്നു വരുന്നു. മൊത്തം 71.73 കിലോമീറ്ററിൽ 20 കിലോമീറ്റർ പ്രവൃത്തി പൂർത്തിയായി. ബാക്കി വരുന്ന പ്രവൃത്തി 2017 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) മേൽപ്പറഞ്ഞ വിതരണ ശൃംഖലയുടെ നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മാറാക്കര പഞ്ചായത്ത് ഉൾപ്പെട്ട തിരുനാവായയും അനുബന്ധ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം ഉൾപ്പെട്ട 5932.19 കോടി രൂപയുടെ 92 പ്രൊപ്പോസലുകൾ അടങ്ങിയ കരട് പദ്ധതി (കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാൻ (സി.ഡി.പി.) വിദേശ നിക്ഷേപ സഹായത്തിനായി) സർക്കാരിന്റെ പരിഗണനയിലാണ്.

**ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ**

171 (1958) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അതോറിറ്റിയിൽ ഉല്പാദന ചെലവ് കൂടുന്നതിന്റെയും വരുമാനം കുറയുന്നതിന്റെയും കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) അടിക്കടിയുള്ള പൈപ്പ് പൊട്ടൽ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കഴിഞ്ഞ 5 വർഷം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 5 വർഷമായി പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽ ഗാർഹികം തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നും കിട്ടാനുള്ള തുക എത്ര; വിശദമാക്കുമോ; കഴിഞ്ഞ 5 വർഷക്കാലയളവിൽ എഴുതിത്തള്ളിയതും ഒഴിവാക്കിയതുമായ കുടിശ്ശിക തുക എത്ര;

(ഇ) വൈദ്യുതി ബോർഡിനും കരാറുകാർക്കും നല്കുവാനുള്ള തുക എത്രയെന്ന് വിശദമാക്കുമോ;

(എഫ്) 2011-നു ശേഷം കേന്ദ്ര ഫണ്ട് ലഭ്യതയിൽ കുറവുണ്ടായെങ്കിൽ അത് എത്രയെന്നും ഫണ്ട് വർദ്ധിപ്പിക്കാൻ മുൻസർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) റോഡ് കട്ടിംഗിനായി ഓരോ വർഷവും ചെലവാകുന്ന തുക എത്രയെന്നും റെയിൽവേ മുറിക്കലിനായി (പൈപ്പിടാൻ) ഇതുവരെ റെയിൽവേ അനുമതി നൽകാത്തവ ഏതെല്ലാമെന്നും ഇവയുടെ അനുമതി ലഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; അതോറിറ്റിക്ക് വ്യാവസായിക നിരക്കിൽ വൈദ്യുതി നൽകുന്നത് നഷ്ടം വരുത്തുന്ന ഘടകമായതിനാൽ അത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതമായി കിട്ടിയിരുന്ന തുകയുടെ കുറവ് പദ്ധതി നടത്തിപ്പിനെ കാര്യമായി ബാധിച്ചു. പദ്ധതി നിർമ്മാണത്തിനു വേണ്ട ഭൂമി നിശ്ചിത സമയത്തിൽ ലഭിക്കാതെ വരുന്നതും, പി.ഡബ്ല്യു.ഡി./എൻ.എച്ച്., റെയിൽവേ തുടങ്ങിയ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗിനും ക്രോസിംഗിനുമുള്ള അനുമതികൾ ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

(ബി) എസ്റ്റാബ്ലിഷ്മെന്റ് ചെലവിലും അറ്റകുറ്റപ്പണികളിൽ വന്ന വർദ്ധനവും വൈദ്യുതി ചാർജ്ജ് വർദ്ധനയും ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നതിന് കാരണമായി. വെള്ളക്കര വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ഉണ്ടാകുന്ന പ്രസരണ നഷ്ടവും കുടിവെള്ളത്തിന്റെ പ്രൊഡക്ഷൻ അനുസരിച്ച് ഉൽപ്പാദന ചെലവിന്റെ വർദ്ധനവും നഷ്ടത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു.

(സി) സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും പമ്പ് ഹൗസിലെ ഉപയോഗത്തിനായുള്ള കെമിക്കൽസിനും വേണ്ടി കഴിഞ്ഞ 5 വർഷം ചെലവായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

| വർഷം | | കോടി രൂപ |
|---|---|---|
| 2011-12 | - | 74.79 |
| 2012-13 | - | 59.95 |
| 2013-14 | - | 26.44 |
| 2014-15 | - | 61.62 |
| 2015-16 | - | 112.14 |

(ഡി)

(കോടി രൂപ)

| | പിരിച്ചെടുക്കേണ്ടിയിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിഞ്ഞു കിട്ടാനുള്ള തുക |
|---|---|---|---|
| Opening Balance | | | 321.21 |
| 2011-12 | 358.29 | 276.35 | 81.94 |
| 2012-13 | 340.39 | 312.54 | 27.85 |
| 2013-14 | 386.36 | 315.17 | 71.19 |
| 2014-15 | 470.65 | 372.73 | 97.92 |
| 2015-16 | 572.24 | 459.91 | 112.33 |

പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപലിശയുമാണ്. വാട്ടർ ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(ഇ) 1. 31-3-2016 വരെ വൈദ്യുതി ബോർഡിന് 995.76 കോടി രൂപയാണ് നൽകേണ്ടത്. ഇതിൽ വൈദ്യുതി ബോർഡ് സർക്കാരിലേക്ക് നൽകേണ്ട 500 കോടി രൂപ വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് വരുത്തിയതിനു ശേഷം 495.76 കോടി രൂപയാണ് കുടിശ്ശികയുള്ളത്.

2. വിവിധ പദ്ധതികളിലേയ്ക്കായി 31.05.2016 വരെ കരാറുകാർക്ക് 322.49 കോടി രൂപ കുടിശ്ശികയുണ്ട്.

(എഫ്) 2015-16 സാമ്പത്തിക വർഷത്തിൽ 45.28 കോടി രൂപ മാത്രമെ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളു. മുൻ വർഷങ്ങളിൽ ശരാശരി 168 കോടിയോളം രൂപയാണ് വാട്ടർ അതോറിറ്റിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. കൂടുതൽ തുക അനുവദിക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിലേക്ക് അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

(ജി) റോഡ് കട്ടിംഗിനായി ഓരോ വർഷവും ചെലവാക്കിയ തുകയും റെയിൽവേ മുറിക്കലിനായി (പൈപ്പിടാൻ) ഇതുവരെ റെയിൽവേ അനുമതി നൽകാത്ത സ്കീമുകളെക്കുറിച്ചുമുള്ള വിവരങ്ങൾ വിവിധ ഡിവിഷൻ ഓഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റിയുടെ വൈദ്യുതി നിരക്കിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വൈദ്യുതി ബോർഡിനെ സമീപിച്ചിരുന്നുവെങ്കിലും അത്തരം ഇളവുകൾ ലഭ്യമാക്കിയിട്ടില്ല.

## കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

172 (1959) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലമായി കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ തീർക്കുന്നതിലെ കാലതാമസവും, പദ്ധതികളുടെ ദീർഘവീക്ഷണമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്നും കേരള വാട്ടർ അതോറിറ്റിയെ രക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അതോറിറ്റി തുടങ്ങിയ 1984 മുതൽ ഓരോ വർഷവും നഷ്ടമാണോ ലാഭമാണോ അതോറിറ്റിയ്ക്കുണ്ടായത്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയിൽ പൈപ്പ് പൊട്ടലിന്റെയും കരാറുകാരുടേയും മറവിൽ നടന്നുവരുന്നതായി പറയപ്പെടുന്ന അഴിമതിയാക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ഇ) സംസ്ഥാനത്തു ദൈനംദിനം വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാനും കുപ്പിവെള്ള ലോബിയുടെ ജലചൂഷണം ഒഴിവാക്കാനുമായി ഒരു സംസ്ഥാന കുടിവെള്ള നയം രൂപപ്പെടുത്തുന്നത് പരിഗണിക്കുമോ;

(എഫ്) 2015-16 വർഷം വാട്ടർ അതോറിറ്റിയുടെ വരുമാനം , ചെലവ്, നഷ്ടം എത്രയെന്നും ഇതിൽ പ്രതിമാസ നഷ്ടം എത്രയെന്നും 2015-16 വരെയുള്ള മൊത്തം നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ജി) നിലവിൽ വാട്ടർ അതോറിറ്റി ഏതെല്ലാം സംസ്ഥാന, അന്തർസംസ്ഥാന, വിദേശ സ്ഥാപനങ്ങിൽ നിന്നും പണം കടമെടുത്തിട്ടുണ്ടെന്നും എത്ര ശതമാനം പലിശ നിരക്കിലെന്നും ഓരോ സ്ഥാപനത്തിനും ഇനി എത്ര തുക അടച്ചു തീർക്കാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പദ്ധതി നിർമ്മാണത്തിനുവേണ്ട ഭൂമി നിശ്ചിത സമയത്തിൽ ലഭിക്കാതെ വരുന്നതും പി.ഡബ്ല്യു.ഡി,/എൻ.എച്ച്, റെയിൽവേ തുടങ്ങിയ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗിനും ക്രോസിംഗിനുമുള്ള അനുമതികൾ ലഭിക്കുന്നതിനുള്ള കാലതാമസം, പ്രതികൂല കാലാവസ്ഥ എന്നിവ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്.

(ബി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ വരവും ചെലവും താഴെ ചേർക്കുന്നു :

| | | (കോടി രൂപ) |
|---|---|---|
| വാട്ടർ ചാർജ്ജും മറ്റു വരുമാനവും | - | 493.44 |
| സർക്കാർ ഗ്രാന്റ് | - | 273.25 |
| ആകെ വരുമാനം | - | 766.69 |
| ചെലവ് | - | 1079.05 |
| നഷ്ടം | - | 312.36 |

മേൽ പറഞ്ഞ പ്രകാരം പ്രതിമാസ നഷ്ടം 26.03 കോടി രൂപയാണ്.

സർക്കാർ ലോണിന്റെ പലിശയും വാർഷിക തേയ്മാനവും കണക്കാക്കാതെയാണ് മേൽ നഷ്ടം കണക്കാക്കിയിരിക്കുന്നത്. 2013-14 ഓഡിറ്റഡ് അക്കൗണ്ട്സ് പ്രകാരം 2390.57 കോടി രൂപയാണ് സഞ്ചിത നഷ്ടം.

(ജി) പദ്ധതി നിർവ്വഹണത്തിനായി എൽ.ഐ.സി.-യിൽ നിന്നും 9 ശതമാനം പലിശയ്ക്ക് വാട്ടർ അതോറിറ്റി ലോൺ എടുത്തിട്ടുണ്ട്. ജിക്ക പദ്ധതികൾക്ക് വേണ്ടി ജിക്കയിൽ നിന്നും ലോൺ കേന്ദ്ര സർക്കാർ വഴിയാണ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചത്. ഈ തുക കേരള വാട്ടർ അതോറിറ്റിക്ക് സംസ്ഥാന സർക്കാർ 11.25% പലിശയ്ക്ക് ലോണായാണ് അനുവദിച്ചത്. എൽ.ഐ.സി.-ക്ക് കൊടുത്തു തീർക്കുവാനുള്ളത് 81.04 കോടി രൂപയാണ്. ജിക്കാ ലോൺ തിരിച്ചടവ് കേന്ദ്ര സർക്കാർ നേരിട്ട് നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുടാപ്പുകളിൽ കൂടി കുടിവെള്ളം ലഭിക്കുന്നതിന് നടപടി

173 (1960) ശ്രീ. അനിൽ അക്കര :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ടാപ്പുകളിൽ കൂടി കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശം ലഭിച്ചാൽ അവ പരിശോധിച്ച് സാധ്യമായ സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സമൂഹത്തിലെ ഗാർഹിക കണക്ഷൻ എടുക്കാൻ സാധിക്കാത്തവരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

(സി) കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്ക് മുൻഗണന നൽകിയും ഓരോ പ്രദേശത്തേയും ജനസംഖ്യയും ഭാവിയിലെ ആവശ്യങ്ങളും പരിഗണിച്ചുമാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ടി പദ്ധതികളിൽ പൊതുടാപ്പുകളുൾപ്പെടെയുള്ളവ സ്ഥാപിക്കുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നുണ്ട്. ഇപ്രകാരം പദ്ധതി രൂപീകരണം നടത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിച്ചതിനു ശേഷമാണ് നിർവ്വഹണം നടത്തുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് പുറമെ നബാർഡ്/ജൈക്ക മുതലായ ഏജൻസികളിൽ നിന്നുമുള്ള വായ്പ പദ്ധതികളുപയോഗിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചും പദ്ധതി നിർവ്വഹണം നടത്താറുണ്ട്. ഇതുകൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുതലായ വകുപ്പുകളിൽ നിന്നുമുള്ള ഫണ്ട് പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിക്കുന്നുണ്ട്. ടി പദ്ധതികളുടെ പുരോഗതി വിവിധ

തലങ്ങളിൽ വിലയിരുത്തി യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ അവലോകന യോഗങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പുതിയ വാട്ടർ കണക്ഷൻ**

174 (1961) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ വാട്ടർ കണക്ഷനുകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ, കേരള സർക്കാർ പദ്ധതിയായ എസ്.എസ്.ജി.ഡി. വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കാലതാമസം ഒഴിവാക്കുന്നതിനായി ഗാർഹിക വാട്ടർ കണക്ഷനുകൾ നൽകുവാനുള്ള അധികാരം അഡീഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും മാറ്റി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നേരിട്ടോ, ഓൺലൈൻ വഴിയോ ലൈസൻസ്ഡ് പ്ലംബർ വഴിയോ അതോറിറ്റിയിൽ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ച് അംഗീകാര വിധേയമായി നിശ്ചിത ഫീസ് അടച്ച് സമയബന്ധിതമായി കണക്ഷനുകൾ എടുക്കാവുന്നതാണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനു പകരം വോട്ടേഴ്സ് ഐ.ഡി, ആധാർ, എൻ.പി.ആർ. റേഷൻ കാർഡ് ഇവയിലേതെങ്കിലും ഹാജരാക്കി പുതിയ കണക്ഷൻ എടുക്കാവുന്നതാണ്.

(ബി) പുതിയ കണക്ഷനുകൾ നൽകുവാനുള്ള കാലതാമസം ഒഴിവാകുന്നു. ഉപഭോക്താവിന് സ്വകാര്യ പ്ലംബറിൽ നിന്നുള്ള അമിത ചാർജ്ജ് ഒഴിവാകുന്നു. കണക്ഷനുകൾ നൽകുവാൻ സമയക്രമം നിശ്ചയിക്കുക വഴി കാലതാമസം ഒഴിവാക്കി പരമാവധി പുതിയ കണക്ഷനുകൾ നൽകുവാൻ സാധിക്കുന്നു. തൽഫലമായി അതോറിറ്റിക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. കൂടാതെ ഉപഭോക്താക്കളിൽ നിന്നുള്ള പരാതികൾ ഗണ്യമായി കുറയുവാൻ ഇടയാകും.

(സി) ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പൈപ്പ് ലൈൻ പുനഃസ്ഥാപിക്കൽ**

175 (1962) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ചമ്പക്കുളം പഞ്ചായത്ത് ഒന്നാം വാർഡിൽ നിന്നും പുളിങ്കുന്ന പഞ്ചായത്ത് 15 ാം വാർഡിലേക്ക് പമ്പയാർ ക്രോസ് ചെയ്ത് പോകുന്ന പൈപ്പ് ലൈൻ പൊട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുനഃസ്ഥാപിച്ച് പുളിങ്കുന്ന പഞ്ചായത്തിലെ 12, 13, 14, 15 വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

**ജലനിധി പദ്ധതി**

176 (1963) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയും, സുസ്ഥിരവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള ജലനിധി പദ്ധതി ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ തച്ചനാട്ടുകര, കരിമ്പുഴ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകളെ "ജലനിധി" പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ മാത്രമാണ് ജലനിധി പദ്ധതി നടപ്പാക്കി വരുന്നത്.

(ബി) തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ജലനിധി ഒന്നാംഘട്ടത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കടമ്പഴിപ്പുറം പഞ്ചായത്തിനെ ജലനിധി മാനദണ്ഡം അനുസരിച്ച് വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന ജലനിധി പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ നിലവിൽ പദ്ധതി നടപ്പാക്കുന്ന ബാച്ചുകളിൽ (123) ടി പഞ്ചായത്ത് ഉൾപ്പെടുന്നില്ല. ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കരിമ്പുഴ, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി പഞ്ചായത്തുകളിൽ ജലനിധി രണ്ടാം ഘട്ടത്തിൽ പദ്ധതി നടപ്പാക്കുവാൻ കഴിയുകയില്ല.

**കൊല്ലം ജില്ലയിലെ കുടിവെള്ള വിതരണ പദ്ധതി**

177 (1964) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുടിവെള്ള സ്രോതസ്സായ ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) ശാസ്താംകോട്ട കായൽ നേരിടുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ കുടിവെള്ള വിതരണത്തിനായി ബദൽ പദ്ധതികളെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഞാങ്കടവ് പദ്ധതിയുടെ സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം നഗരസഭാ പ്രദേശത്തിന്റെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള സ്രോതസ്സായ ശാസ്താംകോട്ട കായലിലെ ജലലഭ്യത ക്രമാതീതമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കായലിൽ നിന്നും കൂടുതൽ ജലം പമ്പ് ചെയ്യുന്നത് ഒഴിവാക്കി മറ്റ് ബദൽ സ്രോതസ്സുകൾ കണ്ടെത്തി കായൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി കല്ലടയാറ്റിലെ കടപുഴ സ്രോതസ്സായി പ്രതിദിനം 40 ദശലക്ഷം ലിറ്റർ ജലം പമ്പ് ചെയ്ത് നിലവിലുള്ള ശാസ്താംകോട്ട ജലശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിന്

കടപുഴയിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് ഇറിഗേഷൻ വകുപ്പ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. സ്രോതസ്സിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് ഒഴിവാക്കുന്നതിനായി റഗുലേറ്റർ-കം-ബ്രിഡ്ജ് അത്യന്താപേക്ഷിതമാണ്. കൂടാതെ ഈ പദ്ധതിക്കായി കടപുഴയിൽ കിണർ നിർമ്മിക്കേണ്ട സ്ഥലത്തെ സംബന്ധിച്ച് ഒരു കേസ് ശാസ്താംകോട്ട മുൻസിഫ് കോടതിയിൽ നിലവിലുള്ളതിനാൽ കിണറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പദ്ധതിക്കാവശ്യമയ പൈപ്പ് ലൈനുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ശാസ്താംകോട്ട വഴിയുള്ള കെ.ഐ.പി. കനാലിൽ നിന്നും പ്രതിദിനം 25 ദശലക്ഷം ലിറ്റർ ജലം കുടിവെള്ള ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) കൊല്ലം നഗരപ്രദേശത്തെ കുടിവെള്ള ആവശ്യത്തിനായി കല്ലടയാറ്റിലെ ഞാങ്കടവ് സ്രോതസ്സാക്കിയുള്ള ഒരു ബൃഹത് പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 400 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി പ്രകാരം ഞാങ്കടവിൽ നിന്നും പ്രതിദിനം 82 ദശലക്ഷം ലിറ്റർ ജലം കൊല്ലം നഗര പ്രദേശത്തുള്ള വസൂരിച്ചിറയിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

178 (1965) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ കുടിവെള്ള പദ്ധതിക്കായി ആകെ ചെലവഴിച്ച തുകയെത്ര; ഈ തുക ഉപയോഗിച്ച് 2016 മേയ് 31 വരെ നടപ്പിലാക്കിയ കാര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ 5 വർഷക്കാലം അനുവദിച്ച തുക എത്ര; ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(ബി) ഈ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിലേക്കായി ഇനിയും ചെയ്യാനുള്ള പ്രവൃത്തികളുടെയും, ഇതിനാവശ്യമായി വരുന്ന തുകയുടെയും വിശദാംശം നൽകാമോ; ഈ തുക അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) നൂറനാടിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 2003-ൽ 425 ലക്ഷം രൂപയും 2008-ൽ 720 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി ഇതുവരെ 1166.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 2016 മെയ് 31 വരെ നടപ്പിലാക്കിയ കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഇൻടേക്ക് വെല്ലിന് മുകളിലുള്ള പമ്പ് ഹൗസ് നിർമ്മാണം-അവസാനഘട്ടത്തിലാണ്.
2. 400 mm DI K9 പൈപ്പ് 3 കി.മീ സ്ഥാപിക്കൽ പൂർത്തീകരിച്ചു.
3. റോ വാട്ടർ പമ്പ് സെറ്റ് 170 എച്ച്.പി-2 എണ്ണം സപ്ലൈ ചെയ്തു. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.
4. 10 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെയും 4.5 ലക്ഷം ലിറ്റർ ഭൂജല ജലസംഭരണിയുടെയും നിർമ്മാണം പൂർത്തീകരിച്ചു.
5. ട്രാൻസ്ഫോർമർ സപ്ലൈ ചെയ്തു. സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.
6. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ DI K9-11.9 Km, 4.5 ലക്ഷം ലിറ്റർ, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജല ജലസംഭരണികൾ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു.
7. ട്രാൻസ്മിഷൻ മെയിൻ - 2.95 കി.മീ. പൂർത്തീകരിച്ചു.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ പദ്ധതിക്കായി 905.39 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ പറയുന്നു.

1. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 400 mm DI K9- 3Km.
2. 10 mld ജലശുദ്ധീകരണശാല
3. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജല ജലസംഭരണി.
4. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 11.9 Km
5. 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജല ജലസംഭരണി
6. ട്രാൻസ്മിഷൻ മെയിൻ - 2.95 Km.

എന്നാൽ ഭരണാനുമതി ലഭിച്ച തുകയിൽ പദ്ധതികളുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ പദ്ധതിക്കാവശ്യമായ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ഇന്റർ കണക്ഷൻ വർക്കുകൾ മുതലയവ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതിയ പദ്ധതിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി 2016 മാർച്ചിൽ ലഭ്യമായതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് എടുത്ത് പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ കുടിവെള്ള പദ്ധതിയുടെ ഭാഗികമായ പൂർത്തീകരണത്തിനായി 130 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, 400 കെ.വി.എ. ശേഷിയുള്ള ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ നിർമ്മിക്കൽ, റോ വാട്ടർ പമ്പിംഗ് മെയിനും പമ്പ് സെറ്റും തമ്മിലുള്ള ഇന്റർ കണക്ഷൻ ജോലികൾ, നിലവിലുള്ള മെഷീനുകളുടെ ഓവർഹോളിങ് ജോലികൾ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ അടിയന്തരമായി ചെയ്തുതീർക്കാനുണ്ട്. പ്രസ്തുത ജോലികൾക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കുന്നതിനായി ഏകദേശം 60 കി.മീ. ദൈർഘ്യമുള്ള വിതരണശൃംഖല സ്ഥാപിക്കൽ നൂറനാട്, ചുനക്കര എന്നിവിടങ്ങളിലെ നിലവിലുള്ള ജലസംഭരണികളുടെ അറ്റകുറ്റപണികൾ, താമരക്കുളം, പച്ചക്കാട് എന്നീ ഉപരിതല സംഭരണികളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. ഇതിനായി ഏകദേശം 8 കോടി രൂപ ആവശ്യമുണ്ട്. ഈ പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു.

**മണലൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി**

179 (1966) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ നടപ്പാക്കിയ 'ജലനിധി' പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി വ്യാപകമായി റോഡ് പൊളിച്ച് ഗതാഗത പ്രശ്നം ഉണ്ടായിരുന്നത് പരിഹരിച്ചോ; ഇല്ലെങ്കിൽ എന്ന് പരിഹരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലനിധി രണ്ടാം ഘട്ടത്തിൽ ബാച്ച്-I-ൽ (2012 ഫെബ്രുവരി) ഉൾപ്പെടുന്ന എലവള്ളി ഗ്രാമപഞ്ചായത്തിൽ 1130 ലക്ഷം രൂപയുടെ ചെലവു പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്രോതസ്സ്, ടാങ്ക്, ശുദ്ധീകരണശാല, വിതരണശൃംഖല, പമ്പിംഗ് മെയിൻ, വിതരണ ടാങ്ക്, പമ്പ് സെറ്റുകൾ, പ്രഷർ ഫിൽറ്റർ എന്നിവയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇതുവരെ 811.42 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിച്ച അവസരത്തിൽ റോഡുകളുടെ ചില ഭാഗങ്ങൾ പൊളിക്കേണ്ടി വന്നിട്ടുണ്ടായിരുന്നു. പഞ്ചായത്തിന്റെയും പി.ഡബ്ല്യു.ഡി.-യുടെയും റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ അതാത് വകുപ്പുകളാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ തുക ജലനിധിയും (85%) പഞ്ചായത്തും (15%) ചേർന്നാണ് നൽകുന്നത്. പഞ്ചായത്തിന്റെയും പി.ഡബ്ല്യു.ഡി.-യുടെയും ടി റോഡുകളെ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പണികൾ നടത്തുന്നതിനായി 1.34 കോടി രൂപ പഞ്ചായത്തിനും പി.ഡബ്ല്യു.ഡി.-ക്കുമായി ഇതിനകം കൈമാറിയിട്ടുണ്ട്.

**ആരക്കുഴ-പാലക്കുഴ ശുദ്ധജല വിതരണ പദ്ധതി**

180 (1967) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ആരക്കുഴ-പാലക്കുഴ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ആരക്കുഴ-പാലക്കുഴ ശുദ്ധജല വിതരണ പദ്ധതിക്കായി 1350 ലക്ഷം രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**വാട്ടർ അതോറിറ്റി ഹെൽപ് ഡെസ്ക്**

181 (1968) <u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി ഹെഡ് ആഫീസിലെ ഹെൽപ് ഡെസ്കിൽ നിയമിച്ചിരിക്കുന്ന ജീവനക്കാരെ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ഹെൽപ് ഡെസ്ക് സംവിധാനം പ്രവർത്തിക്കുന്നില്ല. പകരം " കൺസ്യൂമർ റിഡ്രസ്സൽ സർവ്വീസ്" എന്ന സംവിധാനം പ്രവർത്തിച്ചു വരുന്നു. മീറ്റർ റീഡർ കാറ്റഗറിയിലുള്ള ജീവനക്കാരനും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാരിയും ഇവിടെ സേവനമനുഷ്ഠിക്കുന്നു.

(സി) ഹെൽപ് ഡെസ്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുടെ സജീവ പരിഗണനയിലാണ്.

**ജപ്പാൻ കുടിവെള്ള പദ്ധതികളിൽ എൻ.ജി.ഒ-കൾ പ്രവർത്തിക്കുന്നത്**

182 (1969) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജപ്പാൻ കുടിവെള്ള പദ്ധതികളിൽ എൻ.ജി.ഒ.-കൾ പ്രവർത്തിച്ചുവരുന്നത് സർക്കാരിന്റെ അറിവോടുകൂടിയാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിമൂലം വെള്ളം ലഭിക്കുന്ന മേഖലകളേതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജപ്പാൻ കുടിവെള്ള പദ്ധതികളിൽ ഒരു കാര്യത്തിലും എൻ.ജി.ഒ. -മാരുടെ പ്രവർത്തനം ഇല്ല.

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെ പറയുന്ന അഞ്ച് ശുദ്ധ ജലവിതരണ പദ്ധതികൾ ഉൾപ്പെടുന്നു.

1. <u>തിരുവനന്തപുരം പദ്ധതി</u> :

   തിരുവനന്തപുരം നഗരത്തിൽ പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെ മറ്റ് പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ വിതരണ ശൃംഖല ജൻറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.

2. കൊല്ലം ജില്ലയിലെ മീനാട് പദ്ധതി :

ഈ പദ്ധതിയിലൂടെ പരവൂർ മിനിസിപ്പാലിറ്റിയിലും കരവാളൂർ, ഇടമുളയ്ക്കൽ, ചാത്തന്നൂർ, പൂയപ്പള്ളി, നെടുമ്പന, ആദിച്ചനല്ലൂർ (ഭാഗം), ചിറക്കര, പൂതക്കുളം, മയ്യനാട്, മീനാട് എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു.

3. ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി:

ഈ പദ്ധതിയിലൂടെ ചേർത്തല മുനിസിപ്പാലിറ്റിയിലും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, ഇറവൂർ, പട്ടണക്കാട്, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു.

4. കോഴിക്കോട് പദ്ധതി:

ഈ പദ്ധതിയിലൂടെ കോഴിക്കോട് കോർപ്പറേഷനിലും ബാലുശ്ശേരി, നന്മണ്ട, ബേപ്പൂർ എന്നീ പഞ്ചായത്തുകളിലും ഭാഗികമായി കുടിവെള്ളം ലഭിക്കുന്നു.

5. കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി:

ഈ പദ്ധതിയിലൂടെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലും ഏഴോം, പാണപ്പുഴ, കടന്നപ്പള്ളി, ചപ്പാരപ്പടവ് കുറുമാത്തൂർ, പന്നിയൂർ, പട്ടുവം, മാട്ടൂൽ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, പരിയാരം എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു.

## വാട്ടർ അതോറിറ്റിയിലെ ആശ്രിത നിയമനം

183 (1970) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്യൂ.എ. കോഴിക്കോട് ഡിസ്ട്രിബ്യൂഷൻ സബ് ഡിവിഷൻ നമ്പർ 2 ഓഫീസിൽ ഓഫീസ് അറ്റന്റായി ജോലി ചെയ്തു വരികെ, മരണപ്പെട്ട വി.വി. രാഘവന്റെ ആശ്രിത രെന്മിതയ്ക്ക് ജോലി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ജോലി നൽകാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) നിയമനം നൽകുന്നതിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ?

ഉത്തരം

(എ-സി) കേരള വാട്ടർ അതോറിറ്റിയുടെ കോഴിക്കോട് ഡിസ്ട്രിബ്യൂഷൻ സബ് ഡിവിഷനിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കവെ മരണമടഞ്ഞ വി. വി. രാഘവന്റെ മകൾ ശ്രീമതി ആർ. കെ. രമ്മിതയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റായി കേരള വാട്ടർ അതോറിറ്റിയിൽ നിയമനം നൽകുന്നതിന് 13-7-2016-ലെ സ.ഉ(എംഎസ്)നമ്പർ 43/2016/ജവിവ പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

**നാറാണത്ത് ചിറ നവീകരണം**

184 (1971) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നാറാണത്ത് ചിറ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ് എന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നാണ് നവീകരണം പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) നാശാവസ്ഥയിലുള്ള നാറാണത്തുചിറ എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഈ പ്രവൃത്തിക്ക് 19.75 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി 4 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ശരിയായ പ്രതികരണം ഉണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും രണ്ടാമത്തെ പ്രാവശ്യം ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ എ. നിസാമുദീൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് 25 % അധിക നിരക്ക് ക്വാട്ട് ചെയ്യുകയുണ്ടായി. ഇതുസംബന്ധിച്ച് അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നിർദ്ദേശം നല്കുന്നതാണ്.

**കുടിവെള്ള ചൂഷണം**

185 (1972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കുപ്പിവെള്ള കമ്പനികൾ നടത്തുന്ന കുടിവെള്ള ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കമ്പനികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ കുപ്പിവെള്ള വിതരണത്തിന് കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിയമാനുസൃതമായ അനുവാദങ്ങൾ ലഭ്യമാക്കി സ്വകാര്യ കുപ്പിവെള്ള കമ്പനികൾ കുടിവെള്ളം വിൽക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടനാട് നിയോജക മണ്ഡലത്തിൽ പൈപ്പ് ലൈനുകൾ**

**സ്ഥാപിക്കുന്നതിന് നടപടി**

186 (1973) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ മുട്ടാർ പഞ്ചായത്തിലെ 12, 13 വാർഡുകളിലെ കവലയ്ക്കൽ പാലം മുതൽ ജീ മംഗലം പാലം വരെയും നെടുമുടി പഞ്ചായത്തിൽ 11-ാം വാർഡിലെ കൊണ്ടാക്കൽ പാലം മുതൽ തെക്കോട്ട് ചക്കാലച്ചിറ പാലം വരെയും ചമ്പക്കുളം പഞ്ചായത്തിലെ 5-ാം വാർഡിലെ എഴകാട് ലക്ഷം വീട് കോളനിയിലും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) കുട്ടനാട് നിയോജക മണ്ഡലത്തിലെ മുട്ടാർ പഞ്ചായത്തിലെ 12, 13 വാർഡുകളിലെ കവലയ്ക്കൽ പാലം മുതൽ ജീ മംഗലം പാലം വരെയും നെടുമുടി പഞ്ചായത്തിൽ 11-ാം വാർഡിലെ കൊണ്ടാക്കൽ പാലം മുതൽ തെക്കോട്ട് ചക്കാലച്ചിറ പാലം വരെയും ചമ്പക്കുളം പഞ്ചായത്തിലെ 5-ാം വാർഡിലെ എഴകാട് ലക്ഷം വീട് കോളനിയിലും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**കാളിപ്പാറ ശുദ്ധജല പദ്ധതി**

187 (1974) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളിപ്പാറ ശുദ്ധജല പദ്ധതി, നെയ്യാറ്റിൻകര റെയിൽ പാലത്തിൽവച്ച് തടസ്സപെട്ടിരിക്കുന്നതിനാൽ റെയിൽവേയുടെ അനുമതി നേടി, പ്രസ്തുത തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചെങ്കൽ പഞ്ചായത്തിലെ പൊൻവിളയിൽ 21/2 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന തീരുമാനം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പദ്ധതിയ്ക്കാവശ്യമായ പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. റെയിൽവേ അധികാരികളുടെ നിർദ്ദേശാനുസരണം ആവശ്യമായ എല്ലാ വിഷയങ്ങൾക്കും മറുപടി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ ആവശ്യപ്പെട്ട തുകയും ടി ഓഫീസിൽ അടച്ചിട്ടുണ്ട്.

(ബി) ഭൂമി ലഭ്യമാക്കുന്നതിന് തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**കുട്ടനാട് കുടിവെള്ള പദ്ധതി**

188 (1975) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കുടിവെള്ള പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ നിന്ന് അനുവദിച്ച 70 കോടി രൂപ വിനിയോഗിച്ച് കുട്ടനാട്ടിലെ ഏതെല്ലാം പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ചുവെന്ന് തുക സഹിതമുള്ള വിശദമായ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) 70 കോടി രൂപയിൽ, ഒ.എച്ച്. ടാങ്കുകളിൽ നിന്നും കുടിവെള്ളം ലഭ്യമാകാത്ത പ്രദേശങ്ങളിലേക്കുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്നും ഏതെല്ലാം പ്രവർത്തികൾക്കാണെന്നും വിശദമാക്കുമോ;

(സി) കാവാലം, തകഴി ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി കുട്ടനാട്ടിൽ നടപ്പിലാക്കിവരുന്ന ശുദ്ധജല വിപുലീകരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പുലൈനുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പാക്കേജ്-III പ്രവൃത്തികളിൽ വിവരം ഉൾക്കൊള്ളുന്നു.

(സി) തകഴിയിലെ ഉന്നതതല ജലസംഭരണിയും പൈപ്പ്ലൈനും ഉൾപ്പെടുന്ന വിതരണ ശൃംഖല സിസ്റ്റം-1-ന്റെ പ്രവൃത്തികൾക്ക് കരാർ ഒപ്പ് വച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റെയിൽപ്പാതയ്ക്ക് സമീപമായിരുന്നു ജലസംഭരണി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. ഇവിടെ നേരത്തേ ഒരു പൈൽ ഫൗണ്ടേഷൻ സ്ഥാപിച്ചിരുന്നു. എന്നാൽ റെയിൽപ്പാതയ്ക്ക് സമീപം വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് റെയിൽവേ എതിർപ്പ് പ്രകടിപ്പിച്ചതുമൂലം തകഴി പഞ്ചായത്തിൽ തന്നെയുള്ള ആലപ്പുഴ ശുദ്ധജല പദ്ധതിക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള 62 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ സമീപത്തായി തകഴി ജലസംഭരണി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിനുവേണ്ടി മണ്ണ് പരിശോധന നടപടിക്രമങ്ങൾ പൂർത്തിയായി. പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള ഡിസൈനും തയ്യാറായി. നിലവിലുള്ള കരാറിൽ ഉൾപ്പെടുത്തി പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിന് നടപടിക്രമങ്ങൾ നടത്തി വരുന്നു. പാക്കേജ്-4-ൽ ഉൾപ്പെട്ട കാവാലം ഒ.എച്ച്. ടാങ്കിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ദേവറടുക്ക കുടിവെള്ള പദ്ധതി**

189 (1976) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേലമ്പാടി, കാറഡുക്ക പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള ദേവറടുക്ക കുടിവെള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ജല അതോറിറ്റി തയ്യാറാക്കി വരുന്നു.

**കുടിവെള്ള പദ്ധതികളുടെ നിർമ്മാണം**

190 (1977) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്നും പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും പദ്ധതിയുടെ എന്തൊക്കെ പണികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്നും പണി പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നും വിശദമാക്കുമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന അയിരൂർ, കാഞ്ഞീറ്റുകര, പെരുനാട്, അത്തിക്കയം, കൊല്ലമുള കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി പ്രത്യേകം വിശദമാക്കാമോ; ഓരോ പദ്ധതിക്കായും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഇവയുടെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാനാകും എന്നും വിശദമാക്കുമോ;

(സി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത കൊറ്റനാട്-അങ്ങാടി, ചെറുകോൽ, റാന്നി, കോട്ടാങ്ങൽ, ആനിക്കാട്, നിലയ്ക്കൽ പദ്ധതികളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; ഇവ ഓരോന്നിനും അനുവദിച്ച തുക വിശദീകരിക്കാമോ; ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു പദ്ധതിക്ക് എന്തു തടസ്സമാണ് നേരിടുന്നതെന്നും വ്യക്തമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർണ്ണമായും രണ്ടാം ഘട്ടത്തിന്റെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1686.83 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 1458.99 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കരാർ നൽകിക്കഴിഞ്ഞ പ്രസ്തുത പ്രവൃത്തികൂടി പൂർത്തിയായാൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാവുന്നതാണ്. നിലവിൽ പദ്ധതി 2/2017-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. <u>അയിരൂർ, കാഞ്ഞീറ്റുകര കുടിവെള്ള പദ്ധതി</u>

   അടങ്കൽ തുക - 1400 ലക്ഷം രൂപ

അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ ജല ശുദ്ധീകരണശാലയിൽനിന്നും കാഞ്ഞീറ്റുകര ടാങ്കിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പണികൾ പൂർത്തീകരിച്ചു. ഇൻടേക്ക് കിണറിന്റെ പണി പൂർത്തീകരിച്ച് സൈറ്റ് ഡെവലപ്പ്മെന്റ് പണികൾ നടന്നുവരുന്നു. ഇൻടേക്ക് കിണർ മുതൽ ജല ശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും തേക്കുങ്കൽ ടാങ്കിലേക്കുള്ള ഗ്രാവിറ്റി ലൈനിന്റെയും പണികൾ കരാർ നൽകി പദ്ധതി 3/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

2. പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി

അടങ്കൽ തുക - 1400 ലക്ഷം രൂപ

ടി പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങളുടെ പണികൾ പൂർത്തിയായി. നിലവിലുള്ള ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണത്തിനുള്ള എസ്റ്റിമേറ്റ് ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരം പരിഷ്കരിച്ചു വരുന്നു. ജലശുദ്ധീകരണശാല പ്രവർത്തിപ്പിക്കാനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനെ സംബന്ധിച്ചും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുമുള്ള നടപടികൾ പുരോഗമിക്കുന്നു. നാറാണംമൂഴി പഞ്ചായത്തിൽ പണിയേണ്ട ഭൂതല സംഭരണിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല. 3/2017-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

3. കൊല്ലമുള ശുദ്ധജല വിതരണ പദ്ധതി :

അടങ്കൽ തുക - 800 ലക്ഷം രൂപ

കൊല്ലമുള ശുദ്ധജലവിതരണ പദ്ധതിയിൽ എരുമേലി ജലശുദ്ധീകരണശാല മുതൽ വെൺകുറിഞ്ഞി സമ്പ് വരെയുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈനിന്റെ പണി പൂർത്തിയായി. വെൺകുറിഞ്ഞി സമ്പിന്റെയും വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ വരെയുള്ള പമ്പിംഗ് മെയിനിന്റെയും പണി പുരോഗമിക്കുന്നു. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പണിയുടെ കരാർ നൽകി. ഓലിക്കൽ സമ്പിന്റെയും ഓലിക്കൽ മുതൽ തലമുട്ടയാനി വരെയുള്ള പമ്പിംഗ് മെയിനിന്റെയും എസ്റ്റിമേറ്റ് ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരം റിവൈസ് ചെയ്തുവരുന്നു. ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി 6/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 1. റാന്നി-അങ്ങാടി-കൊറ്റനാട് പദ്ധതി

അടങ്കൽ തുക - 1150 ലക്ഷം രൂപ

പദ്ധതിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

2. ചെറുകോൽ കുടിവെള്ള പദ്ധതി

ചെറുകോൽ-നാരങ്ങാനം-റാന്നി (പാർട്ട്)-ഫേസ്-1 കുടിവെള്ള പദ്ധതിക്കായി 1940 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

3. <u>മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ പദ്ധതി</u>

അടങ്കൽ തുക - 798 ലക്ഷം രൂപ

കരാർ നൽകി. ജലശുദ്ധീകരണ ശാലയുടെ ഡിസൈൻ പരിശോധിച്ചുവരുന്നു.

4. <u>സീതത്തോട് - പെരുനാട് (നിലയ്ക്കൽ) പദ്ധതി</u>

അടങ്കൽ തുക - 909 ലക്ഷം രൂപ

ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ള വിതരണം**

191 (1978) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം എത്തിച്ചേർന്നിട്ടില്ലാത്ത പട്ടികജാതി /പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണത്തിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന് പ്രഥമ പരിഗണന നൽകുന്നതിന് സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ മുഖേനയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖാന്തരവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാറുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർക്കുവേണ്ടി 880 ലക്ഷം രൂപയുടെ 22 പദ്ധതികൾ എസ്‌സി./എസ്‌ടി. പൂൾഡ് ഫണ്ട് എന്ന വിഭാഗത്തിൽപ്പെടുത്തി അനുമതിക്കായി പട്ടികജാതി വികസന വകുപ്പിന് അംഗീകാരത്തിനായി വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ**

192 (1979) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സമ്പൂർണ്ണ കുടിവെള്ള മണ്ഡലമായി ഒറ്റപ്പാലത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 1-7-2011 മുതൽ 31-3-2016 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയുടേയും പേരും, ചെലവഴിച്ച തുകയും, ഗുണഭോക്തൃ വിശദാംശവും ലഭ്യമാക്കാമോ;

(ഇ) നിലവിൽ നിർമ്മാണ ഘട്ടത്തിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലക്കിടി-പേരൂർ, ഒറ്റപ്പാലം നഗരസഭ, വാണിയംകുളം, അമ്പലപ്പാറ പഞ്ചായത്ത്, തച്ചനാട്ട്കര പഞ്ചായത്ത്, കടമ്പഴിപ്പുറം എന്നീ മേഖലകളിലാണ് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.

(ബി) നിലവിൽ അനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ശുദ്ധജല വിതരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദവിവരം താഴെച്ചേർക്കുന്നു :

1. ഒറ്റപ്പാലം നഗരസഭ കുടിവെള്ളപദ്ധതി (UIDSSMT).
2. ശ്രീകൃഷ്ണപുരം, പൂക്കോട്ട് കാവ്, വെള്ളിനേഴി, കടമ്പഴിപ്പുറം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി.
3. കരിമ്പുഴ കുടിവെള്ള പദ്ധതി - എന്നീ പദ്ധതികൾ 12-1-2016-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

ഇവയിൽ ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയിലും കരിമ്പുഴ കുടിവെള്ള പദ്ധതിയിലും മിച്ചം വന്ന ഭരണാനുമതി തുക ഉപയോഗിച്ച് പൈപ്പ്ലൈൻ (വിതരണ ശൃംഖല) എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് സാങ്കേതിക സാധ്യത പരിശോധിച്ച് പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിനായി ഒരു കുടിവെള്ള പദ്ധതിയുടെ പ്രാരംഭപഠനം നടത്തുന്നുണ്ട്. ലക്കിടി-പേരൂർ, കടമ്പഴിപ്പുറം എന്നീ രണ്ട് പഞ്ചായത്തുകൾ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കാൻ മുൻഗണന അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് തയ്യാറാക്കിയ സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുന്നു. അതിൽ ലക്കിടി-പേരൂർ പഞ്ചായത്തിൽ ജലനിധി പദ്ധതി ബാച്ച് 2-ൽ ആരംഭിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതിയുടെ അപര്യാപ്തത കൂടി പരിഹരിക്കുന്നതോടെ ഈ മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാകും.

(സി&ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) നിലവിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ NRDWP-ശ്രീകൃഷ്ണപുരം വിതരണ ശൃംഖല, NRDWP-കരിമ്പുഴ-പഴകിയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ, NRDWP-കരിമ്പുഴ വിതരണ ശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തി- എന്നീ പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളിൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പണികൾ കഴിയുകയും ഭരണാനുമതി തുകയിൽ മിച്ചം വന്ന തുക ഉപയോഗിച്ച് വിതരണശൃംഖല ദീർഘിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ജലനിധിയുടെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ രണ്ട് പദ്ധതികളിൽ ചെറിയ പദ്ധതിക്കുള്ള പമ്പ് ഹൗസിന്റെ നിർമ്മാണം, വലിയ പദ്ധതിയുടെ റിസർവോയർ, പമ്പ് ഹൗസ്, വിതരണ ശൃംഖലയുടെയും പമ്പിംഗ് മെയിനിന്റെയും പ്രവൃത്തികൾ എന്നിവയുടെ 50% പൂർത്തീകരിക്കാനുണ്ട്.

**നിലമ്പൂർ കുടിവെള്ള പദ്ധതി**

193 (1980) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി തടയണയോ റഗുലേറ്റർ-കം-ബ്രിഡ്ജോ നിർമ്മിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന ബീമ്പുങ്ങൽ റഗുലേറ്റർ -കം-ബ്രിഡ്ജിന്റെ പ്രയോജനം വേനൽക്കാലത്ത് വെള്ളമില്ലാതാകുന്ന നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസിന് ഉപയോഗപ്പെടുത്താനാകുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന ആവശ്യത്തിനുവേണ്ടി നിലമ്പൂർ കുളത്തിൻകടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പരിഗണനയിലുണ്ട്. ഇത് നിലവിൽ വന്നാൽ നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് അഭിവൃദ്ധിപ്പെടും.

(ബി) ഇപ്പോൾ നിർമ്മാണം പൂർത്തിയാകാറായ ബിമ്പുങ്ങൽ (ഓടായിക്കൽ) റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 7 കി.മീ. - upstream-ൽ ആണ് നിലമ്പൂർ കുടിവെള്ള പദ്ധതി. പ്രസ്തുത റെഗുലേറ്ററിന്റെ പരമാവധി സംഭരണ ശേഷിയിൽ വെള്ളം നിലവിൽ ശേഖരിച്ചിട്ടില്ല. പരമാവധി സംഭരണ ശേഷിയിൽ വെള്ളം ശേഖരിച്ചാൽ മാത്രമേ നിലമ്പൂർ കുടിവെള്ള പദ്ധതിക്ക് പ്രസ്തുത റെഗുലേറ്റർ പ്രയോജനപ്പെടുമോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുന്ദമംഗലം മണ്ഡലത്തിലെ ശുദ്ധജല ലഭ്യത

194 (1981) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് എന്നാണ്;

(ബി) കുന്ദമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഇനിയും പ്രസ്തുത പദ്ധതിയിൽ നിന്ന് ശുദ്ധജലം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കിയ കുളിമാട് പമ്പിംഗ് സ്റ്റേഷനിൽ നിന്നുള്ള വെള്ളം, ചാത്തമംഗലം പഞ്ചായത്തിന് കൂടി ലഭ്യമാക്കുന്ന കാര്യം പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) ചാത്തമംഗലം എൻ.ഐ.ടി.-യിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന്റെ മുമ്പിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗികമായ ഉദ്ഘാടനം 27-2-2015-ൽ നിർവ്വഹിച്ചു.

(ബി) ഉണ്ട്.

(സി) സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഡി) ചാത്തമംഗലം എൻ.ഐ.ടി.-യിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിഗണനയിലില്ല.

## മൂവാറ്റുപുഴ കോർമലയിലെ വാട്ടർ ടാങ്കിന്റെ അപകടാവസ്ഥ

195 (1982) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർക്കുന്നം വില്ലേജിലെ കോർമലയിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്കിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാട്ടർ ടാങ്കിന്റെ ഗുരുതരമായ അപകടാവസ്ഥ കണക്കിലെടുത്ത് ടാങ്കിന്റെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-6-2015-ൽ മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർകുന്നം വില്ലേജിലെ കോർമലയിൽ ഉദ്ദേശം 100 മീറ്ററോളം നീളത്തിൽ വലിയ മൺതിട്ട ഇടിഞ്ഞുവീണ് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. മണ്ണിടിച്ചിൽ ഉണ്ടായ ഭാഗം വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്. ടാങ്കിന്റെ സംരക്ഷണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നടത്തിയ പഠനത്തിൽ മണ്ണിടിച്ചിൽ ഉണ്ടായതിന്റെ കാരണം ഒരു സ്വകാര്യ വ്യക്തി തന്റെ ഭൂമിയിലുള്ള മണ്ണ് ഏകദേശം 20 മീറ്റർ കീഴ്ക്കാംതൂക്കായി എടുത്തുമാറ്റിയതിനാലാണ്. അതിനാൽ വർഷകാലത്ത് വാട്ടർ ടാങ്ക് നിറച്ച് വിതരണം ചെയ്യരുതെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് കോട്ടയത്തുള്ള രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനത്തിലും ടാങ്ക് പൂർണ്ണമായി ജലം നിറച്ച് വിതരണം ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ വർഷകാലത്ത് ഈ ടാങ്കിൽ സംഭരിക്കാതെയാണ് ശുദ്ധജല വിതരണം നടത്തിവരുന്നത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റൊരു നിർദ്ദേശം ഇപ്പോൾ ഇടിഞ്ഞു കിടക്കുന്ന മണ്ണ് ഇനിയും ഇടിയാതിരിക്കുവാൻ അതിന്റെ അടി ഭാഗത്തിന് സംരക്ഷണം കൊടുക്കണം എന്നായിരുന്നു. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടേതായതുകൊണ്ട് സംരക്ഷണ പ്രവൃത്തി നടപടികൾ നടത്തിയിട്ടില്ല. ആപത്ത് സംഭവിക്കാതിരിക്കുവാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

196 (1983) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചതും കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ എത്ര കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിതമായി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് തിരിച്ച് അവയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചതും കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിതമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**പത്തനംതിട്ട നഗരസഭയിലെ കുടിവെള്ള ക്ഷാമം**

197 (1984) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട നഗരസഭയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജൈക്കയുമായി ചേർന്ന് ആലോചിക്കുന്ന പുതിയ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അതിന്റെ ചർച്ച ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

പത്തനംതിട്ട നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ജൈക്കയുമായി ചേർന്ന് പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. ജൈക്ക പദ്ധതിയിൽ ഉൾപ്പെടാതിരുന്ന ജില്ലകൾക്കായുള്ള സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി) പത്തനംതിട്ട മുനിസിപ്പാലിറ്റിയും മൈലപ്ര, മലയാലപ്പുഴ, ഓമല്ലൂർ, വടശ്ശേരിക്കര എന്നീ സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ള ക്ഷാമം**

198 (1985) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണം തടസ്സപ്പെട്ടാൽ ഉപഭോക്താക്കൾക്കു പരാതിപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് വാട്ടർ അതോറിറ്റി ഓഫീസുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനങ്ങൾ ഉപഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ബി) കാസർകോട് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കുന്നില്ല എന്നതു സംബന്ധിച്ച പരാതികൾ വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ ആഴ്ചകളോളം ശുദ്ധജലം കിട്ടാത്തത് എന്ത് കൊണ്ടാണെന്ന് പഠനംനടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ ഒരു നടപടിയും സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) എല്ലാ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓഫീസിൽ പരാതി രേഖപ്പെടുത്തുവാൻ പുസ്തകം ലഭ്യമാണ്. പരാതികൾ അസിസ്റ്റന്റ് എഞ്ചിനീയറെ ഫോണിൽ അറിയിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ കഴിഞ്ഞ വരൾച്ചാ സമയത്ത് പരാതികൾ രേഖപ്പെടുത്തുവാൻ പ്രത്യേക ഫോൺ നമ്പറോട് കൂടിയുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ വാട്ടർ അതോറിറ്റിയുടെ ടോൾ ഫ്രീ നമ്പർ മുഖേനയും പരാതികൾ സ്വീകരിച്ച് വരുന്നു. ഈ വിവരം വരൾച്ചാ സമയത്ത് മാധ്യമങ്ങൾ മുഖേന പരസ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ സംവിധാനങ്ങൾ ഉപഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) കാസർഗോഡ് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും നിന്നും ലഭിക്കുന്ന പരാതികൾ അതാത് ഓഫീസുകളിലെ പരാതി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള 150 പരാതികൾ ലഭിച്ചതിൽ 130 പരാതികൾ പരിഹരിച്ചിട്ടുണ്ട്. പരാതികളിൽ വിതരണ കുഴലിലെ ചോർച്ചയുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഹരിച്ചുവരുന്നു. പദ്ധതികളുടെ ഉയർന്ന പ്രദേശങ്ങളിലും മറ്റും കുടിവെള്ളം ലഭിക്കുന്നില്ല എന്നുള്ള പരാതികൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയിൽ നേരിടുന്ന പ്രയാസങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി 1976-ലാണ് പൂർത്തീകരിച്ചത്. വരൾച്ചാ കാലത്ത് സ്രോതസ്സിൽ ആവശ്യമായ ജലം ലഭിക്കാത്തതിനാലും ഉപ്പുവെള്ളം കയറുന്നതുമൂലവും കുടിവെള്ള വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ജലശുദ്ധീകരണ ശാല, പൈപ്പ്ലൈനുകൾ, മറ്റ് അനുബന്ധ ഭാഗങ്ങൾ എന്നിവയുടെ കാലപ്പഴക്കംമൂലവും ഉപഭോക്താക്കൾക്ക് ആവശ്യത്തിന് കുടിവെള്ളം നൽകുവാൻ പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. കൂടാതെ നിരന്തരമായി വൈദ്യുതി തടസ്സം ഉണ്ടാകുന്നതുമൂലം പമ്പിംഗ് പതിവായി മുടങ്ങുന്നതിനാലും ജലവിതരണം സുഗമമായി നടത്തുവാൻ സാധിക്കുന്നില്ല. വരൾച്ചാകാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കി വരുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ സ്രോതസ്സിൽ ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് ആവശ്യമായ ജലലഭ്യത ഉറപ്പാക്കാൻ കഴിയുകയുള്ളൂ. കാലപ്പഴക്കത്തിനാൽ തകരാറിലായ മെയിൻ പൈപ്പ്ലൈനുകൾ വിവിധ ഘട്ടങ്ങളിലായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കേണ്ടതുണ്ട്. കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്തും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി ഒരു പുതിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ആന്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു.

## കാസർഗോഡ് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി

199 (1986) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത പ്രദേശങ്ങളിലേയ്ക്ക് നബാർഡിന്റെ ധനസഹായത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പദ്ധതിയുടെ പേരും അനുവദിച്ച തുകയും പ്രത്യേകം വിശദമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലേക്ക് നബാർഡിന്റെ ധനസഹായത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി ആർ.ഐ.ഡി.എഫ് 17-ൽ 52 പദ്ധതികൾക്കും ആർ.ഐ.ഡി.എഫ് 18-ൽ 3 പദ്ധതികൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പേരുവിവരം, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കാപ്പിത്തോട് ശുദ്ധീകരണ പദ്ധതി

200 (1987) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാപ്പിത്തോട് ശുദ്ധീകരണ പദ്ധതിക്കായി 2006-2011, 2011-2016 കാലയളവിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കുമോ ;

(ബി) ഇതിനായി അന്നത്തെ എം.എൽ.എ.-യുടെ നേതൃത്വത്തിൽ എത്ര യോഗങ്ങൾ ചേർന്നിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2006-11 കാലയളവിൽ തുകകളൊന്നും ചെലവഴിച്ചിട്ടില്ല. 2011-16 കാലയളവിൽ കാക്കാഴം സ്കൂളിനുസമീപം താൽക്കാലിക ശുചീകരണവുമായി ബന്ധപ്പെട്ട് 1,37,005 രൂപ ജില്ലാ പഞ്ചായത്ത് മുഖേന ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 20-4-2013-ൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിലും 3-3-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(സി) മിനിട്ട്സിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## ഉടുമ്പൻചോല മണ്ഡലത്തിലെ ജലനിധി പ്രവർത്തനങ്ങൾ

201 (1988) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണികൾ നിർമ്മിക്കാൻ ജലനിധി പദ്ധതിയുടെ ഫണ്ട് പ്രയോജനപ്പെടുത്താൻ വ്യവസ്ഥയുണ്ടോ;

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ ജലനിധി പദ്ധതിയുടെ ഫണ്ട്, മഴവെള്ള സംഭരണികൾ നിർമ്മിക്കാൻ നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഫണ്ട് ചെലവഴിച്ച പഞ്ചായത്തുകളുടെ പേര് വിവരങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ബാച്ച്-2-ൽ ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ കരുണാപുരം ഗ്രാമപഞ്ചായത്തിൽ ജലനിധി ഫണ്ട് ഉപയോഗിച്ച് 1492 മഴവെള്ള സംഭരണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാച്ച് 3-ൽ നെടുങ്കണ്ടം, പാമ്പാടുംപാറ, രാജാക്കാട് എന്നീ പഞ്ചായത്തുകളിലും മഴവെള്ള സംഭരണികൾ നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## ചാത്തന്നൂർ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

202 (1989) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ ആവശ്യത്തിലേക്കായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെ ആണെന്നും ഇവ എന്നാരംഭിച്ചതാണെന്നും പദ്ധതിയുടെ പ്രയോജനം ആവശ്യകതയുമായി ബന്ധപ്പെടുത്തി വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും, പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്കും ആവശ്യമായ ശുദ്ധജലത്തിന്റെ നാമമാത്രമായ അംശം പോലും പരിഹരിക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കുവാനുതകുന്ന അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കല്ലുവാതുക്കൽ പഞ്ചായത്തിൽ കല്ലുവാതുക്കൽ-പാരിപ്പള്ളി പദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതി 1986-ൽ ആരംഭിച്ചതാണ്. നിലവിൽ ഈ പദ്ധതിയുടെ പ്രയോജനം ആവശ്യകതയുമായി ബന്ധപ്പെടുത്തുമ്പോൾ മൊത്തം ആവശ്യകതയുടെ ഏകദേശം 20% മാത്രമേ വരികയുള്ളു. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളേയും ആശ്രയിക്കുന്നുണ്ട്. പക്ഷേ വേനൽക്കാലത്ത് ഈ കിണറുകൾ വറ്റിപ്പോകാറുണ്ട്.

(ബി&സി) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിനുവേണ്ടി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്നു. ജിക്ക മീനാട് കുടിവെള്ള പദ്ധതിയുടെ പൂതക്കുളം 14.10 ലക്ഷം ലിറ്റർ ടാങ്കിൽ നിന്നും ഇ.എസ്.ഐ. മെഡിക്കൽ കോളേജിലേക്ക് പൈപ്പ്ലൈൻ സ്ഥാപിച്ച് 7 ലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്ന പദ്ധതിക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. കല്ലുവാതുക്കൽ, പാരിപ്പള്ളി, ചിറക്കര (ഭാഗികം) എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് 17.84 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**അംഗൻവാടികളിലെ കുടിവെള്ള കണക്ഷനുകൾ**

203 (1990) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗൻവാടികളിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന കുടിവെള്ള കണക്ഷനുകൾ ഗാർഹികേതര വിഭാഗത്തിലാണ് ഉൾപ്പെടുത്തി വരുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിവെള്ള കണക്ഷനുകൾ ഗാർഹിക വിഭാഗത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ നിർദ്ദേശത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുന്നതാണ്.

**ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കും കുടിവെള്ള പദ്ധതി**

204 (1991) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തുക അനുവദിച്ചിട്ട് എത്ര മാസമായെന്നും പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) പഞ്ചായത്തിന് സ്ഥലം നൽകാൻ ഇല്ലാതെ വരുകയും പ്രദേശത്ത് ധാരാളം റവന്യൂ ഭൂമി ലഭ്യമായിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത ഭൂമി ഈ പദ്ധതിക്കായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അതിന്റെ പ്രയോജനം യഥാസമയം ലഭിക്കാത്തത് വാട്ടർ അതോറിറ്റി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ 800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 45 മാസം. പദ്ധതിക്ക് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് ഇതുവരെ ലഭ്യമാക്കാത്തതുകൊണ്ട് പദ്ധതിയുടെ പ്രവർത്തനം ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(സി) ഈ പദ്ധതിയുടെ ജലശുദ്ധീകരണ ശാലയ്ക്ക് ആവശ്യമായ 50 സെന്റ് സ്ഥലം കുറ്റിക്കോൽ പഞ്ചായത്തിലെ കരിവേടകം വില്ലേജിൽ റീ.സ.നമ്പർ 106/1-ൽ ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂതല സംഭരണിക്കുവേണ്ടി കുറ്റിക്കോൽ പഞ്ചായത്തിലെ ബന്തടുക്ക വില്ലേജിൽ റീ.സ. നമ്പർ148-ൽ 15 സെന്റ് സ്ഥലം പഞ്ചായത്ത് ഇതുവരെ അനുവദിച്ച് തന്നിട്ടില്ല. ഈ

പദ്ധതിക്കായി പമ്പ് ഹൗസും കിണറും സ്ഥാപിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം പനത്തടി പഞ്ചായത്തിലെ പനത്തടി വില്ലേജിൽ (റീ.സ. നമ്പർ 271) പ്രസ്തുത പഞ്ചായത്ത് അനുവദിച്ചുതന്നിട്ടില്ല. മേൽപ്പറഞ്ഞ ഘടകങ്ങളിൽ ശുദ്ധീകരണശാലയ്ക്ക് കണ്ടെത്തിയ സ്ഥലം മാത്രമേ റവന്യൂ ഭൂമിയായിട്ടുള്ളൂ. സ്ഥലം ലഭ്യമാക്കാത്തതു കൊണ്ടാണ് പദ്ധതി തുടങ്ങുവാൻ കാലതാമസം നേരിടുന്നത്. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ അതിനനുസരിച്ച് പദ്ധതിയുടെ രൂപകൽപ്പനയിൽ മാറ്റം വരുത്തി പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഉണ്ട്. ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന ഉറപ്പിൽ രണ്ട് പ്രാവശ്യം പദ്ധതിയുടെ ടെണ്ടർ ക്ഷണിക്കുകയും ആദ്യത്തെ പ്രാവശ്യം, ഉയർന്ന തുക ആയതിനാലും രണ്ടാമത്തെ പ്രാവശ്യം ആരും പങ്കെടുക്കാത്തതിനാലും തുടർ നടപടിയെടുക്കാൻ സാധിച്ചിട്ടില്ല. തുടർന്ന് അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാകാത്ത തിനാലാണ് പുനർദർഘാസ് ക്ഷണിക്കാത്തത്.

**നദികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

205 (1992) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പഠനങ്ങളിലൂടെ എന്തെല്ലാമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നദികളിലെ നീരൊഴുക്ക് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ നദികളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളെക്കുറിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, റെയിൽ ഇൻഡ്യ ടെക്നിക്കൽ ആന്റ് എക്കണോമിക് സർവ്വീസസ് തുടങ്ങിയ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ ആറുകളെപ്പറ്റി സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആന്റ്

മാനേജ്മെന്റും എൻ.ഡബ്ല്യൂ.പി.എ.-യും പഠനം നടത്തിയിട്ടുണ്ട്. റെയിൽ ഇൻഡ്യ ടെക്നിക്കൽ ആന്റ് എക്കണോമിക് സർവ്വീസസ് കരമനയാറിനെപ്പറ്റിയും പഠിച്ചിട്ടുണ്ട്. ഇറിഗേഷൻ ആന്റ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുകൾ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭാരതപ്പുഴയുടെയും അതിന്റെ കൈവഴികളുടെയും പഠനം നടത്തിയിട്ടുണ്ട്. കൂടാതെ മറ്റ് നദികളെപ്പറ്റിയും പഠനം പല സമയങ്ങളിലായി നടന്നിട്ടുണ്ട്. നദികളിലെ നീരൊഴുക്ക് കുറയുന്നതും മലിനീകരണം, അധികമായ മണൽ വാരൽ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നദികളിലെ നീരൊഴുക്ക് വേനൽക്കാലത്ത് കുറയുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നെൽപ്പാടത്തിന്റെ വിസ്തൃതിയിൽ വന്ന കുറവും കാലാവസ്ഥയിലെ മാറ്റവും ഭൂവിനിയോഗത്തിൽ വന്ന മാറ്റവുമാണ് നദികളിലെ നീരൊഴുക്ക് കുറയുന്നതിന് കാരണം.

(സി) ഈ കാര്യത്തിൽ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ തുടങ്ങിയവ പണിതും നദികളിൽ വെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനും പെട്ടെന്ന് വെള്ളം കടലിലേക്ക് ഒഴുകി പോകുന്നതും തടയാൻ സാധിക്കുന്നതാണ്. എല്ലാ നദികളിലും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ വശങ്ങൾ (Side Protection) കെട്ടി സംരക്ഷിക്കുന്നുണ്ട്. എല്ലാ നദികൾക്കും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിച്ചുവരുന്നു.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

206 (1993) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിവിധ ക്ഷേമനിധികളിലേക്കുള്ള അംശാദായവും മാച്ചിംഗ് ഗ്രാന്റും നൽകുന്നത് ക്ഷേമനിധി അംഗങ്ങളെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകളെല്ലാം അടിയന്തരമായി പുനഃസംഘടിപ്പിച്ച് അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ ചട്ടപ്രകാരം പ്രാവർത്തികമാക്കേണ്ട ഓഡിറ്റും കൂടാതെ ഇന്റേണൽ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് എന്നിവയും നിലവിലുണ്ട്. ഈ ഓഡിറ്റുകൾ മുഖാന്തരം സാമ്പത്തികവും ഭരണപരവുമായ കാര്യങ്ങൾ വിലയിരുത്താറുണ്ട്. ബോർഡുകളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്കു മുമ്പാകെ സമർപ്പിച്ചുവരുന്നു. കൂടാതെ ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 7-8-2012-ലെ സ.ഉ. (എം.എസ്) നമ്പർ 115/12/തൊഴിൽ ഉത്തരവ് പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പരിശോധനാ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി പരിശോധനാ വിഭാഗം ബോർഡ് കാര്യാലയങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) ഓരോ ക്ഷേമനിധികളിലും അംഗങ്ങൾ വളരെ കുറഞ്ഞ തുകയാണ് അംശദായമായി ഒടുക്കുന്നത്. ടി തുക മൂന്ന് മാസം, ആറു മാസം, ഒമ്പത് മാസം, ഒരു വർഷം എന്നിങ്ങനെ വ്യത്യസ്ത തവണകളിലും ഒരുമിച്ചും ഒടുക്കുന്നതിനുമുള്ള സൗകര്യമുണ്ട്. ഓരോ തൊഴിലാളിക്കും നേരിട്ട് അതാത് ഓഫീസുകളിൽ എത്തിയോ, ദൂതൻ മുഖേനയോ, ബാങ്ക് മുഖേനയോ അംശദായം ഒടുക്കാവുന്നതാണ്. തൊഴിലാളികൾ ഒടുക്കുന്ന അംശദായ തുകയ്ക്ക് ആനുപാതികമായി മാച്ചിംഗ് ഗ്രാന്റ് നൽകുന്നത് സർക്കാരാണ്. തൊഴിലാളികളിൽ നിന്നും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ തുക പിരിച്ചെടുക്കാറില്ല.

(സി) സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

### അവിദഗ്ദ്ധരായ തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ

207 (1994) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിണറുകൾ, സെപ്റ്റിക് ടാങ്കുകൾ, അഴുക്കുചാലുകൾ തുടങ്ങിയവ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നവർ അപകടങ്ങളിൽപ്പെടുന്നതും ജീവൻ നഷ്ടപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിദഗ്ദ്ധരായ ഈ തൊഴിലാളികൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതെ ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നതാണ് അപകടങ്ങൾക്ക് ഇടയാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിന് ബോധവത്ക്കരണം നൽകുന്നതിനും അവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ട അപകടങ്ങൾ പരിശോധിച്ചപ്പോൾ മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

(സി) തൊഴിലിടങ്ങളിൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ലംഘനങ്ങൾ നടത്തുന്ന വർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സുരക്ഷാമാന ദണ്ഡങ്ങളെക്കുറിച്ച് പരിശോധനാ വേളയിലും അല്ലാതെയും തൊഴിലാളികൾക്കിടയിലും കരാറുകാർക്കിടയിലും ബോധവത്ക്കരണം നടത്താറുണ്ട്. തൊഴിൽ വകുപ്പിൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന സംവിധാനമില്ല. ആയത് തൊഴിലുടമകളും കരാറുകാരും ഉറപ്പുവരുത്തേണ്ടതാണ്.

**ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കൽ**

208 (1995) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ വളരെ വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് താമസിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പാർപ്പിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ അവർക്കായി പ്രത്യേകം ക്ഷേമ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃത്യമായ ഡാറ്റാ ബാങ്ക് തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 53,136 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ സ.ഉ. (സാധാ) 1717/2015/ തൊഴിൽ ഉത്തരവ് പ്രകാരം ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയ്‌ലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണം) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സ് നിലവിലുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിലെ ആദ്യ സംരംഭമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് കിൻഫ്രാ വ്യവസായ പാർക്കിൽ ഹോസ്റ്റൽ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. അവരുടെ വിവര ശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ പദ്ധതിയുടെ രൂപരേഖ തയ്യാറായിവരുന്നു.

(സി) കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക്-അപകട

മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും അവരുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം

209 (1996) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷം കഴിയുന്തോറും കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരികയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്കായി ഒരു ഏകീകൃത തിരിച്ചറിയൽ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ സമ്പ്രദായം നടപ്പിലാക്കുന്നതുൾപ്പെടെ ഇവരുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ഇത് പ്രായോഗികമാകുന്ന മുറയ്ക്ക് ഏകീകൃത തിരിച്ചറിയൽ സമ്പ്രദായം സാധ്യമാകുന്നതാണ്.

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പൂർണ്ണമായ താമസ സൗകര്യം

210 (1997) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പൂർണമായ താമസ സൗകര്യം ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?;

ഉത്തരം

തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഭവനം ഫൗണ്ടേഷൻ കേരളയുടെ കീഴിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യം ഉറപ്പാക്കുന്നതിനായി 'അപ്നാഘർ' എന്ന പദ്ധതി നിലവിലുണ്ട്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ പാലക്കാട് കഞ്ചിക്കോട് ഒരു ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

211 (1998) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ എത്ര ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാകും; വിശദാംശങ്ങൾ നൽകുമോ;

(ഡി) കൂടുതൽ തൊഴിലാളികളെ പദ്ധതിയിലേക്ക് ആകർഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

**ഇതരസംസ്ഥാന തൊഴിലാളികളുടെ വേതനം**

212 (1999) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനതൊഴിലാളികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന്റെ തോത് സംബന്ധിച്ച് എന്തെങ്കിലും ധാരണയുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനതൊഴിലാളികളുടെ ആധിക്യവും ഇവരുടെ കൂലി വർദ്ധനയും കണക്കിലെടുത്താൽ വർഷത്തിൽ 25000 കോടി രൂപ വരെ അവർ നാട്ടിലേക്ക് അയയ്ക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്നുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) തൊഴിൽ വകുപ്പിന്റെ കൈവശം ഇതിനെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. എന്നാൽ 2013-ലെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് നിന്ന് ഒരു വർഷം ഒരു ഇതര സംസ്ഥാന തൊഴിലാളി ഏതാണ്ട് 70,000 രൂപ (എഴുപതിനായിരം) നാട്ടിലേക്ക് അയയ്ക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കൃത്യമായ വിവരം ഇതുവരെ ശേഖരിച്ചിട്ടില്ല.

**ഇതരസംസ്ഥാന തൊഴിലാളികളുടെ കണക്കെടുക്കാൻ നൂതന സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാൻ നടപടി**

213 (2000) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഇതര സംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്യുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക് ശേഖരിച്ച രീതി വിശദമാക്കുമോ;

(സി) ആധുനിക സങ്കേതികവിദ്യ ഉപയോഗിച്ച് ഇവരുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഇവരുടെ വിരലടയാളമുൾപ്പെടെയുള്ള പൂർണ്ണവിവരങ്ങൾ ശേഖരിക്കുന്നതിനും ഫോട്ടോ പതിച്ച തൊഴിൽ കാർഡുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ ഇവരുടെ രജിസ്ട്രേഷൻ നടത്തി നൽകുന്ന ഐ.ഡി. നമ്പരിന്റെ സഹായത്താൽ ഇവരെ ഐഡന്റിഫൈ ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള നൂതന സോഫ്റ്റ് വെയറുകൾ തയ്യാറാക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ?

<u>ഉത്തരം</u>

(എ&ബി) ഇതര സംസ്ഥാനത്തൊഴിലാളികളുടെ വിശദമായ കണക്ക് തൊഴിൽ വകുപ്പിൽ ശേഖരിച്ചിട്ടില്ല. കേരള സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രെയിനിൽ വന്നുപോകുന്ന തൊഴിലാളികളുടെ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമായും കണക്ക് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 53136 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡ് ലഭ്യമാക്കിയ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*)

(സി&ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി പരിഗണനയിലാണ്. ആയത് പ്രാവർത്തികമായാൽ തൊഴിലാളികളുടെ കൃത്യമായ കണക്കെടുക്കൽ സാധ്യമാകുന്നതാണ്. പദ്ധതിക്ക് അന്തിമ രൂപമായിട്ടില്ല.

(ഇ) സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമായാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ഐഡന്റിഫിക്കേഷനും സാധ്യമാകുന്നതാണ്.

**ബാലവേല സംബന്ധിച്ച കേസ്സുകൾ**

214 (2001) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ബാലവേല സംബന്ധിച്ച കേസുകൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പിടിക്കപ്പെട്ട ഇത്തരം കേസ്സുകളിൽ എത്രയെണ്ണത്തിൻമേൽ തുടർ നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 8 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കണ്ടെത്തിയ കേസ്സുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിച്ച കേസ്സുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| (1) | (2) | (3) | (4) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 2. | പത്തനംതിട്ട | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 3. | ആലപ്പുഴ | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 4. | എറണാകുളം | 3 | 2 (കോടതിയുടെ പരിഗണനയിലാണ്) |
| 5. | തൃശ്ശൂർ | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 6. | കാസർഗോഡ് | 1 | 1 (തൊഴിലുടമയ്ക്ക് 10,000 രൂപ പിഴ ശിക്ഷ വിധിച്ചു.) |

(സി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമപ്രകാരം നിയമലംഘനം കണ്ടെത്തിയ 8 കേസ്സുകളിൽ ഒരു കേസ്സിൽ ഒഴികെ ബാക്കിയുള്ളവയിൽ കോടതിയിൽ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ നിയമലംഘനം കണ്ടെത്തിയ കേസ്സിൽ തൊഴിലുടമയ്ക്ക് 10,000 രൂപ പിഴ ശിക്ഷ വിധിച്ചു. നിലവിൽ ഇനി ആറ് കേസ്സുകൾ കോടതിയുടെ പരിഗണനയിലുണ്ട്.

**കർഷക തൊഴിലാളി പെൻഷൻ**

215 (2002) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒല്ലൂർ നിയോജകമണ്ഡലത്തിൽ കർഷക തൊഴിലാളി പെൻഷൻ എത്ര പേർക്ക് അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പഞ്ചായത്ത്/ കോർപ്പറേഷൻ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

ഒല്ലൂർ നിയോജക മണ്ഡലത്തിൽ 3046 ഗുണഭോക്താക്കൾക്കാണ് നിലവിൽ കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ചുവരുന്നത്. അവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| മാടക്കത്തറ പഞ്ചായത്ത് | 428 |

| | |
|---|---|
| നടത്തറ ഗ്രാമപഞ്ചായത്ത് | 468 |
| പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | 816 |
| പുത്തൂർ ഗ്രാമപഞ്ചായത്ത് | 844 |
| തൃശ്ശൂർ കോർപ്പറേഷൻ | 490 |
| ആകെ | 3046 |

**തൊഴിൽ നിയമ പരിഷ്കരണം**

216 (2003) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയത്; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇത് നടപ്പിലാക്കുന്നതിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമ പരിഷ്കരണ സമിതി രൂപീകരിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (s) ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (s)-ലെ "വർക്ക്മാൻ" എന്ന നിർവ്വചനത്തിൽ ഭേദഗതി വരുത്തുക വഴി "സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെ" തൊഴിൽ വ്യവസായ തർക്ക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക, പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുകൂടി ടി നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

(സി) 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്

ചട്ടങ്ങളിൽ ക്രഷ്, വിശ്രമവേളയിൽ ഇരിക്കാനുള്ള സൗകര്യം, തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം, തൊഴിലാളികൾക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ ജി.ഒ.(പി) നമ്പർ 134/2015/തൊഴിൽ തീയതി 16-9-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ വേതന സുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകി ജി.ഒ.(പി) നമ്പർ 84/2015/തൊഴിൽ തീയതി 8-7-2015 പ്രകാരം സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ പ്രകാരം ടി മേഖലയിലെ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഭേദഗതി ഉത്തരവും (എസ്.ആർ.ഒ.നമ്പർ 167/2016 തീയതി 4-2-2016) ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946 പ്രകാരമുള്ള സർട്ടിഫയിംഗ് ഓഫീസർമാരെ നിയമിച്ചുകൊണ്ടും (എസ്.ആർ.ഒ. നമ്പർ 326/2016 തീയതി 7-4-2016) ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ടും) 1958, കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി ഒരു ഭേദഗതി കരടും സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും നിയമംമൂലം യാതൊരു വേതന നിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത സർവ്വവിധ തൊഴിലാളികൾക്കും ജീവനക്കാർക്കും അടിസ്ഥാന നിരക്കിൽ ഒരു കേവല വേതനം അവകാശമാക്കുന്നതിനും അനുബന്ധ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ലക്ഷ്യമാക്കി ഒരു ബില്ലും സർക്കാരിന്റെ പരിഗണനയിലാണ്.

## ഇതരസംസ്ഥാന തൊഴിലാളികൾ

217 (2004) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പതുലക്ഷത്തോളം മറുനാടൻ തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവരുടെ കൃത്യമായ വിവരശേഖരണത്തിന് സർക്കാരിന്റെ മുന്നിലുള്ള കടമ്പകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കൃത്യമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും അസംഘടിത

മേഖലകളിൽ സ്ഥിരമായ ഒരു തൊഴിലുടമയില്ലാതെ ജോലി ചെയ്യുന്ന എന്നതാണ് വിവര ശേഖരണത്തിന് മുന്നിലെ പ്രധാന കടമ്പ. എന്നാൽ ഇവരുടെ ആരോഗ്യ പരിരക്ഷ കൂടി ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ/ ഹെൽത്ത് കാർഡ് നൽകുന്ന കാര്യവും സാധ്യമാവുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

218 (2005) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യ പരിശോധന, താമസ സൗകര്യം, താമസ ചുറ്റുപാടുകൾ ഇവ പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ആരാണ് ഇത്തരം പരിശോധനകൾ നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) തൃക്കാക്കര നിയോജക മണ്ഡലത്തിൽ മെട്രോ, ഇൻഫോപാർക്ക് മേഖലകളിലും മറ്റ് മേഖലകളിലും പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മേൽപറഞ്ഞ സൗകര്യങ്ങൾ പരിശോധിക്കാൻ പ്രത്യേക നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മുതൽ "കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി" എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53,136 തൊഴിലാളികൾ പദ്ധതിയിൽ അംഗമായിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് - അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവയ്ക്കും അർഹതയുണ്ട്. 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം,

തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയ്‍ലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം നടന്നുവരുന്നു. അവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടാതെ ടാസ്ക്ഫോഴ്സ് അംഗങ്ങളായ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്) എന്നിവരേയും പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട മേഖലയിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എറണാകുളം ജില്ലാ ലേബർ ഓഫീസർ (ഇ)-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്രിമിനൽ പശ്ചാത്തലമുള്ള ഇതര സംസ്ഥാനത്തൊഴിലാളികൾ**

219 (2006) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതരസംസ്ഥാനക്കാരായ തൊഴിലാളികൾ വളരെയധികം കൂടിയിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തെ കഴക്കൂട്ടം ഒരു ചെറിയ 'ബംഗാൾ' ആയി മാറിയിട്ടുണ്ടെന്നുള്ളന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ എത്തുന്ന ഇതരസംസ്ഥാനക്കാരായ തൊഴിലാളികളിൽ ചിലർ അവരുടെ നാട്ടിലെ ക്രിമിനൽ കേസിൽ ഉൾപ്പെട്ടശേഷം ഇവിടെ വന്ന് പണിയെടുക്കുകയും ഇവിടെയും അക്രമം നടത്തുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തൊഴിലാളികളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ എത്തിച്ചേരുന്ന ഇതരസംസ്ഥാന ക്കാരായ തൊഴിലാളികളുടെ തൊഴിലെടുക്കുവാനുള്ള അവകാശത്തെ നിയന്ത്രിക്കുവാൻ വ്യവസ്ഥയില്ല. എന്നാൽ ഇവരുമായി ബന്ധപ്പെട്ട ക്രമസമാധാന വിഷയങ്ങളിൽ ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ**

220 (2007) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. എം. മണി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വാസഗൃഹങ്ങളുടെ ശോചനീ യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം തൊഴിലാളികൾക്കായി ഭവന നിർമ്മാണ പദ്ധതി ആവിഷ്കരി ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്ലാന്റേഷൻ തൊഴിൽ നിയമ പ്രകാരം വാസ സൗകര്യം ഏർപ്പെടുത്തുന്നതു നിരീക്ഷിക്കുന്നതിനായി പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി കമ്മിറ്റി പുനസംഘടിപ്പിച്ച് ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോട്ടം തൊഴിലാളികളുടെ ഭവനം പദ്ധതിക്കുവേണ്ടി 1959-ലെ കമ്പനി നിയമം സെക്ഷൻ 25 പ്രകാരം ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി തൊഴിൽ വകുപ്പിനുകീഴിൽ 11-1-2014-ന് പ്രവർത്തനം ആരംഭിച്ചു. 2013-14-ൽ 20 കോടി രൂപ സർക്കാർ പ്ലാൻ ഫണ്ടിൽ ഇതിലേക്കായി അനുവദിച്ചിട്ടുണ്ട്. ഭവനം പദ്ധതിയുടെ നടത്തിപ്പിനായി തോട്ടം മേഖലയിൽ തൊഴിലുടമയുടെയും തൊഴിലാളികളുടെയും ഇടയിൽ സർവ്വേ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

## തിരിച്ചറിയൽ കാർഡ്

221 (2008) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും അധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന പെരുമ്പാവൂരിൽ അവരെ തിരിച്ചറിയുന്നതിനു വേണ്ടി തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനമൊട്ടാകെ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിവരശേഖരണവും ആരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഇതിലൂടെ ഇവരുടെ കണക്കെടുപ്പും വിവര ശേഖരണവും തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും സാധ്യമാവുന്നതാണ്.

## വസ്ത്ര വ്യാപാരമേഖലയിലെ ജോലിക്കാർ

222 (2009) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വസ്ത്രവ്യാപാരം പോലുള്ള മേഖലയിൽ 12 മണിക്കൂറിലധികമാണ് വനിതകളടക്കമുള്ളവർ തൊഴിലെടുക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിൽ നിയമങ്ങൾ കർശനമാക്കുന്നതിലൂടെ ക്ഷേമനിധി അടക്കമുള്ള ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വസ്ത്ര വ്യാപാരശാലകളിൽ നടത്തുന്ന പരിശോധനാ വേളയിൽ ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും സുരക്ഷയും ഉറപ്പുവരുത്തി ജീവനക്കാർക്ക് ലഭ്യമാകേണ്ട കുറഞ്ഞകൂലി, അർഹമായ ജോലി സമയം, അധിക സമയ ജോലിക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയങ്ങളിൽ ഇരിക്കാനുള്ള സൗകര്യം, ആഴ്ച അവധി,

ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ക്രഷ്, ടോയ്‌ലെറ്റ്, ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ് എന്നിവയും തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ട്. കൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2-മാരുടെയും ജില്ലാ ലേബർ ഓഫീസർ (ഇ)-മാരുടെയും നേതൃത്വത്തിൽ നടത്തുന്ന പരിശോധനാ വേളയിൽ ടി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ചേർത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അംഗത്വം എടുപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടുതൽ പേരെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയിൽ ചേർക്കാനുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ

223 (2010) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

224 (2011) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം എത്ര രൂപയാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ നൽകുന്നത് ക്ഷേമനിധി ബോർഡ് ആസ്ഥാനത്ത് നിന്നാണോ അതോ ജില്ലാ ഓഫീസുകളിൽ നിന്നുമാണോയെന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഏത് മാസം വരെയാണ് പെൻഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം ഒന്നിൽ കൂടുതൽ തവണ പെൻഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയത് എത്ര രൂപയാണെന്നും ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ഇ) പെൻഷൻ വിതരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിമാസം നൽകിവരുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | മെമ്പർ പെൻഷൻ | - | 600 രൂപ |
| 2. | കുടുംബ പെൻഷൻ | - | 300 രൂപ |
| 3. | അവശത പെൻഷൻ | - | 600 രൂപ |
| 4. | സാന്ത്വനം | - | 400 രൂപ |

(ബി) നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നുള്ള പെൻഷൻ അനുവദിക്കുന്നത് അതാത് ജില്ലാ ഓഫീസുകളിൽ നിന്നുമാണ്. എന്നാൽ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക ജില്ലാ ഓഫീസുകളിൽ നിന്നും ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ചീഫ് ഓഫീസിൽ നിന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അനുവദിക്കുകയും ജില്ലാ ഓഫീസുകളിൽ നിന്നും തുക പെൻഷണർമാർക്ക് വിതരണം ചെയ്തും വരുന്നു.

(സി) 2016 മാർച്ച് മാസം വരെയുള്ള എല്ലാ ക്വാർട്ടർ പെൻഷനും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി&ഇ) ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും പെൻഷണർമാർക്ക് 23-5-2014, 28-5-2014 എന്നീ തീയതികളിലായി ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ 23,27,812 രൂപ അധികരിച്ച് അയച്ചതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇപ്രകാരം അധികരിച്ച് അയച്ച തുക തുടർന്ന് ക്വാർട്ടർ പെൻഷൻ അയയ്ക്കുന്ന അവസരങ്ങളിൽ കിഴിച്ചും പെൻഷണർമാരിൽ നിന്നും നേരിട്ട് തിരികെ ഈടാക്കിയും പൂർണ്ണമായി ക്രമീകരിച്ചിട്ടുണ്ടെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും

പെൻഷണർമാർക്ക് 7/13 മുതൽ 3/15 വരെയുള്ള കാലയളവിൽ ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ 9,23,280 രൂപ അധികരിച്ച് അയച്ചതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇപ്രകാരം അധികരിച്ച് അയച്ച തുകയിൽ 7,15,030 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള 2,08,250 രൂപ തുടർന്നുള്ള മാസങ്ങളിൽ ക്വാർട്ടർ പെൻഷൻ അയയ്ക്കുന്നതിൽ കുറവ് ചെയ്യുന്നതിനും പെൻഷണർമാരിൽ നിന്നും നേരിട്ട് തിരികെ ബോർഡിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. കൂടാതെ ഇപ്രകാരം ബാങ്ക് മുഖേന പെൻഷൻ അയച്ചതിൽ മറ്റ് ജില്ലകളിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്**

225 (2012) ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്'- ന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) വിവിധ തൊഴിൽ മേഖലകളിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നത് ലക്ഷ്യമിട്ട് നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന അക്കാഡമികളും സ്ഥാപിച്ചിട്ടുണ്ട്. സെന്റർ ഓഫ് എക്സലൻസ് പദ്ധതിക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്),

CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) കൂടാതെ കൺസ്ട്രക്ഷൻ രംഗത്ത് വിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായിട്ടുണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസിന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

## നൈപുണ്യ വികസന പ്രവർത്തനങ്ങൾ

226 (2013) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര:
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യത്യസ്ത നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിൽവരുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകി. വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന അക്കാഡമികളും സ്ഥാപിച്ചിട്ടുണ്ട്. സെന്റർ ഓഫ് എക്സലൻസ് പദ്ധതിക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) എന്നീ അക്കാഡമികളും കൂടാതെ കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ എന്നിവയും നടപ്പാക്കിവരുന്നു.

തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൗൺസിലും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

## തൊഴിൽ അന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും നൽകുന്ന പദ്ധതി

227 (2014) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകർക്ക് കൗൺസിലിംഗും, പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദീകരിക്കുമോ;

(ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്?

### ഉത്തരം

(എ&ബി) വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകി. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യ വികസനത്തിനായി താഴെപ്പറയുന്ന അക്കാഡമികളും സ്ഥാപിച്ചിട്ടുണ്ട്.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) എന്നീ അക്കാഡമികളും കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസും (KASE) കേരള അക്കാഡമി ഫോർ സ്കിൽസി-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള അഡ്വൈസറി കൗൺസിലും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

**കരിമ്പുഴ സർക്കാർ ഐ.ടി.ഐ.**

228 (2015) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളതെന്നും ഓരോ കോഴ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്കാവശ്യമായ അധ്യാപകരും അനധ്യാപകരും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ട്രേഡിലേക്കുമായി എത്ര വീതം അദ്ധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെങ്കിലും ട്രേഡിൽ പഠിപ്പിക്കുവാൻ അധ്യാപകരില്ലാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ; ബിൽഡിംഗുകൾ ഉൾപ്പെടെയുള്ള എന്തെല്ലാം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ളതെന്നും ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 18 ട്രെയിനികളും പ്ലംബർ ട്രേഡിൽ 19 ട്രെയിനികളും നിലവിൽ പരിശീലനം നേടുന്നുണ്ട്.

(ബി-ഡി) കരിമ്പുഴ ഐ.ടി.ഐ.-യ്ക്കായി തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവന ക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ടി ഐ.ടി.ഐ.-യിൽ ഇപ്പോൾ പരിശീലനം നൽകി വരുന്നത്.

(ഇ) ഐ.ടി.ഐ.-യുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിലാണ് ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.**

229 (2016) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് ഐ.റ്റി.ഐ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; ഇതിനായി സ്ഥലം ഏറ്റെടുത്ത് നൽകിയാൽ ഐ.റ്റി.ഐ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ആവശ്യം വേണ്ട സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത സ്ഥലത്ത് ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിലവിലുള്ള ഐ.ടി.ഐ.-കൾ**

230 (2017) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിലവിലുള്ള ഐ.റ്റി.ഐ.കൾ ഏതൊക്കെയാണെന്നും അവ ഓരോന്നിലും നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഐ.റ്റി.ഐ.കളിൽ ഓരോ വിഭാഗത്തിലും എത്ര പേർക്കാണ് പ്രവേശനം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സർക്കാർ ഐ.റ്റി.ഐ.-കൾ കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി.കൾ ഏതൊക്കെയാണെന്നും അവയിൽ നിലവിലുള്ള ട്രേഡുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിലവിൽ ഒരു ഗവൺമെന്റ് ഐ.ടി.ഐ. ആണുള്ളത്. ടി സ്ഥാപനത്തിലെ ട്രേഡുകളും ഓരോ വിഭാഗത്തിലും പ്രവേശനം നൽകുന്നവരുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ഐ.ടി.ഐ.-യുടെ പേര് | ട്രേഡുകളുടെ പേര് | യൂണിറ്റുകളുടെ എണ്ണം | പ്രവേശനം നൽകുവാൻ കഴിയുന്ന കുട്ടികളുടെ എണ്ണം | മെട്രിക് വിഭാഗം/ നോൺ മെട്രിക് വിഭാഗം |
|---|---|---|---|---|
| ഗവൺമെന്റ് ഐ.ടി.ഐ. ആരക്കുഴ | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2 | 42 | മെട്രിക് |
| | പ്ലംബർ | 2 | 42 | - |

(സി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ സ്വകാര്യ മേഖലയിൽ ഉണ്ടായിരുന്ന ഏക പ്രൈവറ്റ് ഐ.ടി.ഐ. ഓക്സ്ഫോർഡ് പ്രൈവറ്റ് ഐ.ടി.ഐ. ആണ്. പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**ചെങ്ങന്നൂർ താലൂക്കിലെ ഐ.ടി.ഐ.-കൾ**

231 (2018) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ താലൂക്കിലെ ഗവ. ഐ.ടി.ഐ, വനിതാ ഐ.ടി.ഐ. എന്നീ സ്ഥാപനങ്ങളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) അപായസാദ്ധ്യതയുള്ള കെട്ടിടങ്ങൾ നീക്കം ചെയ്യുന്ന തരത്തിലുള്ള തീരുമാനം നിലവിലുണ്ടോ;

ഉത്തരം

(എ) ചെങ്ങന്നൂർ താലൂക്കിലെ ഗവൺമെന്റ് ഐ.ടി.ഐ., വനിതാ ഐ.ടി.ഐ. എന്നീ സ്ഥാപനങ്ങളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അവസ്ഥ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ വനിതാ ഐ.ടി.ഐ.-യിൽ 25 വർഷം പഴക്കമുള്ള ഒരു കെട്ടിടത്തിന്റെ റീ-വയറിംഗ് ജോലികൾ നടന്നുവരുന്നു. പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ സൂചിപ്പിച്ച ഐ.ടി.ഐ.-കളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ചെങ്ങന്നൂർ വനിത ഐ.ടി.ഐ.-യിൽ കാറ്റിൽ തകർന്ന് അപകടമുണ്ടായ ട്രസ്സ് വർക്ക് ചെയ്ത ഭാഗത്തെ അറ്റകുറ്റപ്പണികൾക്കും അപകടാവസ്ഥ നിലനിൽക്കുന്ന ഭാഗം നീക്കം ചെയ്യുന്നതിനും നടപടികൾക്കായി പി.ഡബ്ല്യു.ഡി.-ക്ക് ശിപാർശ നൽകിയിട്ടുണ്ട്. ചെങ്ങന്നൂർ ഐ.ടി.ഐ.-യിലെ അപകടാവസ്ഥയിലായ ഹോസ്റ്റൽ കെട്ടിടം മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

**തൃപ്പൂണിത്തുറ ഐ.ടി.ഐ.-ക്ക് സ്വന്തം കെട്ടിടം**

232 (2019) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാലുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി സ്ഥലം അനുവദിക്കുന്നതിനും അവിടെ ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടം നിർമ്മിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരട് വില്ലേജിൽ 58 സെന്റ് സ്ഥലം മരട് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 3.99 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കെട്ടിടം നിർമ്മിക്കുന്നതിനായി ലഭിച്ച തുക പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## ലഹരി മാഫിയ വ്യാപകമാകുന്നത് തടയാൻ നടപടി

233 (2020) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ വ്യാപകമായി മയക്കുമരുന്ന് വിതരണം ചെയ്യുന്നതായിട്ടുള്ള മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾ, എൻ.എസ്.എസ്. യൂണിറ്റ്, സ്കൗട്സ്, എൻ.സി.സി. യൂണിറ്റ് തുടങ്ങിയവ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുകയും ആയതിലൂടെ സമഗ്രമായ ബോധവൽകരണ പ്രക്രിയ നടപ്പിലാക്കുകയും ചെയ്യുന്ന കർമ്മപരിപാടിക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) സ്വീകരിച്ചു വരുന്നു.

(ബി) എക്സൈസ് വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കേരളത്തിലെ 1735 സ്കൂളുകളിലും 261 കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബുകളിലൂടെ ലഹരിക്കെതിരെ വ്യാപകമായ ബോധവത്കരണ പരിപാടികൾ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകളുമായും നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളുമായും ചേർന്ന് എക്സൈസ് വകുപ്പ് സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിക്കെതിരെ ശക്തമായി പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി വളരെ ശക്തമായ പരിപാടികളാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വ്യാപകമായ ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. ലഹരിക്കെതിരെയുള്ള ബോധ വത്കരണത്തിന്റെ ഭാഗമായി കൂട്ടയോട്ടം, ചിത്രരചന, നാടകം, പ്രസംഗമത്സരം, ഫിലിംഷോ, മാജിക് ഷോ, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, ക്വിസ് മത്സരം എന്നിവ നടത്തിവരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വില്പനക്കെതിരെ ലഹരി വിരുദ്ധ ക്ലബുകളുടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും സഹായത്തോടെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾക്ക് സമീപമുള്ള കച്ചവട സ്ഥാപനങ്ങളിലൂടെ ലഹരി വസ്തുക്കൾ വില്പന നടത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗ് ഊർജ്ജിതമാക്കുന്നതിന് എല്ലാ ഡിവിഷനുകളിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബുകൾ പ്രവർത്തിച്ചുവരുന്ന സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരിക്കെതിരെയുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ഒരു മാസത്തിനകം 2000 സ്കൂളുകളിൽ ഇവ സ്ഥാപിക്കു ന്നതാണ്.

## ലഹരിവിരുദ്ധ ദിനം

234 (2021) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 26, ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് സംഘടിപ്പിച്ച പരിപാടികൾ എന്തൊക്കെയായിരുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) ലഹരി വിരുദ്ധ ദിനം ഇത്തവണ എല്ലാ ജില്ലകളിലും ആചരിച്ചിരുന്നോ; ഇതിനു ചെലവായ തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ വർഷം ഇതേ പരിപാടി സംഘടിപ്പിക്കാൻ ഓരോ ജില്ലയിലും ചെലവായ തുക എത്രയാണെന്ന് കൂടി പറയാമോ?

### ഉത്തരം

(എ) ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാനതല ലഹരി വിരുദ്ധ ബോധവത്കരണ സമ്മേളനം തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ വച്ച് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. ടി പരിപാടിയിൽ വച്ച് സംസ്ഥാനത്തെ മികച്ച ബോധവത്കരണ പ്രവർത്തകൻ, മികച്ച സംഘടന, മികച്ച സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം എന്നിവർക്ക് ക്യാഷ് അവാർഡും പ്രശംസാപത്രവും വിതരണം ചെയ്തു. കൂടാതെ ലഹരി വിരുദ്ധ ബോധവത്കരണ പോസ്റ്റർ പ്രദർശനം, ബോധവത്കരണ ക്ലാസ്, ബോധവത്കരണ ഷോട്ട് ഫിലിം പ്രദർശനം എന്നിവയും നടത്തി.

(ബി) അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും വൈവിദ്ധ്യവും വിപുലവുമായ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ആയതിന് ചെലവായ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | 2016-ൽ ചെലവായ തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 147510 |
| കൊല്ലം | 30920 |
| പത്തനംതിട്ട | 28983 |
| ആലപ്പുഴ | 29490 |
| കോട്ടയം | 26320 |
| ഇടുക്കി | 45263 |

| (1) | (2) |
|---|---|
| എറണാകുളം | 5970 |
| തൃശ്ശൂർ | 31681 |
| പാലക്കാട് | 3570 |
| മലപ്പുറം | 35938 |
| കോഴിക്കോട് | 64820 |
| വയനാട് | 11780 |
| കണ്ണൂർ | 22708 |
| കാസർഗോഡ് | 26500 |

(സി) കഴിഞ്ഞ വർഷത്തെ ചെലവായ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | 2015-ൽ ചെലവായ തുക |
|---|---|
| തിരുവനന്തപുരം | 17797 |
| കൊല്ലം | 29458 |
| പത്തനംതിട്ട | 30000 |
| ആലപ്പുഴ | 25359 |
| കോട്ടയം | 17520 |
| ഇടുക്കി | 25080 |
| എറണാകുളം | 98719 |
| തൃശ്ശൂർ | 24375 |
| പാലക്കാട് | 40000 |
| മലപ്പുറം | 33123 |
| കോഴിക്കോട് | 51535 |
| വയനാട് | 13250 |
| കണ്ണൂർ | 34226 |
| കാസർഗോഡ് | 21770 |

## എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

235 (2022) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും ശാക്തീകരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയത്; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് എക്സൈസ് അക്കാദമി നവീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യത്തിനും നവീകരണത്തിനുമായി 19 ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി ദക്ഷിണ മേഖല കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിലും മദ്ധ്യമേഖല കേന്ദ്രീകരിച്ച് എറണാകുളം ജില്ലയിലും ഓരോ മൊബൈൽ ലാബുകൾ സ്ഥാപിച്ചു. എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി.-യും ഫീൽഡ് ഓഫീസുകളിലെ പ്രിവന്റീവ് ഓഫീസർ മുതൽ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും മൊബൈൽ കണക്ഷനും നൽകുകയുണ്ടായി. എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ സ്ഥിതി വിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനിടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഒരു പ്രത്യേക വിഭാഗം ആരംഭിക്കുകയും അട്ടപ്പാടിയിലും വയനാട് ജില്ലയിലും ഓരോ ജനമൈത്രി എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾ ശക്തി പെടുത്തുന്നതിനായി വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 140 തസ്തികകൾ സൃഷ്ടിച്ചു. എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചു.

(സി) എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചു. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുകയും കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുകയും ചെയ്തു.

## ബിവറേജസ് കോർപ്പറേഷനിലെ ഹെൽപ്പർ-കം-പ്യൂൺ റാങ്ക് ലിസ്റ്റ്

236 (2023) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ-കം-പ്യൂൺ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകളായ ഉദ്യോഗാർത്ഥികളെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്. അവരിൽ 38 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട 253 ഹെൽപ്പർ/പ്യൂൺ തസ്തികയിൽ 208 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 45 പേർക്ക് കൂടി നിയമനം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

## വ്യാജമദ്യം തടയാൻ നടപടി

237 (2024) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2016-ൽ വ്യാജ മദ്യം പിടികൂടിയ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി മദ്യം കടത്തിയതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) വ്യാജ മദ്യം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 2016-ൽ വ്യാജ മദ്യം പിടികൂടിയതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 23 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 19 ആളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(ബി) അനധികൃതമായി മദ്യം കടത്തിയതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 2016-ൽ എക്സൈസ് വകുപ്പ് 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 3 ആളുകളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 21.45 ലിറ്റർ ഇതര സംസ്ഥാന മദ്യം തൊണ്ടിയായി പിടിച്ചെടുത്തിട്ടുള്ളതുമാണ്.

(സി) വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും കടത്തും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും എക്സൈസ് വകുപ്പ് നടപ്പാക്കിയിട്ടുള്ളതാണ്. ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും തുടർച്ചയായ പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും എല്ലാ മേഖലകളിലും നടത്തിവരുന്നതും മേൽപ്രകാരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകളും ബോർഡർ പട്രോളിംഗ് യൂണിറ്റുകളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഷാഡോ എക്സൈസ് വിഭാഗവും എക്സൈസ് കമ്മീഷണറുടെ സ്ക്വാഡും രഹസ്യ നിരീക്ഷണങ്ങളും കർശന പരിശോധനകളും നടത്തുന്നു. വ്യാജമദ്യം തടയുന്നതിന് ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി പ്രവർത്തിച്ചുവരുന്നു.

**സംസ്ഥാനത്തെ മദ്യ ഉപഭോഗം**

238 (2025) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചു പൂട്ടിയതിനു ശേഷം മദ്യ ഉപഭോഗത്തിൽ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ;

(ബി) 2014, 2015, 2016 വർഷങ്ങളിലെ മദ്യ ഉപഭോഗത്തിന്റെ താരതമ്യം ലഭ്യമാക്കാമോ;

(സി) ബാറുകൾ പൂട്ടിയതിനു ശേഷം സംസ്ഥാനത്ത് കഞ്ചാവ് തുടങ്ങിയ മറ്റ് ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2014-15, 2015-16 വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപ്പനയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിൽ ബിയറിന്റെ വിൽപ്പന ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) ബിവറേജസ് കോർപ്പറേഷന്റെ 2013-14, 2014-15, 2015-16 കാലയളവുകളിൽ വിൽപ്പന നടത്തിയ മദ്യത്തിന്റെയും ബിയറിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവ്

| വർഷം | വിൽപ്പന (കെയ്സുകൾ ലക്ഷത്തിൽ) | മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിലുണ്ടായ വ്യത്യാസം |
|---|---|---|
| 2013-14 | 240.67 | -1% |
| 2014-15 | 220.58 | -8% |
| 2015-16 | 201.75 | -9% |

ബിയറിന്റെ വിൽപ്പനയുടെ അളവ്

| വർഷം | വിൽപ്പന (കെയ്സുകൾ ലക്ഷത്തിൽ) | മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിലുണ്ടായ വ്യത്യാസം |
|---|---|---|
| 2013-14 | 107.96 | 6% |
| 2014-15 | 95.59 | -11% |
| 2015-16 | 154.20 | 61% |

(സി) നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനുശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വ്യാപനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയതിന് ശേഷം എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2013-14 മുതൽ 2016-17 (മേയ് വരെയുള്ള) വർഷങ്ങളിൽ കണ്ടെത്തിയ എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കേസ്സുകളുടെ എണ്ണം |
|---|---|
| 2013-14 | 860 |
| 2014-15 | 1021 |
| 2015-16 | 1704 |
| 2016-17 (മേയ് വരെ) | 377 |

മദ്യത്തിന്റെ ലഭ്യത കുറഞ്ഞതും മദ്യം ഉപയോഗിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ലാതായതും മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാന കാരണമായി കരുതുന്നു. സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും കൂടുതൽ സൗകര്യപ്രദമായതിനാലും തുടർച്ചയായ ഉപയോഗം അഡിക്ഷൻ ഉണ്ടാക്കുന്നതിനാലും മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിക്കുന്നതിന് കാരണമാകുന്നു. 1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കുറഞ്ഞ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനെതിരെ ചെറിയ ശിക്ഷ മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇക്കാരണത്താൽ കുറഞ്ഞ അളവിൽ മാത്രം മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനെതിരെ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ പ്രതികൾക്ക് പെട്ടെന്ന് ജാമ്യം ലഭിക്കുകയും ചെറിയ ശിക്ഷ മാത്രം ലഭിക്കുമെന്നതിനാൽ തുടർന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിന് സാഹചര്യമുള്ളതുകൊണ്ട് കേസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടും ഉപഭോഗം കുറയാതിരിക്കുന്നതിന് കാരണമാകുന്നുണ്ട്.

**മദ്യവർജ്ജനം**

239 (2026) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മദ്യവർജ്ജനം യാഥാർത്ഥ്യമാകുന്നതിന് സ്വീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മദ്യവർജ്ജന പ്രവർത്തനങ്ങളും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂളുകളിലെയും കോളേജുകളിലെയും ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരെ സഹകരിപ്പിച്ച് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ബോധവത്കരണ മിഷൻ രൂപീകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റുന്നതിന് നടപടി**

240 (2027) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗണിൽ ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന ബീവറേജ് ഔട്ട്‌ലെറ്റ് മാറ്റുന്നതിനു വേണ്ടി സമർപ്പിച്ച പരാതിയിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇത്തരം ഔട്ട് ലെറ്റുകൾ ജനവാസ കേന്ദ്രങ്ങളിൽ നിന്നും മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വിശദമാക്കുമോ;

ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ സ്ഥിതി ചെയ്യുന്ന എഫ്.എൽ.1-1005 നെയ്യാറ്റിൻകര ഷോപ്പ് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല. അബ്കാരി നിയമങ്ങൾ പാലിച്ച് എക്സൈസ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന പ്രസ്തുത ഷോപ്പ് മാറ്റി സ്ഥാപിക്കേണ്ടതായിട്ടില്ല.

(ബി) ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജനങ്ങളുടെ എതിർപ്പുകൾ ഉള്ള ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സർക്കാർ പ്രത്യേക പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

**ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകൾ**

241 (2028) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന എത്ര ബിവറേജസ് ഔട്ട് ലെറ്റുകൾ സംസ്ഥാനത്തുണ്ട്; ഇവ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടോ;

(ബി) എല്ലാ ബിവറേജസ് ഔട്ട്‌ലെറ്റുകളും ദേശീയപാതയോരത്തു നിന്നും മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനുള്ള പ്രധാന വൈഷമ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും ഔട്ട് ലെറ്റിന്റെ മാനേജർ ചുമതല വനിതകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 87 എഫ്.എൽ.1 ഷോപ്പുകളും കൺസ്യൂമർഫെഡിന്റെ 4 ഷോപ്പുകളും ദേശീയ പാതയോരത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ദേശീയ/സംസ്ഥാന പാതയോരത്തെ മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം നിലവിലുണ്ട്. എന്നാൽ ടി വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതും അന്തിമ തീരുമാനം ആയിട്ടില്ലാത്തതുമാണ്.

(ബി) ദേശീയ പാതയോരത്തെ മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതിയ കെട്ടിടം കണ്ടെത്തുന്ന മുറയ്ക്ക് ടി ഷോപ്പുകൾ മാറ്റി സ്ഥാപിച്ചുവരികയാണ്. നിലവിലെ അബ്കാരി നിയമത്തിലെ ദൂരപരിധി അനുസരിച്ചുള്ള സ്ഥലം നിശ്ചിത

ഏലുകയ്ക്കുള്ളിൽ ലഭ്യമാകാത്തതിനാലും പുതിയ സ്ഥലത്തെ ബഹുജന പ്രക്ഷോഭങ്ങളും എതിർപ്പും കൂടാതെ കെട്ടിട ഉടമകൾ അമിത വാടക ആവശ്യപ്പെടുന്നതും പുതിയ ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് ലൈസൻസ് നേടിയെടുക്കുന്ന തിനുള്ള ബുദ്ധിമുട്ടും വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ഒരു എഫ്.എൽ.1 ഔട്ട്ലെറ്റുകളിലും വനിതകൾക്ക് മാനേജർ ചുമതല നൽകിയിട്ടില്ല. അബ്കാരി ചട്ടങ്ങളും എഫ്.എൽ.1 ലൈസൻസ് നിബന്ധനകളും വനിതകളെ എഫ്.എൽ.1 ഷോപ്പുകളിൽ ജോലിക്ക് നിയോഗിക്കുന്നത് വിലക്കിയിട്ടുണ്ട്.

**വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയാൻ നടപടികൾ**

242 (2029) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടപ്പാക്കിയിട്ടുള്ളതാണ്. പ്രസ്തുത പ്രദേശങ്ങളിൽ പഴയന്നൂർ എക്സൈസ് റേഞ്ച് ഓഫീസ്, വടക്കാഞ്ചേരി എക്സൈസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്നീ ഓഫീസുകളിൽ നിന്നും തുടർച്ചയായ പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നതും മേൽപ്രകാരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടു ള്ളതുമാണ്. മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത്തല ജനകീയ കമ്മിറ്റി യോഗങ്ങൾ എല്ലാ മാസവും നടത്താറുള്ളതും ഇത്തരം യോഗങ്ങളിൽ ലഭിക്കുന്ന പരാതികൾ പ്രത്യേക പരിഗണന നൽകി അന്വേഷിച്ച് നടപടികൾ സ്വീകരിക്കാറുള്ളതുമാണ്. മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ തലം മുതൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്കൂളുകളിൽ സ്ഥാപിച്ചിരിക്കുന്ന പരാതിപ്പെട്ടി വഴിയും പി.റ്റി.എ. തലത്തിലും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്നും

പരാതികളും രഹസ്യ വിവരങ്ങളും ലഭിക്കുന്നതിന് എക്സൈസ് ഓഫീസുകളുടെ ഔദ്യോഗിക ഫോൺ/മൊബൈൽ നമ്പരുകൾ പൊതുസ്ഥലങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിലും രഹസ്യവിവരങ്ങളിലും സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. മലയോര മേഖലകളിൽ മറ്റും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. ഈ പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ശക്തമായി തുടർന്നുവരുന്നു.

**വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുതുമായി ബന്ധപ്പെട്ട കേസ്സുകൾ**

243 (2030) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുതുമായി ബന്ധപ്പെട്ട് 2011-2016 കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ലഹരി വസ്തുക്കൾ വില്പന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ എടുത്ത നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വിദ്യാലയങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിതരണം ചെയ്യുതുമായി ബന്ധപ്പെട്ട് 2011-16 കാലയളവിൽ എക്സൈസ് വകുപ്പിൽ 4536 കേസ്സുകളും ആഭ്യന്തര വകുപ്പിൽ 14862 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയും ആഭ്യന്തര വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയും ചേർക്കുന്നു.

(സി) ഇത്തരത്തിൽ ലഹരി വസ്തുക്കൾ വില്പന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമാനുസരണം നടപടി എടുത്ത്, കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത്, ലഹരിവസ്തുക്കളെ ബന്തവസ്സിലെടുത്ത്, പ്രതികളെ കോടതിയിൽ ഹാജരാക്കുകയും പ്രതികൾക്കെതിരെ കുറ്റപത്രവും നൽകിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1803, 1863 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു അടിയന്തരപ്രമേയ നോട്ടീസ് ലഭ്യമായിട്ടുണ്ട്. ശ്രീ എം. വിൻസെന്റ്, ഡോ. എം. കെ. മുനീർ, ശ്രീ. സി. എഫ്. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളാണ് നോട്ടീസ് നൽകിയിട്ടുള്ളത്. അത് ആദ്യത്തെ സബ്മിഷനായി പരിഗണിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണം

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകങ്ങളിലൊന്നായ ശാസ്താംകോട്ട ശുദ്ധജല തടാകം നിരന്തരമായ മണ്ണൊലിപ്പുമൂലം നികന്നുവരികയാണ്. ഈ തടാകത്തെ സംരക്ഷിക്കുന്നതിനു വേണ്ടി 1998 മുതൽ പല പദ്ധതികളുമുണ്ടായെങ്കിലും നാളിതുവരെയും ഈ തടാകം സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ഈ തടാകത്തിൽ നിന്നും പ്രതിദിനം 480 ലക്ഷം ലിറ്റർ വെള്ളമാണ് പമ്പ് ചെയ്യുന്നത്. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലേക്കും ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര, തെക്കുംഭാഗം, പന്മന, ചവറ, ശക്തികുളങ്ങര, കൊല്ലം പട്ടണം അടക്കമുള്ള പ്രദേശങ്ങളിലേക്കും കുടിവെള്ളമെത്തിക്കുന്ന പ്രധാനപ്പെട്ട സ്രോതസ്സാണ് ശാസ്താംകോട്ട ശുദ്ധജലതടാകം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശാസ്താംകോട്ടയിൽ ഒരു പരിപാടിയുമായി ബന്ധപ്പെട്ട് വന്നപ്പോൾ അദ്ദേഹവും ഇവിടെയിരിക്കുന്ന പല എം.എൽ.എ.-മാരും ആ തടാകം നേരിട്ട് സന്ദർശിച്ചു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. ശ്രീ. കോവൂർ കുഞ്ഞുമോൻ ശാസ്താംകോട്ട കായലിനുവേണ്ടിയുള്ള പോരാട്ടം തുടരുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഈ തേങ്ങൽ കേൾക്കാൻ ആരെങ്കിലുമുണ്ടോ? 16 വർഷമായി ഞാനിവിടെനിന്ന് കരയുകയാണ്. 16 വർഷവും ഇതേ സീറ്റിൽ ഇരുന്നാണ് ഞാൻ സംസാരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. അങ്ങ് ഈ തടാകം നേരിട്ട് കാണുകയും തടാകത്തിന്റെ ദയനീയസ്ഥിതിയെ സംബന്ധിച്ച് അവിടത്തെ പൗരപ്രമുഖർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരുമായി ഒരു ചർച്ച സംഘടിപ്പിക്കുകയും ഈ തടാകത്തെ പ്രൊട്ടക്റ്റ് ചെയ്യാൻ പരമാവധി സഹായം ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. 1998 മുതൽ 6 പദ്ധതികളെക്കുറിച്ച് ആലോചിച്ചു; ഒന്നും നടപ്പിലായില്ല. 1998-ൽ സി.ഡബ്ള്യു.ആർ.ഡി.എം. 3 കോടി 13 ലക്ഷം രൂപയുടെ ഒരു പദ്ധതി

പ്രഖ്യാപിച്ചു. 2004 ജൂലൈ 14-ാം തീയതി 17 1/2 കോടി രൂപയുടെ ഒരു പ്രഖ്യാപനം വന്നു. വനം വകുപ്പ് 2008-ൽ 8 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി. ഈ പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എനിക്കൊരു ആപ്തവാക്യം സൂചിപ്പിക്കാനുള്ളത് '10 കിണറുകൾക്ക് സമമാണ് ഒരു കുളം, 10 കുളങ്ങൾക്ക് സമമാണ് ഒരു തടാകം, 10 തടാകങ്ങൾക്ക് സമമാണ് ഒരു പുത്രൻ, 10 പുത്രന്മാർക്ക് സമമാണ് ഒരു വൃക്ഷം.' തടാകത്തിന്റെ ക്യാച്ച്മെന്റ് ഏരിയയിലുള്ള മണ്ണൊലിപ്പുമൂലം തടാകം നികന്നുവരികയാണ്. 33 കോടി രൂപയുടെ ഒരു പദ്ധതി കഴിഞ്ഞവർഷം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ തടാകത്തിൽ നിന്നും അമിതജലം ചവറ, കൊല്ലം പട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതു കൊണ്ടാണ് തടാകം താണുപോകുന്നത്. കൊല്ലം പട്ടണം-ചവറ-പന്മന കുടിവെള്ള പദ്ധതി നടപ്പിലാക്കിയതുകൊണ്ട് ശാസ്താംകോട്ട തടാകത്തിനാണ് ഏറെ ശോച്യമായിട്ടുള്ള അവസ്ഥ നേരിടേണ്ടിവന്നത്. ലോകത്തിലെ റാംസർ സൈറ്റിൽ 25 തടാകങ്ങളുള്ളതിൽ ശാസ്താംകോട്ട തടാകം അതിലൊരു കണ്ണിയായി മാറിയതുകൊണ്ട് ഇത് വളരെ ശ്രദ്ധിക്കപ്പെട്ട ഒരു തടാകമാണ്. ചവറ-പന്മന കുടിവെള്ള പദ്ധതിക്ക് പ്രത്യേക പാക്കേജുണ്ടാക്കിയെങ്കിലും അവിടെയും ഞങ്ങളെത്തന്നെയാണ് ദ്രോഹിക്കുന്നത്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രെ' എന്ന് പഴമക്കാർ സൂചിപ്പിക്കുന്നതുപോലെ കുന്നത്തൂർ നിയോജക മണ്ഡലത്തിന് ശാസ്താംകോട്ട തടാകത്തിൽ നിന്നും ശുദ്ധജലം ലഭ്യമാകാനുള്ള ഒരു പദ്ധതി ഇതുവരെ വന്നിട്ടില്ല. ഇതെന്റെ പ്രത്യേക ആവശ്യമല്ല, കേരളത്തിന്റെ പൊതുവായിട്ടുള്ള ഒരാവശ്യമാണ്. കല്ലടയാറ്റിൽ നിന്നും കടപുഴ വഴി പൈപ്പിട്ട് ശാസ്താംകോട്ട തടാകത്തിന്റെ അടിത്തട്ടിലൂടെ ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് വെള്ളം പ്യൂരിഫൈ ചെയ്ത് സമീപപ്രദേശങ്ങളിലും കൊല്ലം പട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്കും എത്തിക്കാൻ പുതിയൊരു പദ്ധതി ആരംഭിച്ചെങ്കിലും അതും മുടങ്ങിക്കിടക്കുകയാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ അനിവാര്യമാണ്. ശാസ്ത്ര-സാങ്കേതികം, പരിസ്ഥിതി, വനം, റവന്യൂ, ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനമുണ്ടെങ്കിൽ മാത്രമേ ഇതിനെല്ലാം പരിഹാരം കാണാൻ കഴിയൂ. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും വിവിധ വകുപ്പുകളുടെയും ഫണ്ടുകൾ ലഭിക്കുന്നുണ്ടെങ്കിലും അത് നല്ല രീതിയിൽ യൂട്ടിലൈസ് ചെയ്യാൻ കഴിയുന്നില്ല. എല്ലാ വകുപ്പുകളും അവരുടേതായിട്ടുള്ള രീതിയിൽ പണം ചെലവഴിക്കുകയാണ്. ഒരു ഏകോപനമുണ്ടെങ്കിൽ മാത്രമേ തടാകത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. നിരന്തരമായി ഞാൻ ഇക്കാര്യം ആവശ്യപ്പെടുകയാണ്. ഈ തടാകം സംരക്ഷിക്കുന്നതിനുവേണ്ടി ഇക്കഴിഞ്ഞതിന്റെ മുൻ വർഷം സെക്രട്ടേറിയേറ്റ് നടയിൽ 6 ദിവസം ഞാൻ നിരാഹാരസമരം അനുഷ്ഠിച്ചു. ഈ തടാകത്തെ പ്രൊട്ടക്റ്റ് ചെയ്യാതെ കല്യാണം കഴിക്കില്ലെന്നും ഞാനിവിടെ ഒരു പ്രഖ്യാപനം നടത്തിയിരുന്നു.

മി. സ്പീക്കർ : അതല്ലേ ശാസ്താംകോട്ട കായലിനുവേണ്ടി അങ്ങ് പോരാട്ടം തുടരുകയാണെന്ന് ചെയർ പറഞ്ഞത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഈ തടാകം എന്റെ കാമുകിയാണ്. ഈ തടാകത്തെ സംരക്ഷിക്കണം. ഈ കാമുകിയെ ഞാൻ കല്യാണം കഴിക്കണമെങ്കിൽ ആ സുന്ദരി മഹനീയമായിരിക്കണം. നല്ല നിലയിൽ ആ പെൺകുട്ടിക്ക് ജീവിക്കണം. അങ്ങനെ ആ പെൺകുട്ടിക്ക് ഒരു ജീവിതം കൊടുക്കണമെങ്കിൽ ഞാനതിന് തയ്യാറാകണം. ഞാനതിന് തയ്യാറാകണമെങ്കിൽ ഈ തടാകം നല്ല നിലയിൽ പോകണം, വൃത്തിയാകണം. അതുകൊണ്ട് ഈ സുന്ദരിയെ സംരക്ഷിക്കണമെന്നുള്ളത് സഭയുടെ ഒരാവശ്യമായി മാറിയിരിക്കുകയാണ്. ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിച്ചാൽ ഈ തടാകത്തെ പൂർണ്ണമായും സംരക്ഷിക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയിരിക്കുന്ന മിക്ക എം.എൽ.എ.- മാരും ഈ തടാകം സന്ദർശിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ, ശ്രീ. അടൂർ പ്രകാശ്, മുൻ മുഖ്യമന്ത്രി, മുൻ കെ.പി.സി.സി. പ്രസിഡന്റ് എന്നിവരടക്കമുള്ളവർ ഈ തടാകം സന്ദർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ തടാകത്തെ പൂർണ്ണമായും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രകടിപ്പിച്ച വികാരത്തോട് പൊതുവേ യോജിക്കുകയാണ്. പത്ത് കുളത്തിന് സമമാണ് ഒരു തടാകമെന്നുപറയുമ്പോൾ ഒന്നുകിൽ കുളത്തിന്റെ വലിപ്പം വളരെ വലുതാവണം, അല്ലെങ്കിൽ തടാകം വളരെ ചുരുങ്ങണം. അതിനോട് യോജിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

മറ്റൊരു കാര്യം പറയാനുള്ളത്, നമുക്കെല്ലാവർക്കുംകൂടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അദ്ദേഹത്തോട് ഒരഭ്യർത്ഥന നടത്താം. ശാസ്താംകോട്ട തടാകം സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാം. പക്ഷേ, അദ്ദേഹം കല്യാണം കഴിക്കട്ടെ; അതിനുവേണ്ടി ഇനി കാത്തുനിൽക്കേണ്ട കാര്യമില്ല. ഏതായാലും ആ അഭ്യർത്ഥന നമുക്ക് അദ്ദേഹത്തിന്റെ മുന്നിൽ വയ്ക്കാം. ഇതുകഴിഞ്ഞുള്ള ഉപചോദ്യത്തിന്റെ സമയത്ത് അദ്ദേഹം അക്കാര്യത്തിലുള്ള വ്യക്തത സഭയ്ക്ക് നല്കുമെന്നാണ് പ്രതീക്ഷ.

മി. സ്പീക്കർ : ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ പ്രമേയം പാസ്സാക്കാം.

ശ്രീ. പിണറായി വിജയൻ : സർ, ശാസ്താംകോട്ട തടാക സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ഒരു മാനേജ്മെന്റ് ആക്ഷൻ പ്ലാൻ സമർപ്പിച്ചത് 2014 ഒക്ടോബർ മുതൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഈ ആക്ഷൻ പ്ലാനിൽ മണ്ണൊലിപ്പ് തടയുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 24.8 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്. ഇതുകൂടാതെ ശാസ്താംകോട്ട കായലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഹരിതവൽക്കരണത്തിനുമായി 10 ലക്ഷം രൂപ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിക്ക് നൽകിയിട്ടുണ്ട്. ഈ ഫണ്ടുപയോഗിച്ച് കായലിനോട് ചേർന്ന സ്ഥലത്ത് ജൈവവേലി നിർമ്മാണം, ഫലവൃക്ഷങ്ങളും മറ്റ് വൃക്ഷങ്ങളും നട്ടുപിടിപ്പിക്കൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ ഇവയെല്ലാം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തിയിട്ടുണ്ട്. തടാക പരിസരത്ത് നടുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനുള്ള ട്രീ ഗാർഡുകൾ സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റാംസർ സൈറ്റായ ശാസ്താംകോട്ട തടാകം ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി 2015-ൽ രൂപീകരിച്ചിട്ടുണ്ട്. ഈ അതോറിറ്റിയുടെ കീഴിൽ ശാസ്താംകോട്ട തണ്ണീർത്തടം സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. നിശ്ചിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധനയും അതനുസരിച്ചുള്ള ജലസ്രോതസ് പരിശീലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നിർവ്വഹിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ നീർത്തടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ചെറു നീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ ജലവിനിയോഗ വികസന പരിപാടികളും സർക്കാർ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇവ സംയോജിപ്പിച്ചു കൊണ്ട് നദീതട ജലപരിപാലന പദ്ധതിയും സംസ്ഥാനതല ജലപരിപാലന പദ്ധതിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ നീർത്തടങ്ങളെയും തടാകങ്ങളെയും സംരക്ഷിക്കുന്ന തരത്തിലുള്ള കർമ്മപദ്ധതികൾ സംസ്ഥാനത്താകെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ തടാകം ഒരു ശുദ്ധജല തടാകമാണ്. ഈ തടാകത്തിന്റെ മരണം മെല്ലെമെല്ലെ വന്നുകൊണ്ടിരിക്കുന്നുവെന്നത് വസ്തുതയാണ്. അത് പരിഗണിച്ചുകൊണ്ട് പ്രത്യേകമായ രീതിയിൽ ഈ തടാകം സംരക്ഷിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, അങ്ങയുടെ നല്ല വാക്കുകൾക്ക് ഞാൻ നന്ദി പറയുകയാണ്. ഈ തടാകം സംരക്ഷിക്കാനായി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. അതിനാവശ്യമായ ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അങ്ങ് കല്ല്യാണം കഴിക്കുമെന്ന് ഉറപ്പ് കൊടുക്കുന്നുണ്ടോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഉറപ്പു കൊടുത്തിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ : സർ, അദ്ദേഹം കല്ല്യാണം കഴിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അത് നമുക്ക് സന്തോഷത്തോടെ സ്വീകരിക്കാം. ഈ തടാകം സംരക്ഷിക്കുന്നതിന് അദ്ദേഹം പറഞ്ഞതടക്കമുള്ള നടപടികൾ സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്.

## (2) വന്യജീവി ആക്രമണം

ശ്രീ. സണ്ണി ജോസഫ് : സർ, സംസ്ഥാനത്തെ വന്യമൃഗ ശല്യം ഗൗരവമുള്ള വിഷയമാണ്. ബഹുമാനപ്പെട്ട എസ്. രാജേന്ദ്രനും ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും വന്യമൃഗ ശല്യ പ്രശ്നം ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചു. ഇന്ന് ചോദ്യോത്തരവേളയിൽ വനംവകുപ്പുമന്ത്രി സംസാരിക്കുമ്പോഴും വന്യമൃഗ ശല്യത്തിന്റെ രൂക്ഷത പരാമർശിക്കുകയുണ്ടായി. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ ഇതുസംബന്ധിച്ച ഒരു പ്രത്യേക ലേഖനം തന്നെയുണ്ട്. നമുക്കറിയാം, കേരളം വനസമ്പത്തിൽ വളരെയേറെ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ്. നമ്മുടെ ഭൂവിസ്തൃതിയുടെ 28 ശതമാനത്തിലധികം വനമാണ്. വനസംരക്ഷണ നിയമവും വന്യമൃഗ സംരക്ഷണ നിയമവും ഫലപ്രദമായി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി ഈയടുത്ത കാലത്ത് വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 1993-ൽ വനങ്ങളിൽ 4286 ആനകൾ ഉണ്ടായിരുന്നെങ്കിൽ 2011-ൽ അത് 7384 ആയി വർദ്ധിച്ചു. എട്ടുവർഷം കൊണ്ട് ആനകളുടെ എണ്ണം ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചു. അതുപോലെ വനം വകുപ്പിന്റെ കണക്കുപ്രകാരം 1993-ൽ 40000 കാട്ടു പന്നികളാണുണ്ടായിരുന്നതെങ്കിൽ 2002-ൽ 60000 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ ജനസംഖ്യാ വർദ്ധനവ് തടയുന്നതിനെ സംബന്ധിച്ച് ചിന്തിക്കണമെന്നാണ് വനാതിർത്തിയിലുള്ള ജനങ്ങളും അവിടത്തെ ജനപ്രതിനിധികളും ആഗ്രഹിക്കാൻ നിർബന്ധിതരായിരിക്കുന്നത്. വന്യജീവികളുടെ ശല്യം അതിരൂക്ഷമായി എല്ലാ മേഖലകളിലും അനുഭവപ്പെടുകയാണ്. കഴിഞ്ഞ

മാസം വയനാട്ടിൽ രണ്ട് ആദിവാസികൾ ആന കുത്തി കൊല ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷ കാലത്തിനുള്ളിൽ എന്റെ നിയോജക മണ്ഡലത്തിൽ, ആറളം ആദിവാസി മേഖലയിൽ മാത്രം രണ്ട് ആദിവാസികൾ- ഒരു സ്ത്രീയും ഒരു പുരുഷനും ഇത്തരത്തിൽ കൊല ചെയ്യപ്പെട്ടു. ആദിവാസികൾക്ക് അനുവദിച്ച വീട് കിട്ടാതെ ഒരു ഷെഡിൽ കിടന്നുറങ്ങുമ്പോഴാണ് ഒരു വീട്ടമ്മയെ രാത്രി ആന വലിച്ചു കൊണ്ടുപോയി കുത്തി കൊലപ്പെടുത്തിയത്. അത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. വനാതിർത്തിയിലുള്ള തിരുവമ്പാടി എം.എൽ.എ. കഴിഞ്ഞ സഭയിലും ഈ പ്രശ്നം ആവശ്യപ്പെട്ടു; ഇപ്രാവശ്യവും ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

അരുവിക്കര നിയോജക മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് സമയത്ത് പോയ എല്ലാവർക്കുമറിയാം അവിടെയും രൂക്ഷമായിട്ടുള്ള പ്രശ്നമാണിത്. എന്റെ നിയോജക മണ്ഡലമായ പേരാവൂരിൽ (കൊട്ടിയൂർ, ആറളം) രണ്ട് വന്യമൃഗ സങ്കേതങ്ങളുണ്ട്. അഞ്ച് പഞ്ചായത്തുകൾ വനാതിർത്തി പങ്കിടുകയാണ്. ഓരോ ദിവസവും പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച വാർത്തകൾ പ്രാദേശിക ചാനലുകളിലും പ്രാദേശിക പത്രങ്ങളിലും വളരെ ഗൗരവത്തോടെ വരുന്നുണ്ടെങ്കിലും തിരുവനന്തപുരത്തുള്ള ഉദ്യോഗസ്ഥരുടെയും അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്താൻ കഴിയുന്ന വിധത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ വാർത്തകൾ വരുന്നില്ല. മരണം സംഭവിക്കുന്ന വാർത്തകൾ മാത്രം വളരെ ചെറുതായിവരുന്നു. വന്യമൃഗശല്യം വളരെ രൂക്ഷമായിരിക്കുകയാണ്. ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 150 ആളുകളാണ് വന്യമൃഗങ്ങളുടെ അക്രമങ്ങൾമൂലം കേരളത്തിൽ മരണമടഞ്ഞത്. വയനാട് ജില്ലയിൽ മാത്രം വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടഞ്ഞവർക്കും പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കുമായി 11 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 13 കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ഇനിയും നഷ്ടപരിഹാരത്തുക കൊടുത്തുതീർക്കാൻ ബാക്കിയുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ സഭയിലും വനം-പരിസ്ഥിതി വകുപ്പ് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയംഗങ്ങളും ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 കോടി രൂപ Man Animal conflict പരിഹാരത്തിനുവേണ്ടി നിർദ്ദേശിച്ചുവെങ്കിലും ബഡ്ജറ്റ് രേഖയിൽ 25 ലക്ഷം രൂപ മാത്രമാണ് കാണുന്നത്. ഫലപ്രദമായിട്ടുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നില്ല. ഇലക്ട്രിക് ഫെൻസിംഗിനെയാണ് വനം വകുപ്പ് ഇതിനുവേണ്ടി ആശ്രയിക്കുന്നത്. മരങ്ങൾ തള്ളിവീഴ്ത്തി ഇലക്ട്രിക് ഫെൻസിംഗ് ഫലപ്രദമല്ലാതാക്കാൻ ആനകൾക്ക് ഇന്ന്

സാധിക്കുന്നുണ്ട്. ഇലക്ട്രിക് ഫെൻസിംഗിനാവശ്യമായ മെയിന്റനൻസ് നടത്തുന്നില്ല. ചില പഞ്ചായത്തുകൾ മെയിന്റനൻസ് നടത്തുന്നുണ്ട്. മഴക്കാലത്ത് മണ്ണിടിഞ്ഞും വെള്ളം കുത്തിയൊഴുകിയും ട്രഞ്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. അതും ഫലപ്രദമല്ലാതായിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ 13 കോടി രൂപയുടെ ആന മതിലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ആന മതിൽ ഉൾപ്പെടെയുള്ള ഫലപ്രദമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കണം. മനുഷ്യ ജീവിതം ഈ ഭൂമുഖത്തുള്ളിടത്തോളം കാലം Man Animal conflict നിലനിൽക്കും. ഇന്നത് വൺസൈഡഡ് കോൺഫ്ലിക്റ്റാണ്. അതിന് പരിഹാരമുണ്ടാക്കാനാവശ്യമായ കേന്ദ്ര ഫണ്ട് സമാഹരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വനം വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനമേഖലയിലെ മുഴുവൻ ആളുകളെയും ബാധിക്കുന്ന ഒരു വിഷയമാണ് ശ്രീ. സണ്ണി ജോസഫ് ഇവിടെ അവതരിപ്പിച്ചത്. ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളിലും വനാതിർത്തിയുണ്ട്. അതുകൊണ്ടുതന്നെ കേരളത്തെ മൊത്തമായി ബാധിക്കുന്ന ഒരു വിഷയമാണിത്. കേരളത്തിന്റെ വനാതിർത്തിയിൽ ജീവിക്കുന്നവർ വന്യജീവികളുടെ ആക്രമണംമൂലം പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലാണ് രൂക്ഷമായ പ്രശ്നങ്ങളുണ്ടാകുന്നത്. 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾപ്രകാരം കേരളത്തിൽ മൊത്തം റിപ്പോർട്ട് ചെയ്യപ്പെട്ട വന്യജീവി ആക്രമണങ്ങളിൽ 50 ശതമാനവും മേൽപ്പറഞ്ഞ അഞ്ച് ജില്ലകളിൽ നിന്നാണ്. കേരളത്തിലെ കർഷകർ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്നത് കാട്ടാനകളിൽ നിന്നാണ്. കൂടാതെ കാട്ടുപന്നി, കടുവ, മാൻ, കുരങ്ങ് എന്നിവയിൽ നിന്നുള്ള പ്രശ്നങ്ങളും നിരന്തരമുണ്ടാകുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് വന്യജീവികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. വനം വകുപ്പ് ഏറ്റവുമൊടുവിൽ നടത്തിയ കണക്കെടുപ്പുപ്രകാരം 6177 കാട്ടാനകളും 48034 കാട്ടുപന്നികളും 136 കടുവകളും 43000 മാനുകളും 50000-ത്തോളം കുരങ്ങുകളും വനത്തിൽ അധിവസിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ

ഏറ്റവും പ്രധാനപ്പെട്ടവ സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങ്, ആനപ്രതിരോധ മതിൽ എന്നിവയുടെ നിർമ്മാണമാണ്. നാളിതുവരെ 1501 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങും 35 കിലോമീറ്റർ ആനപ്രതിരോധ മതിലും 259 കിലോമീറ്റർ കയ്യാലയും 43 കിലോമീറ്റർ ജൈവവേലിയും പ്രശ്നബാധിത പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് നിർമ്മിച്ചിട്ടുണ്ട്. കാട്ടാനകളിൽ നിന്നുള്ള ആക്രമണത്തിന് പരിഹാരമായി നിരന്തരം കൃഷിയിടങ്ങളിലേക്കിറങ്ങി നാശംവിതയ്ക്കുന്ന കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം വനം വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാരിതര സംഘടനകളുടെ സഹകരണത്തോടുകൂടി പുരോഗമിക്കുകയാണ്.

വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്ത് താമസിക്കുന്ന വനാശ്രിതവിഭാഗങ്ങളെ നിശ്ചിത തുക നൽകി, അവരുടെ സമ്മതത്തോടെ വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ വയനാട്ടിൽ കേന്ദ്രസഹായത്തോടെ പുരോഗമിച്ചുവരുന്നു. ഇതുവരെ 185 കുടുംബങ്ങളെ വയനാട് വന്യജീവി സങ്കേതത്തിലെ കുറിച്ചിയാട്, ഗോളൂർ, അമ്മവയൽ, അരക്കുഞ്ചി, കൊറ്റൻകര തുടങ്ങിയ കോളനികളിൽ നിന്നും ഇത്തരത്തിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് വായ്പാ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ കാട്ടാനയെ പ്രതിരോധിക്കുന്നതിന് പര്യാപ്തമായ കരിങ്കൽ ഭിത്തികൾ നിർമ്മിക്കുന്നതിന് 2015-16 വർഷത്തിൽ 20,40,00,000 രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് കണ്ണൂർ ജില്ലയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്; കാസർഗോഡ് ജില്ലയിൽ ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ പരീക്ഷണാടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ ആറളം പ്രദേശത്ത് 25 കിലോമീറ്റർ ദൂരത്തിൽ സ്റ്റീൽ ഫെൻസിംഗ് നിർമ്മിച്ചുവരുന്നു. വനത്തിനകത്തുതന്നെ വന്യജീവികളെ നിലനിർത്തുന്നതിന് ജലവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി ചെറുജലസംഭരണികളും ചെക്ക് ഡാമുകളും വയൽ സംരക്ഷണവും നടത്തിവരികയാണ്. കേരളത്തിൽ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ വനാതിർത്തിയിൽ വന്യജീവി ആക്രമണം തടയുന്നതിനും നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേക്ക് അയയ്ക്കുന്നതുമുൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്ന 13 ദ്രുതപ്രതികരണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി വനാതിർത്തിയിലെ കർഷകർക്കിടയിൽ വനം വകുപ്പ് അവബോധം സൃഷ്ടിച്ചുവരികയാണ്. 2016-17 സാമ്പത്തിക വർഷം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള

നടപടികൾക്കായി Measures to Reduce Man-Animal Conflict എന്ന ശീർഷകത്തിൽ 757 ലക്ഷം രൂപയും Relief to Victims എന്ന ശീർഷകത്തിൽ 350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര മേഖലകളിൽ അനുദിനം വർദ്ധിച്ചുവരുന്ന മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന് പരിഹാരമായി റെയിൽ വേലി, കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ് എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഉചിതമായ വേലി നിർമ്മിച്ച് കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ 100 കോടി രൂപ അനുവദിക്കുകയും ഇതിൽ 25 ലക്ഷം രൂപയുടെ ചെലവ് ഈ വർഷം പ്രതീക്ഷിക്കുകയും ചെയ്യുകയാണ്.

മനുഷ്യ-വന്യമൃഗ സംരക്ഷണം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പ്രശ്നത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അടിയന്തരസഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി സംസ്ഥാനത്ത് വന്നപ്പോൾ മനുഷ്യ-വന്യമൃഗ ആക്രമണത്തെ സംബന്ധിച്ച വിഷയം അദ്ദേഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയും അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സാമ്പത്തിക സഹായമുണ്ടാകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിനുള്ള പ്രത്യേക പദ്ധതിക്കായി 100 കോടി രൂപയുടെയും വന്യജീവി പുനരധിവാസ കേന്ദ്രം തുടങ്ങുന്നതിന് 100 കോടി രൂപയുടെയും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് സംസ്ഥാനതല ഉദ്യോഗസ്ഥരുടെ യോഗം ഈ മാസം 20-ാം തീയതി വിളിച്ചുചേർക്കുന്നുണ്ട്. ആലപ്പുഴ ഒഴികെ ഏറ്റവും കൂടുതൽ വന്യമൃഗ ആക്രമണമുള്ള എല്ലാ ജില്ലകളിലും ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞ നിർദ്ദേശം വളരെ സ്വീകാര്യമായിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല യോഗം സംസ്ഥാനാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, Man-Animal Conflict തടയുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ 25 കോടി രൂപയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുത്തിയെങ്കിലും രേഖയിൽ ഇപ്പോഴും 25 ലക്ഷം രൂപ മാത്രമാണ്. 25 കോടി രൂപ തന്നെ അപര്യാപ്തമാണ്. ആ തുക വർദ്ധിപ്പിക്കുകയും ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന തുക ലഭ്യമാക്കാനും ആവശ്യമെങ്കിൽ കൂടുതൽ തുക അനുവദിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, തുക വകയിരുത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിക്കുകയും ആവശ്യമായ ഫണ്ട് അനുവദിച്ചു തരാമെന്ന് പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ഫണ്ടിന്റെ പ്രശ്നം അതിന് ബാധകമാകുകയില്ല.

## IV സബ്മിഷൻ

### (1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

ശ്രീ. എം. വിൻസെന്റ് : സർ, കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി. ഏഷ്യയുടെ വികസന കവാടമായി മാറുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത സ്വപ്നപദ്ധതി കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ, പ്രത്യേകിച്ച് മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കഠിനാദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും വിയർപ്പിന്റെയും ഫലമായിട്ടാണ് യാഥാർത്ഥ്യമായിരിക്കുന്നത്. ആ പദ്ധതിയിന്മേൽ ആശങ്ക പരത്തുന്ന തരത്തിലാണ് കേന്ദ്ര ഗവൺമെന്റ് കുളച്ചൽ പദ്ധതിക്ക് ഇന്ന് മന്ത്രിസഭയുടെ അനുമതി കൊടുത്തിട്ടുള്ളത്. ഇത് തമിഴ്നാടിനെതിരായിട്ടോ തമിഴ്നാടിന് ഏതെങ്കിലുമൊരു പദ്ധതി കൊടുക്കുന്നതിനെതിരായിട്ടോ ഉള്ള സബ്മിഷനല്ല. കേരളത്തിന് ഇക്കാര്യത്തിലുള്ള ആശങ്കയാണ്. ആരേയും ദ്രോഹിക്കുന്നതിനുവേണ്ടിയല്ല, നമ്മൾ ദ്രോഹിക്കപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള ജാഗ്രത കാട്ടുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വിഴിഞ്ഞം പദ്ധതിക്ക് 30 കിലോമീറ്റർ മാത്രം അകലെയുള്ള കുളച്ചലിനടുത്തുള്ള ഇനയം എന്ന സ്ഥലത്താണ് ഈ പദ്ധതിയാരംഭിക്കുന്നത്. വിഴിഞ്ഞം പദ്ധതിക്കായി നമ്മൾ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തെ സമീപിച്ചപ്പോൾ ആദ്യം അവർ പറഞ്ഞത് 200 കിലോമീറ്റർ അകലെ വല്ലാർപാടം ടെർമിനലുള്ളതിനാൽ വിഴിഞ്ഞത്തിന് അനുമതി നൽകാൻ സാധിക്കില്ലായെന്നാണ്. അതേ ഷിപ്പിംഗ് മന്ത്രാലയം തന്നെയാണ് ഇന്ന് വിഴിഞ്ഞം പദ്ധതിപ്രദേശത്തുനിന്ന് വെറും 30 കിലോമീറ്റർ മാത്രം അകലെയുള്ള കുളച്ചലിന് അനുമതി നൽകിയിരിക്കുന്നത്. നമുക്ക് വളരെയധികം ആശങ്കയുണ്ടാക്കുന്ന മറ്റ് ചില വസ്തുതകൾ കൂടി ഇക്കാര്യത്തിലുണ്ട്. സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുള്ള ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആ ട്രാഫിക്കിലാണ് വിഴിഞ്ഞം പദ്ധതിയുടെ ബിസിനസ് പ്രതീക്ഷ. അതേ ട്രാഫിക് ഉപയോഗിച്ചുതന്നെയാണ് കുളച്ചൽ പദ്ധതിയുടെയും മാർക്കറ്റിംഗ് പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടുള്ളത്. അത് നമ്മുടെ പദ്ധതിയെ ഭാവിയിൽ ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. കേന്ദ്രഗവൺമെന്റ് വളരെ ആസൂത്രിതമായി വിഴിഞ്ഞം പദ്ധതിയെ തകർക്കാൻ ശ്രമിക്കുന്നുണ്ട്. സാഗർമാല പദ്ധതി ആരംഭിക്കാൻവേണ്ടി നടത്തിയ പഠന റിപ്പോർട്ടിൽ കേരളം തൊഴിൽ സമരങ്ങളുടെ ഒരു കേന്ദ്രമാണെന്നും വിഴിഞ്ഞവും വല്ലാർപാടവുംകൊണ്ട് ഒരു പ്രയോജനവുമുണ്ടാവുകയില്ലെന്നും വാളയാർ ചെക്പോസ്റ്റിലൂടെ ചരക്കുകൾ കടന്നുപോകുന്നതിന് വളരെയധികം കാലതാമസമുണ്ടാകുന്നതുകൊണ്ട് തമിഴ്നാട്ടിലെ വ്യവസായികൾക്ക് വല്ലാർപാടം ടെർമിനലിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നുമുള്ള കേരളത്തിന് വിരുദ്ധമായിട്ടുള്ള, വസ്തുതകൾക്ക് നിരക്കാത്ത തരത്തിലുള്ള കണ്ടെത്തലുകളാണ് വന്നിരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പക്ഷേ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങാത്ത കുളച്ചലിനെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച വിഴിഞ്ഞത്തെ അതിലുൾപ്പെടുത്തിയിട്ടുമില്ല. മറ്റൊരു പ്രധാനപ്പെട്ട വസ്തുത, വിഴിഞ്ഞം പദ്ധതി 7525 കോടി രൂപയുടേതാണ്. കുളച്ചലിൽ കേന്ദ്രഗവൺമെന്റ് നേരിട്ട് നടത്തുന്ന 25000 കോടി രൂപയുടെ പദ്ധതി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. കുളച്ചൽ നിവാസികൾക്കുപോലും ഈ പദ്ധതി ആവശ്യമില്ല. തദ്ദേശവാസികൾ ഇന്നവിടെ ഉണ്ണാവ്രതം അഥവാ ഹങ്കർ സ്ട്രൈക്ക് നടത്തുകയാണ്. 2000 കോടി രൂപയുടെ ഫിഷിംഗ് ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ ഹാർബറാണ് അവർ ആഗ്രഹിച്ചത്. 2000 കോടി രൂപയുടെ പദ്ധതിയാണ് അവർ ആഗ്രഹിച്ചതെങ്കിൽ കേന്ദ്രഗവൺമെന്റ് 25000 കോടി രൂപയുടെ പദ്ധതിയാണ് കൊടുത്തിരിക്കുന്നത്. ഇന്ത്യയിൽ ഒരിടത്തും രണ്ട് പോർട്ട് പ്രോജക്ടുകൾ അടുത്തടുത്ത് ഇതുവരെയും ആരംഭിച്ചിട്ടില്ല. ബോംബെയ്ക്കും മദ്രാസിനും തൊട്ടടുത്തു തന്നെ പോർട്ടുകളുണ്ടെന്നാണ് കേന്ദ്രമന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണൻ പറയുന്നത്. നിലവിലുള്ള പോർട്ടുകൾക്ക് അതിന്റെ കപ്പാസിറ്റി താങ്ങാൻ കഴിയാതെ വന്നപ്പോൾ മാത്രമാണ് അവിടെ മറ്റ് പോർട്ടുകൾ ആരംഭിക്കാൻ അനുമതി കൊടുത്തിട്ടുള്ളത്. ബംഗാളും ആന്ധ്രാപ്രദേശും ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും പുതിയ തുറമുഖങ്ങളുടെ അനുമതിക്കായി കാത്തിരിക്കുകയാണ്. അതിന് മന്ത്രിസഭ അനുവാദം കൊടുക്കാതിരിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്രഗവൺമെന്റ് നമ്മുടെ പ്രതീക്ഷകളെല്ലാം തകർക്കുന്ന തരത്തിലുള്ള ഒരു പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. കുളച്ചൽ പദ്ധതി വിഴിഞ്ഞം പദ്ധതിക്ക് കൊലക്കയറായി മാറാൻ പോകുകയാണ്. അതുകൊണ്ട് ഈ ചതിക്കെതിരായി സഭ ഒന്നടങ്കം ഒരു നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമയബന്ധിതമായി വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കണം. അതോടൊപ്പം നമ്മുടെ ആശങ്കകൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു സർവ്വകക്ഷിയോഗം വിളിക്കുകയും

സർവ്വകക്ഷി ഡെലിഗേഷൻ ഡൽഹിയിലേക്ക് പോകുകയും വേണം. കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ, കേരളത്തിന്റെ സ്വപ്നപദ്ധതിയെ തകർക്കാനുള്ള ലക്ഷ്യങ്ങൾ, കേരളത്തിന് ഗുണകരമാകുന്ന ഈ പദ്ധതിക്കെതിരായി കഴിഞ്ഞ കുറെക്കാലമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾക്കെതിരായി ശക്തമായ പ്രതികരണം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

10.00 AM)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച വികാരത്തോട് യോജിപ്പാണുള്ളത്. വിഴിഞ്ഞം പദ്ധതി വിവിധ തലങ്ങളിൽ ചർച്ച ചെയ്തതാണ്. നേരത്തേ ഈ പദ്ധതി ലാൻഡ് ലോർഡ് പോർട്ട് മോഡലിലാണ് വിഭാവന ചെയ്തിരുന്നത്. അതിൽ നിന്ന് വ്യതിചലിച്ചാണ് സർക്കാർ മൂലധനം സ്വകാര്യമേഖലയ്ക്ക് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്ന സ്ഥിതി വന്നത്. ഇതിന്റെ ഫലമായി പദ്ധതിച്ചെലവും പദ്ധതി നിർവ്വഹണത്തിനുള്ള സമയവും അധികരിക്കുമെന്ന ആശങ്ക നേരത്തേതന്നെ സൂചിപ്പിക്കപ്പെട്ടതാണ്. ലാൻഡ് ലോർഡ് പോർട്ട് മോഡലിൽ നിന്നും വ്യതിചലിച്ചതിനാൽ ഗവൺമെന്റിന് ഉണ്ടാകേണ്ടിയിരുന്ന നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന അവസ്ഥയും നാം കാണേണ്ടതായിട്ടുണ്ട്. ഇപ്പോൾ പദ്ധതിച്ചെലവ് 7525 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത്രയും തുക മുടക്കിയുള്ള പദ്ധതി ലാഭകരമാകില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് 816 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിൽ പദ്ധതി നഷ്ടത്തിൽ പോകാതിരിക്കാനായി ലഭ്യമാക്കിയിരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനത്തിന് എല്ലാ അനുമതിയും ഇതിനകം ലഭ്യമാക്കുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ പദ്ധതിപ്രവർത്തനം വിലയിരുത്തിയപ്പോൾ ആയിരം ദിവസത്തിനകം പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. നിശ്ചിത സമയത്തിനുമുമ്പുതന്നെ പൂർത്തിയാക്കുന്ന രീതിയിൽ ഇതിനുവേണ്ട അനുബന്ധ സജ്ജീകരണങ്ങൾ സർക്കാർ ഒരുക്കുക തന്നെ ചെയ്യും. സമയബന്ധിതമായി വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ സർക്കാരിന് ചില പരിമിതികളുണ്ട്. ഇപ്പോൾ കൺട്രോൾ, അദാനി ഗ്രൂപ്പിനായതിനാൽ ഇക്കാര്യത്തിൽ ശ്രമം നടത്തേണ്ടതും മുൻകയ്യെടുക്കേണ്ടതും അദാനി ഗ്രൂപ്പാണ്. എന്നാൽ അതിന് കാത്തുനിൽക്കാതെ സംസ്ഥാന ഗവൺമെന്റുതന്നെ എല്ലാവിധ ശ്രമങ്ങളും നടത്തും. ഇപ്പോൾ പ്രകടിപ്പിച്ച വികാരം കുളച്ചൽ പദ്ധതിയുമായി ബന്ധപ്പെട്ടാണ്. കുളച്ചൽ പദ്ധതിക്ക് കേന്ദ്രസർക്കാർ തത്വത്തിൽ

അംഗീകാരം നൽകിക്കഴിഞ്ഞു. യഥാർത്ഥത്തിൽ ഈ പദ്ധതിക്കും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വേണ്ടിവരും. വിഴിഞ്ഞം പദ്ധതിയേക്കാൾ ഫണ്ട് ഈ പദ്ധതിക്ക് വേണ്ടിവരും. 30 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു അൺവയബിൾ തുറമുഖം ആരംഭിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. കൊച്ചിയിൽ നിന്നും 250 കിലോമീറ്റർ അകലെയുള്ള വിഴിഞ്ഞം തുറമുഖത്തിന് അനുമതി നൽകുന്നതിന് കേന്ദ്രം കാട്ടിയ അമാന്തമെല്ലാം ഉപേക്ഷിച്ചുകൊണ്ടാണ് ഇപ്പോൾ 30 കിലോമീറ്റർ അകലെയുള്ള കുളച്ചലിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരിക്കുന്നത്. ഇത്തരത്തിൽ പൊതുജനങ്ങളുടെ നികുതിപ്പണം അശാസ്ത്രീയമായി ഉപയോഗിക്കുന്ന പ്രവണതയോട് യോജിക്കാൻ കഴിയില്ല. കുളച്ചലിന് അനുമതി നൽകിയെന്നറിഞ്ഞപ്പോൾത്തന്നെ സംസ്ഥാനത്തിന്റെ ആശങ്ക വ്യക്തമാക്കി പ്രധാനമന്ത്രിക്ക് കത്തയക്കുകയും അടുത്ത ദിവസം പ്രധാനമന്ത്രിയെ നേരിൽ കാണാൻ സമയവും അവസരവും ചോദിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാസം തന്നെ പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അദ്ദേഹവുമായി പങ്കുവയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മാസം 17-ാം തീയതി നടക്കുന്ന എം.പി.-മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പാർലമെന്റിൽ ഇക്കാര്യം ശക്തമായി ഉന്നയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നതാണ്.

## (2) പ്രവീണിന്റെ ജയിൽവാസം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചെയ്യാത്ത കുറ്റത്തിന് കഴിഞ്ഞ രണ്ട് വർഷമായി ആഫ്രിക്കൻ രാജ്യമായ കെനിയയിലെ ജയിലിൽ പീഡനം അനുഭവിക്കുന്ന പ്രവീൺ എന്ന ചെറുപ്പക്കാരന്റെ മോചനത്തിനുവേണ്ടിയാണ് ഈ സബ്മിഷൻ. ഇദ്ദേഹം കഴിഞ്ഞ രണ്ട് വർഷം മുൻപ് മർച്ചന്റ് നേവിയിൽ ചേരാനായി ഡൽഹിയിലെ ആൽഫാ മറൈൻ അക്കാദമിയിൽ ആറ് മാസം പഠിച്ചു. പഠനത്തിന്റെ ഭാഗമായി പാർക്ക് മാൻഷിപ്പ് മാനേജ്മെന്റ് കമ്പനി വഴി 12 മാസത്തെ പരിശീലനത്തിനായി 2013 നവംബർ 13-ന് ദുബായിയിൽ നിന്നും ഒരു കപ്പലിൽ പ്രവേശിച്ചു. 2014 മേയ് 1-ന് ഇറാനിയായ കപ്പലുടമ, പ്രവീണിനെയും സഹപാഠിയായ ഡൽഹി സ്വദേശി വികാസിനെയും ഒഴികെ ബാക്കി എല്ലാവരെയും പിരിച്ചുവിട്ടശേഷം കപ്പൽ പാകിസ്ഥാൻകാരന് വിറ്റു. എഗ്രിമെന്റ് തീർന്നില്ല എന്ന കാരണത്താലാണ് ഇവരെ പിരിച്ചുവിടാതിരുന്നത്. ഇറാനിൽ നിന്ന് സിമന്റുമായി കപ്പൽ കെനിയയിലേക്ക് പോകുമ്പോൾ സൊമാലിയൻ കടൽക്കൊള്ളക്കാർ ഈ കപ്പൽ റാഞ്ചുകയും ഏകദേശം ഒന്നര മാസത്തോളം കപ്പൽ അവരുടെ കസ്റ്റഡിയിലാകുകയും ചെയ്തു. ഭക്ഷണവും വെള്ളവും കിട്ടാതെ ഇവർ വല്ലാതെ വിഷമിച്ചിരുന്നു; പിന്നീട് ഇവരെ

മോചിപ്പിച്ചു. കപ്പൽ കെനിയൻ തുറമുഖത്തോടടുക്കുമ്പോൾ ഈ കപ്പലിൽ മയക്കുമരുന്നുണ്ടെന്ന് രഹസ്യവിവരം കിട്ടുകയും ഡീസൽ ടാങ്കിനകത്ത് നിന്ന് ഏകദേശം 12 മില്ല്യൻ യു.എസ്. ഡോളർ വിലമതിക്കുന്ന 373.8 കിലോഗ്രാം ഹെറോയിൻ പിടിച്ചെടുക്കുകയും ചെയ്തു. കപ്പലിലുണ്ടായിരുന്ന ഇന്ത്യാക്കാരായ പ്രവീണും വികാസുമടക്കം ഒൻപത് പേരെ കെനിയൻ ഗവൺമെന്റ് തടവിലാക്കി. അവിടത്തെ നിയമമനുസരിച്ച് കപ്പലും മയക്കുമരുന്നും കടലിൽ കൊണ്ടുപോയി നശിപ്പിക്കും; ഇവരെ ജയിലിൽ ഇട്ടിരിക്കുകയുമാണ്. കുടിക്കാൻ വെള്ളമോ ആഹാരമോ കിട്ടാതെ അവർ വിഷമിക്കുകയാണ്. അവിടെയുള്ള ഇന്ത്യൻ അസോസിയേഷൻ പ്രതിനിധികൾ എംബസിവഴി പ്രവീണിനെ കണ്ടു. വല്ലപ്പോഴുമാണ് വെള്ളമോ ആഹാരമോ എന്തെങ്കിലും കൊടുക്കുന്നത്. വളരെ ദയനീയമായ സ്ഥിതിയിൽ നിരപരാധിയായ ഒരു വിദ്യാർത്ഥി ജയിലിൽ കിടക്കുകയാണ്. ഈ ചെറുപ്പക്കാരന്റെ പിതാവ് ശ്രീ. പ്രഭാകരൻനായർ എന്റെ മണ്ഡലമായ പത്തനാപുരത്തെ കറവൂരാണ് താമസിക്കുന്നത്. അദ്ദേഹം മിലിട്ടറിയിൽ നിന്നും റിട്ടയർ ചെയ്ത ആളാണ്. മകൻ ജയിലിലായി എന്നറിഞ്ഞപ്പോൾ അമ്മ മാനസികമായി തകർന്ന് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഒരു മാസം 8,000 രൂപ അമ്മയുടെ ചികിത്സയ്ക്കായി വേണം. അച്ഛൻ കയ്യൊടിഞ്ഞ് ഒരു ജോലിയും ചെയ്യാൻ പറ്റാത്ത നിലയിൽ അവശനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ബന്ധപ്പെട്ട് നിരപരാധിയും വിദ്യാർത്ഥിയുമായ ഈ ചെറുപ്പക്കാരന്റെ മോചനത്തിനുവേണ്ടിയുള്ള ശ്രമം നടത്തണം. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ അങ്ങ് ഈ മാസം കാണുമെന്ന് നേരത്തെയുള്ള സബ്മിഷന് മറുപടിയായി പറയുകയുണ്ടായി. അടിയന്തരമായി പ്രധാനമന്ത്രിയുമായും വിദേശകാര്യ വകുപ്പുമന്ത്രിയുമായും ബന്ധപ്പെട്ടാൽ ഇവരുടെ മോചനം സാധ്യമാക്കാൻ കഴിയും. ഒരു വക്കീലിനെ വയ്ക്കാൻപോലും ഇതുവരെ എംബസി തയ്യാറായിട്ടില്ല. ശ്രീ. പ്രവീണിന്റെ പിതാവ് തന്റെ പുരയിടവും മറ്റും വിറ്റ് കെനിയയിലുള്ള ഒരു മലയാളി വഴി വക്കീലിനെ വച്ച് മകന്റെ കേസ് നടത്തുകയാണ്. അതിനുള്ള സാമ്പത്തികശേഷിയില്ലാത്തവരാണ്. അവരുടെ ചികിത്സയ്ക്കുപോലും പൈസയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തിപരമായി താൽപര്യമെടുത്ത് ഇവർക്ക് നീതി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പാവപ്പെട്ട ഒരു വിദ്യാർത്ഥിയുടെ മോചനത്തിന് അങ്ങ് വളരെ ശ്രദ്ധയോടും ആത്മാർത്ഥതയോടുംകൂടി സഹകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തീർച്ചയായും പ്രധാനമന്ത്രിയേയും വിദേശകാര്യ വകുപ്പുമന്ത്രിയേയും നേരിട്ട് കണ്ട് ഈ രണ്ട് ചെറുപ്പക്കാരെയും (ശ്രീ. വികാസ് ഡൽഹി സ്വദേശിയാണ്) മോചിപ്പിക്കാനുള്ള നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ ഇവിടെ ഉന്നയിച്ച വിഷയം പരിതാപകരമാണ്. കെനിയയിലെ ജയിലിൽ കഴിയുന്ന പ്രവീണിന്റെ മോചനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പിതാവ് ശ്രീ. പ്രഭാകരൻ നായർ സമർപ്പിച്ച അപേക്ഷയാണ് സബ്മിഷനിലെ വിഷയം. പ്രവീൺ ന്യൂഡൽഹി ആസ്ഥാനമായുള്ള കപ്പൽ കമ്പനിയിൽ ജോലിക്ക് ചേരുകയും അവിടെ നിന്നും ഇസ് മറൈൻ ഷിപ്പിംഗ് കമ്പനി LCC ഉടമസ്ഥതയിലുള്ള എം. വി. ഡാർയ (M/V DARYA) എന്ന കപ്പലിൽ ദുബായിലുള്ള വാട്ടർ വേവ് ഷിപ്പിംഗ് കമ്പനിയിൽ നാവികനായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കപ്പലിൽ ഹെറോയിൻ എന്ന ലഹരിവസ്തുവും ഡീസലും കടത്തിയെന്നാരോപിച്ച് 15-7-2014 മുതൽ പ്രവീണും മറ്റ് കപ്പൽ ജീവനക്കാരും കെനിയൻ പോലീസിന്റെ കസ്റ്റഡിയിലാവുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു.

തന്റെ മകൻ നിരപരാധിയാണെന്നും കപ്പൽ ഉടമസ്ഥർ ഇവരറിയാതെ ലഹരിവസ്തു കടത്തുകയായിരുന്നുവെന്നും അതിനാൽ പ്രവീണിനെ മോചിപ്പിക്കണ മെന്നുമാണ് ശ്രീ. പ്രഭാകരൻനായർ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്നത്. ഇതിന്മേൽ അന്വേഷണം നടത്തി അദ്ദേഹത്തെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാനായി നോർക്ക റൂട്ട്സ് കെനിയൻ ഹൈക്കമ്മീഷണർക്ക് കത്തയയ്ക്കുകയുണ്ടായി. എന്നാൽ, നാളിതുവരെയായിട്ടും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ വിവരങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇ-മെയിൽ സന്ദേശം ഒന്നുകൂടി ഹൈക്കമ്മീഷണർക്ക് അയച്ചിട്ടുണ്ട്. അതിനുപുറമെ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെനിയൻ ഹൈക്കമ്മീഷണറുമായി ഫോണിൽ സംസാരിക്കുകയും അടിയന്തരമായി വിവരം ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെതന്നെ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. പ്രവീണിന്റെ മോചനത്തിനായി സാധ്യമായ എല്ലാ സഹായങ്ങളും നൽകുവാൻ കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറോട് സർക്കാർതലത്തിലുള്ള അഭ്യർത്ഥന നടത്തി ഇ-മെയിൽ സന്ദേശവും കത്തും നൽകിയിട്ടുണ്ട്. അതിനുപുറമെ സൗകര്യം ലഭിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രിയുമായും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും ബന്ധപ്പെട്ട് ഈ കാര്യം സംസാരിക്കുന്നതാണ്.

## (3) ഭൂനികുതി

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ തുടങ്ങിയ വില്ലേജുകളിലെ ഇരുന്നൂറോളം വരുന്ന കർഷകരുടെ ഭൂനികുതി വാങ്ങുന്നത് വനം വകുപ്പ് ഇടപെട്ട് തടഞ്ഞുവച്ചിരിക്കുകയാണ്. അവരുടെ താമസസ്ഥലത്തുപോലും ജണ്ടകെട്ടുകയാണ്. ഇത് ആ കുടുംബങ്ങളെ മാത്രമല്ല നാട്ടുകാരെയും വലിയ പ്രയാസത്തിലാക്കിയിരിക്കുകയാണ്. 1947-കളിൽ കിഴക്കേടത്ത് മല്ലശ്ശേരി കോവിലകം വക സ്ഥലം വിലയ്ക്കുവാങ്ങിയതാണ്. പാട്ട ശീട്ട്, ആധാരം, നികുതി ശീട്ട് എന്നിവ അവരുടെ കൈവശമുണ്ട്. 1977-ൽ സർക്കാർ നൽകിയ പാട്ടവുമുണ്ട്. നിരവധി നിരാഹാരസമരങ്ങളും ആത്മഹത്യയും ഇതിന്റെ പേരിൽ നടന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി തവണ യോഗം ചേർന്നെങ്കിലും തീരുമാനങ്ങളൊന്നും നടപ്പിലായില്ല. കർഷകരുടെ ഭൂനികുതി പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഈ പ്രശ്നം ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും, പതിച്ചുകൊടുക്കലും) നിയമപ്രകാരം 10-05-1971-ൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ വനങ്ങളും സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണ്.

പെരുവണ്ണാമൂഴി റെയിഞ്ചിലെ കൂരാച്ചുണ്ട്, കാന്തലാട് എന്നീ വില്ലേജുകളിലെ ഉദ്ദേശം 62 പേർ കൈവശം വച്ചുപോരുന്ന ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നിലവിലുണ്ട്. ഈ ഭൂമി പൂർണ്ണമായോ ഭാഗികമായോ മേൽ സൂചിപ്പിച്ച നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമിയാണ്. മേൽ വനഭൂമിയുടെ അതിരു തിരിക്കൽ, സർവ്വേ എന്നിവ 1974-1976 കാലത്ത് പൂർത്തീകരിച്ചിട്ടുള്ളതും വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

ഇതുമായി ബന്ധപ്പെട്ട 30-8-1989-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ പ്രദേശം അടക്കമുള്ള വനഭൂമി കൈവശം വച്ചിട്ടുള്ളത് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്താൻ ഉത്തരവാകുകയും അതുപ്രകാരം 1990-91 കാലഘട്ടത്തിൽ പെരുവണ്ണാമൂഴി റെയിഞ്ചിലെ നിക്ഷിപ്ത വനഭൂമിയിലെ കയ്യേറ്റങ്ങൾ റവന്യൂ-വനം വകുപ്പ് സംയുക്തമായി പരിശോധന നടത്തുകയും ചെയ്തിരുന്നു. പരിശോധനയിൽ 77 അപേക്ഷകളിലായി 31.20 ഹെക്ടർ ഭൂമി 1977-ന് മുമ്പുള്ള കയ്യേറ്റമാണെന്ന് കണ്ടെത്തുകയും അർഹരായവർക്ക് കൈവശരേഖ നൽകുകയുമുണ്ടായി. ബാക്കി 117 അപേക്ഷകൾ വനം കയ്യേറ്റമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്.

സർക്കാർതലത്തിൽ യോഗം ചേരുകയും ആ യോഗ തീരുമാനപ്രകാരം 62 കർഷകരുടെ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. മേൽ 62 അപേക്ഷകരിൽ 17 പേർ, 117 അപേക്ഷകരിൽപ്പെട്ടവർ തന്നെ വീണ്ടും അപേക്ഷ നൽകിയവരാണ്. ബാക്കിയുള്ളവയിൽ 29 അപേക്ഷകളിലെ പരിശോധന പൂർത്തിയായി. ഇനി 16 അപേക്ഷകൾ പരിശോധിക്കാൻ ബാക്കിയുണ്ട്. അപേക്ഷകരായ കർഷകരുടെ സഹകരണത്തോടെ ഇവയിലും സംയുക്ത പരിശോധന നടത്തുന്നതാണ്.

വസ്തുവിന്റെ പട്ടയം, ആധാരം, ലാന്റ് ഏരിയാ രജിസ്റ്റർ, റബ്ബർ ബോർഡിലെ രജിസ്ട്രേഷൻ റെക്കോർഡ് ഇവയിൽ ഏതെങ്കിലുമൊന്ന് കൈവശമുള്ള കർഷകരിൽ നിന്നും പ്രസ്തുത രേഖകളിൽ ഉൾപ്പെട്ട വിസ്തൃതിക്കനുസരിച്ച് കരം സ്വീകരിക്കുന്നതിനുള്ള നിയമപ്രകാരമുള്ള നടപടികളും വനാതിർത്തി നിശ്ചയിക്കാനുള്ള സർവ്വേ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ തയ്യാറാണ്.

## (4) മലിനീകരണ പ്രശ്നം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ 42-ഓളം ഇരുമ്പുരുക്ക കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഈ കമ്പനികളിൽ നിന്നുവരുന്ന മലിനീകരണം ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. വായു മലിനീകരണം, ജലമലിനീകരണം എന്നിവയാണ് പ്രധാനമായുമുള്ളത്. ഇതുമൂലം ആരോഗ്യ പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. അതിനാൽ ഈ പ്രദേശത്തുണ്ടാകുന്ന മലിനീകരണം ശാസ്ത്രീയമായി തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യാവസായിക മേഖലയാണ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖല. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏതാണ്ട് നാനൂറോളം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് യൂണിറ്റുകൾ, സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലുകൾ, ഫുഡ് ഇൻഡസ്ട്രീസ്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, പ്ലാസ്റ്റിക്, സോപ്പ് നിർമ്മാണം, ഡിസ്റ്റിലറി എന്നിവയെല്ലാം കഞ്ചിക്കോട് മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഏതാണ്ട് പതിനായിരത്തിൽപ്പരം തൊഴിലാളികൾ പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. സാമ്പത്തിക മാന്ദ്യം, ഇറക്കുമതി തുടങ്ങിയ കാര്യങ്ങളാൽ ഈ വ്യവസായ മേഖല

തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ നാന്നൂറോളം വ്യവസായങ്ങളിൽ മുപ്പത്തിയഞ്ചോളം ഇരുമ്പുരുക്ക് വ്യവസായശാലകളുള്ളതിൽ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏതാണ്ട് ഇരുപതിൽ താഴെ യൂണിറ്റുകൾ മാത്രമാണ്. ഇരുപതിൽതാഴെ യൂണിറ്റുകളിലായി ആയിരത്തോളം തൊഴിലാളികളാണ് ഈ വ്യവസായ മേഖലയിലുള്ളത്. അവിടത്തെ ഉൽപ്പാദനം ആയിരം ടണ്ണിന് താഴെയാണ്. ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലെ അവിടത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് മലിനീകരണം. ഇരുമ്പുരുക്ക് വ്യവസായശാലയിൽ ഫർണസിലൂടെ പുറത്തുവരുന്ന പൊടി കലർന്ന വാതകം അന്തരീക്ഷത്തിൽ മലിനീകരണമുണ്ടാക്കുകയും രോഗങ്ങൾക്ക് കാരണമായി തീരുകയും ചെയ്യുന്നു. ഇതു തടയുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഓരോ വ്യവസായ യൂണിറ്റിലും സംവിധാനമൊരുക്കിയിട്ടുണ്ട്. പ്രധാനമായും പൊടികലർന്ന വാതകം ഫർണസിൽ നിന്ന് പൈപ്പിൽക്കൂടി കടന്നുവരുമ്പോൾ ഫാൻ ഉപയോഗിച്ച് അതിനെ തണുപ്പിക്കുകയാണ് ചെയ്യുന്നത്. പിന്നീട് പുറത്തുവരുന്ന വാതകത്തെ ഫിൽട്ടർ ചെയ്തിരിക്കുന്ന ബാഗിലൂടെ കടത്തിവിടുകയും വെള്ളം സ്പ്രേ ചെയ്ത് പൊടിയില്ലാത്ത വാതകമാക്കി മാറ്റുകയും ചെയ്യുന്നു. ആ വാതകം 30 മീറ്റർ ഉയരത്തിലുള്ള പ്രത്യേക കുഴലുകളിൽക്കൂടി അന്തരീക്ഷത്തിലേക്കുവിടും. അങ്ങനെ അന്തരീക്ഷത്തിലേക്കുവിടുന്ന വാതകത്തിൽ പൊടിയുടെ അംശമുണ്ടാകുന്നില്ല. ശാസ്ത്രീയവും ഫലപ്രദവുമായിട്ടുള്ള ഈ സംവിധാനം ഇപ്പോഴുള്ള എല്ലാ വ്യവസായശാലകളിലും പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. സാധാരണഗതിയിൽ മൂന്ന് വർഷത്തിലൊരിക്കലാണ് ലൈസൻസ് പുതുക്കേണ്ടത്. അത്രയും സമയം കാത്തിരിക്കാതെ രണ്ടുമാസത്തിലൊരിക്കൽ മലിനീകരണ നിയന്ത്രണ ബോർഡ് ഈ വ്യവസായശാലകൾ പരിശോധിച്ച് ഇവ കൃത്യമാണോ എന്ന് ഉറപ്പു വരുത്തിക്കൊണ്ടിരിക്കുകയാണ്. വളരെ അപൂർവ്വമായി ചില പരാതികൾ അവിടെ വരാറുണ്ട്. ആ പരാതികൾ പ്രത്യേകം പരിശോധിച്ച് അവ യാഥാർത്ഥ്യമാണോ എന്ന് സ്ഥിരമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. മലിനീകരണം തടയുന്നതിനായി ഡോ. സുകുമാരൻ നായർ കമ്മീഷൻ പറഞ്ഞിട്ടുള്ള അഞ്ചു കാര്യങ്ങളും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇരുമ്പുരുക്കു വ്യവസായ മേഖലയിൽ മലിനജലമുണ്ടാകുന്നില്ല. പ്രധാനമായും അന്തരീക്ഷ മലിനീകരണമാണുണ്ടാകുന്നത്. അന്തരീക്ഷ മലിനീകരണം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് കമ്മീഷൻ പറയുന്നത്. ഈ വ്യവസായ ശാലകളിലുണ്ടാകുന്ന ഖരമാലിന്യമായ 'സ്ലാഗ് ' കമ്പനി പറമ്പിൽത്തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഈ ഖരമാലിന്യം മറ്റേതെങ്കിലും പ്രോഡക്ടായി ഉപയോഗിക്കാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ വ്യവസായ സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനായി പരിസരവാസികൾക്ക് ചില ക്ഷേമപ്രവൃത്തികൾ ചെയ്തു കൊടുക്കണമെന്ന നിർദ്ദേശം കൊടുക്കുകയും അതിനനുസരിച്ച് പ്രവർത്തിച്ചു വരികയുമാണ്. അതിനുവേണ്ടി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മലിനീകരണം തടയാൻ ശക്തമായ ഇടപെടലുകൾ നടത്തുകയും നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. ഇനിയും പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്.

### (5) കോർമലയും വാട്ടർടാങ്കും സംരക്ഷിക്കൽ

ശ്രീ. എൽദോ എബ്രഹാം : സർ, മൂവാറ്റുപുഴ നഗരത്തിൽ വെള്ളൂർകുന്നം കവലയിൽ 27-6-2015-ന് രാവിലെ നാലുമണിക്കുണ്ടായ ഗൗരവതരമായ ഒരപകടത്തെ സംബന്ധിച്ചാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഒരു വർഷവും 18 ദിവസവും പിന്നിട്ട, മൂവാറ്റുപുഴയിലെ പതിനായിരക്കണക്കിന് മനുഷ്യരെ ആശങ്കയിലാഴ്ത്തിയ സംഭവങ്ങളിലൊന്നാണ് കോർമലയിലുണ്ടായ മണ്ണിടിച്ചിൽ. ഇത്രയും ദിവസങ്ങൾ പിന്നിടുമ്പോഴും ബന്ധപ്പെട്ട അധികാരികൾ അറിഞ്ഞോ അറിയാതെയോ നടപടികളൊന്നും സ്വീകരിക്കാത്ത ഘട്ടത്തിലാണ് സഭ മുൻപാകെ ഈ സബ്മിഷൻ കൊണ്ടുവന്നത്. രണ്ടരയേക്കറോളം വരുന്ന ഭൂമിയാണ് മണ്ണിടിച്ചിലിനെ തുടർന്ന് നഗരമദ്ധ്യത്തിലേക്ക് ഇറങ്ങി വരികയുണ്ടായത്. മനുഷ്യജീവന് അപകടമുണ്ടായില്ല എന്നതൊഴിച്ചാൽ 2000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള രണ്ട് കെട്ടിടങ്ങളാണ് ഈ മണ്ണിടിച്ചിലിനെത്തുടർന്ന് മണ്ണി നടിയിലായത്. ജല അതോറിറ്റിയുടെ പത്ത് ലക്ഷം ലിറ്റർ ജലം സംഭരിച്ച് 5000-ത്തിൽപ്പരം വീടുകളിലേക്ക് ജലവിതരണം നടത്തിയിരുന്ന ജലസംഭരണി ഇന്ന് അപകടത്തിലാണ്. മണ്ണിടിച്ചിലുണ്ടായ പ്രദേശത്തെ സമീപവാസികൾ ഇന്ന് ആശങ്കയിലാണ്. ഒരുമാസം മുൻപ് (ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവന്നതിനുശേഷം) ജനങ്ങൾ കൂടുതൽ രോഷാകുലരായതിനാൽ നാല് കുടുംബങ്ങളെ അപകട ഭീഷണിയെത്തുടർന്ന് മാറ്റിപ്പാർപ്പിക്കേണ്ടതായി വന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാധ്യത തീർച്ചയായും ഭരണാധികാരികൾക്കും ഗവൺമെന്റിനുമുണ്ട്. ജലസംഭരണി ഏതുനിമിഷവും താഴോട്ടു പോരുമെന്ന സാഹചര്യമുണ്ടെന്നാണ് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനം സൂചിപ്പിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട അടിയന്തര സാഹചര്യത്തെക്കുറിച്ച് മറ്റ് പഠന റിപ്പോർട്ടുകളും സൂചിപ്പിക്കുകയാണ്. അതുകൊണ്ട് മണ്ണിടിഞ്ഞ പ്രദേശത്ത് സ്ലോപ്പ് നിലനിർത്തി ശാസ്ത്രീയമായ റീട്ടെയിനിംഗ് വാൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ

ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അടിയന്തരമായി അപകടം നടന്ന സ്ഥലം സന്ദർശിച്ച് ജലസംഭരണി തൽസ്ഥാനത്തുനിന്ന് മാറ്റി മറ്റൊരു കേന്ദ്രത്തിൽ പുതിയൊരു ജലസംഭരണി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഈ അപകടം വരുത്തിവയ്ക്കാനിടയായ സാഹചര്യമൊരുക്കിയ മൂവാറ്റുപുഴ നിയമസഭാ മണ്ഡലത്തെ അന്ന് പ്രതിനിധീകരിച്ച ജനപ്രതിനിധിക്കും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കും പോലീസിനുമെതിരായി മാതൃകാപരമായ നടപടി സ്വീകരിക്കണം.* ഇത്തരം അപകടസാധ്യത ഒഴിവാക്കുവാനും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്ന തരത്തിലേക്ക് കാര്യങ്ങൾ പോയതിനെ സംബന്ധിച്ച് ഗൗരവതരമായി ഗവൺമെന്റ് അന്വേഷിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ........(ബഹളം).....അതുകൊണ്ട് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഉയർത്തുന്ന ന്യായവാദങ്ങൾ, അവരുടെ പ്രതിഷേധങ്ങൾ ഞാൻ തള്ളിക്കളയുകയാണ്. മൂവാറ്റുപുഴ നഗരമദ്ധ്യത്തിലുണ്ടായ അപകടം പത്ര-ദൃശ്യ മാധ്യമങ്ങളിലെല്ലാം വലിയ വാർത്തയായതാണ്. ഒരു ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് ജനങ്ങളോട് മറുപടി പറയാൻ ബാധ്യതയുണ്ട് എന്നുള്ളതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ജലവിഭവ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മൂവാറ്റുപുഴ സന്ദർശിച്ച് ഈ അപകടസ്ഥിതിയെക്കുറിച്ച് ബോദ്ധ്യപ്പെടുകയും അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ശ്രീ. എൽദോ എബ്രഹാം ഒരു നിവേദനം വഴി ഈ വിഷയം എന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. മൂവാറ്റുപുഴ ടൗണിൽ വെള്ളൂർക്കുന്നം സിഗ്നൽ ജംഗ്ഷനു സമീപം എം.സി. റോഡരികിലുള്ള ഏകദേശം 30 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അടിഭാഗത്ത് 27-6-2015-ൽ മണ്ണിടിഞ്ഞ് വൻദുരന്തമാണ് സംഭവിച്ചിട്ടുള്ളത്. അപകടത്തിൽ ആളപായം സംഭവിച്ചിട്ടില്ല എന്നത് വലിയൊരു ഭാഗ്യമായി. എങ്കിലും റോഡരികിലെ വാണിജ്യ സമുച്ചയം നിശ്ശേഷം തകർന്നു. മേൽപ്പറഞ്ഞ സ്ഥലത്തെ ഏറ്റവും ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ പത്തു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്കിൽ നിന്നുമാണ് മൂവാറ്റുപുഴയിലും സമീപ പ്രദേശങ്ങളിലും വെള്ളമെത്തിക്കുന്നത്. സുരക്ഷാ മുൻകരുതൽ കണക്കിലെടുത്ത് വാട്ടർ ടാങ്കിന്റെ സംഭരണം നിർത്തി

* ബഹു.സ്പീക്കറുടെ ഉത്തരവിൻപ്രകാരം നിലനിർത്തി.

വയ്പ്പിച്ചിരുന്നു. 17-5-2016-ന് തുടർച്ചയായി മഴ പെയ്തതിനാൽ മേൽപ്പറഞ്ഞ സ്ഥലത്ത് വീണ്ടും മണ്ണിടിച്ചിലുണ്ടാകുകയും നാല് വീട്ടുകാരെ അവിടെനിന്ന് മാറ്റി താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാല് കുടുംബങ്ങളെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മൂവാറ്റുപുഴ താലൂക്ക് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. കാലവർഷം ശക്തി പ്രാപിച്ചാൽ വാട്ടർടാങ്ക് അടക്കമുള്ള ഭാഗം മണ്ണിടിഞ്ഞ് താഴേയ്ക്ക് വരാൻ ഇടയുണ്ടെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ, താൽക്കാലികമായി റീടെൻഷൻ വാൾ നിർമ്മിച്ചാൽ ഒരു പരിധിവരെ മണ്ണിടിച്ചിൽ തടയാമെന്ന് വിദഗ്ദ്ധർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അവിടെ സംരക്ഷണഭിത്തി കെട്ടാൻ സാധ്യമല്ലെന്ന് ജലവിഭവ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗര ശുദ്ധജല പദ്ധതിയുടെ വിപുലീകരണത്തിനുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരികയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വെള്ളൂർക്കുന്നം ടാങ്കിൽ നിന്നും ജലവിതരണം നടത്തുന്ന പൈപ്പുലൈനുകൾ പൂർണ്ണമായും മറ്റു ലൈനുകളുമായി കൂട്ടി യോജിപ്പിക്കുന്നതിലൂടെ ടാങ്കിൽനിന്നുള്ള ജലവിതരണം പൂർണ്ണമായും നിർത്തലാക്കപ്പെടുമെന്നും പ്രസ്തുത ടാങ്ക് പൂർണ്ണമായ തോതിൽ ഡീകമ്മീഷൻ ചെയ്യുന്നതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുകയാണ്. കൊല്ലത്ത് വാട്ടർടാങ്ക് തകർന്നുവീണ് ഒരു കുട്ടിക്കും അമ്മയ്ക്കും പരിക്കേൽക്കാൻ ഇടയായ സാഹചര്യംകൂടി കണക്കിലെടുത്ത് എറണാകുളം ജില്ലാ കളക്ടറോട് സ്ഥലത്ത് ജാഗ്രത പുലർത്താനും ദുരന്തമുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പ്രത്യേക നിർദ്ദേശം നൽകിയിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ. സബ്മിഷൻ ഉന്നയിച്ച സന്ദർഭത്തിൽ ഒരു പദ്ധതിയുടെ തകരാറിൽ മുൻ എം.എൽ.എ.-യുടെ പേരിൽ കേസ്സെടുക്കണമെന്ന് പറയുന്ന ഭാഗം നീക്കം ചെയ്യണം. നമ്മൾ ജനപ്രതിനിധികളാണ്; നമ്മൾ ചിലപ്പോൾ പദ്ധതികൾ ആവശ്യപ്പെടുകയും നടപ്പിലാക്കുകയും ചെയ്യും. നടപ്പിലാക്കുന്നതിൽ എം.എൽ.എ.-യ്ക്കോ, മന്ത്രിക്കോ എന്ത് പങ്കാണുള്ളത്? ദയവായി അങ്ങ് അക്കാര്യം പരിശോധിച്ച് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (6) ഡോക്ടർമാരുടെ അഭാവം

ശ്രീ. അടൂർ പ്രകാശ് : സർ, കോന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഇപ്പോൾ ഒരു ദിവസം ശരാശരി 800-850 ആളുകൾ അവിടെ ചികിത്സ തേടിവരികയാണ്.

താലൂക്കാശുപത്രി എന്ന നിലയിൽ ഇപ്പോൾത്തന്നെ ഡോക്ടർമാരുടെ 11 ഒഴിവുകൾ അവിടെയുണ്ട്. ഉള്ള ഡോക്ടർമാരിൽ പലരെയും വർക്കിംഗ് അറേഞ്ചുമെന്റിൽ മറ്റ് ആശുപത്രികളിലേയ്ക്ക് നിയമിച്ചിരിക്കുകയാണ്. റാന്നി താലൂക്കാശുപത്രിയിലേയ്ക്ക് ഗൈനക്കോളജി വിഭാഗത്തിലുള്ള ഒരു ഡോക്ടറുടെ സേവനം വർക്കിംഗ് അറേഞ്ചുമെന്റിൽ മാറ്റിയിരിക്കുകയാണ്. മെഡിസിൻ വിഭാഗത്തിലുള്ള ഡോക്ടറുടെ സേവനം പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലേക്ക് മാറ്റി. അടൂർ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് അനസ്തേഷ്യ വിഭാഗത്തിലുള്ള ഡോക്ടറെയും കോഴഞ്ചേരി ജില്ലാ ഹോസ്പിറ്റലിലേക്ക് സി.എം.ഒ. പോസ്റ്റിലുള്ള ഒരു ഡോക്ടറെയും മാറ്റി. അത്തരത്തിൽ ഏതാണ്ട് 4 ഡോക്ടർമാർ വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുകയാണ്. 11 ഡോക്ടർമാരുടെ വേക്കൻസിയുണ്ട്. കൂടാതെ മറ്റു വിഭാഗത്തിലുള്ള ഹെഡ് നഴ്സ്, ഹെഡ്ക്ലാർക്ക്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1 തുടങ്ങിയ വേക്കൻസികളുമുണ്ട്. വർക്കിംഗ് അറേഞ്ചുമെന്റിൽ ഈ വിഭാഗത്തിലുള്ള ഏതാണ്ട് പതിനൊന്നോളം ആളുകളെ അവിടെനിന്ന് മാറ്റിയിരിക്കുകയാണ്. ഒരു സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, നാല് നഴ്സിംഗ് അസിസ്റ്റന്റുമാർ, അഞ്ച് ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരും വർക്കിംഗ് അറേഞ്ചുമെന്റിൽ പോയിരിക്കുകയാണ്. ഇത്തരത്തിൽ ആ അശുപത്രിയുടെ പ്രവർത്തനം നിശ്ചലമാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അവിടെ ആവശ്യമായ ഡോക്ടർമാരെ അടിയന്തരമായി നിയോഗിക്കാനും വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റിടങ്ങളിൽ നിയോഗിച്ച നടപടി റദ്ദ് ചെയ്ത് അവരെ തിരിച്ചുകൊണ്ടുവരാനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, കോന്നി താലൂക്കാശുപത്രിയിൽ നിലവിലുള്ള അസിസ്റ്റന്റ് ഡയറക്ടർ, സിവിൽ സർജൻ തസ്തികകളിൽ പ്രൊമോഷൻ നടക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുള്ള മൂന്ന് തസ്തികകളിലും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുള്ള മൂന്ന് തസ്തികകളിലും പി.എസ്.സി.-യിൽനിന്ന് അഡ്വൈസ് ചെയ്തിട്ടുള്ള ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജൂനിയർ കൺസൽട്ടന്റ്, പീഡിയാട്രിക്സ്, ഓർത്തോപീഡിക്, സർജറി എന്നീ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും സ്പെഷ്യാലിറ്റി യോഗ്യതയുള്ള വരിൽനിന്നും ഡോക്ടർമാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്; ഇതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. താലൂക്കാശുപത്രിയായതിനുശേഷം അവിടെ ആവശ്യമായിട്ടുള്ള മറ്റു സൗകര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ലെന്നാണ് മനസ്സിലാക്കാൻ

സാധിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വർക്കിംഗ് അറേഞ്ച്മെന്റുകളൊന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്നതല്ല. വർക്കിംഗ് അറേഞ്ച്മെന്റിൽ ഇത്രയും ജീവനക്കാർ പോയതിന്റെ കാരണം പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമാണ്. വർക്കിംഗ് അറേഞ്ച്മെന്റിൽ പോയ ജൂനിയർ കൺസൽട്ടന്റ് (മെഡിസിൻ), ഒരു ന്യൂറോളജിസ്റ്റാണ്. കോന്നി താലൂക്കാശുപത്രിയിൽ ഇപ്പോൾ ഒരു ഫിസിഷ്യൻ അസിസ്റ്റന്റ് സർജനായി ജോലി ചെയ്യുന്നുണ്ടെന്നുള്ള കാരണമാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് വർക്കിംഗ് അറേഞ്ച്മെന്റിൽ ആളുകളെ മാറ്റിയിട്ടുള്ളത്. രണ്ടാമത്, ജൂനിയർ കൺസൽട്ടന്റ്, ഗൈനക്കോളജി-യെ മാറ്റാനുള്ള കാരണമായി പറഞ്ഞത് റാന്നി താലൂക്കാശുപത്രിയിൽ ജോലി ക്രമീകരണാടിസ്ഥാനത്തിൽ 23-8-2015 മുതൽ അദ്ദേഹം ജോലി ചെയ്യുകയാണെന്നാണ്. കോന്നി താലൂക്കാശുപത്രിയിൽ ലേബർ റൂമോ, ഓപ്പറേഷൻ തിയേറ്ററോ ഇല്ല. എന്നാൽ റാന്നി താലൂക്കാശുപത്രിയിൽ ലേബർ റൂമും ഓപ്പറേഷൻ തിയേറ്ററുമുണ്ട്. പ്രസ്തുത ഡോക്ടർ ലാപ്രോസ്കോപിക് സ്റ്റെറിലൈസേഷനും ചെയ്യുന്നുണ്ട്; അതുകൊണ്ടാണ് അങ്ങോട്ട് മാറ്റിയതെന്നാണ് പറഞ്ഞത്. രണ്ടാമത്തെ ഗൈനക്കോളജിസ്റ്റിന് തിരുവല്ല താലൂക്കാശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം കൊടുത്തു. ഇപ്പോൾ അവിടെ ജൂനിയർ കൺസൽട്ടന്റ് ഗൈനക്കോളജിസ്റ്റായി അദ്ദേഹം ജോലി ചെയ്യുന്നു, ഇത് നേരത്തേയുള്ള റിപ്പോർട്ടാണ്. ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്)-നെ മാറ്റിയതിനും കാരണം പറഞ്ഞിട്ടുണ്ട്. ഓർത്തോ ഫിസിഷ്യൻ ജോലി ക്രമീകരണാടിസ്ഥാനത്തിൽ വർക്കല ആശുപത്രിയിൽ ജോലി ചെയ്തിരുന്നു, അദ്ദേഹത്തിന് ജൂനിയർ കൺസൽട്ടന്റായി പ്രൊമോഷനും ട്രാൻസ്ഫറും നൽകിയിരിക്കുകയാണ്. ജൂനിയർ കൺസൽട്ടന്റിന്റെ (അനസ്തേഷ്യ) കാര്യത്തിലും മാറ്റം വരുത്തിയതിന്റെ കാരണം പറയുന്നുണ്ട്. കൂടാതെ അടൂർ ജനറൽ ആശുപത്രിയിൽ ഒരു അനസ്തെറ്റിസ്റ്റ് മാത്രമേയുള്ളൂ. അവിടെ രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ രണ്ട് വ്യത്യസ്ത നിലകളിലാണ് പ്രവർത്തിക്കുന്നത്, ആയതിനാൽ ഒരു അനസ്തെറ്റിസ്റ്റിന്റെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ അടൂർ ആശുപത്രിയിലേക്ക് നിയമിച്ചിരിക്കുന്നു എന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇവരെയെല്ലാം മാറ്റിയിരിക്കുന്നത്. താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്തതല്ലാതെ അതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല. താലൂക്കാശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്തുക എന്നുള്ളത് വളരെ അത്യാവശ്യമാണ്. ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക്, ജില്ലാ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്ത് ഭൗതിക പശ്ചാത്തലമൊരുക്കുകയും അവിടെ ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യും. കോന്നി താലൂക്കാശുപത്രിക്ക് വേണ്ട പരിഗണന നൽകി ഭൗതിക പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായിട്ടുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (7) മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യൽ

ശ്രീ. എം. നൗഷാദ് : സർ, എന്റെ മണ്ഡലത്തിലെ തീരപ്രദേശത്ത് ഹൻസിതയെന്ന ഒരു കപ്പൽ വന്നടിഞ്ഞതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. കുനിന്മേൽ കുരുവായി എന്നുപറയുന്നതുപോലെ കടലാക്രണം കാരണം തീരപ്രദേശം മൊത്തം കടലെടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ കപ്പൽ വന്നടിഞ്ഞിരിക്കുന്നത്. മൂന്ന് വർഷങ്ങൾക്കുമുമ്പ് 40 ലക്ഷം രൂപ കുടിശ്ശികയുണ്ടെന്ന് പറഞ്ഞ് തുറമുഖ വകുപ്പ് പിടിച്ചിട്ട കപ്പലാണിത്. മേഘ എന്ന കമ്പനിയുടെ കപ്പൽ അവിടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി കൊണ്ടുവന്നപ്പോൾ വാടകയിനത്തിൽ കിട്ടാനുള്ള പൈസയ്ക്കുവേണ്ടിയാണ് പിടിച്ചിട്ടത്. മൂന്ന് വർഷത്തിനുശേഷം ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് വന്നു. പഴയ റേറ്റ് വച്ച് വാടക ഈടാക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് പൈസ അങ്ങോട്ട് കൊടുത്തതിനുശേഷം കപ്പൽ വിട്ടുകൊടുക്കണമെന്നാണ് കോടതി ഉത്തരവിൽ പറയുന്നത്. കഴിഞ്ഞ മാസം 17-ാം തീയതിയാണ് ഇങ്ങനെയൊരു ഉത്തരവുണ്ടായത്. ആ ഉത്തരവിനുശേഷം 25-ാം തീയതി മുതൽ ഈ കപ്പൽ തീരത്തടിഞ്ഞ് ഉറച്ചുനിൽക്കുകയാണ്. അതിന്റെ ഫലമായി അവിടെ ഒരു ബീച്ചും സമീപപ്രദേശങ്ങളിൽ ഒരു കടലും രൂപപ്പെട്ടിരിക്കുകയാണ്. കടൽ രൂപപ്പെട്ടതിന്റെ ഭാഗമായി റോഡുകൾ തകർന്ന് തീരം ഇല്ലാതാവുകയും ഏകദേശം പത്തോളം വീടുകൾ തകരുകയും ചെയ്തു. അവരെയെല്ലാം ദുരിതാശ്വാസ ക്യാമ്പിൽ പുനരധിവസിപ്പിച്ചിരിക്കുകയാണ്. ഇന്ന് ഇരുപതു ദിവസായിട്ടും കപ്പൽ അവിടെ നിന്നും മാറ്റാനുള്ള യാതൊരു നടപടിയുമുണ്ടായിട്ടില്ല. അവിടെയുള്ള മത്സ്യത്തൊഴിലാളികൾ ഭീതിയിലാണ്. തീരദേശത്തുള്ള ജനങ്ങളെ ഇത്രയും ദിവസം അക്രമാസക്തരാകാതെ പിടിച്ചുനിർത്തി. ഇനി അവർ അക്രമാസക്തരായാൽ അവരെ നിയന്ത്രിക്കാൻ കഴിയില്ല. അതിനാൽ അടിയന്തരമായി ഈ കപ്പൽ അവിടെനിന്നും മാറ്റണം. അത് മണ്ണിൽ ഉറച്ച് നിൽക്കുന്നതിനാൽ അവിടെയുള്ള ടഗ്ഗ് വച്ച് വലിച്ചാൽ അതിനെ മാറ്റാൻ കഴിയില്ല. മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്തതിനുശേഷമേ ഈ കപ്പൽ അവിടെനിന്നും മാറ്റാൻ കഴിയൂ. ഇപ്പോൾ മേഘ എന്ന കമ്പനിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. അവരത് കൊണ്ടുപോകാനുള്ള യാതൊരു നീക്കവും നടത്തുന്നില്ല. ഇരുപത് ദിവസത്തോളമായി സർക്കാരിനെ അറിയിച്ചിട്ടും ഇന്നുവരെ കപ്പൽ മാറ്റാനുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ദിവസം കഴിയുന്തോറും തീരം നഷ്ടപ്പെട്ട് വീടുകൾ കടലെടുത്തുകൊണ്ടിരിക്കുകയാണ്. നാൽപ്പത് ലക്ഷം രൂപ ഈടാക്കാൻ വേണ്ടി പിടിച്ചിട്ടപ്പോൾ നാല് കോടി രൂപ ചെലവാക്കിയാലും നികത്താൻ കഴിയാത്ത

നാശനഷ്ടങ്ങളാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് അവിടെ വച്ച് ലേലം ചെയ്തതിനുശേഷം പൊളിച്ചുമാറ്റാൻ പോകുന്നുവെന്നൊക്കെ കേൾക്കുന്നുണ്ട്. അതൊന്നും അനുവദിക്കാൻ കഴിയില്ല. ഈ കപ്പൽ അവിടെനിന്നും മാറ്റിയില്ലെങ്കിൽ ക്രമസമാധാന പ്രശ്നങ്ങളുൾപ്പെടെയുണ്ടാകും. അതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണം. കപ്പൽ അവിടെനിന്നും എന്ന് മാറ്റാൻ കഴിയുമെന്നതിനുള്ള കൃത്യമായ മറുപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഗുരുതരമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട എം. നൗഷാദ് ഉന്നയിച്ചത്. കൊച്ചി തുറമുഖത്ത് ഡ്രഡ്ജ് ചെയ്തിരുന്ന മേഘയെന്ന വിദേശ ഡ്രഡ്ജർ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾക്കായിട്ടാണ് 1-4-2013-ൽ കൊല്ലം തുറമുഖത്തെത്തിയത്. ഇത് പിന്നീട് ഹൻസിത എന്ന പേരിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തു. ഇന്ത്യയിൽ അറ്റകുറ്റപ്പണികൾ നീണ്ടുപോയതിന്റെ ഫലമായും തുറമുഖ ചാർജ് ജി.ഒ.(എം.എസ്) നമ്പർ 15/2013/മ.തു.വ. തീയതി 23-3-2013 പ്രകാരം പുതുക്കി നിശ്ചയിച്ചതിനാലും കമ്പനി തുറമുഖവകുപ്പിന് അടയ്ക്കേണ്ട തുകയായ 36,63,338 രൂപ കുടിശ്ശികയിനത്തിലുള്ളതിനാൽ കപ്പലിന് തുറമുഖം വിട്ടുപോകാനുള്ള അനുമതി നൽകിയിരുന്നില്ല. പിന്നീട് മേൽപ്പറഞ്ഞ ഡ്രഡ്ജറിന്റെ ഉടമസ്ഥർ ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയും പഴയ ചാർജ് ഈടാക്കി മേഘ ഡ്രഡ്ജിംഗ് കമ്പനിക്ക് കപ്പൽ കൊണ്ടുപോകുന്നതിനുള്ള അനുവാദം നൽകുന്നതിന് 30-5-2016-ന് കോടതി വിധി നേടുകയും ചെയ്തു. കോടതി ഉത്തരവ് ലഭിച്ച് പതിനാല് ദിവസത്തിനകം കപ്പൽ കൊണ്ടുപോകാനുള്ള അനുമതി നൽകാൻ നിർദ്ദേശിച്ചു. പ്രസ്തുത ഉത്തരവ് ഡ്രഡ്ജിംഗ് കമ്പനി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം ലഭ്യമാക്കുകയും 2-7-2016-ലെ സർക്കാർ ഉത്തരവ് 387/16/മ.തു.വ. പ്രകാരം കപ്പൽ തുറമുഖത്തുനിന്നും നീക്കം ചെയ്യുന്നതിനാശ്യമായ നടപടികൾ സ്വീകരിക്കാൻ തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ കാറ്റിലും കോളിലുംപെട്ട് നങ്കൂരമിളകി കപ്പൽ 25-6-2016-ൽ ഇരവിപുരത്തുള്ള കടൽത്തീരത്തേയ്ക്ക് ഒഴുകിയെത്തി. കപ്പൽ തീരത്തുനിന്നും മാറ്റുന്നതിനുള്ള ചുമതല ഉടമസ്ഥർക്കാണ്. അതിന് ഒന്നരക്കോടി രൂപയിലധികം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ ജോലി നിർവ്വഹിക്കാൻ സംസ്ഥാന തുറമുഖ വകുപ്പിനും കേന്ദ്ര ഏജൻസികളായ നേവി, കോസ്റ്റ് ഗാർഡ് വിഭാഗങ്ങൾക്കും കഴിയില്ല. ഉടമസ്ഥർ സ്വകാര്യവിദഗ്ദ്ധ ഏജൻസിയെ ഏൽപ്പിച്ചാണ്

ചെയ്യിപ്പിക്കേണ്ടത്. കപ്പലിന്റെ ഉടമസ്ഥർ തുറമുഖ വകുപ്പിന്റെ സഹായത്തോടെ കപ്പൽ അവിടെ നിന്നും മാറ്റുന്നതിനുള്ള ശ്രമങ്ങൾ ഇത്തരം ജോലി നിർവ്വഹിക്കാൻ കഴിവുള്ള സ്വകാര്യ ഏജൻസിയുടെ സഹായത്തോടെ നടത്തിവരികയാണ്. മൺസൂണും മോശമായ കാലാവസ്ഥയും ശക്തിയായ ടഗ്ഗ്, ബോട്ട് മുതലായ യന്ത്രസാമഗ്രികളുടെ അപര്യാപ്തതമൂലവും ഇതുവരെ മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. സർക്കാർ വക ടഗ്ഗും ജെ.സി.ബി.-യും കൂടാതെ കമ്പനിവക 20 ടൺ ശേഷിയുള്ള ടഗ്ഗമെത്തിച്ച് ദിവസങ്ങളോളം നിരന്തരം രക്ഷാപ്രവർത്തനം നടത്തിയിരുന്നു. 13-7-2016-ൽ കൊല്ലം കളക്ടറേറ്റിൽ വച്ച് കൂടിയ യോഗത്തിൽ കൂറ്റൻ മണൽ ചാക്കുകൾ നിർമ്മിച്ച് തടയണ കെട്ടി ഡ്രഡ്ജറിനെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന അവസ്ഥയിലേക്ക് തിരിച്ച് കൊണ്ടുവരുന്നതിനും പിന്നീട് ശക്തിയുള്ള ടഗ്ഗ് ബോട്ട് ഉപയോഗിച്ച് വലിച്ച് മാറ്റാൻ കഴിയുമെന്നും ഡ്രഡ്ജർ ഉടമയുടെ പ്രതിനിധി അറിയിച്ചിട്ടുണ്ട്. വരുന്ന 20-ാം തീയതിയാണ് ഏറ്റവും ഉയർന്ന വേലിയേറ്റമുണ്ടാകാനുള്ള സാധ്യതയുള്ളത്. അതിനാൽ കപ്പൽ കമ്പനി ഏൽപ്പിച്ച രക്ഷാപ്രവർത്തകരുടെയും തുറമുഖ വകുപ്പിന്റെയും കൂട്ടായ ശ്രമത്തോടെ 19, 20, 21 തീയതികളിൽ ഡ്രഡ്ജർ തീരത്തുനിന്നും വലിച്ചുമാറ്റാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്. ഡ്രഡ്ജറിന്റെ സുരക്ഷാ ചുമതല അതിന്റെ ഉടമസ്ഥനാണ്. ഇത്തരത്തിൽ കരയ്ക്കടിയുന്ന കപ്പലുകൾ എടുത്തുമാറ്റുന്നതിന് ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. നിലവിൽ കോടതി ഉത്തവുപ്രകാരം കപ്പൽ തീരം വിട്ടുപോകാനുള്ള അനുമതി നൽകിക്കഴിഞ്ഞു. കപ്പൽ അടിയന്തരമായി മാറ്റണമെന്ന് പല പ്രാവശ്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ രേഖാമൂലവും അല്ലാതെയും അറിയിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കിടക്ക് ഉണ്ടായേക്കാവുന്ന അപകടവും കപ്പൽ മുങ്ങാൻ സാധ്യതയുള്ളതിനാലും ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് വളരെ ഉയർന്ന നിരക്കാണ് കമ്പനികൾ ഈടാക്കുന്നത്. പ്രവൃത്തി വിജയകരമായി പൂർത്തിയാക്കാത്തപക്ഷം പ്രതിഫലം ലഭിക്കില്ല എന്ന വ്യവസ്ഥയിലാണ് ഇത്തരം പ്രവൃത്തികൾ നടത്തുന്നത്. അതിനാൽ സുരക്ഷിതമായി ഉടമസ്ഥനെ ഏൽപ്പിക്കാൻ കഴിയുമെന്ന് ഉറപ്പുള്ള അവസ്ഥയിൽ മാത്രമാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. 21-7-2016-ൽ നടത്തുന്ന ശ്രമത്തിന്റെ വിജയസാധ്യത കണക്കിലെടുത്ത് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലത്ത് ആവശ്യമായ സുരക്ഷ നൽകുന്നതിന് കോസ്റ്റ് ഗാർഡ് കമാൻഡന്റിന് ജില്ലാ കളക്ടർ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രശ്നം വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ കൈകാര്യം ചെയ്യുന്നതായിരിക്കും. ഉത്തരവാദപ്പെട്ടവർക്ക് അതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) തസ്തിക സൃഷ്ടിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, സംസ്ഥാനത്ത് ദന്ത ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കേരളത്തിൽ 1298 ആശുപത്രികളുണ്ട്. ഈ ആശുപത്രികളിൽ വെറും 134 ദന്ത ഡോക്ടർമാർ മാത്രമാണുള്ളത്. 1164 ആശുപത്രികളിൽ ദന്ത ഡോക്ടർമാരെ നിയമിക്കേണ്ടതുണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ മാനദണ്ഡ അനുസരിച്ച് 3,000 ജനങ്ങൾക്ക് ഒരു ദന്ത ഡോക്ടർ എന്നാണ് കണക്ക്. ഇവിടെ 30,000 ജനങ്ങൾക്കാണ് ഒരു ഡോക്ടർ ഉള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ ആരോഗ്യ മേഖലയിൽ അധികമായി സൃഷ്ടിച്ച തസ്തികകൾ - എം.ബി.ബി.എസ്.-ന് 1710, മെഡിക്കൽ ഓഫീസർമാർ (ബി.എ.എം.എസ്.)- 370, മെഡിക്കൽ ഓഫീസർ (ഹോമിയോ)-365 എന്നിങ്ങനെയാണ്. എന്നാൽ ദന്ത ഡോക്ടർമാരുടെ നിയമനം നടന്നത് വെറും 64 എണ്ണം മാത്രമാണ്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രധാന വിഷയം ഓറൽ ക്യാൻസർ പ്രതിരോധം, കുട്ടികളുടെ ദന്തസംരക്ഷണം, വയോജനങ്ങളുടെ ദന്തൽ പ്രശ്നങ്ങൾ എന്നിവയാണ്. ഇവയെല്ലാം പരിഹരിക്കാൻ മെഡിക്കൽ കോളേജുകളെയാണ് നാം പലപ്പോഴും ആശ്രയിക്കുന്നത്. ആയിരക്കണക്കിന് രോഗികളാണ് അവിടെ വന്നുകൊണ്ടിരിക്കുന്നത്. ഒ.പി.-യിൽ ഇത്തരം രോഗികൾക്ക് ഫലപ്രദമായ ചികിത്സ ലഭിക്കാത്തതിനാൽ അവർ അമിതമായ ഫീസ് ഈടാക്കുന്ന പ്രൈവറ്റ് ആശുപത്രികളിലേയ്ക്ക് പോവുകയാണ്. 2011-ൽ പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയെത്തുടർന്ന് 2012-ൽ 153 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അതിൽനിന്നും 41 ദന്ത ഡോക്ടർമാരെ മാത്രമാണ് നാളിതുവരെ നിയമിച്ചിട്ടുള്ളത്. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തിനുള്ളിൽ തീരാൻപോകുകയാണ്. അതുകൊണ്ട് ദന്ത ഡോക്ടർമാരുടെ നിയമനം അടിയന്തരമായി നടത്തുന്നതിനു വേണ്ടിയുള്ള നടപടികളുണ്ടാകണം. തസ്തികകൾ ക്രിയേറ്റ് ചെയ്യണം. ഈ നിയമനം നടത്തുന്നതിലൂടെ ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയും. ദന്ത ഡോക്ടർമാരുടെ മാത്രമല്ല മറ്റനേകം റാങ്ക് ലിസ്റ്റുകളിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ ജോലിക്കായി കാത്തിരിക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ദന്ത ഡോക്ടർമാരുടെ നിയമനം അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ, ദന്തൽ ഉൾപ്പെടെ 135 ദന്തൽ സർജന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ചീഫ് ദന്തൽ കൺസൽട്ടന്റ്-1, സീനിയർ ദന്തൽ കൺസൽട്ടന്റ്-2, ദന്തൽ കൺസൽട്ടന്റ്-8, ജൂനിയർ ദന്തൽ കൺസൽട്ടന്റ്- 17, ദന്തൽ സിവിൽ സർജൻ-16, അസിസ്റ്റന്റ് ദന്തൽ സർജൻ-90 എന്നിങ്ങനെയാണുള്ളത്. ദന്തൽ ഡോക്ടർമാരെ കൂടാതെ ഈ യൂണിറ്റുകളുടെ ഭാഗമായി 103 ദന്തൽ ഹൈജീനിസ്റ്റുകളും 33 ദന്തൽ മെക്കാനിക്കുമാരും ഒരു ദന്തൽ എക്വിപ്മെന്റ് മെയിന്റനൻസ് ടെക്നീഷ്യനും ജോലി ചെയ്യുന്നുണ്ട്. ജനറൽ ആശുപത്രി, ജില്ലാശുപത്രി, താലൂക്കാശുപത്രി എന്നിവയിൽ സ്പെഷ്യാലിറ്റി ദന്തൽ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഈ യൂണിറ്റുകളുടെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി പദവി ഉയർത്തിയ താലൂക്കാശുപത്രികളുൾപ്പെടെ നിലവിലുള്ള 79 താലൂക്കാശുപത്രികളിൽ 68 എണ്ണത്തിൽ മാത്രമേ ഇപ്പോൾ ദന്തൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുള്ളു. മുഴുവൻ ദന്താശുപത്രികളിലും ദന്തൽ യൂണിറ്റ് ആരംഭിക്കുന്നതും ദന്തൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതും ഘട്ടംഘട്ടമായി സർക്കാർ പരിഗണിക്കുന്നതാണ്. പുതിയതായി ദന്തൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യവും ജില്ലാ/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ദന്തൽ സേവനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യവും ട്രോമാകെയറിന്റെ ഭാഗമായി ദന്തൽ സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഓറൽ ക്യാൻസർ പ്രതിരോധം, കുട്ടികളുടെ ദന്തസംരക്ഷണം, വയോജനങ്ങളുടെ ദന്തസംരക്ഷണം തുടങ്ങിയവ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി നടത്തിവരുന്നു. കൂടാതെ, സ്കൂൾ ആരോഗ്യപരിപാടി, വയോജന ആരോഗ്യപരിപാടി, ക്യാൻസർ കെയർ പ്രോഗ്രാം തുടങ്ങിയവയും നടത്തിവരുന്നുണ്ട്. വയനാട് ജില്ലയിൽ ഒരു മൊബൈൽ ദന്തൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. എൻ.എച്ച്.എം.-ന്റെ ഭാഗമായി 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിൽ ഓരോ ദന്ത ഡോക്ടർമാർ ജോലിചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. വഴി 35 ദന്തൽ ഡോക്ടർമാരെ താല്ക്കാലികമായി നിയമിച്ച് ദന്തൽ സേവനങ്ങൾ നടത്തുന്നുണ്ട്. എല്ലാ ആശുപത്രികളിലും ധാരാളം തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് തസ്തിക സൃഷ്ടിക്കൽ പ്രക്രിയ പൂർത്തിയാകുമെന്ന് കരുതുന്നില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ആ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്. തസ്തിക സൃഷ്ടിക്കാനുള്ള പ്രവർത്തനം ഈ ഗവൺമെന്റ് നടത്തുന്നതായിരിക്കുമെന്നും വകുപ്പ് അതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതായിരിക്കുമെന്നുമാണ് എനിക്ക് പറയാനുള്ളത്.

## (9) അൺ - എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: സർ, അൺ-എയ്ഡഡ് മേഖലയെ ഞങ്ങൾ കാണുന്നത് അനിവാര്യമായ തിന്മ എന്ന നിലയിലാണ്. നവ ലിബറൽ നയങ്ങൾ വന്നപ്പോൾ വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള സർക്കാരിന്റെ പിൻമാറ്റം, അതാണ് അൺ-എയ്ഡഡ് മേഖലയ്ക്ക് ആധാരമായത്. അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഞാനിവിടെ ഉന്നയിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അൺ-എയ്ഡഡ് സ്ഥാപനങ്ങൾ ശക്തിപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല സജീവസാന്നിദ്ധ്യവുമാണ്. അൺ-എയ്ഡഡ് സ്ഥാപനങ്ങളെ റെഗുലേറ്റ് ചെയ്യണമെങ്കിൽ ഷൈലോക്കുമാരെപ്പോലെ പണക്കൊതിയോടുകൂടി കടന്നു വരുന്ന മാനേജുമെന്റുകളെ നിലയ്ക്ക് നിർത്താൻ ആദ്യം നമുക്ക് സാധിക്കണം. ഗവൺമെന്റ് തലത്തിൽ ശക്തമായ ഇടപെടൽ നടത്തിയാൽ അതിന് സാധിക്കുമെന്ന വിശ്വാസമാണെനിക്കുള്ളത്. ബഹുമാനപ്പെട്ട ചെയർ നേരത്തെ നിയമസഭാ സാമാജികനായിരിക്കുന്ന ഘട്ടത്തിൽ അൺ-എയ്ഡഡ് മേഖലയിലെ ടീച്ചിംഗ് സ്റ്റാഫിന്റെ ചൂഷണത്തിനെതിരെ സമരത്തിന് നേതൃത്വം കൊടുത്തയാളാണ്. ഏകദേശം രണ്ടരലക്ഷത്തോളം ടീച്ചിംഗ് സ്റ്റാഫുകൾ ഈ മേഖലയിലുണ്ട്. അൺ-എയ്ഡഡ് മേഖലയിലെ ചൂഷണത്തിന് അറുതിവരുത്താൻ സാധിച്ചാൽ അത് അങ്ങയുടെ തലയിലെ ഗോൾഡൻ ഫെതറായിരിക്കും. അവിടത്തെ ടീച്ചേഴ്സിന് മാന്യമായ ശമ്പളമില്ല. 1957-ൽ വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നെങ്കിലും അതിനേക്കാൾ മോശപ്പെട്ട സാഹചര്യത്തിലാണ് ഇപ്പോഴും ഈ മേഖലയിലെ രണ്ടര ലക്ഷത്തോളം വരുന്ന അദ്ധ്യാപകർ ജീവിക്കുന്നത്. ബഹുമാനപ്പെട്ട ചെയറിന്റെ വാക്കുകൾ ക്വാട്ട് ചെയ്താൽ 'മൈഗ്രന്റ് ലേബറേഴ്സ്', അതായത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും അൺ-എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാർക്ക് ലഭിക്കുന്നില്ല. അവർ യഥാർത്ഥത്തിൽ വളരെ ക്വാളിഫൈഡാണ്. പോസ്റ്റ് ഗ്രാജുവേഷൻ മാത്രമല്ല എം.ഫിൽ-ഉം പിഎച്ച്.ഡി.-യും യോഗ്യതയുള്ളവർ വരെ അവരിലുണ്ട്. ദൗർഭാഗ്യവശാൽ അൺ-എയ്ഡഡ് മേഖലയിലേക്ക് തള്ളപ്പെട്ടവരാണവർ. അതുകൊണ്ട് അൺ -എയ്ഡഡ് മേഖലയിലെ ടീച്ചർമാരുടെ ശമ്പളം ഗവൺമെന്റ് സ്കൂൾ ടീച്ചർമാർക്ക് ലഭിക്കുന്ന തരത്തിൽ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇത്തരം സ്കൂളുകൾ നല്ല രീതിയിൽ ഫീസ് ഈടാക്കുന്നുണ്ട്. മാനേജുമെന്റ് ഫീസ് ഈടാക്കുന്നതല്ലാതെ ടീച്ചർമാർക്ക് മാന്യമായ വേതനം കൊടുക്കാൻ തയ്യാറാകുന്നില്ല. ഏതെങ്കിലുമൊരു ടീച്ചർ ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ച് മറ്റൊരു സ്ഥാപനത്തിലേയ്ക്ക് ഇന്റർവ്യൂവിനുവേണ്ടി പോകുമ്പോൾ ഏതൊരു സ്ഥാപനവും കാണിക്കേണ്ട മര്യാദയാണ് എക്സ്പീരിയൻസ്

സർട്ടിഫിക്കറ്റ് കൊടുക്കുക എന്നുള്ളത്. ഈ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ പല ഘട്ടങ്ങളിലും സ്കൂളുകാർ തയ്യാറാകുന്നില്ല. കടുത്ത ചൂഷണത്തിന്റെ മേഖലയായി അൺ-എയ്ഡഡ് സ്കൂളുകൾ മാറിക്കൊണ്ടിരിക്കുന്നു, അദ്ധ്യാപകർ പീഡിപ്പിക്കപ്പെടുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ശക്തമായ ശ്രമമുണ്ടാകണം. അതുകൊണ്ട് വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ഔന്നത്യത്തിൽ നിൽക്കുന്ന ഈ സംസ്ഥാനത്ത് ഏറ്റവും എഡ്യൂക്കേറ്റഡായ ഒരു വിംഗിനെ ഈ രീതിയിൽ പീഡിപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് അൺ-എയ്ഡഡ് സ്ഥാപനങ്ങളെ റെഗുലേറ്റ് ചെയ്യാൻ ഒരു കമ്മീഷൻ കൃത്യമായി വയ്ക്കുകയും പേ സ്കെയിൽ കൃത്യമായി അവിടത്തെ ജീവനക്കാർക്കും അദ്ധ്യാപകർക്കും ലഭിക്കുമെന്ന് ഉറപ്പാക്കുകയും ചെയ്യണം. അങ്ങനെ ചെയ്യാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാനും അവയുടെ അംഗീകാരം റദ്ദാക്കാനും സർക്കാർ മുന്നോട്ടു വരണം. കടുത്ത ചൂഷണം നേരിടുന്ന ഒരു മേഖല എന്ന നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, സംസ്ഥാന സർക്കാരിന്റെ മുഖ്യ അജണ്ട പൊതുവിദ്യാഭ്യാസ സംരക്ഷണമാണ്. എങ്കിലും സംസ്ഥാനത്ത് അൺ-എയ്ഡഡ് മേഖലയിൽ, സംസ്ഥാന സിലബസിലും കേന്ദ്ര സിലബസിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും അതാത് സ്കൂൾ മാനേജരുടെ കീഴിലാണ് ജോലിചെയ്യുന്നത്. എന്നിരുന്നാലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാകയാൽ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 14 എ (എ)യിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശയനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതുപ്രകാരം അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7,000 രൂപയും എച്ച്.എസ്.എ.-യ്ക്ക് 6,000 രൂപയും പ്രൈമറി ടീച്ചർക്ക് 5,000 രൂപയും ക്ലാർക്കിന് 4,000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3,500 രൂപയും മിനിമം വേതനം ഉറപ്പ് നൽകുന്നു. അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽ നിന്ന് ജി.ഒ. 155/2016 ലേബർ നമ്പറായി 12-9-2011-ൽ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള ഘടന സി.ബി.എസ്.ഇ. തന്നെ നിർണ്ണയിച്ച് നൽകണമെന്നും അതുവരെ പ്രൈമറി-മിഡിൽ സ്കൂൾ ടീച്ചേഴ്സിന് 10,000 രൂപയും സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് 15,000 രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന് 20,000 രൂപയും ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർക്ക് 20,000 + അഡീഷണൽ അലവൻസ് പ്രതിമാസ ശമ്പളം നൽകണമെന്നും ക്ലറിക്കൽ സ്റ്റാഫിന് 6,000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 4,500 രൂപയും പ്രതിമാസ ശമ്പളം നൽകണമെന്നും 14-9-2012-ലെ W.A.No.1442/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനായി തൊഴിൽ നൈപുണ്യവകുപ്പ് തയ്യാറാക്കിയ കരട് ബില്ലിൽ വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം നൽകുന്നകാര്യം പരിശോധിച്ചുവരികയാണ്. ഈ മേഖലയിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് അവരുടെ ജോലിസാഹചര്യം മെച്ചപ്പെടുത്തി ചൂഷണം തടയുവാനുള്ള ശക്തമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

### (10) രണ്ടാം ഉപഭാഷാ പഠനം

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, പ്ലസ് വൺ വിദ്യാർത്ഥികൾക്ക് രണ്ടാം ഉപഭാഷയായി സംസ്കൃതം, അറബി, ഉറുദു തുടങ്ങിയ ഭാഷകളിൽ അദ്ധ്യയനത്തിനുള്ള അനുമതി 2016 ജൂലൈ 7-ന് ഹയർസെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിലൂടെ പിൻവലിച്ചിരിക്കുകയാണ്. നിലവിൽ ഹയർ സെക്കണ്ടറിയിൽ മലയാളം, ഹിന്ദി എന്നീ ഭാഷകൾക്ക് പുറമെ രണ്ടാം ഉപഭാഷയായി സംസ്കൃതം, അറബി, ഉറുദു തുടങ്ങിയ ഭാഷകളും പ്ലസ് വൺ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കുന്നതിനുള്ള അവസരമുണ്ടായിരുന്നു. ഹൈസ്കൂൾ തലത്തിൽ അറബിയോ ഹിന്ദിയോ ഉറുദുവോ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത ഭാഷകൾ തുടർന്ന് പഠിക്കുന്നതിന് ഈ സർക്കുലർമൂലം അവസരം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പെട്ടെന്ന് ഭാഷ മാറുന്നത് വിദ്യാർത്ഥികൾക്ക് പ്രയാസം സൃഷ്ടിക്കും. ക്രമേണ, ഹൈസ്കൂൾ തലത്തിൽതന്നെ ഈ ഭാഷകൾ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കാത്ത അവസ്ഥ വരികയും ഇത്തരം ഭാഷകൾ അന്യംനിന്ന് പോകാൻ കാരണമാകുകയും ചെയ്യും. സർക്കാരിന് ഒരു രൂപപോലും

ബാധ്യതയില്ലാത്ത വിധത്തിലായിരുന്ന ഈ ഭാഷകൾ അദ്ധ്യയനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. തസ്തിക നിർണ്ണയം നടത്താത്ത സ്കൂളുകളിൽ പി.ടി.എ. ആണ് വേതനം നല്കിയിരുന്നത്. പല സ്കൂളുകളിലും അദ്ധ്യാപകർ സൗജന്യമായി പഠിപ്പിച്ചിരുന്നു. ഹയർ സെക്കണ്ടറി ഡയറക്ടറുടെ സർക്കുലർപ്രകാരം തസ്തിക സൃഷ്ടിച്ച ഭാഷകൾ മാത്രമേ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കുന്നതിന് സാധിക്കു. നിലവിൽ രണ്ട് ഉപഭാഷ എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്കൃതം, അറബി, ഉറുദു എന്നിവയ്ക്ക് തസ്തിക സൃഷ്ടിക്കാത്തത് ക്രമേണ ഈ ഭാഷകൾ ഇല്ലാതാകുന്നതിന് കാരണമാകും. ആയതിനാൽ ഈ ഭാഷകൾ പഠിപ്പിക്കുന്നതിനുണ്ടായിരുന്ന അനുമതി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ രണ്ട് ഉപഭാഷ എന്ന വിഷയം മാറ്റി പ്രീഡിഗ്രി നിലവിലുണ്ടായിരുന്ന കാലഘട്ടത്തെപ്പോലെ വിദ്യാർത്ഥികൾക്ക് നാല് ഉപഭാഷകൾ തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം നൽകുന്നതിനോ ഉള്ള ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 AM)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, നിലവിൽ ഹയർ സെക്കണ്ടറി തലത്തിൽ 12 ഉപഭാഷകൾ പഠിപ്പിക്കുകയും ഓരോ സ്കൂളിനും 4 ഉപഭാഷകൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകിയിട്ടുമുണ്ട്. ഏതെങ്കിലും സ്കൂളിൽ ഒരു ഉപഭാഷ കൂടി അധികമായി പഠിപ്പിക്കണമെങ്കിൽ ആയത് സർക്കാർ അനുമതിയോടുകൂടി ചെയ്യാവുന്നതാണ്. ഇത്തരം കേസുകളിൽ സർക്കാർ ഓരോ സ്കൂളിന്റെയും ആവശ്യകത, പ്രത്യേകത എന്നിവ പരിശോധിച്ച് തീരുമാനമെടുക്കുന്നുണ്ട്. സംസ്കൃതം, അറബി, ഉറുദു എന്നീ ഭാഷകൾ അനുവദനീയമായ സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള സൗകര്യം വിദ്യാർത്ഥികൾക്കുണ്ട്. ഉപഭാഷ പഠിക്കുന്നതിന് വിദ്യാർത്ഥികളുടെ നിലവിലുള്ള സ്വാതന്ത്ര്യം ഒരുത്തരവിലൂടെയും തടസ്സപ്പെടുത്തിയിട്ടില്ല. ഭാഷ പഠിക്കുവാൻ എന്തെങ്കിലും തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിഹരിക്കുന്നതാണ്.

## (11) വന്യമൃഗശല്യം

ശ്രീ. പി. വി. അൻവർ : സർ, ഈ വിഷയം കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി സഭയിൽ പല അംഗങ്ങളും അവതരിപ്പിച്ചതാണ്. എന്റെ മണ്ഡലമായ നിലമ്പൂരിൽ ഏകദേശം 60 ശതമാനത്തോളം വനമാണ്. ഏഴ് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയുമടങ്ങുന്ന ഏകദേശം 2,10,000-ത്തോളം വോട്ടർമാരുള്ള വലിയൊരു നിയോജക മണ്ഡലമാണിത്. പക്ഷേ വനാതിർത്തിയുടെ ബാഹുല്യം കാരണം വന്യമൃഗശല്യം കൂടുതലാണ്. 2006 മുതൽ 2016 വരെയുള്ള

11 വർഷക്കാലയളവിൽ നിലമ്പൂർ നോർത്ത്-സൗത്ത് ഡിവിഷനിൽ മാത്രം 32 പേരെയാണ് ആന ചവിട്ടിക്കൊന്നത്. ഇപ്പോഴും അത് നിർബാധം തുടരുകയാണ്. അതിന് യാതൊരു കൺട്രോളുമില്ല. കഴിഞ്ഞ പത്തിരുപത് വർഷങ്ങളായി മൃഗശല്യം നിയന്ത്രിക്കുന്നതിന് പ്രാവർത്തികമായി പരീക്ഷിച്ച് വിജയിച്ച കാര്യങ്ങളൊന്നും നിലമ്പൂരിൽ നടന്നിട്ടില്ല. ഇന്നിപ്പോൾ ഏറ്റവും വിജയകരമെന്ന് പറയുന്ന സംവിധാനം ആനപ്രതിരോധ മതിലാണ്. ഇന്നലെ നിലമ്പൂരിൽ പ്രസ്തുത മതിൽ തകർത്ത് ഏകദേശം നാലഞ്ച് വീടുകളും ധാരാളം കൃഷി സ്ഥലങ്ങളും നശിപ്പിക്കപ്പെടുകയുണ്ടായി. നമ്മൾ സ്വീകരിക്കുന്ന നടപടികൾ ആനയെ നിയന്ത്രിക്കത്തക്ക രീതിയിലായില്ലെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത് പരീക്ഷിച്ച് വിജയിച്ച ധാരാളം സംസ്ഥാനങ്ങളുണ്ട്. ആസ്സാം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഫെൻസിംഗിനുവേണ്ടി ഉപയോഗിക്കുന്നത് റെയിൽ പാളങ്ങളാണ്. സ്ക്രാപ്പ് ചെയ്ത റെയിൽ പാളങ്ങളുപയോഗിച്ച് കഴിഞ്ഞ പത്ത് വർഷമായി നടത്തിയ പരീക്ഷണം പരിപൂർണ്ണ വിജയമാണ്. ഇതിൽ ചെറിയ ഇലക്ട്രിക് ഷോക്കുകൂടി നൽകിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും. ഇവിടെ പല പദ്ധതികളും നടപ്പാക്കുന്നുണ്ടെങ്കിലും അവയൊന്നും പൂർത്തീകരിക്കപ്പെടുന്നില്ല.

മറ്റൊരു വിഷയം ട്രെഞ്ചുകളാണ്. ട്രെഞ്ചുകൾ മഴപെയ്ത് മണ്ണ് വീണ് നികന്നു പോകുകയാണ്. ലക്ഷക്കണക്കിന് രൂപ ട്രെഞ്ചിന്റെ നവീകരണത്തിനുവേണ്ടി വനം വകുപ്പ് ചെലവഴിക്കുന്നുണ്ട്. സർക്കാർ നടത്തുന്ന കാര്യങ്ങൾ, ഒരു റോഡോ പാലമോ നിർമ്മിച്ചാൽ അത് ഏത് രീതിയിലാണ് നിർമ്മിക്കുന്നതെന്ന് മനസ്സിലാക്കാനും പരിശോധിക്കാനും സംവിധാനങ്ങളുണ്ടാകും. നമുക്ക് അതുസംബന്ധിച്ചുള്ള അറിവില്ലെങ്കിൽ ഒരു എഞ്ചിനീയറുടെ സഹായത്തോടെ അതിനെക്കുറിച്ച് പഠിക്കാനും സാധിക്കും. പക്ഷേ ഫോറസ്റ്റിനകത്തേയ്ക്ക് ആർക്കും പ്രവേശനമില്ല, 'Trespassers will be prosecuted' എന്നാണ്. ഇതിനകത്ത് നടക്കുന്നതെന്താണെന്ന് ആർക്കും അറിയില്ല. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലാണ്. മന്ത്രിക്കും ഉത്തരവാദപ്പെട്ടവർക്കും ഇക്കാര്യങ്ങൾ അറിയാൻ സാധിക്കില്ല. കാരണം, പലതും ചെന്നെത്താൻപോലും സാധിക്കാത്ത സ്ഥലങ്ങളിലാണ്. ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഇത്തരം പ്രവൃത്തികൾകൊണ്ട് യാതൊരു പ്രയോജനവുമില്ലാതാകും. ലോകത്തിലെ ഏറ്റവും വലിയ തേക്കിൻ പ്രദേശമാണ് നിലമ്പൂർ. ബക്കിംഗ്ഹാം പാലസ് ഉൾപ്പെടെയുള്ളവ നിർമ്മിച്ചത് ഇവിടത്തെ തേക്കുപയോഗിച്ചാണ്. ബ്രിട്ടീഷുകാർ അവിടെ റെയിൽവേ നിർമ്മിച്ചതുതന്നെ അവിടേയ്ക്ക് തേക്ക് കൊണ്ടുപോകുന്നതിനു വേണ്ടിയാണ്. കോടിക്കണക്കിന് രൂപ ഇന്ന് കേരളത്തിന്റെ പൊതുഖജനാവിലേക്ക് ലഭിക്കുന്നത് നിലമ്പൂരിൽ നിന്നാണ്. പക്ഷേ ഇവിടത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിന് യാതൊരു മാർഗ്ഗവും നിലവിലില്ല. നിലമ്പൂർ ഫോറസ്റ്റിന്റെ മറ്റൊരു പ്രത്യേകത പല സ്ഥലങ്ങളിലും വെസ്റ്റഡ് ഫോറസ്റ്റാണെന്നുള്ളതാണ്.

വെസ്റ്റഡ് ഫോറസ്റ്റ് എന്നുപറയുന്നത് സർക്കാർ പിടിച്ചെടുത്ത സ്ഥലങ്ങളിൽ അവർ പ്ലാന്റ് ചെയ്തുണ്ടാക്കിയിട്ടുള്ള ഫോറസ്റ്റാണ്. അതിന് ചുറ്റും ജനങ്ങളാണ്. ഫോറസ്റ്റിനകത്ത് ഇത്തരത്തിൽ വെസ്റ്റഡ് ഫോറസ്റ്റുള്ളതുകൊണ്ട് വരുന്ന ആനകളെ അവിടെനിന്ന് തുരത്തുന്നതിനുള്ള സംവിധാനമുണ്ട്. അതിനുള്ള നടപടിയൊന്നും സ്വീകരിക്കുന്നില്ല. ഫോറസ്റ്റ് സ്ക്വാഡും എലിഫന്റ് സ്ക്വാഡും പ്രവർത്തിക്കുന്നുമില്ല. അതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണമെന്നും ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>) : സർ, ബഹുമാനപ്പെട്ട നിലമ്പൂർ മെമ്പർ സൂചിപ്പിച്ചതുപോലെ ഇന്ന് രാവിലെ മുതൽ വന മേഖലയിലെ മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തെ സംബന്ധിച്ച വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന നിലമ്പൂർ സൗത്ത്, നോർത്ത് ഡിവിഷനുകളുടെ പരിധിയിൽ വരുന്ന കർഷകർ അനുഭവിക്കുന്ന വിഷമങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ഇതിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 7.5 കിലോമീറ്ററും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 10 കിലോമീറ്ററും സൗരോർജ്ജവേലി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനിൽ 423 മീറ്ററിൽ ആനപ്രതിരോധ മതിൽ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. നിരന്തരമുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നിലമ്പൂർ മേഖലയിൽ എലിഫന്റ് സ്ക്വാഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനായി രണ്ട് ബൊലേറോ ക്യാമ്പർ വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരെ വിന്യസിച്ച് എലിഫന്റ് സ്ക്വാഡ് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ പത്ത് ജീവനക്കാരടങ്ങുന്ന ദ്രുതകർമ്മ സേനയുടെ സേവനവും അവശ്യഘട്ടത്തിൽ ഉപയോഗിച്ചുവരുന്നുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൽക്കുളം ഭാഗത്ത് വനം വകുപ്പ് 1.8 മീറ്റർ ഉയരത്തിലും 423 മീറ്റർ നീളത്തിലും നിർമ്മിച്ചിരുന്ന കരിങ്കൽ ഭിത്തി 13-7-2016-ന് ആന ചവിട്ടിത്തകർത്ത ഭാഗത്തിന് മുകളിലൂടെ ഒരു കൊമ്പനാന തൊട്ടടുത്തുള്ള കൃഷി സ്ഥലത്തിൽ ഇറങ്ങി വൻ നാശ നഷ്ടങ്ങളു ണ്ടാക്കിയിട്ടുണ്ട്. ആസ്സാം മോഡൽ ഇലക്ട്രിക് ഫെൻസിംഗ് രീതി കേരളത്തിലെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കുമനുസരിച്ച് പ്രായോഗികമാണെന്ന് കണ്ടെത്തുന്നപക്ഷം അത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലമ്പൂർ നോർത്ത്-സൗത്ത് ഡിവിഷനിലായി വന്യ മൃഗങ്ങൾ കൃഷി നശിപ്പിച്ചതിന് 14,60,516 രൂപയും കന്നുകാലികളെ ആക്രമിച്ച് കൊന്നതിന്റെ പേരിൽ 58,950 രൂപയും വന്യമൃഗ ആക്രമണംമൂലം പരിക്കുപറ്റിയ തദ്ദേശവാസികൾക്ക് 3,23,738 രൂപയും

വന്യമൃഗ ആക്രമണംമൂലം ജീവഹാനി സംഭവിച്ച തദ്ദേശവാസികളുടെ ആശ്രിതർക്ക് 14,00,000 രൂപയും നഷ്ട പരിഹാരമായി കഴിഞ്ഞവർഷം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരളത്തിലെ വനമേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഉന്നതതല യോഗം വിളിക്കുന്നതാണ്. നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ഇന്ന് അവൈലബിളായിട്ടുള്ള മെഷേഴ്സ് ഉപയോഗപ്പെടുത്തിക്കൊണ്ട് മാൻ-ആനിമൽ കോൺഫ്ലിക്ട് പരമാവധി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

## V മേശപ്പുറത്തുവച്ച കടലാസുകൾ

(ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3414, 3425, പതിനാറാം സമ്മേളനത്തിലെ 2228, 2257 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 835, 2467 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 174 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ട് സമർപ്പണം

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്

ശ്രീ. ജെയിംസ് മാത്യു : സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് മുഖ്യമന്ത്രിക്ക് വേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

## VII അറിയിപ്പ്

മി. സ്പീക്കർ : പതിനാലാം കേരള നിയമസഭയുടെ അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി രൂപീകരിച്ചിട്ടില്ലാത്തതിനാൽ 2016 ജൂലൈ 11-ാം തീയതിയിലെ 38-ാം നമ്പർ ബുള്ളറ്റിൻ ഭാഗം (2) പ്രകാരം അനൗദ്യോഗിക ബില്ലുകൾക്ക് സമയക്രമം നിശ്ചയിച്ചിരിക്കുന്നതിനാൽ പ്രസ്തുത ബില്ലുകൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾക്ക് ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ ഹരി, അങ്ങേക്ക് 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ ആഗ്രഹി

ക്കുകയാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിധവകളുടെ പുനർ വിവാഹത്തിനു വേണ്ടി ഗവൺമെന്റ് 'മംഗല്യ ധനസഹായ പദ്ധതി'-യിൽ ഉൾപ്പെടുത്തി 25,000 രൂപ ഇപ്പോൾ ധനസഹായം നൽകിവരുന്നുണ്ട്. 2008-09, 2009-10 കാലഘട്ടങ്ങളിലായി ആകെ 407 പേർക്ക് 01,75,000 രൂപ ധനസഹായമായി ഖജനാവിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 30,000 രൂപ ധനസഹായമായി നൽകിവരുന്നു. വിധവകൾക്ക് പ്രതിമാസം 800 രൂപ ക്ഷേമ പെൻഷനും വനിതാ ഗൃഹനാഥയുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും ലീഗൽ സർവ്വീസസ് അതോറിറ്റി വഴി പാവപ്പെട്ട വിധവകൾക്ക് നിയമസഹായവും നൽകിവരുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിധവകളുടെ ആൺമക്കൾ പ്രായപൂർത്തിയായാൽ വിധവകൾക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥയുണ്ടായിരുന്നത് പരിഹരിക്കുന്നതിനുവേണ്ടി ബി.പി.എൽ. വരുമാന മാനദണ്ഡമനുസരിച്ച് ആൺമക്കളുള്ള വിധവകൾക്കും പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ബില്ലിലെ ധാർമ്മികമായിട്ടുള്ള കാര്യങ്ങളോട് യോജിക്കുകയാണ്. എന്നാൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ ചില തടസ്സങ്ങളുള്ളതായി കാണുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ 1973-ലെ ക്രിമിനൽ നടപടി സംഹിതയിലേയും 1872-ലെ തെളിവ് നിയമത്തിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഭരണഘടനയുടെ 254-ാം അനുച്ഛേദം 2-ാം ഖണ്ഡപ്രകാരം ഈ ബിൽ നിയമസഭ പാസാക്കിയാൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും അതിന് അനുമതി ലഭിക്കുകയും ചെയ്താൽ മാത്രമേ പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുകയുള്ളു. പ്രസ്തുത ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അപ്രകാരമൊരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് അനുച്ഛേദം 207 (3) പ്രകാരം ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ഈ ബില്ലിൽ ധാർമ്മികമായിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു. എന്നാൽ മേൽ പ്രസ്താവിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

ശ്രീമതി യു. പ്രതിഭ ഹരി : സർ, പതിനാലാം കേരള നിയമസഭയിലെ ആദ്യത്തെ സ്വകാര്യ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയമാണ് ഞാൻ അവതരിപ്പിച്ചത്. ബഹുമാന്യയായ മന്ത്രിയുടെ മറുപടിയിൽ എനിക്ക് വലിയ പ്രതീക്ഷയുണ്ട്. കാരണം, അതിന്റെ തുടർ നടപടികൾക്കുവേണ്ടിയുള്ള പോസിറ്റീവായൊരു

സമീപനമാണ് മന്ത്രിയുടെ ഭാഗത്തുനിന്ന് വന്നിട്ടുള്ളത്. എന്നാൽ നിയമപരമായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. പതിനാലാം കേരള നിയമ സഭയ്ക്ക് വലിയ പ്രത്യേകതയുണ്ട്. എട്ട് വനിതാ അംഗങ്ങൾ ഈ നിയമസഭയിലുണ്ട്. അഭിമാനത്തോടെ പറയട്ടെ, അതിൽ രണ്ട് പേർ വനിതാ മന്ത്രിമാരാണ്. സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് അത്യന്തം പ്രതീക്ഷയോടെയാണ് ഈ പ്രമേയം അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സാമൂഹ്യജീവിതത്തിൽ വളരെയധികം ദാരുണമായ ജീവിതാവസ്ഥയിലൂടെ കടന്നുപോകുന്നവരാണ് നിർദ്ധനരായിട്ടുള്ള വിധവകൾ. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കാൻ ധാരാളം നടപടികളുണ്ട്. അവയെല്ലാം അമിത സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള പരിശ്രമമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒട്ടേറെ കാര്യങ്ങൾ അന്വേഷിച്ചു. വിധവകളായ സ്ത്രീകളുടെ എണ്ണം എത്രയാണെന്നറിയാൻ നടത്തിയ പരിശ്രമങ്ങളിൽ പലപ്പോഴും ശരിയായ കണക്കുകൾപോലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിക്കുന്നില്ല എന്നുള്ള വിഷമംകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്. പത്രമാധ്യമങ്ങളിൽ അന്വേഷിച്ചപ്പോൾ ടൈംസ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച വളരെ പഴയ കണക്കാണ് ലഭിച്ചത്. അതുപ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 6.7 ശതമാനം പേർ ഭർത്താക്കന്മാർ നഷ്ടപ്പെട്ട സ്ത്രീകളാണെന്നാണ് പത്ത് വർഷം മുൻപ് പറഞ്ഞത്. എന്നാൽ 2010-ൽ ഹിന്ദു പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടുപ്രകാരം 11.5 ശതമാനം വിധവകളാണ് കേരളത്തിലുള്ളത്. അതിൽ കൗതുകകരമായിട്ടുള്ള ഒരു കാര്യം, ടൈംസ് ഓഫ് ഇന്ത്യ അന്ന് പറഞ്ഞ കണക്കനുസരിച്ച് ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ വിധവകളുള്ള സംസ്ഥാനം കേരളമാണ്. അതായത്, 45 ലക്ഷത്തോളം വിധവകളാണ് കേരളത്തിലുള്ളതെന്നത് ഞെട്ടിപ്പിക്കുന്ന കണക്കാണ്. ഇപ്പോൾ 2016 ആയി. സ്വാഭാവികമായും കണക്കുകൾ ഇതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടാകും. പെൻഷൻ ലഭിക്കുന്നവരുടെ കണക്കുകൾ മാത്രമാണ് സാമൂഹ്യനീതി വകുപ്പിൽ നിന്ന് എനിക്ക് ലഭ്യമായിട്ടുള്ളത്. ഏകദേശം 12 ലക്ഷത്തോളം വിധവകളാണ് പെൻഷന്റെ പരിധിയിൽ വരുന്നതായി കാണുന്നത്. വിധവകളെന്നു പറയുമ്പോൾ, രോഗങ്ങൾ, അപകടങ്ങൾ എന്നിവമൂലം ഭർത്താവ് മരിക്കുന്നവർ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ തങ്ങളുടെ ജോലിയുടെ ഭാഗമായിട്ടുള്ള അപകടങ്ങളിൽ മരിച്ചുപോകുന്നവരുടെ ഭാര്യമാർ എന്നിവരെല്ലാമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ബഹുമാനപ്പെട്ട വയനാട് എം.എൽ.എ.-യുമായി സംസാരിച്ചപ്പോൾ ആദിവാസി ഊരുകളിലൊക്കെ നടക്കുന്ന അനുഭവങ്ങൾ അദ്ദേഹം വളരെ വേദനയോടെ എന്നോട് പറയുകയുണ്ടായി. അവിടെ മാത്രമല്ല, കേരളത്തിലാകെ ഒട്ടനവധി സംഭവങ്ങൾ ആ

രൂപത്തിലുണ്ട്. വിവിധ കാരണങ്ങളാൽ ഭർത്താക്കൻമാരുടെ സാന്നിധ്യം നഷ്ടമാകുന്ന സ്ത്രീകൾ സമൂഹത്തിൽ നിരാലംബരായി തീരുകയാണ്. ഇവർ സാമ്പത്തികമായും ധാർമ്മികമായും തകരുകയും ഒറ്റപ്പെടുകയും ചെയ്യുന്നുണ്ട്. ആലങ്കാരികമായി പറയുകയല്ല, അക്ഷരാർത്ഥത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോകുന്നവരാണ് ഇത്തരത്തിലുള്ള സ്ത്രീകൾ. ഇവരുടെ ഭാവി സുരക്ഷിതമാക്കാനുതകുന്ന നിയമ നിർമ്മാണവും നടപടികളും യാഥാർത്ഥ്യമാക്കണമെന്നാണ് ഈ ബിൽ കൊണ്ടുദ്ദേ ശിക്കുന്നത്.

ഞാൻ ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരിക്കെ 'നിയോഗം' എന്ന ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. അപകടമരണങ്ങളിൽപ്പെടുന്നവരുടെ കുഞ്ഞുങ്ങളെ സഹായിക്കാൻവേണ്ടിയാണ് ആ പദ്ധതി ആരംഭിച്ചത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഏകദേശം പതിനായിരത്തോളം ഇരുചക്രവാഹന യാത്രികർ മരിച്ചതായുള്ള ഗതാഗത വകുപ്പുമന്ത്രിയുടെ കണക്ക് പത്രത്തിൽ കാണുകയുണ്ടായി. തെരഞ്ഞെടുപ്പ് കാലയളവിൽ ഇവിടെയിരിക്കുന്ന ബഹുമാന്യരായ നിയമസഭാംഗങ്ങൾ മരണം സംഭവിച്ച വീടുകളിൽ സന്ദർശനം നടത്തിയ അവസരത്തിൽ 30-32 വയസ്സുള്ള ഒട്ടേറെ ചെറുപ്പക്കാർ മരിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ടാകണം. അവയെല്ലാം പലപ്പോഴും അപകടങ്ങൾമൂലമുണ്ടാകുന്ന മരണങ്ങളാണ്. അവരുടെ ഭാര്യമാർക്ക് വളരെ അകാലത്തിൽ വൈധവ്യം എന്ന അവസ്ഥയുണ്ടാകുന്നു. 'നിയോഗം' പദ്ധതിയുടെ ഭാഗമായി 5000 രൂപയാണ് ഈ കുഞ്ഞുങ്ങളുടെ പഠനാവശ്യത്തിന് നൽകുവാൻ ജില്ലാപഞ്ചായത്ത് തീരുമാനിച്ചത്. ആ തുകയുടെ ഡി.ഡി. കൊടുക്കാനായി അവരുടെ വീടുകളിൽ പോകുമ്പോൾ അവർ നിറകണ്ണുകളുമായി നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇതുപോലൊരു ധനസഹായം കിട്ടിയില്ലായിരുന്നെങ്കിൽ ആത്മഹത്യ ചെയ്യേണ്ടിവരുമായിരുന്നു എന്നുപറയുന്ന അവരുടെ ചിത്രം ഈയവസരത്തിൽ എന്റെ മനസ്സിലേയ്ക്ക് വരികയാണ്.

നമ്മുടെ നാട്ടിൽ റോഡപകടങ്ങളുമായി ബന്ധപ്പെട്ട് നല്ലൊരു ശതമാനം ആളുകളുടെ ജീവൻ പോകുന്നുണ്ട്. ഭർത്താക്കന്മാർ മരിക്കുമ്പോൾ സ്ത്രീകളാണ് അതിലെ ഇരകളായി മാറുന്നത്. റോഡപകടങ്ങളുടെ ഉത്തരവാദിത്വം സംസ്ഥാനത്തിനല്ലേ? റോഡ് വെട്ടിപ്പൊളിച്ചശേഷം വലിയ പൈപ്പുകൾ കൊണ്ട് വഴിയിലിടുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളുമുണ്ട്. എന്റെ നാട്ടിൽ രൂപേഷ് എന്ന 32 വയസ്സുള്ള ഒരു യുവാവ് റോഡിലിട്ടിരുന്ന പൈപ്പിലേയ്ക്ക് ബൈക്ക് കയറിപ്പോയി മരണ പെടുകയുണ്ടായി. മൂന്ന് വയസ്സും ആറ് മാസവും പ്രായമുള്ള കുഞ്ഞുങ്ങളെയും കൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ വിലപിക്കുന്ന രൂപേഷിന്റെ ഭാര്യയുടെ മുഖവും ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. ഒരു വ്യക്തിയുടെ ജീവന്

സുരക്ഷിതത്വം നൽകുന്നതിൽ പല വകുപ്പുകളും അനാസ്ഥ കാണിക്കുമ്പോൾ സംസ്ഥാനമാണ് ഇവരുടെ മരണത്തിന് ഉത്തരവാദിയായി മാറുന്നത്. അതുകൊണ്ട് ഇത്തരം സ്ത്രീകൾ സംസ്ഥാനത്തിന്റേതായി മാറേണ്ടതുണ്ട്. കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ വേണ്ടിയാണ് ആ പദ്ധതി ആരംഭിച്ചതെങ്കിൽപ്പോലും വിധവകളുടെ സംരക്ഷണവും ഉറപ്പാക്കുന്ന ഒരു പദ്ധതി ആരംഭിച്ചതിന്റെ ചാരിതാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. നമ്മുടെ രാജ്യത്ത് വിധവകളുടെ ദാരുണമായ ജീവിതാവസ്ഥ എത്രയോ എഴുത്തുകാരുടെയും സംവിധായകരുടെയും ആലോചനയിൽ വന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശ്രീമതി ദീപാമേത്ത സംവിധാനം ചെയ്ത 'വാട്ടർ' എന്ന സിനിമയാണ്. ഇവിടെ ഇരിക്കുന്ന മിക്കവരും ആ സിനിമ കണ്ടിട്ടുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്ത് എത്ര വിധവകളുണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്ക് സർക്കാരിന്റെ കൈവശംപോലുമില്ലാത്ത അവസ്ഥയുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മൊത്തമായിട്ടുള്ള വിധവകളുടെ, ഭർത്താക്കന്മാർ ഉപേക്ഷിച്ച് വിധവകൾക്ക് സമാനമായി ജീവിക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ കണക്ക് തയ്യാറാക്കുന്നതിന് സർക്കാർ ശ്രമിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഈ ബില്ലിലൂടെ അഭ്യർത്ഥിക്കുമോ?

ശ്രീമതി യു. പ്രതിഭ ഹരി : സർ, അതിലേയ്ക്ക് ഞാൻ വരുന്നുണ്ട്. 'വാട്ടർ' എന്ന സിനിമ, ഇവിടെ ഇരിക്കുന്ന പലരും കണ്ടിട്ടുണ്ടാകും. നമ്മുടെ നാട്ടിലെ വിധവകളുടെ ദയനീയമായ ജീവിതാവസ്ഥയാണ് അതിലെ പ്രമേയം. വാരാണസി പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ തെരുവുനായ്ക്കൾക്ക് സമാനമായി വിധവകളെ ഉപേക്ഷിച്ചു പോകുന്ന അതിലെ ദൃശ്യങ്ങൾ അങ്ങേയറ്റം വേദനിപ്പിക്കുന്ന ഒന്നായിരുന്നു. നമ്പൂതിരി സമുദായത്തിൽപ്പെട്ട പ്രേംജി, പുനർവിവാഹം ചെയ്ത് ധീരതകാട്ടിയതിന് മാതൃകയാണ്. പ്രേംജി എഴുത്തിലൂടെയും മാതൃക കാണിച്ചുതന്നു. അദ്ദേഹത്തിന്റെയും ഭാര്യയുടെയും ജീവിതാനുഭവം, അദ്ദേഹത്തിന്റെ മകനും പ്രശസ്ത മാധ്യമ പ്രവർത്തകനുമായ ശ്രീ. നീലന്റെ ഡോക്യുമെന്ററിയായി പുറത്തിറങ്ങിയിട്ട് അധികകാലമായില്ല. ഇന്നും ഭർത്താവില്ലാതെ ജീവിക്കുന്ന സ്ത്രീകളുടെ നില മെച്ചമായിട്ടില്ല എന്നാണ് ആ ഡോക്യുമെന്ററിയുടെ ദൃശ്യാനുഭവങ്ങൾ ഓർമ്മിപ്പിക്കുന്നത്. അതുപോലെ ലളിതാംബിക അന്തർജ്ജനം വളരെ ഹൃദയസ്പർശിയായി അഗ്നി സാക്ഷിയിലൂടെ വർഷങ്ങൾക്കുമുമ്പ് ഇതുപോലുള്ള ഒരു പ്രശ്നം വരച്ചു കാട്ടിയിട്ടുണ്ട്. മാറ്റത്തിന്റെ കാറ്റ് ഇപ്പോഴും അത്രയൊന്നും വീശിയിട്ടില്ല എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ചില ഹിന്ദുവിവാഹ ആചാരങ്ങളിൽ പോകുന്ന അവസരത്തിൽ ഞാൻ വളരെ വേദനയോടെ ഇവരെ നോക്കിനിന്നിട്ടുണ്ട്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u> വിധവകളുടെ കണക്കുകൾ വർദ്ധിക്കുന്നത് സംബന്ധിച്ച പത്രറിപ്പോർട്ട് ഇവിടെ പറഞ്ഞു. സ്ത്രീകൾക്കിടയിൽ വളർന്നുവന്നിട്ടുള്ള ആരോഗ്യരംഗത്തുണ്ടായ നേട്ടങ്ങളാണ് അതിന്റെ ഒരടിസ്ഥാനം. കേരളത്തിന്റെ സാമൂഹ്യരംഗത്തുണ്ടായ മാറ്റം സ്ത്രീകളുടെ ആയുർദൈർഘ്യം വർദ്ധിക്കുന്നതി നിടയാക്കിയിട്ടുണ്ട്. എന്നാൽ അത്രത്തോളം പുരുഷന്മാരിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതിനൊരു പരിഹാരമായി ഏതാനും വർഷങ്ങൾക്കുമുമ്പ് മാതൃഭൂമി പത്രം ഒരു സർവ്വേ നടത്തി ഒരു റിപ്പോർട്ട് പുറത്തുകൊണ്ടുവരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിവാഹപ്രായം പുരുഷന് പ്രായം കൂടുതലും സ്ത്രീയ്ക്ക് കുറവും എന്നുള്ള സങ്കൽപ്പം മാറ്റി സ്ത്രീയ്ക്ക് പ്രായം കൂടുതലും പുരുഷന് പ്രായം കുറവുമായ ഒരു സ്ഥിതി വന്നാൽ വിധവകളുടെ എണ്ണം കുറയുകയും ഏതാണ്ട് പുരുഷനും സ്ത്രീയും ഒരുപോലെ മരിക്കുന്ന സാഹചര്യം ഉണ്ടാകുമെന്ന രീതിയിലുള്ള ഒരു റിപ്പോർട്ടുണ്ടായിരുന്നു. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, തീർച്ചയായും. സച്ചിൻ ടെണ്ടുൽക്കർ അദ്ദേഹത്തേക്കാൾ 6 വയസ്സ് പ്രായം കൂടുതലുള്ള സ്ത്രീയെ വിവാഹം കഴിച്ച് മാതൃക കാണിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ടിൽ ഇതിനെപ്പറ്റി പറയുന്നുണ്ട്. Apart from the increasing life expectancy, there is more often an age gap between men and women during marriage. അത് ഇപ്പോഴും നമ്മുടെ സമൂഹം ചർച്ച ചെയ്യുന്ന കാര്യമാണ്. അത് സ്വാഭാവികമായും തുടർ ചർച്ചയ്ക്ക് കൊണ്ടുവരാവുന്നതാണ്. എന്റെ ഭർത്താവിന്റെ ബന്ധുവായ ഒരു സ്ത്രീ പലപ്പോഴും പല വിവാഹങ്ങളിലും പോകാതെ മാറിനിൽക്കുന്നത് കാണാം. പ്രത്യേകിച്ച് പെൺകുട്ടികളെ താലം പിടിച്ച് ഇറക്കിക്കൊണ്ടുവരുന്ന ഒരു ചടങ്ങ് ഹിന്ദുവിവാഹങ്ങൾക്കുണ്ട്. താലം എടുക്കാനായി അവർ ഇപ്പോഴും പോകാറില്ല; അല്ലെങ്കിൽ അവർ സ്വയം മാറിനിൽക്കും. രാവിലെ ഒരു വിധവയെ കണികാണാൻ പാടില്ലെന്ന് ചെറിയ കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. നമ്മുടേത് ഒരു പരിഷ്കൃതസമൂഹമാണ്. ഇപ്പോഴും ഇത്തരം പ്രശ്നങ്ങൾ സമൂഹത്തിൽ നിലനിൽക്കുകയാണ്.

വിധവ എന്ന പദപ്രയോഗത്തിന്റെ ഭാഷാപരമായിട്ടുള്ള അർത്ഥം തേടി നടന്നപ്പോൾ 'ഏതൊരവളുടെ ഭർത്താവ് മരിച്ചോ അവൾ' എന്നാണ് ശബ്ദതാരാവലിയിൽ പറയുന്നത്. ശബ്ദതാരാവലിയിൽ വിധവകൾക്ക് നൽകുന്ന നിർവ്വചനം, ശരിക്കും കേവലമായൊരു നിർവ്വചന പ്രഖ്യാപനമായിട്ടാണ് എനിക്ക് തോന്നിയത്. കാരണം, ഭർത്താവ് ഉപേക്ഷിച്ചുപോയവരെ ശബ്ദതാരാവലി വിധവയായി കാണുന്നില്ല. ഭർത്താവ് ഉപേക്ഷിച്ചുപോകുന്ന ഒരുപാട് കേസ്സുകളുണ്ട്. ഭർത്താവ്

മരിച്ചെങ്കിൽത്തന്നെ അതെങ്ങനെയെന്ന് നോക്കുന്നില്ല, ആരാണ് അതിന് ഉത്തരവാദി എന്നുപോലും ചിന്തിക്കുന്നില്ല. നമ്മുടെ സംസ്ഥാനം അറിയാതെ അതിനൊരു ഉത്തരവാദിയായി മാറുന്നുണ്ട്. ആ സ്ത്രീ എങ്ങനെ ജീവിക്കുന്നു എന്ന് ആരും ചിന്തിക്കുന്നില്ല, അല്ലെങ്കിൽ അവർ അനുഭവിക്കുന്ന സാമൂഹ്യപ്രശ്നങ്ങളുടെ നിർവ്വചനങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല.

പക്ഷേ, വിധവയ്ക്ക് ശബ്ദതാരാവലിയിൽ ഏറ്റവും ശ്രേഷ്ഠമായ മറ്റൊർത്ഥം കൂടി കണ്ടു. വിധവയ്ക്ക് 'വിശ്വസ്ത' എന്ന അർത്ഥം കൂടി അതിൽ പറഞ്ഞിട്ടുണ്ട്. എനിക്ക് അഭിമാനം തോന്നി. അങ്ങേയറ്റം അഭിമാനകരമായ ഒരു പര്യായമായിരുന്നു. കാലത്തെ അതിജീവിക്കുന്ന ഒരു പര്യായം. ഇതാണ് വിധവയുടെ സ്വഭാവ സവിശേഷത വിളംബരം ചെയ്യുന്ന യഥാർത്ഥ അർത്ഥം. പക്ഷേ പലപ്പോഴും ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീ, ഒറ്റയ്ക്ക് ആയിപ്പോകുന്ന സ്ത്രീ, അവരുടെ സ്വകാര്യ ജീവിതത്തിലേക്ക് എത്തി നോക്കാൻ ഇന്നും വെമ്പുന്ന സമൂഹത്തിൽ ഈ അർത്ഥം കൂടുതലായി മുന്നോട്ട് കൊണ്ടുവരേണ്ടതായിട്ടുണ്ട്. അവർ വിധിയുടെ ബലിപീഠത്തിൽ ഭർത്താവിന്റെ സ്മരണകളോടും സ്വന്തം ജീവിതത്തിലെ വെല്ലുവിളികളോടും മക്കളോടും സമൂഹത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ട് ജീവിതസമരത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ് എന്ന് ഊന്നിപ്പറയാൻ ഈ അർത്ഥം നമ്മളെ സഹായിക്കുന്നു. ഒരു വിധവയ്ക്ക് തന്നോടും തനിക്ക് നേരെ ഉയരുന്ന ക്രൂരമായ യാഥാർത്ഥ്യങ്ങളോടും അങ്ങേയറ്റത്തെ വിശ്വസ്തതയോടെ പെരുമാറാനാകും. അവൾ ഒറ്റയ്ക്ക് യുദ്ധം ചെയ്യേണ്ടവളാണ്. ഒറ്റയ്ക്ക് യുദ്ധം ചെയ്യുമ്പോൾ അവളുടെ രക്ഷാകവചമായി ഈ വിശ്വസ്ത എന്ന പദം വരണം.

വിശ്വസ്തരും നിർദ്ധനരുമായ ഇവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ ചില നിർദ്ദേശങ്ങൾ ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, സംസ്ഥാനത്ത് എത്ര വിധവകളുണ്ടെന്നുള്ളതിന് ഇപ്പോഴും കൃത്യമായ കണക്കില്ലെന്നു ള്ളതാണ് ഏറ്റവും അതിശയകരമായിട്ടുള്ള കാര്യം. വിധവാ പെൻഷൻ വാങ്ങുന്നവരുടെ കണക്കുകളെല്ലാം ജില്ലതിരിച്ച് ലഭിച്ചിട്ടുണ്ട്. വിധവാപെൻഷൻ വാങ്ങുന്നത് 1146498 പേരാണ്. ഉദാഹരണമായി, കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്നത് വിധവയായ ഒരു സ്ത്രീയാണെങ്കിൽ അവർ കർഷകത്തൊഴിലാളി പെൻഷന്റെ പരിധിയിലാണ് വരുന്നത്. ഭിന്നശേഷയിൽപ്പെട്ട ഒരാളാണെങ്കിൽ അവരും അതിന്റെ പരിധിയിലാണ് വരുന്നത്. 45 ലക്ഷം വിധവകളുള്ളപ്പോൾ 1146000 പേർ മാത്രം വിധവാപെൻഷൻ വാങ്ങുന്നത് അതുകൊണ്ടായിരിക്കാം. വലിയൊരു ഗ്യാപ് അവിടെ കണ്ടു. വിധവാപെൻഷൻ വാങ്ങുന്നവരുടെ കണക്കുകൾപോലും ക്രോഡീകരിച്ച് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി പഞ്ചായത്തുകൾ

നേരിട്ട് കണക്കെടുപ്പ് നടത്തണം. ഞാൻ പഞ്ചായത്ത് മെമ്പറായി ഔദ്യോഗിക ജീവിതത്തിൽ പൊതുപ്രവർത്തനം തുടങ്ങിയ ഒരാളാണ്. ഒരു വാർഡിൽ എത്ര വിധവകൾ, എത്ര ക്യാൻസർ രോഗികൾ, എത്ര കുഞ്ഞുങ്ങൾ ബുദ്ധിമുട്ടുന്നു എന്നുള്ള കാര്യങ്ങളെല്ലാം ഒരു പഞ്ചായത്ത് മെമ്പറിന് അറിയാൻ സാധിക്കും. ഇത്തരത്തിലുള്ള ഒരു കണക്കെടുപ്പ് നടത്താൻ വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ല.

ശ്രീ. ആർ. രാജേഷ് : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. മരണം സംഭവിക്കുന്നതുമാത്രമല്ല, ദുരാചാരങ്ങളും സ്ത്രീകളെ വൈധവ്യത്തിലേക്ക് എത്തിക്കുന്നുണ്ട്. ശൈശവ വിവാഹത്തിന് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് യശോദ ബെൻ. ശൈശവ വിവാഹത്തിന്റെ ഭാഗമായി വിവാഹം കഴിക്കുകയും പിന്നീട് സംരക്ഷണം ലഭിക്കാതെ യശോദ ബെന്നിനെപ്പോലെയുള്ള ആളുകൾ വൈധവ്യത്തിന്റെ പാതയിലേയ്ക്ക് പോയിട്ടുമുണ്ട് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി : സർ, തീർച്ചയായും. ഇപ്പോഴും കേരളത്തിനുള്ളിൽ അത്തരം ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയുന്ന ചില നിർദ്ദേശങ്ങളാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്. പഞ്ചായത്തിൽ ഒരു കണക്കെടുപ്പ് നടത്തിയാൽ ഏറ്റവും കൃത്യമായ കണക്ക് ലഭ്യമാകുമെന്നതാണ് ഒന്നാമത്തെ നിർദ്ദേശം. രണ്ടാമത്, പഞ്ചായത്തുകളിൽ വിധവകളുടെ പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കാനായി ഒരു അഭിഭാഷകയുടെ സേവനം ഉറപ്പാക്കണം. അഭിഭാഷക എന്നുപറഞ്ഞാൽ പ്രൊഫഷൻ മാത്രം നോക്കി മനുഷ്യത്വമില്ലാതെ പെരുമാറുന്ന ഒരാളല്ല, മനുഷ്യത്വപൂർവം വിധവകളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്ന നല്ലൊരു അഭിഭാഷകയുടെ സേവനം ലഭ്യമാക്കണം. അവർക്ക് കൂടുതൽ പേമെന്റ് കൊടുക്കേണ്ടി വരില്ല, ഒരു മാസത്തിൽ ഒന്നോ രണ്ടോ സിറ്റിംഗ് നടത്തി, ഒരു സിറ്റിംഗിന് ആയിരമോ രണ്ടായിരമോ രൂപ വച്ച് കൊടുക്കാൻ എല്ലാ പഞ്ചായത്തിനും കഴിയുന്നതാണ്. വിധവകൾ അനുഭവിക്കുന്ന മറ്റൊരു പ്രശ്നമാണ് സ്വത്ത് കൈമാറ്റം. ഭർത്താവ് മരിച്ചുകഴിഞ്ഞാൽ അവരെ വീട്ടിൽനിന്ന് പുറത്താക്കുന്ന അവസ്ഥയുണ്ട്; അങ്ങനെയുള്ള ധാരാളം വിധവകളെ എനിക്ക് അറിയാം. ഭർതൃകുടുംബത്തിൽനിന്ന് ലഭിക്കേണ്ട ന്യായവും അർഹവുമായ സ്വത്തുക്കളുടെ കൈമാറ്റവും റിക്കോർഡുകളുമായി ബന്ധപ്പെട്ടുവരുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിന് അഭിഭാഷകയുടെ സേവനം വിധവകൾക്ക് ലഭ്യമാക്കാൻ കഴിയണം. ഒരു ജില്ലയിൽ 75-ഓളം പഞ്ചായത്തുകളാണ് വരുന്നത്. അപ്പോൾ 75 അഭിഭാഷകരായിരിക്കും ആ ജില്ലയിലെ എല്ലാ പഞ്ചായത്തിൽനിന്നും വരുന്നത്.

ഈ അഭിഭാഷകരെയെല്ലാം ജില്ലാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യാൻ ഈ ബില്ലിലൂടെ കൊണ്ടുവരുന്ന സമിതിക്ക് കഴിയും. അങ്ങനെ വരുമ്പോൾ ഈ ആനുകൂല്യങ്ങൾ വിധവകളുടെ ജീവിതത്തിലേക്ക് കൂടുതലായി എത്തിക്കാൻ കഴിയും.

ഡോ. എൻ. ജയരാജ് : സർ, കഴിഞ്ഞ സെഷനിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയിൽ ഞാനും അംഗമായിരുന്നു. ആ സമിതിയിൽ വിധവകളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ വന്നിരുന്നു. വളരെ പ്രധാനപ്പെട്ട കാര്യം, നമ്മുടെ സംസ്ഥാനത്ത് വിധവകളെ സഹായിക്കാനെന്ന പേരിൽ ധാരാളം അനൗപചാരിക സംഘടനകളുണ്ട്. വിധവകളുടെ ആനുകൂല്യങ്ങൾ എവിടെനിന്ന് ലഭിക്കുമെന്നറിയാനുള്ള അനൗപചാരിക സംഘടനകളാണ്. ഈ സംഘടനകൾ 250 രൂപ രജിസ്ട്രേഷൻ ഫീസായി വാങ്ങുന്നുണ്ട്. ഇതുസംബന്ധിച്ച് വളരെ വ്യക്തമായി പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യണം. പാവപ്പെട്ട വിധവകളെ പ്രലോഭിപ്പിച്ച് പണം തട്ടിയെടുക്കാൻവേണ്ടിയുള്ള സംഘടനകളാണ്. വിധവകളുടെ നിസ്സഹായതയുടെയും ദൗർബല്യത്തിന്റെയും മുന്നിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്ന ആളുകൾ നമ്മുടെ സമൂഹത്തിലുമുണ്ട്. പലപ്പോഴും നിയമസഭാ കമ്മിറ്റിയുടെ മുന്നിൽ ഇതുപോലുള്ള ധാരാളം പരാതികൾ കടന്നുവരാറുണ്ട്. ഈ വിഷയവും അതിന്റെ ഭാഗമാണ് എന്നതാണ് സാന്ദർഭികമായി എനിക്ക് പറയാനുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധേയമായ ഒരു വിഷയത്തെ സംബന്ധിച്ച ബില്ലുമായി ബന്ധപ്പെട്ടാണ് ഇവിടെ ചർച്ച ചെയ്തത്. വളരെയേറെ ഹൃദയസ്പർശിയായ അനുഭവങ്ങൾ കാണുന്നവരാണ് നമ്മളെല്ലാവരും. ചെറുപ്പത്തിൽ വിധവകളാകുമ്പോഴുള്ള പ്രയാസങ്ങളും മരണാനന്തര ചടങ്ങുകൾ കഴിയുമ്പോൾ വിധവകളെയും കുട്ടികളെയും വീട്ടിൽനിന്ന് ഇറക്കിവിടുന്ന അനുഭവങ്ങളും അതിനുശേഷം ജീവിക്കാൻവേണ്ടി ബുദ്ധിമുട്ടുന്ന കാര്യങ്ങളെ സംബന്ധിച്ചുമൊക്കെയാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഇങ്ങനെയുള്ള ദുരിതങ്ങൾ അനുഭവിക്കുന്ന തോടൊപ്പമാണ് ദുരാചാരങ്ങളും നിലനിൽക്കുന്നത്. പൊട്ടുതൊടാൻ പാടില്ല, നല്ല വസ്ത്രം ധരിക്കാൻ പാടില്ല, തുടങ്ങി സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം കാര്യങ്ങൾകൂടി വിധവകൾക്ക് കൂടുതൽ ആഘാതമുണ്ടാക്കുന്നുണ്ട് എന്നുള്ളതും യാഥാർത്ഥ്യമല്ലേ? വിധവകൾക്ക് പെൻഷൻ നൽകുക, ജോലിക്ക് മുൻഗണന നൽകുക തുടങ്ങി പല ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം സാമൂഹികമായും മാനസികമായും അവരെ മറ്റുള്ളവരോടൊപ്പം മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരെ പവർഫുൾ ആക്കുന്നതിനുമുള്ള നടപടികൾകൂടി എല്ലാ ഭാഗത്തുംനിന്നും ഉണ്ടാകേണ്ടതല്ലേ എന്നതാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ചർച്ച ചെയ്യുന്നത്. ചർച്ചയിൽ ഉയർന്നുവന്ന സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കുകയും അതിന് ബഹുമാനപ്പെട്ട അംഗം നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്യുമ്പോൾത്തന്നെ വിധവകളുടെ തുടർജീവിതം വലിയ പ്രശ്നമാണ്. എന്റെ മണ്ഡലത്തിൽ നിരാശ്രയരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിന് 'താലോലം' എന്ന പദ്ധതി ആവിഷ്കരിച്ചു. കുട്ടികളെ പഠിപ്പിക്കാൻ നിവൃത്തിയില്ലാത്ത, വളരെ ചെറിയ കുട്ടികളുള്ള വിധവകളുടെ പരാതികളാണ് കൂടുതലും ലഭിച്ചത്. സാമൂഹികക്ഷേമ വകുപ്പിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചില സഹായം അപകടമരണവുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്നുണ്ട്. ഹൃദയാഘാതംമൂലം മരിക്കുന്ന ചെറുപ്പക്കാർ, പക്ഷാഘാതംവന്ന് ജീവച്ഛവമായ ചെറുപ്പക്കാർ തുടങ്ങിയവരുടെ കുടുംബങ്ങൾക്ക് അത്തരം സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല. ഇത്തരം കുടുംബങ്ങൾക്കുകൂടി ആനുകൂല്യങ്ങൾ നൽകി സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, വയനാട്ടിൽ നിരവധി അവിവാഹിതരായ അമ്മമാരുണ്ട്. അവർ വിധവകളുടെ നിർവ്വചനത്തിൽ വരുമോ; അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് ആലോചിക്കണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ആദിവാസികൾക്കിടയിൽ പ്രായപൂർത്തിയാകാതെ ആചാരപരമായി വിവാഹം നടത്തുന്ന ആളുകളുണ്ട്. അത് നിയമത്തിന്റെ ഭാഷയിൽ കാണേണ്ടതല്ല. നിർഭാഗ്യവശാൽ നിർഭയയുമായി ബന്ധപ്പെട്ട് പോക്സോ (പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്) അനുസരിച്ചാണ് ഇതിന് കേസ്സെടുക്കുന്നത്. അങ്ങനെ കേസ്സെടുത്ത് ശിക്ഷിക്കപ്പെട്ട ആളുകളുണ്ട്. ശിക്ഷിക്കപ്പെട്ട് ജയിലിലാകുമ്പോൾ വിവാഹബന്ധമുൾപ്പെടെ ഉപേക്ഷിക്കേണ്ടി വരുന്നുണ്ട്. ഇത്തരം ആളുകളെ നമുക്ക് എങ്ങനെ പരിഗണിക്കാൻ കഴിയും?

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, ഞാൻ പറഞ്ഞ നാല് നിർദ്ദേശങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്. സാമ്പത്തിക ശേഷിയുള്ള വിധവകളും ദരിദ്രരായ വിധവകളുമുണ്ട്. എന്നാൽ ഇവർ രണ്ടുപേരും അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ ഒരുപോലെയായിരിക്കും. പഞ്ചായത്ത് തലത്തിൽ ഇവരെയെല്ലാം ഐഡന്റിഫൈ ചെയ്യാൻ കഴിഞ്ഞാൽ കൂടുതൽ കാര്യക്ഷമമായി അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയും. ഒരു സ്ത്രീ പോലും ആത്മഹത്യ ചെയ്യേണ്ട അവസ്ഥയുണ്ടാകില്ല. ഞാൻ കഴിഞ്ഞ ദിവസം ഒരു സബ്മിഷനിലൂടെ ഇക്കാര്യം പറഞ്ഞിരുന്നു. സ്വന്തം കുഞ്ഞുങ്ങളുമായി ആത്മഹത്യ

ചെയ്യുന്ന സ്ത്രീകളുടെ കണക്ക് വളരെ വേദനയോടെയാണ് ഞാൻ കാണുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് ഞാൻ ആലോചിക്കാറുണ്ട്. അധികാരവികേന്ദ്രീകരണം ശക്തിപ്പെട്ടാൽ സ്വാഭാവികമായും ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇത്തരം സംശയങ്ങൾകൂടി പരിഹരിക്കാനുള്ള നിർദ്ദേശങ്ങളാണ് ഞാൻ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കുന്ന പ്രസക്തമായ സ്വകാര്യ ബില്ലിന്റെ 'ഐ' സെക്ഷനിൽ വിധവ എന്നതിന്റെ നിർവ്വചനത്തിൽ പറഞ്ഞിരിക്കുന്നത് 'ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, അല്ലെങ്കിൽ നാൽപ്പത് കഴിഞ്ഞ് പ്രായമുള്ള അവിവാഹിതരായ സ്ത്രീകളോ' എന്നാണ്. കേരളത്തിൽ കൂടുതൽ സ്ത്രീകളും വിവാഹിതരാകുന്നത് 18-25 വയസ്സിനിടയിലാണ്. 25 വയസ്സ് കഴിഞ്ഞാൽ മാനസിക സമ്മർദ്ദത്താലും നിരാശാ ബോധത്താലും വീടിന്റെ അകത്തളങ്ങളിൽത്തന്നെ അടച്ചിരിക്കാൻ വിധിക്കപ്പെട്ട വലിയൊരു വിഭാഗം പെൺകുട്ടികൾ ആരുമറിയാതെ കഴിയുന്നുണ്ട്. ഏജ് ലിമിറ്റ് 40 വയസ്സ് എന്നതിനുപകരം 30 വയസ്സോ 25 വയസ്സോ ആക്കാൻ സാധിക്കുമോ എന്നതാണ് എന്റെ നിർദ്ദേശം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ മനോഭാവത്തിൽ വലിയ മാറ്റം വരേണ്ടതുണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. ഭാര്യ മരിച്ചാൽ ഭർത്താവിന് മറ്റൊരു വിവാഹം കഴിക്കുന്നതിന് കേരളത്തിൽ പൊതുവേ പ്രശ്നങ്ങളില്ല. എന്നാൽ വിധവകളുടെ പുനർവിവാഹം എളുപ്പത്തിൽ സമൂഹം അംഗീകരിക്കുകയില്ല. യഥാർത്ഥത്തിൽ സമൂഹത്തിന്റെ മനോഭാവത്തിലാണ് മാറ്റമുണ്ടാകേണ്ടത്. അല്ലെങ്കിൽ വിധവകളുടെ എണ്ണം ഇത്രയും വരില്ല. വിധവകളുടെ പുനർവിവാഹത്തിനും അവരുടെ കുട്ടികൾക്ക് നൽകുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ സഹായം നൽകേണ്ടതുണ്ട്. അക്കാര്യം ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. ടി. തോമസ് : സർ, വളരെ വർഷങ്ങൾക്കുമുമ്പ് വി. റ്റി. ഭട്ടതിരിപ്പാടിനെയും പ്രേംജിയെയും പോലുള്ള ആളുകൾ വിധവകളുടെ പുനർവിവാഹം സംബന്ധിച്ച് വളരെ വ്യക്തമായ നിലപാടെടുക്കുകയും മാതൃക കാണിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആ വസ്തുതകൂടി പരിഗണിച്ച് വിധവകളുടെ പുനർവിവാഹം പരിധിയിൽ കൊണ്ടുവന്ന് ബില്ല് അവതരിപ്പിക്കാൻ അങ്ങ് ശ്രമിക്കുമോ?

മി. സ്പീക്കർ : അതിനിപ്പോഴും തടസ്സമില്ല.

ശ്രീ. അനിൽ അക്കര : സർ, വിധവാ സംഘങ്ങളുടെ ചാരിറ്റബിൾ സൊസൈറ്റി ഇപ്പോൾ ഫാഷനായി വരികയാണ്. അതിന്റെ ഭാരവാഹികൾ മുഴുവൻ പുരുഷന്മാരാണ്. അതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി യു. പ്രതിഭ ഹരി : സർ, ആദ്യം ഞാൻ പറഞ്ഞതുപോലെ വിധവകളുടെ കൃത്യമായ ഡാറ്റ ഉണ്ടാകണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ അഭിഭാഷകയെ നിയോഗിച്ചാൽ ഇവിടെ അംഗങ്ങൾ പറഞ്ഞ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. വിധവകൾ പലപ്പോഴും മാനസികമായി തകർന്ന അവസ്ഥയിലായിരിക്കും. ഭർത്താക്കന്മാർ നഷ്ടപ്പെട്ട ധാരാളം പെൺകുട്ടികളെ ഞാൻ കാണാറുണ്ട്, അവധി കിട്ടുമ്പോഴൊക്കെ അവരുമായി സൗഹൃദ സംഭാഷണം നടത്താറുമുണ്ട്. അപ്പോഴെല്ലാം എനിക്ക് മനസ്സിലാകുന്നത് അവർക്ക് മെന്റലി, മോറലി സപ്പോർട്ടാണ് കൊടുക്കേണ്ടതെന്നാണ്. അതുകൊണ്ടാണ് ഹൃദയമുള്ള ഒരു അഭിഭാഷകയെ വയ്ക്കണമെന്ന് പറഞ്ഞത്. കേവലം പണത്തിന് മാത്രമായി ജോലി ചെയ്യുന്ന, പ്രൊഫഷണലായ അഭിഭാഷകയല്ല ആവശ്യം. അത്തരം കാര്യങ്ങൾ ചെയ്യുന്നതുവഴി കുറച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. ഒരു പ്രധാനപ്പെട്ട കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്.

വിധവകൾക്ക് എന്തുകൊണ്ട് ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്താൻ കഴിയുന്നില്ല? ഡാറ്റാ കളക്ഷനുവേണ്ടി വിധവയെന്നല്ലാതെ അവരെ സംസ്ഥാനത്തിന്റെ സഹോദരി മാരായി കണക്കാക്കി പ്രിവിലേജ്ഡ് സിസ്റ്റർ എന്ന പേരിൽ ഐഡന്റിറ്റി കാർഡ് തയ്യാറാക്കിക്കൊടുക്കണം. അവരത് പ്രദർശിപ്പിക്കണമെന്നല്ല പറയുന്നത്. ബാങ്കുകളിലും മറ്റ് ഓഫീസുകളിലും പോകുമ്പോൾ അവർക്ക് മുൻഗണന ലഭിക്കണം. ഐഡന്റിറ്റി കാർഡായിരിക്കണം വിധവകളുടെ അടിസ്ഥാനരേഖ. വിധവകൾ പ്രിവിലേജ്ഡ് സിസ്റ്റർ എന്നറിയപ്പെടാനുള്ള ശ്രമം തീർച്ചയായുമുണ്ടാകണം. ഐഡന്റിറ്റി കാർഡ് കൊടുക്കുകയും ഇവർ ഓണറബിളായിട്ടുള്ള ആളുകളാണെന്ന നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യണം. ഒറ്റപ്പെട്ടതും മാന്യമല്ലാത്തതുമായ പെരുമാറ്റവും ഇടപെടലുകളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായ പരാതികൾ ലഭിക്കാറുണ്ട്. അത്തരം കാര്യങ്ങൾ മറച്ചുവച്ചിട്ട് കാര്യമില്ല. വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് വിധവകളുടെ പരാതികൾക്ക് മുന്തിയ പരിഗണന ഉറപ്പുവരുത്താൻ തീർച്ചയായും ഇടപെടേണ്ടതായിട്ടുണ്ട്. കോടതികളിലും പോലീസ് സ്റ്റേഷനുകളിലും

വിധവകൾക്ക് അഭിഭാഷകയുടെ സേവനം ലഭിച്ചാൽ അത് സഹായകരമായിരിക്കും. ആ അഭിഭാഷകയെ ഇത്തരം കാര്യങ്ങൾക്കുകൂടി ഡെപ്യൂട്ട് ചെയ്യുന്ന തരത്തിലുള്ള ഇടപെടൽ ഈ ബില്ലിലൂടെ കൊണ്ടുവരാവുന്നതാണ്.

വിധവാസഹായ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ അതിനെക്കുറിച്ച് പലർക്കും അറിയില്ല. വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായമായി നൽകുന്ന 30,000 രൂപ ഇന്നത്തെ കാലത്ത് പര്യാപ്തമല്ല. ആ തുകകൊണ്ട് എന്തുചെയ്യാൻ കഴിയും? അതുകൊണ്ട് ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കണം. വിവിധ വിധവാസഹായ പദ്ധതികൾ ഏകോപിപ്പിക്കാനും വിധവാ സഹായങ്ങൾ ഏതൊക്കെയാണെന്ന് അവർക്ക് അറിയാനുമുള്ള ഇടപെടൽ തീർച്ചയായുമുണ്ടാകണം. ഇതെല്ലാം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ചെയ്യാവുന്നതാണ്. എത്രയോ വിധവകൾ അധികാരത്തിലേക്ക് വന്നിട്ടുള്ളത് നമുക്കറി യാവുന്നതാണ്

<u>മി. സ്പീക്കർ</u> : പ്ലീസ്..... ചർച്ച തുടരാവുന്നതാണ്, ഇന്നുതന്നെ തീർക്കണമെന്നില്ല.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കേവലം ഒരു ബില്ലായിട്ടല്ല ഈ വിഷയം അവതരിപ്പിക്കുന്നത്. മനുഷ്യത്വത്തിന്റെയും മാനവികതയുടെയും ചരിത്രത്തിൽ സംരക്ഷിക്കുന്ന ഒരു വീക്ഷണമായി ഈ ബിൽ അവതരിപ്പിക്കുകയാണ്. ആ രീതിയിൽ തന്നെയാണ് ഈ ബിൽ വിഭാവന ചെയ്യുന്നത്. നിയമപരമായി പ്രാബല്യം കിട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഒന്നുകിൽ ഈ ബിൽ ഗവൺമെന്റ് അംഗീകരിക്കണം; അല്ലെങ്കിൽ ഗവൺമെന്റ് തന്നെ ഈ വിഷയത്തിൽ ബിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രിയകവി ഒ.എൻ.വി.-യുടെ 'ചോറൂണ്' എന്ന കവിതയിൽ നൽകിയ ഹൃദയകാരിയായ സന്ദേശം അനുസ്മരിച്ചുകൊണ്ട് ഞാൻ എന്റെ പ്രമേയാവതരണം പൂർത്തിയാക്കുകയാണ്.

'ഉണ്ണീ മറയ്ക്കായ്ക പക്ഷേ

ഒരമ്മതൻ നെഞ്ചിൽ

നിന്നുണ്ട് മധുരമൊരിയ്ക്കലും'

എന്ന് വളരെ ദീർഘവീക്ഷണത്തോടെ ഒ.എൻ.വി. പറഞ്ഞത് സൂചിപ്പിച്ചുകൊണ്ടും വിധവകൾ സംരക്ഷിക്കപ്പെടണമെന്ന ആത്യന്തികമായ ഒറ്റലക്ഷ്യമേ ഈ ബില്ലിനുള്ളുവെന്ന് പറഞ്ഞുകൊണ്ടും നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ : സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന്റെ അവതരണത്തിനുമുമ്പ് ആമുഖമായി, ഇത് രാഷ്ട്രപതിയുടെ അസെന്റ് ആവശ്യമായ കാര്യമാണെന്നും ഗവർണറുടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ പ്രശ്നമുള്ളതുകൊണ്ട് ബിൽ അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും സാങ്കേതികമായി പറയുകയുണ്ടായി. ഭരണഘടനാപരമായ എല്ലാ കാര്യങ്ങളും പാലിച്ചുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരാലോചന നടത്തുന്നത് നന്നായിരിക്കും.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സമൂഹത്തിൽ എല്ലാവരും ആലോചിക്കേണ്ട ഒരു വിഷയത്തെ സംബന്ധിച്ചുള്ള ബില്ലിന്റെ അവതരണത്തിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം നടത്തിയ പ്രസംഗവും അതിനോട് അംഗങ്ങൾ നടത്തിയ പ്രതികരണവും ഏറെ ശ്രദ്ധേയമാണ്. അകാലത്തിൽ ജീവിതത്തിൽ ഒറ്റപ്പെട്ടുപോകുക എന്നുള്ളത് അസഹനീയമായ കാര്യമാണ്. വിധവയായി മാറുമ്പോൾ സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ദുരിതമയമായിട്ടുള്ള അവസ്ഥകൾ ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. അതിനുള്ള കാരണങ്ങളും ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയനുസരിച്ച് സ്ത്രീ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ വർദ്ധിച്ചുവരികയാണ്. കേരളത്തിൽ നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയനുസരിച്ച് കുടുംബത്തിന്റെ ഉത്തരവാദിത്വം പുരുഷന്മാർക്കാണ്. അതിന്റെ ഭാഗമായി ഭർത്താവ് മരണപ്പെട്ടുപോകുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ സ്ത്രീകൾ അനുഭവിക്കുന്നത് പറഞ്ഞറിയിക്കാൻ സാധിക്കാത്ത പ്രത്യാഘാതങ്ങളാണ്. സ്ത്രീകൾക്ക് കുടുംബത്തെ നിയന്ത്രിക്കാനോ ജീവിക്കാനാവശ്യമായ വക സമ്പാദിക്കാനോ കഴിയുന്നില്ല. സാമൂഹിക വ്യവസ്ഥിതിയുടെ ഭാഗമായാണ് ഒറ്റപ്പെടുമ്പോൾ ഇത്രയും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നത്. കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുകയും സാമൂഹ്യ ഉത്തരവാദിത്വം കൂട്ടായി നിർവ്വഹിക്കുകയും ചെയ്യുന്ന അവസ്ഥയാണെങ്കിൽ ഒറ്റപ്പെട്ടുപോകുമ്പോഴുള്ള അവസ്ഥ ഇത്രയും ഭീകരമായിരിക്കില്ല. സംസ്ഥാനത്താകെയുള്ള വിധവകളുടെ കണക്കെടുക്കാനുള്ള ശ്രമം നടത്തിയിട്ടില്ല. ബിൽ തുടരുമ്പോൾത്തന്നെ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള കണക്കുകൾ ശേഖരിക്കാം. വിധവയുടെ നിർവചനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വിധവയെന്നാൽ ഭർത്താവ് ഉപേക്ഷിച്ചുപോയവൾ എന്നാണ്. ഗവൺമെന്റ് ഈ വിഷയം ഗൗരവമായി കാണുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഭർത്താവ് ഉപേക്ഷിച്ചുപോയ അഞ്ചുവർഷമായ സ്ത്രീകൾക്ക് ബഡ്ജറ്റിൽ സഹായപദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. വിവിധ ഘട്ടങ്ങളിലായി ഇത്തരത്തിലുള്ള സഹായങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

അതെല്ലാം ഏകോപിപ്പിച്ച് പൊതുവായി വിധവകൾക്ക് സഹായം നൽകാൻ ശ്രമിക്കേണ്ടതുണ്ട്. ബില്ലിന്റെ പരിധിക്കപ്പുറം സാമൂഹ്യനീതി വകുപ്പിലെ വ്യത്യസ്ത ഘടകങ്ങൾ ഉപയോഗപ്പെടുത്തി കുറച്ചു കാര്യങ്ങൾകൂടി ചെയ്യാൻ സാധിക്കും. സ്ത്രീകൾ വിധവകളായി മാറുന്നതിന്റെ കാരണങ്ങളിലേക്ക് ഞാൻ വിശദമായി കടക്കുന്നില്ല. അതിൽ ഏജ്ഗ്യാപ് വളരെ പ്രധാനപ്പെട്ട കാര്യമായി പറയുന്നുണ്ട്. ശൈശവ വിവാഹത്തെ എങ്ങനെ നിരുത്സാഹപ്പെടുത്താമെന്നും ചിന്തിക്കേണ്ടതുണ്ട്. കേരളത്തിൽ ധാരാളം ശൈശവ വിവാഹങ്ങൾ നടക്കുന്നുണ്ട്. വളരെ മുമ്പുതന്നെ ഈ ആപത്തിനെ എതിർത്തതാണ്. കേരളം പോലുള്ള പരിഷ്കൃതമായ, സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഒരു സംസ്ഥാനത്ത് പൂർണ്ണമായും ശൈശവ വിവാഹം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഞാൻ മന്ത്രിയാകുന്നതിന് മുമ്പ് സാമൂഹ്യ പ്രവർത്തകയായിരുന്നു. അതിന്റെ ഭാഗമായി, സുശീലാ ഗോപാലൻ മെമ്മോറിയൽ സൊസൈറ്റി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ശൈശവ വിവാഹങ്ങളുടെ കണക്ക് ശേഖരിക്കാനൊരു ശ്രമം നടത്തിയിരുന്നു. പ്രതീക്ഷിക്കാത്ത രീതിയിൽ കേരളത്തിൽ ഇപ്പോഴും ശൈശവ വിവാഹങ്ങൾ നടക്കുന്നുണ്ടെന്നാണ് ആ കണക്കുകൾ വ്യക്തമാക്കുന്നത്. മലപ്പുറം ജില്ലയിലും പാലക്കാട് ജില്ലയിലുമാണ് ഏറ്റവും കൂടുതൽ ശൈശവ വിവാഹങ്ങൾ നടക്കുന്നത്. കണ്ണൂർ ജില്ലയിലും ശൈശവ വിവാഹങ്ങൾ നടക്കുന്നതായിട്ടാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്. എല്ലാ മതവിഭാഗങ്ങളിലും ശൈശവ വിവാഹങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിൽ ഏറ്റക്കുറച്ചിലുകളുണ്ട്. അതിന്റെ കണക്കുകൾ പൂർണ്ണമായും ഇവിടെ പറയുന്നില്ല. എന്നാൽ ശൈശവ വിവാഹങ്ങൾ കേരളത്തിൽ നടക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

വയനാട് ജില്ലയിലെ കാര്യം ശ്രീ. സി. കെ. ശശീന്ദ്രൻ പറയുകയുണ്ടായി. ആദിവാസി മേഖലകളിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം പെരുകുന്നത് വലിയ പ്രശ്നമാണ്. അവർ ദുർബലരായതുകൊണ്ട് ആർക്കും അവരെ സ്വാധീനിക്കാൻ കഴിയും. പുറത്തുനിന്നുള്ള ആളുകൾ കോളനികളിൽ കടന്നുചെന്ന് ആദിവാസി പെൺകുട്ടികളെ ബലാൽക്കാരമായി പ്രാപിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന അവസ്ഥയുണ്ട്. അതിനെല്ലാം ശക്തമായ പ്രതികരണമുണ്ടാകണം. ചില ആദിവാസി വിഭാഗത്തിനിടയിൽ പ്രായപൂർത്തിയാകുന്നതിനുമുമ്പുതന്നെ ആണും പെണ്ണും ഒരുമിച്ച് ജീവിക്കുന്ന നാട്ടാചാരമുണ്ട്. വിവാഹിതരായി ജീവിക്കുന്ന രീതി എന്നുതന്നെയാണ് കണക്കാക്കുന്നത്. അത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ടാകുന്നതിന്റെ ഭാഗമായി ശൈശവ വിവാഹം നടന്നുവെന്ന് ബോദ്ധ്യപ്പെടുമ്പോൾ ചില കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെറുപ്പക്കാരെ ജയിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്. ജയിലിലടയ്ക്കണമെന്ന് പറയാൻ കഴിയാത്തത്ര പരിതാപകരമാണ് അവിടത്തെ ചെറുപ്പക്കാരുടെ അവസ്ഥ. അവർ കുറ്റകൃത്യമായിട്ടല്ല, ആചാരത്തിന്റെ ഭാഗമായി

ചെയ്യുന്നതാണ്. അവിടെയാണ് ശക്തമായ ബോധവൽക്കരണം ആവശ്യമായിവരുന്നത്. വിവാഹത്തിന് സ്ത്രീക്കും പുരുഷനും പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. അത് ആദിവാസി സമൂഹത്തിനെയടക്കം ബോധ്യപ്പെടുത്താൻ വലിയ പ്രചരണം നടത്തേണ്ടതായിട്ടുണ്ട്. ജയിലിലടയ്ക്കുന്നത് കേവലം നിയമത്തിന്റെ ഭാഗമായിട്ടാണ്. ജയിലിലടയ്ക്കുമ്പോൾ കുറച്ച് കുടുംബങ്ങൾ വഴിയാധാരമാകുമെന്നേയുള്ളു. അതു സംബന്ധിച്ചെല്ലാം ചർച്ച ചെയ്യാനും പരിഹാരം കണ്ടെത്താനും സാധിക്കണം.

ശ്രീ. രാജു എബ്രഹാം : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞ പ്രധാനപ്പെട്ട പ്രശ്നം, സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന വനിതകൾ വിധവകളാകുമ്പോൾ ഉള്ളതിനെക്കാൾ വളരെ ഭീകരമാണ് പാവപ്പെട്ട വീട്ടിലെ ഒരു പെൺകുട്ടി വിധവയായി മാറുന്ന അവസ്ഥ എന്നാണ്. യാതൊരു വരുമാനവുമില്ലാതെ, മക്കളെ പഠിപ്പിക്കാൻ കഴിയാതെ, നിത്യനിദാന ചെലവിനുപോലും പണമില്ലാത്ത ദുരവസ്ഥ ആത്മഹത്യയിലേക്കാണെത്തുന്നത്. അങ്ങനെയുള്ളവർക്ക് സാമൂഹ്യനീതി വകുപ്പിന്റെയോ അല്ലെങ്കിൽ നിലവിലുള്ള സംവിധാനത്തിനുള്ളിലോ നിന്നുകൊണ്ട് സ്വയം തൊഴിലിനോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, തീർച്ചയായും.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ആദിവാസികൾക്കിടയിലുള്ള ബാലവിവാഹത്തെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. അതിന്റെ പേരിൽ പോക്സോ അനുസരിച്ച് കേസ്സെടുക്കുന്നത് അങ്ങേയറ്റം പ്രയാസമുണ്ടാക്കുന്നതാണ്. ബാലവിവാഹത്തിന്റെ പേരിൽ കേസ്സെടുത്തോട്ടെ; അത് പിൻവലിച്ച് ജയിലിലുള്ളവരെ വിട്ടയയ്ക്കാനും ഈ കേസ് ദുർബ്ബലപ്പെടുത്താനും നമുക്ക് ഇടപെടാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത് പരിഗണിക്കേണ്ട ഒരു വിഷയമാണ്. പക്ഷേ അതുസംബന്ധിച്ച് ഇവിടെയൊരു മറുപടി പറയാൻ എനിക്ക് സാധിക്കില്ല. നിയമവകുപ്പുമായി ചർച്ച ചെയ്ത് ഇക്കാര്യം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് നോക്കാം. ബഹുമാനപ്പെട്ട രാജു എബ്രഹാം പറഞ്ഞ ഒരു വിഷയമുണ്ട്. സാമ്പത്തികശേഷിയുള്ള കുടുംബത്തിലുള്ളവരും വിധവകളായി മാറുമ്പോൾ മാനസിക സമ്മർദ്ദത്തിന് അടിമപ്പെടുകയാണ്. സാമ്പത്തികമായി യാതൊന്നുമില്ലാതെ ജീവിക്കാൻ വഴിമുട്ടുന്നവരായി നിർദ്ധനർ മാറുകയാണ്. വിധവകളെ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് പറഞ്ഞു. ഞങ്ങൾ നേരത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച

സമിതിയിലെ അംഗങ്ങളായിരുന്നു. നല്ലൊരു ടീമായിരുന്നു. ആ സമിതിയുടെ അധികാര പരിധിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനും നല്ലൊരു പ്രവർത്തനം നടത്താനും അന്ന് ഞങ്ങൾക്ക് സാധിച്ചിരുന്നു. എന്നാൽ അതിനൊരു അധികാര പരിധിയുണ്ട്. അതനുസരിച്ച് മാത്രമേ ആ സമിതിക്ക് കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. ഞങ്ങൾ കളക്ടറേറ്റിൽ സിറ്റിംഗിന് പോകുമ്പോൾ വിധവാ സംഘടനകൾ എന്നുപറഞ്ഞ് നിരവധി സംഘടനകൾ വരും. അങ്ങനെ വരുന്ന പലരെക്കുറിച്ചും പിന്നീട് ആക്ഷേപങ്ങൾ കേട്ടിട്ടുണ്ട്. വിധവകളെ സംഘടിപ്പിച്ച് അവരിൽനിന്നും ഭീമമായ തുക പിരിച്ചെടുക്കുകയാണ് അവർ ചെയ്തിരുന്നത്. ഗവൺമെന്റുമായി ബന്ധപ്പെടുന്നതിന്റെ ഇടനിലക്കാരെന്ന നിലയിൽ ഈ പാവങ്ങളിൽനിന്നും ധാരാളം പണം പിരിക്കുന്ന ആളുകളെക്കുറിച്ച് സൂചന ലഭിച്ചിരുന്നു. ഞങ്ങൾ കർശനമായി അത് നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചിട്ടുമുണ്ട്. എല്ലാ വിധവാ സംഘടനകളും അങ്ങനെയല്ല. ഒരു സാമൂഹ്യപ്രവർത്തക എന്നുള്ള നിലയിൽ കേരളത്തിലെ വിധവകളെ സംഘടിപ്പിക്കാൻ ഈ സംഘടനയുടെ ഭാഗമായി ഒരു പരിശ്രമം നടത്തിയിരുന്നു. അവരിൽനിന്നും പൈസയൊന്നും പിരിച്ചിട്ടില്ല. പക്ഷെ, അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ഒരു സംഘടന എന്നുള്ള നിലയിലാണ് ആ സംഘടന രൂപീകരിച്ചിട്ടുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, നമ്മൾ ചർച്ച ചെയ്യുന്ന വിഷയം എല്ലാവർക്കും വളരെ ഗൗരവബുദ്ധ്യാ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. വിധവകൾ ഗുരുതര രോഗങ്ങൾക്ക് വിധേയരായി ചികിത്സാ സഹായത്തിന് ആരുമില്ലാതെ വരുമ്പോൾ ചികിത്സാ സൗജന്യം ഏർപ്പെടുത്താൻ ആരോഗ്യ വകുപ്പ് മന്ത്രികൂടിയായ അങ്ങ് കൂടുതലായി ശ്രദ്ധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ബഹുമാനപ്പെട്ട രാജു എബ്രഹാം പറഞ്ഞ കാര്യത്തിന് മറുപടി പറഞ്ഞുവരികയായിരുന്നു. ഞാനത് പൂർത്തീകരിച്ചിട്ടില്ല. ഞാൻ പറഞ്ഞത് സംഘടന രൂപീകരിച്ച് വിധവകൾ ഒരുമിച്ച് വന്ന് അത്തരം മീറ്റിംഗുകളിൽ പങ്കെടുക്കുമ്പോൾ അവരിൽ പലരും പറയുന്നത് അവർക്ക് സാമ്പത്തിക സഹായമൊന്നും കിട്ടിയില്ലെങ്കിലും ഒരുമിച്ചിരുന്ന് പ്രശ്നങ്ങൾ ഷെയർ ചെയ്യാൻ സാധിക്കുന്നതുതന്നെ വലിയ അനുഗ്രഹമാണെന്നാണ്. അവർക്ക് അത്രയും സമ്മർദ്ദമാണ്. പ്രശ്നങ്ങൾ ഷെയർ ചെയ്യാൻ വീട്ടിലാരുമില്ല. ഭർത്താവ് നഷ്ടപ്പെട്ടു, മക്കളൊക്കെ ജോലി കിട്ടി പല സ്ഥലത്തും പോയിട്ടുണ്ടാകും. അവരുടെ മനസ്സിലെ പ്രയാസങ്ങൾ പങ്കുവയ്ക്കാനൊരു കേന്ദ്രമില്ലാത്തതുകൊണ്ട് സംഘടനകളിൽ

വരുമ്പോൾ അതിന് സൗകര്യം കിട്ടുന്നുവെന്ന രീതിയിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിൽത്തന്നെ അത്തരം കാര്യങ്ങൾ പരിഗണിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, വിധവകളാകുന്ന സ്ത്രീകളുടെ സാമ്പത്തിക അരക്ഷിതാവസ്ഥയെക്കുറിച്ചും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്ക് നൽകേണ്ട സഹായങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അതിനോട് ബഹുമാനപ്പെട്ട മന്ത്രി പ്രതികരിച്ചു. പക്ഷേ, ഏത് വിഭാഗത്തിൽ പെട്ടവരാണെങ്കിലും വിധവയാകുന്ന ഒരു സ്ത്രീയുടെ മാനസികാവസ്ഥ നമുക്ക് ഊഹിക്കാൻ കഴിയുന്നതിലും അധികമാണ്. ഒരു സുപ്രഭാതത്തിൽ സിന്ദൂരമില്ലാതെയാകുക, കടുത്ത നിറമുള്ള വസ്ത്രങ്ങൾ ഒഴിവാക്കുക, വിശേഷാവസരങ്ങളിൽ നിന്ന് അവളെ മാറ്റിനിർത്തുക എന്നീ പ്രശ്നങ്ങളുണ്ട്. സാമൂഹ്യനീതി വകുപ്പ് മുൻകയ്യെടുത്ത് 'ഒപ്പം', 'കൂട്ട്' എന്നിങ്ങനെയെന്തെങ്കിലും നാമകരണം ചെയ്ത് വിധവകൾക്കായി ഒരു കൂട്ടായ്മ ഉണ്ടാക്കാൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള കൂട്ടായ്മകൾ, വിധവകളുടെ മാത്രം കൂട്ടായ്മയല്ല, സാമൂഹ്യരംഗത്തെ സംഘടനകളുടെയും വ്യക്തികളുടെയും സാമൂഹ്യ പരിഷ്കർത്താക്കളുടെയും പ്രതികരണത്തിന്റെ ഭാഗമായി കുറേയേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. 1930-കളിലും 1940-കളിലുമെല്ലാം ഇന്ത്യയിലുടനീളം വിധവകളോട് കാണിച്ചിരുന്നത് വ്യത്യസ്ത സമീപനമായിരുന്നു. എം.ആർ.ബി.-യുടെയും വി. ടി. ഭട്ടതിരിപ്പാടിന്റെയുമെല്ലാം കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രാജാറാം മോഹൻറോയിയെ പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കൾക്ക് വിധവകൾക്ക് പുനർവിവാഹമാകാമെന്ന സ്ഥിതി വരുത്തുന്നതിന് സമൂഹത്തിൽ വലിയ സമരങ്ങൾതന്നെ ചെയ്യേണ്ടതായി വന്നു. വിധവയെ കണികാണാൻ പാടില്ല; ഗണികയെ കണികാണാം' എന്നു വിശ്വസിച്ചിരുന്ന ഒരു സമൂഹമുണ്ടായിരുന്നു. കണികാണുന്നതിനുവേണ്ടി അത്തരം ആളുകളെ നിർത്തുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. 'ഗണിക' എന്ന പ്രയോഗത്തോട് എനിക്ക് തീരെ യോജിപ്പില്ല. നാടുവാഴിത്ത കാലഘട്ടങ്ങളിൽ സമ്പത്തിന്റെ ഉടമകളായ ആളുകൾ, സമൂഹത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് കാണിച്ചിട്ടുള്ള ഏറ്റവും മ്ലേച്ഛമായ ഒരു സമീപനമായിരുന്നു വിധവയെ കണികാണാൻ പാടില്ലായെന്നത്. മാത്രമല്ല, ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ഇപ്പോഴും സതി സമ്പ്രദായം നിലനിൽക്കുന്നു. 'ഉടന്തടിച്ചാട്ടം'- അതിനെതിരായി ശക്തമായ പ്രതികരണങ്ങൾ അന്നുണ്ടായതാണ്. ബ്രിട്ടീഷുകാർ നിയമംമൂലം നിരോധിച്ചതാണെങ്കിലും ഇപ്പോഴും ഉത്തരേന്ത്യൻ

ഗ്രാമങ്ങളിൽ 'ഉടന്തടിച്ചാട്ടം' തുടരുന്നുണ്ട്. 'രൂപ് കൻവാറി'ന്റെ അനുഭവം നമുക്കുണ്ട്. ഭർത്താവിന്റെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യാൻ തയ്യാറായില്ലെങ്കിൽ ബലമായി ചിതയിൽ കുത്തിപ്പിടിച്ച് തീവച്ചുകൊല്ലുന്ന അവസ്ഥ ഇപ്പോഴും ഇൻഡ്യൻ ഗ്രാമങ്ങളിലുണ്ട്. വളരെ പരിതാപകരമാണത്. എന്നാൽ കേരളത്തിൽ കുറേ മാറ്റമുണ്ടാക്കാൻ നമുക്ക് സാധിച്ചുവെന്നുള്ളതിൽ അഭിമാനിക്കാം. പക്ഷെ ഇങ്ങനെയൊരു ചർച്ച ഈ സഭാതലത്തിൽ നടക്കുമ്പോൾ കാര്യങ്ങളിൽ വേണ്ടത്ര മാറ്റമുണ്ടായിട്ടില്ലാ യെന്നുള്ളതിന്റെ സൂചനയാണ് കാണുന്നത്. ഇത് പരിഷ്കൃത സമൂഹത്തിന് അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തി ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചിട്ടുള്ള ഓരോ നിർദ്ദേശങ്ങളും കണക്കിലെടുത്ത് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യണം.

ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ, ഭർത്താവ് മരിച്ച സ്ത്രീയെ മാത്രമല്ല വിധവയായി അല്ലെങ്കിൽ ഒറ്റപ്പെടുന്നതായി കണക്കാക്കേണ്ടത്. 2006-2011-ൽ ഞാൻ നിയമസഭാംഗമായിരുന്ന സമയത്ത് അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സബ്മിഷൻ സഭയിൽ കൊണ്ടുവരാൻ എനിക്കു സാധിച്ചുവെന്നുള്ളതിൽ അഭിമാനമുണ്ട്. അതിന്റെ ഭാഗമായി ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ അനുവദിച്ചു. ഞാനവതരിപ്പിച്ച സബ്മിഷനെത്തുടർന്നാണ് ആ തീരുമാനമുണ്ടായത്. അന്ന് 'കന്യാസ്ത്രീമാർക്കെല്ലാം പെൻഷൻ കൊടുക്കാൻ പോകുകയാണോ' എന്ന് കളിയാക്കിയിരുന്നു. പക്ഷെ അതംഗീകരിച്ചു. ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് അംഗീകരിച്ചാണ് അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത്. അത്തരത്തിലുള്ള നിയമ നിർമ്മാണങ്ങളും തീരുമാനങ്ങളും നമുക്കിനിയും ആവശ്യമാണ്. നിയമവശം പരിശോധിച്ചുകൊണ്ട് കേരളത്തിൽ അത്തരത്തിലൊരു ബിൽ കൊണ്ടുവരുന്നത് പരിഗണിക്കാവുന്നതാണ്. ബിൽ കൊണ്ടുവരുന്നതിനുള്ള കാലതാമസ ത്തിനിടയിൽത്തന്നെ സാമൂഹ്യനീതി വകുപ്പിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്നും അനുഭാവപൂർവ്വമായ പരിഗണന ഈ വിഷയത്തിലുണ്ടാകുമെന്ന ഉറപ്പാണ് എനിക്ക് നൽകാനുള്ളത്. മേൽപ്പറഞ്ഞ സാങ്കേതിക പ്രശ്നങ്ങളാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ ഹരി, പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി : സർ, തുടർ ചർച്ചയാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ഈ ബില്ലിന്റെ ചർച്ച തുടരുന്നതാണ്.

(ചർച്ച തുടരും)

12.00 Noon]

(2) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട്ടു ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

മി. സ്പീക്കർ : ശ്രീ. എം. സ്വരാജ്, അങ്ങേക്ക് 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട്ടു ചേർന്നുള്ള നിർമ്മാണപ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. സ്വരാജ് : സർ, 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട്ടു ചേർന്നുള്ള നിർമ്മാണപ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, സംസ്ഥാന സർക്കാർ ഇതിനോടകംതന്നെ സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾക്കും മറ്റു വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കും ചുറ്റുമായി പരിസ്ഥിതി സംവേദക മേഖല പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. വന്യമൃഗ സങ്കേതങ്ങൾക്കകത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണമാണ് ബില്ലിലെ മൂന്നാം വകുപ്പിൽ നിർദ്ദേശിക്കുന്നത്. 1972-ലെ കേന്ദ്ര നിയമമായ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് ഈ ബില്ലിലെ നിർദ്ദേശങ്ങൾ. 1980-ലെ വന സംരക്ഷണ നിയമം, 1961-ലെ കേരള ഫോറസ്റ്റ് ആക്ട്, 1986-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് എന്നിവ പ്രകാരം വനപ്രദേശങ്ങളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വീണ്ടും ഒരു നിയമനിർമ്മാണത്തിന് ഒട്ടുംതന്നെ പ്രസക്തിയില്ല. ബില്ലിലെ ചില വ്യവസ്ഥകൾ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 1972- ലെ വന്യമൃഗ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ നിയമസഭ ഈ ബിൽ പാസ്സാക്കിയാലും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനക്ക് നൽകേണ്ടതാണെന്നും ഈ ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും പന്ത്രണ്ട് ലക്ഷത്തോളം രൂപ ചെലവ് വരുമെന്നും കണക്കാക്കിയിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരം ബിൽ നിയമസഭ പരിഗണിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ ആവശ്യമാണെന്ന് നിയമ വകുപ്പും റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബിൽ പരിഗണനയ്ക്കെടുക്കേണ്ടതില്ല എന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. എം. സ്വരാജ് : ബഹുമാന്യനായ സ്പീക്കർ, നമ്മുടെ പാരിസ്ഥിതിക അവബോധത്തെത്തന്നെ ഇന്ന് നവീകരിക്കേണ്ടതുണ്ട്. ആ അർത്ഥത്തിൽ വർത്തമാനകാലത്ത് ഒഴിച്ചുകൂടാനാകാത്ത ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ചുള്ളതാണ് ഈ ബിൽ. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാകുന്നതിനെ സംബന്ധിച്ച് ലോകമെമ്പാടും ഗൗരവതരമായ ചർച്ചകളും പഠനങ്ങളും സമ്മേളനങ്ങളും കരാറുകളുമെല്ലാം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കാലം കഴിയുന്തോറും അത്തരത്തിലുള്ള അറിവുകളും കാഴ്ചപ്പാടുകളുടെ വികാസവും നമ്മളെല്ലാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമി ആരുടേതാണെന്ന മൗലികമായ ചോദ്യത്തെ അഭിമുഖീകരിച്ചുകൊണ്ടല്ലാതെ നമുക്ക് മുന്നോട്ടുപോകാനാകില്ല. യഥാർത്ഥത്തിൽ ഈ ചോദ്യത്തിന് സാർവ്വത്രികവും സാർവ്വജനീനവും സാർവ്വ കാലികവുമായ മറുപടി ആദ്യമായി പറഞ്ഞത് കാറൽ മാർക്സായിരുന്നു. അദ്ദേഹം വളരെ കൃത്യമായി ആ വിഷയത്തെ അഭിമുഖീകരിക്കുന്നുണ്ട്. "ഈ ഭൂമി നമ്മുടെയാരുടേയും സ്വത്തല്ല, നമ്മളെല്ലാം ഇതിന്റെ താൽക്കാലിക ഗുണഭോക്താക്കൾ മാത്രമാണ്. നമുക്ക് കിട്ടിയതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിൽ നാം വരുംതലമുറകൾക്ക് ഇത് കൈമാറേണ്ടതാണ്" എന്നാണ് കാറൽ മാർക്സ് ഈ വിഷയത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ് : സർ, ഉൽപ്പത്തി പുസ്തകത്തിലെ ക്വട്ടേഷൻ കാറൽ മാർക്സ് ഉദ്ധരിച്ചതാണെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. എം. സ്വരാജ് : ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചും പുതിയ നിയമത്തെ കുറിച്ചും പ്രാഥമികമായെങ്കിലും മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ളവരാണ് നമ്മൾ രണ്ടുപേരും. ഉൽപ്പത്തി പുസ്തകത്തിനുശേഷം ആധുനിക കാലഘട്ടത്തിൽ ഇതിനെ സംബന്ധിച്ച് ആധികാരികമായൊരു അഭിപ്രായം രേഖപ്പെടുത്തിയതിനെ കുറിച്ചാണ് ഞാൻ പറഞ്ഞത്. അത് അങ്ങേക്ക് മനസ്സിലാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മഹാനായ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ വിശ്വപ്രസിദ്ധമായ "ഭൂമിയുടെ അവകാശികൾ" എന്ന കഥയിൽ ഈ കാഴ്ചപ്പാടിനെ സർഗ്ഗാത്മകമായും ഭാവനാപൂർണ്ണമായും അവതരിപ്പിക്കുന്നുണ്ട്. കരിക്ക് കുടിച്ച് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വവ്വാലിനെ സംബന്ധിച്ചുള്ള ഒരു പരാമർശത്തിൽ അദ്ദേഹം പറയുന്നത് "അത് വവ്വാലിന്റെ അവകാശമാണ്" എന്നാണ്. "പുരാതന പുരാതനമായ അവകാശം" എന്ന വാക്കാണ് അദ്ദേഹത്തിന്റെ ബഷീറിയൻ ശൈലിയിൽ ഉപയോഗിച്ചിരിക്കുന്നത്. "ഭൂമിയുടെ അവകാശികൾ" എന്ന കഥ അവസാനിക്കുന്നത് മനുഷ്യരാശിക്ക് പുതിയൊരു സന്ദേശം പകർന്നുനൽകിക്കൊണ്ടാണ്. "ഓർക്കുക, ജീവികളായ സർവ്വ ജീവികളും ഈ ഭൂമിയുടെ അവകാശികളാണ്"

എന്നാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രയോഗം. ഏതാണ്ട് ആ കാഴ്ചപ്പാടുതന്നെയാണ് പ്രസിദ്ധ കവിയായ ബെർറ്റോൾഡ് ബ്രെഹ്ത്തിന്റേതും. "ജീവികൾക്കൊക്കെയും വേണമല്ലോ മറ്റ് ജീവികൾതൻ സഹായം" എന്നാണ് അദ്ദേഹം പാടിയിട്ടുള്ളത്. വള്ളത്തോളിന്റെ "എന്റെ ഗുരുനാഥൻ" ആരംഭിക്കുന്നതുതന്നെ "ലോകമേ തറവാട് തനിക്കീ ചെടികളും പുൽകളും പുഴക്കളും കൂടിത്തൻ കുടുംബക്കാർ" എന്നാണ്. ചെടിയെയും പുല്ലിനെയും പുഴുവിനെയും എല്ലാ പക്ഷിമൃഗാദികളെയും കുടുംബാംഗങ്ങളെപ്പോലെ കാണുന്ന ഒരു മനോഭാവത്തെക്കുറിച്ചാണ് പാടി പുകഴ്ത്തിയിട്ടുള്ളത്. ഗാന്ധിജിയെ കുറിച്ചാണ് അങ്ങനെ പരാമർശിക്കുന്നത്. ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളും സാഹിത്യവും ചിന്തകളുമെല്ലാം സജീവമായി നിൽക്കുമ്പോഴും ആധുനിക കാലഘട്ടത്തിൽ ലാഭകേന്ദ്രീകൃതമായ ഒരു സാമൂഹിക അന്തരീക്ഷത്തിൽ, പ്രത്യേകിച്ചും നവലിബറൽ നയങ്ങളുടെയും ആഗോളവത്ക്കരണത്തിന്റെയുമെല്ലാം സ്വാധീനം ജീവിതത്തിന്റെ സമസ്ത മേഖലകളെയും കീഴടക്കുന്ന ഈ ഘട്ടത്തിൽ, ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ വിസ്മയകരമായ വിസ്ഫോടനങ്ങൾ, അതിന്റെ ഫലങ്ങൾ വിവേചന രഹിതമായി ഉപയോഗിക്കുന്നതിന്റെയെല്ലാം ഭാഗമായി പ്രകൃതിയുടെ സന്തുലിതാവസ്ഥയും ആവാസ വ്യവസ്ഥയും തകരാറിലായി ക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പലതരത്തിലുള്ള ഭീഷണികൾ വരുന്നുണ്ട്. റെയ്ച്ചൽ കാർസൺ-ന്റെ 'The Silent Spring' (നിശ്ശബ്ദ വസന്തം) എന്ന പുസ്തകത്തിലൂടെ പക്ഷികൾ പാടാത്ത ഒരു വസന്തത്തിന്റെ ഭീകരതയെക്കുറിച്ചുള്ള മുന്നറിയിപ്പ് തന്നിരുന്നു. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ പ്രയോഗം പരിസ്ഥിതിയിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ ജന്തുജീവജാലങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നതിന്റെ മുന്നറിയിപ്പാണ്. അതിനുശേഷമാണ് 1969-ൽ ശ്രേഷ്ഠനായ കഥാകാരൻ ശ്രീ. ടി. പത്മനാഭന്റെ "സാക്ഷി" എന്ന കഥ പുറത്തിറങ്ങുന്നത്. മലയാളത്തിലെ ആദ്യത്തെ പരിസ്ഥിതി പ്രമേയമായ കഥയാണ് "സാക്ഷി" എന്നാണ് എനിക്ക് തോന്നുന്നത്. ആ കഥയിൽ ഈ ആശങ്കകളെ മറ്റൊരു തലത്തിൽ പങ്കുവയ്ക്കുന്നുണ്ട്. "കിളികളും പൂക്കളും തളിരുമില്ലാത്ത ഒരു വസന്തം എത്രമേൽ ഭീതിജനകമായിരിക്കും" എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്.

ഡോ. എൻ. ജയരാജ് : സർ, 1964-ലാണ് ഒ.എൻ.വി. സാറിന്റെ "കാണക്കാണെ വയസ്സാവുന്നു മക്കൾക്കമ്മെ എങ്കിലും നവതാരുണ്യം...." എന്നുപറയുന്ന മനോഹരമായ "ഭൂമി" എന്ന കവിത ആദ്യം ഇറങ്ങുന്നത്. അതിനുശേഷം 1984- ലാണ് അദ്ദേഹം "ഭൂമിക്കൊരു ചരമഗീതം" എന്ന കവിത എഴുതിയത്. 1964-ൽ നിന്ന് കേരളം 1984-ലേക്ക് കടന്നപ്പോൾ ആദ്യത്തെ വരികളിൽനിന്ന് "ഭൂമിയുടെ ചരമഗീതം"

എഴുതാൻ ഒ.എൻ.വി. കുറുപ്പ് സാറിനെ പ്രേരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട ഘടകം ലാഭകേന്ദ്രീകൃതമായ ഒരു സങ്കൽപ്പത്തിനപ്പുറത്ത് മനുഷ്യകേന്ദ്രീകൃതമായ വികസന സങ്കൽപ്പങ്ങളുടെ താല്പര്യത്തിലേക്ക് കടന്നുവന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എം. സ്വരാജ്</u> : സർ, എനിക്കതിനോട് പൂർണ്ണമായ യോജിപ്പാണുള്ളത്. ഞാനിവിടെ ശ്രീ. ടി. പത്മനാഭന്റെ കഥയെക്കുറിച്ച് സൂചിപ്പിച്ചത് കഥയെന്ന നിലയിലാണ്. ഒ.എൻ.വി. കുറുപ്പിന് മുമ്പ് 'കുറ്റിപ്പുറം പാല'ത്തിൽ ഇടശ്ശേരി എഴുതിയിട്ടുണ്ട്. "കളിയും ചിരിയും കരച്ചിലുമായി കഴിയും നരനൊരു യന്ത്രമായാൽ അമ്പ പേരാറെ നീ മാറിപ്പോമോ ആകുലയാമൊരഴുക്കുചാലായ്!" എന്ന്. ഇന്ന് പേരാറിന്റെ തീരത്തുകൂടി പോകുമ്പോൾ ഇടശ്ശേരി പ്രവാചകനായിരുന്നോ എന്ന സംശയം തോന്നുക സ്വാഭാവികമാണ്. ഞാൻ 'ഭൂമിക്കൊരു ചരമഗീത'ത്തിലേയ്ക്ക് വരണമെന്ന് കരുതിയതാണ്. ബഹുമാനപ്പെട്ട അംഗം അതിനെക്കുറിച്ച് പറഞ്ഞു കൊണ്ട് ഞാൻ അതിലേക്ക് വരുന്നില്ല. ഇതെല്ലാം നിൽക്കുമ്പോഴും പാരിസ്ഥിതികമായ പ്രശ്നങ്ങളെ ഗൗരവത്തോടുകൂടി കാണാനുള്ള വൈമനസ്യം നമുക്കുണ്ട്. ആ പാരിസ്ഥിതിക അവബോധത്തെ വർത്തമാനകാല ജീവിതവുമായി ബന്ധിപ്പിച്ചു കാണാൻ പലയിടത്തും മടികാണുന്നുണ്ട്.

ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത് പക്ഷിമൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചാണ്. പക്ഷിമൃഗ സങ്കേതങ്ങൾ എന്നുപറഞ്ഞാൽ, വനമേഖലയിലുള്ളതു മാത്രമല്ല. പക്ഷികളും മൃഗങ്ങളും കൂട്ടമായി കാണാൻ കഴിയുന്ന വനമല്ലാത്ത പ്രദേശങ്ങളുണ്ട്. കടലുണ്ടി പുഴയുടെ തീരത്ത് പക്ഷിസങ്കേതം കാണാൻ കഴിയും. സൈബീരിയ, ഖസാക്കിസ്ഥാൻ, ഇക്വഡോർ തുടങ്ങി ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും ദേശാടനപ്പക്ഷികൾ അവിടെ കൂട്ടംകൂട്ടമായി എത്തുന്നുണ്ട്. ആൽബട്രോസും ആർടിക്ടേണുമെല്ലാം അവിടെ വരും. ഇതെല്ലാം ഒരു സുപ്രഭാതത്തിൽ എന്ന് നമുക്കു തോന്നുംവിധം, പക്ഷേ സാവധാനത്തിൽ മാഞ്ഞുപോകുന്നു. കാണെക്കാണെ മാഞ്ഞുപോകുക എന്നൊരു പ്രയോഗം തന്നെ 'സാക്ഷി' എന്ന കഥയിലുണ്ട്. അവയൊക്കെ അപ്രത്യക്ഷമാകുകയാണ്. എങ്ങോട്ടാണ് അല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവയൊക്കെ പോകുന്നത്? നമുക്കത് കൃത്യമായി തിരിച്ചറിയാനോ അങ്ങനെ പോകുന്നതുമൂലം ആവാസ വ്യവസ്ഥയ്ക്കേൽക്കുന്ന പരിക്കുകളെക്കുറിച്ച് ബോധവാന്മാരാകാനോ കഴിയാതെ പോകുന്നുവെന്ന നിർഭാഗ്യ കരമായ ഒരവസ്ഥയുണ്ട്. പണ്ടൊക്കെ പുലർകാലങ്ങളിൽ കേരളത്തിലെ ഏത് അങ്ങാടികളിലൂടെ കടന്നുപോയാലും എല്ലായിടത്തും അങ്ങാടിക്കുരുവികളെ കാണാൻ

സാധിക്കുമായിരുന്നു. പക്ഷേ ഇന്ന് അവയെ കാണാനേയില്ല. ഈ അങ്ങാടിക്കുരുവികൾ എവിടെ? ഇങ്ങനെ ചില വിഭാഗം ജീവികൾ, ചില പക്ഷികൾ കാണെക്കാണെ മാഞ്ഞുപോകുകയാണ്. കാക്കപോലും ഇല്ലാതെ പോകുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, ബഹുമാനപ്പെട്ട എം. സ്വരാജ് വരുന്നത് നിലമ്പൂരിൽ നിന്നാണ്. ഒരുപാട് വനപ്രദേശമുള്ള സ്ഥലത്തുനിന്ന്, ഞങ്ങളുടെ ജില്ലയായ എറണാകുളത്തിന്റെ പ്രതിനിധിയായാണ് താങ്കൾ വന്നിരിക്കുന്നത്. എറണാകുളത്തിന്റെ വികസനം നമ്മുടെ മുമ്പിലുണ്ട്; ധാരാളം പദ്ധതികൾ നടപ്പാകുന്നുണ്ട്. പക്ഷേ ചെറുതാണെങ്കിലും ഒഴിവാക്കേണ്ടതല്ലാത്ത മനോഹരമായ ഒരു പ്രദേശമാണ് മംഗളവനം. എറണാകുളം നഗരത്തിന്റെ 'ഗ്രീൻ ലംഗ്' എന്നാണ് അതറിയപ്പെടുന്നത്. വളരെയധികം ജൈവ സവിശേഷതകളുള്ള കണ്ടൽക്കാടുകളെ സംരക്ഷിക്കുന്ന; 8 തരം കണ്ടലുകളുള്ള മംഗളവനമെന്ന പക്ഷിസങ്കേതത്തെ നശിപ്പിച്ചുകൊണ്ടാണ് ചട്ടങ്ങൾക്കെല്ലാം വിരുദ്ധമായി ബഹു. ഹൈക്കോടതിയുടെ കെട്ടിടം പണിതിരിക്കുന്നത്. അത്തരത്തിലുള്ള പ്രദേശങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് അങ്ങയുടെ ബിൽ ലക്ഷ്യം വയ്ക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് അങ്ങ് ഞങ്ങളുടെ ജില്ലയിലേയ്ക്ക് വരുമ്പോൾ അത്തരം പോരാട്ടങ്ങളിൽ നമുക്കൊരുമിച്ച് കൈകോർക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. എം. സ്വരാജ് : തീർച്ചയായും. എറണാകുളത്തെ മെമ്പർ സൂചിപ്പിച്ചതു തന്നെയാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. ഇത്തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ പക്ഷിമൃഗാദികളുടെ സ്വൈര്യവിഹാരത്തിന് ആഘാതം ഏൽപ്പിക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന ഫൈബർ, ഗ്ലാസ്, വിവിധതരത്തിലുള്ള ലോഹ ഷീറ്റുകൾ തുടങ്ങിയവയിൽ സൂര്യപ്രകാശം തട്ടി പ്രതിഫലിക്കുമ്പോഴുണ്ടാകുന്ന അസ്വസ്ഥതകൾ പക്ഷികളെ അവിടെ നിന്ന് ഒഴിഞ്ഞുപോകാൻ പ്രേരിപ്പിക്കുന്നു. കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ സാമഗ്രികളിൽ വെയിലേറ്റ് താപനിലയിലുണ്ടാകുന്ന സൂക്ഷ്മമായ മാറ്റങ്ങൾപോലും പക്ഷിമൃഗാദികളെ ആ പ്രദേശത്തുനിന്ന് അകറ്റാനിടയാക്കും. പക്ഷിമൃഗസങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഇല്ലെങ്കിൽ പക്ഷിസങ്കേതങ്ങളിലും മൃഗസങ്കേതങ്ങളിലുമെല്ലാം ജീവികളില്ലാതെയാകും. മൃഗശാലകൾ നിർമ്മിക്കുന്നതിലെ നമ്മുടെ കാഴ്ചപ്പാടുകൾ വളരെ പ്രാകൃതമായിട്ടുള്ളതാണ്. ഒരിക്കൽ എനിക്ക് ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിന് സമീപമുള്ള ഒരു പക്ഷിമൃഗ സങ്കേതത്തിൽ പോകാൻ അവസരം ലഭിച്ചു. ബഹുമാനപ്പെട്ട കല്ല്യാശ്ശേരി മെമ്പറും ആ കൂട്ടത്തിലുണ്ടായിരുന്നു. ആ പക്ഷിമൃഗസങ്കേതം നമ്മുടെ സങ്കല്പത്തിലുള്ളതായിരുന്നില്ല. ജോഹന്നാസ്ബർഗിലെ നെൽസ്പ്രൂയ്റ്റിൽ നിന്നും ആരംഭിച്ച് ടാൻസാനിയയുടെയും

മൊസാംബിക്കിന്റെയും ലെസൊത്തോയുടെയുമെല്ലാം അതിർത്തികൾ പങ്കുവയ്ക്കുന്ന അതിവിശാലമായ, കേരളത്തെക്കാൾ വലിയ ഒരു പക്ഷിമൃഗ സങ്കേതമാണത്. പക്ഷേ ഒരു നിർമ്മാണപ്രവർത്തനവും അവിടെ കാണാനാകില്ലെന്നതാണ് അതിന്റെ പ്രത്യേകത. എല്ലാ പക്ഷികളും മൃഗങ്ങളും സ്വാഭാവികമായ പ്രകൃതിയിൽ ജീവിക്കുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിവിടെ നടപ്പിലാക്കാൻ പ്രായോഗികമായ ഒരുപാട് തടസ്സങ്ങളുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബില്ലിലൂടെ കൊണ്ടുവന്നത്. വന്യജീവിസങ്കേതങ്ങളുമായി ബന്ധപ്പെട്ട ഒരു കേസ് വർഷങ്ങളായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുന്നിലുണ്ട്. വന്യജീവി സങ്കേതങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിൽ കെട്ടിട നിർമ്മാണങ്ങളുണ്ടാകാം; ക്വാറികളുണ്ടാകാം; ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട ഇൻഡസ്ട്രിയുണ്ടാകാം തുടങ്ങിയവ സംബന്ധിച്ചാണ് കേസ്. വന്യജീവിസങ്കേതത്തിന്റെ എത്ര കിലോമീറ്റർ ചുറ്റളവിൽ വരെ നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് സുപ്രീംകോടതി എല്ലാ സംസ്ഥാനങ്ങളോടും അഭിപ്രായം ചോദിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും മാറിമാറി ഭരിച്ചിട്ടും ഇതുവരെയും ഇതുസംബന്ധിച്ച ഒരഭിപ്രായം നമ്മുടെ സംസ്ഥാന മുൾപ്പെടെ സുപ്രീം കോടതിയിൽ അറിയിച്ചിട്ടില്ല. കാരണം, പലവിധത്തിലുള്ള സമ്മർദ്ദങ്ങളുണ്ട്. ഇരുതലങ്ങളിലുള്ള എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ അതിനെതിരായിട്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. എത്ര ദൂരത്തിലാണ് നിയന്ത്രണങ്ങൾ വേണ്ടതെന്ന കാര്യത്തിൽ, സംസ്ഥാനങ്ങളിൽ നിന്ന് കൃത്യമായ അഭിപ്രായം ലഭിച്ചില്ലെങ്കിൽ ഒരു പക്ഷേ സുപ്രീംകോടതി തന്നെ ഏകപക്ഷീയമായി ചിലപ്പോൾ 10 കിലോമീറ്ററോളം ദൂരം വന്യജീവി സങ്കേതത്തിന്റെയടുത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. വന്യജീവി സങ്കേതങ്ങളെയും പക്ഷി സങ്കേതങ്ങളെയും സംരക്ഷിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ സംസ്ഥാന ഗവൺമെന്റിന് കൃത്യമായ അഭിപ്രായം വേണം. അത് സമന്വയത്തിലൂടെ മാത്രമേ രൂപീകരിക്കാൻ കഴിയുകയുള്ളൂ. ഞാനും ശ്രീ. രാജു എബ്രഹാമും വളരെ വ്യത്യസ്തമായ കോണുകളിൽനിന്ന് ഫൈറ്റ് ചെയ്തതാണ്. ആ അഭിപ്രായം രൂപീകരിച്ച് സുപ്രീം കോടതിയിലെത്തിക്കാൻ അങ്ങയുടെ ഈ ബിൽ വഴി അങ്ങ് ശ്രമിക്കുമോ?

ശ്രീ. രാജു എബ്രഹാം : സർ, വന്യജീവി സങ്കേതങ്ങളുടെ പ്രശ്നം നമ്മളൊരുമിച്ച് ചർച്ച ചെയ്തതാണ്. വന്യമൃഗ സങ്കേതങ്ങളുടെ 10 കിലോമീറ്റർ ചുറ്റളവിൽ ഈ നിയമങ്ങൾ കർശനമായി നടപ്പാക്കിയാൽ; അങ്ങ് പറഞ്ഞ ഓറഞ്ച്

കാറ്റഗറി, കെമിക്കൽ ഇൻഡസ്ട്രീസ് എന്നിവയൊക്കെ നമുക്ക് സമ്മതിക്കാം. പക്ഷേ പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് കുടുംബങ്ങൾ കുടിയിറക്കപ്പെടേണ്ട അവസ്ഥ വരുമെന്നുള്ളതുകൊണ്ട് മാത്രമാണ് കമ്മിറ്റിയിൽ ഞങ്ങൾ അതിനെ എതിർത്തിട്ടുള്ളത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഇവിടെ ശ്രീ. വി. ഡി. സതീശനും ശ്രീ. ഹൈബി ഈഡനും സംസാരിച്ചപ്പോൾ എറണാകുളത്ത് മംഗള വനത്തോടുചേർന്നാണ് ഹൈക്കോടതി കെട്ടിടം സ്ഥാപിച്ചിട്ടുള്ളതെന്ന് പറഞ്ഞു. കെട്ടിടം സ്ഥാപിക്കാൻ നഗരസഭയാണ് അനുമതി കൊടുക്കേണ്ടത്. പക്ഷേ നഗരസഭയുടെ അനുമതിയില്ലാതെയാണ് ഹൈക്കോടതി കെട്ടിടം അവിടെ പണിതിട്ടുള്ളതെന്നു കാണുമ്പോൾ പ്രശ്നം വളരെ ഗുരുതരമാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട് പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളിലൊന്നാണ്. നേരത്തെ ദേശാടനപക്ഷികളുടെ കാര്യം പറഞ്ഞു. സീസൺ സമയത്ത് കൊക്കുകളൊക്കെ മറ്റു സ്ഥലങ്ങളിൽനിന്നും പറന്നുവന്ന് ഇവിടെ താമസിക്കും. അതെല്ലാം സ്വകാര്യസ്ഥലത്താണ്; ചിലത് പുഴയോരങ്ങളിലുമാണ്. അവയെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കുമോ? രണ്ടാമത്, ഭൂമിയുടെ കിടപ്പനുസരിച്ച് കെട്ടിടം പണിയണമെന്ന രീതിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജില്ലാ കളക്ടറുടെ ഒരുത്തരവുണ്ടായിരുന്നു. പക്ഷേ ഗവൺമെന്റ് അത് പിൻവലിച്ചു. ഭൂമിയുടെ തരം മാറ്റാതെ, കുന്നുകൾ ഇടിച്ചുമാറ്റാതെ ഊട്ടി മോഡലിലുള്ള കെട്ടിടനിർമ്മാണം നടപ്പാക്കാൻ കഴിയുമോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാം ഇതിന് നിയന്ത്രണം കൊണ്ടുവരുമ്പോൾ കോടതിയിൽനിന്ന് അനുവാദം വാങ്ങി വീണ്ടും നിർമ്മിക്കുകയാണ് ചെയ്യുന്നത്. ഇതിനെങ്ങനെ തടസ്സം സൃഷ്ടിക്കാൻ കഴിയും; കുന്നുകൾ വൻതോതിൽ ഇടിക്കുന്നത് പക്ഷിമൃഗാദികളെയും മനുഷ്യരെയുമൊക്കെ ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അത്തരം കാര്യങ്ങളെക്കുറിച്ചു കൂടി ബില്ലിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച പരിസ്ഥിതി സംബന്ധമായ ഈ ബില്ലിന്റെ താൽപ്പര്യത്തെ അംഗീകരിച്ചുകൊണ്ടു പറയുകയാണ്, ഇതിന് ചില മറുവശങ്ങളുമുണ്ട്. ശ്രീ. വി. ഡി. സതീശനും ശ്രീ. രാജു എബ്രഹാമുമൊക്കെ പറഞ്ഞ വന്യജീവി സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള സുപ്രീംകോടതിയിലെ കേസും തുടർന്ന് എം.എൽ.എ.-മാരുടെ സമിതി, ഞങ്ങൾ

ഇതെല്ലാം പരിശോധിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ സൈലന്റ്‌വാലിയുൾപ്പെടെ കേരളത്തിലെ വന്യജീവി സങ്കേതങ്ങളുണ്ട്. അന്നൊരു തീരുമാനത്തിലെത്തിയില്ലെന്ന് പറയാൻ കഴിയില്ല; തീരുമാനത്തിലെത്തിയിട്ടുണ്ട്. വന്യജീവി സങ്കേതത്തിന്റെ വിസ്തൃതിക്കനുസരിച്ച് 100 മീറ്റർ മുതൽ അര കിലോമീറ്റർ വരെ, ബഫർ സോൺ നേരത്തേയുണ്ട്. അതിനുപുറമേ കുറച്ചുകൂടി സ്ഥലങ്ങളിൽ നിയന്ത്രണം എർപ്പെടുത്തി കൊണ്ട് ഞങ്ങൾ തീരുമാനം എടുത്തിരുന്നു. ഈ തീരുമാനത്തിനും തെളിവെടുപ്പിനുമായി പോയപ്പോൾ ആയിരക്കണക്കിനാളുകളെയാണ് ഞങ്ങൾക്ക് കാണേണ്ടിവന്നത്. കാരണം, ഇതിന്റെ പരിസരത്ത് ജീവിക്കുന്ന മനുഷ്യരുടെ വികാരംകൂടി നമ്മൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇന്ന് രാവിലെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയം, വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്ന ആളുകളുടെ പ്രശ്നമാണ്. സൈലന്റ്‌വാലിയുടെ 100 മീറ്റർ പരിധിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുമ്പോൾ മുക്കാലിയിലും പരിസരത്തും ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. അവിടെയുള്ള കുടുംബങ്ങളെ എന്തു ചെയ്യുമെന്നുള്ള പ്രശ്നമുണ്ട്. അപ്പോൾ പരിസ്ഥിതിയെ നിലനിർത്തുകയും വേണം. നിലമ്പൂരിൽനിന്ന് വരുന്ന ശ്രീ. എം. സ്വരാജിന് ഇത്തരത്തിൽ എങ്ങനെ പറയാൻ കഴിഞ്ഞുവെന്നുള്ളതിൽ എനിക്ക് അത്ഭുതമുണ്ട്. കാരണം, നിലവിലുള്ള വനം പരിസ്ഥിതി നിയമങ്ങൾകൊണ്ടുതന്നെ ആ പ്രദേശത്ത് ജിവിക്കുന്ന ആളുകൾ ബുദ്ധിമുട്ടുകയാണ്. "നിങ്ങൾ മൃഗങ്ങളെ സ്നേഹിച്ചോ, ഞങ്ങൾ ഇവിടെ നിന്ന് കുടിയിറങ്ങിപ്പൊയ്ക്കോളാം" എന്ന് അട്ടപ്പാടിയിലെ ആളുകൾ പറയുന്നുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ചെറിയ ഭൂവിസ്തൃതി, അതിൽ മൂന്ന്-മൂന്നര കോടി ജനങ്ങൾ, കിഴക്കോട്ട് വെസ്റ്റേൺ ഘാട്ടും പർവ്വതങ്ങളും അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ, പടിഞ്ഞാറോട്ട് കടലിന്റെ നിയന്ത്രണങ്ങൾ, നടുക്ക് കായലിന്റെ നിയന്ത്രണങ്ങൾ. ഇതിൽ ജനങ്ങളെന്ത് ചെയ്യും? ഈ ബിൽ വരുന്നത് പരിസ്ഥിതി സംരക്ഷണത്തിന് ഉതകുമെന്നതോടൊപ്പം തന്നെ നിലവിൽ ഇതിന് ഒരുപാട് നിയന്ത്രണങ്ങളുണ്ട്. ഇക്കോ സെൻസിറ്റീവ് സോണും ബഫർ സോണുമുണ്ട്. ഇപ്പോൾത്തന്നെ അവിടെ നിർമ്മാണ പ്രവർത്തന ങ്ങളൊന്നും നടത്താൻ സാധിക്കില്ല. ആ കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കില്ലേയെന്നുള്ളത് സൂചിപ്പിക്കുകയാണ്.

ശ്രീ. പി. കെ. ശശി : സർ, ഞാൻ ആദ്യമായി ഇക്കാര്യത്തിൽ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീനോട് യോജിക്കുകയാണ്. ഞാനൊരു കൃഷിക്കാരനാണ്. മനുഷ്യന്റെയും കൃഷിക്കാരന്റെയും താൽപ്പര്യങ്ങളെ പണയപ്പെടുത്തി ഒരു പ്രത്യേക നിയമം ഇതിന്റെ ഭാഗമായി കൊണ്ടുവരണമെന്നുള്ള അഭിപ്രായക്കാരനല്ല

ഞാൻ. എന്റെ വീടിന്റെയടുത്ത് നല്ല മരങ്ങളുണ്ട്. അതിലൊക്കെ പക്ഷികൾ ധാരാളം വന്നിരിക്കുന്നത് ഞാൻ ആസ്വാദിക്കാറുണ്ട്. പക്ഷെ, വന്യമൃഗങ്ങളുടെ ആക്രമണത്തിന് കടുത്ത രൂപത്തിൽ വിധേയനായിട്ടുള്ള ആളാണ് ഞാൻ. ലക്ഷക്കണക്കിന് രൂപ കടമെടുത്ത് ഫെൻസിംഗ് ഏർപ്പെടുത്തേണ്ടി വന്ന ഗതികേടിലാണ്. മാത്രമല്ല, വവ്വാൽ, അപകടം പിടിച്ച പട്ടികൾ ഇവയെല്ലാം വ്യാപകമാണ്. ഞങ്ങളൊക്കെ താമസിക്കുന്നത് ഏതാണ്ട് ബഫർ സോണിനടുത്താണ്. ഇതെല്ലാം സംരക്ഷിക്കാനുതകുന്ന നിയമമാണ് ഇപ്പോഴുള്ളത്. ഇതൊക്കെയുണ്ടാകുമ്പോൾ തന്നെ ധാരാളം പ്രശ്നങ്ങളുണ്ട്.

ശ്രീ. എ. എൻ. ഷംസീർ : സർ, ശ്രീ. എം. സ്വരാജ് പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന ബില്ലിനോടൊപ്പമാണ് ഞാൻ. പക്ഷേ ഇപ്പോഴത്തെ ഗ്രൗണ്ട് റിയാലിറ്റി എന്താണെന്ന് നമുക്കറിയാം. ശ്രീമതി മേനക ഗാന്ധിയുടെ ഉത്തരവുകൊണ്ട് നമുക്ക് നഗരത്തിലിറങ്ങാൻ സാധിക്കുന്നില്ല. നാട്ടിലിറങ്ങിയാൽ പട്ടിശല്യമാണ്. എം.എൽ.എ.-മാർക്കൊന്നും കടികൊള്ളില്ല. കാരണം, നമ്മളധികവും കാറിലാണ് യാത്ര ചെയ്യുന്നത്. ശ്രീമതി മേനക ഗാന്ധിക്ക് ഉത്തരവിറക്കുന്നതിന് കുഴപ്പമില്ല. കാരണം, ആനപ്പുറത്തിരിക്കുന്നവർക്ക് നായയെ പേടിക്കേണ്ട കാര്യമില്ല. ഇങ്ങനെ കുറെ പ്രശ്നങ്ങളുണ്ടെന്നതും കാണണം. ഒരുഭാഗത്ത് പട്ടിശല്യം കേരളത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മണി : സർ, സുപ്രീംകോടതി സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ചോദിച്ചിട്ടും സംസ്ഥാനങ്ങൾ അറിയിച്ചില്ല. നമ്മുടെ സംസ്ഥാനവും അറിയിക്കാത്തത് ഇതൊരു സങ്കീർണ്ണ പ്രശ്നമായതുകൊണ്ടാണ്. ഒരു കാരണവശാലും ശ്രീ. എം. സ്വരാജ് പറഞ്ഞതു പോലെയൊന്നും നിയന്ത്രിക്കാൻ കഴിയില്ല. പൊതുജനങ്ങൾക്കിടയിൽ പ്രവർത്തിക്കാത്ത സ്വപ്നജീവികളായ ആർക്കെങ്കിലും പക്ഷിയുടെയും മൃഗത്തിന്റെയും കാര്യത്തിൽ നിയമം കൊണ്ടുവരണമെന്നു പറയാൻ...., ഇടുക്കി ജില്ലയെ ബാധിക്കുന്ന വലിയ പ്രശ്നമാണിത്.

ശ്രീ. എം. സ്വരാജ് : സർ, ഇനി ഞാൻ ആർക്കും വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. എന്റെ സമയം കഴിയാറായി. ബഹുമാനപ്പെട്ട സ്പീക്കർ, ഇനിയെനിക്ക് എത്ര സമയം തരും?

മി. സ്പീക്കർ : 12.30-ന് അവസാനിപ്പിക്കണം.

ശ്രീ. കെ. രാജൻ : സർ, സഭ ഇത്തരത്തിലൊരു തെറ്റായ ചർച്ചയിലേയ്ക്ക് പോകരുത്. ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച ഈ ബില്ലിന്റെ പൊതുസ്വഭാവത്തെ, സ്വപ്നാടന ജീവികളാണ് പരിസ്ഥിതിയെ സംരക്ഷിക്കാൻ നടക്കുന്നതെന്ന തരത്തിലുള്ള

പരാമർശത്തിലേക്ക് പോകരുത്. ഇത് വളരെ ഗൗരവമായ പ്രശ്നമായതു കൊണ്ട് അത്തരം പരാമർശങ്ങൾ ഉൾപ്പെടുത്തുന്നത് ശരിയല്ല. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഗുണകരമായ അഭിപ്രായ പ്രകടനത്തെക്കുറിച്ചാണ് ശ്രീ. എം. സ്വരാജ് പറയുന്നത്.

ശ്രീ. എം. സ്വരാജ് : സർ, ദയവായി ക്ഷമിക്കണം, എനിക്കിനി സമയമില്ലാത്തതുകൊണ്ട് ഞാൻ ആർക്കും വഴങ്ങാനുദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ മറ്റൊരാൾക്ക് സംസാരിക്കാൻ പറ്റൂ. ഇനി അങ്ങ് സംസാരിക്കൂ.

ശ്രീ. എം. സ്വരാജ് : സർ, മറ്റുള്ള അംഗങ്ങൾ ദയവായി ക്ഷമിക്കണം. എനിക്ക് സമയമില്ലാത്തതുകൊണ്ട് വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള കേസ്സിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പറവൂർ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പരമോന്നത നീതിപീഠത്തിന്റെ മുമ്പാകെ പാരിസ്ഥിതികമായ വിഷയങ്ങൾ ഉയർന്നുവന്ന വിവിധ ഘട്ടങ്ങളിൽ, പ്രത്യേകിച്ച്, M.C. Mehta V/s. Union of India എന്ന പേരിലുള്ള പല കേസ്സുകളിലും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് സഹായകരമായ വിധി ന്യായങ്ങൾ വന്നിട്ടുള്ളതാണ്. ഇന്ന് നാം കൈക്കൊള്ളുന്ന പാരിസ്ഥിതികമായ നിലപാടുകളിൽ ഇന്നല്ലെങ്കിൽ നാളെ നമുക്കെല്ലാം മാറ്റം വരുത്തേണ്ടതായി വരും, ശരിയായ കാഴ്ചപ്പാടുകൾ സ്വീകരിക്കേണ്ടതായിവരും. കക്ഷിരാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കപ്പുറത്ത് ഭാവിയെ കുറിച്ച് നമുക്ക് ഒരുമിച്ച് ചിന്തിക്കുകയും നിലപാട് സ്വീകരിക്കുകയും ചെയ്യേണ്ടതായി വരും. മനുഷ്യ കേന്ദ്രീകൃതമെന്ന് പറയുമ്പോൾ മനുഷ്യരെപ്പോലെ പ്രധാനപ്പെട്ടതാണ് ഈ പരിസ്ഥിതിയിലെ ഏകകോശ ജീവിപോലുമെന്ന് ചിന്തിക്കാൻ കഴിയുന്ന മാനവികതയിലേക്ക്, വിശാലമായ കാഴ്ചപ്പാടിലേക്ക് നമുക്ക് വളരാൻ സാധിക്കണം. ഡേവിസൺ എൽ. ബുദ്ധു എഴുതിയ 'Enough is enough' എന്ന പുസ്തകമുണ്ട്. അത് ആഗോളവത്ക്കരണത്തിന്റെ അപകടങ്ങളെയാണ് തുറന്നു കാണിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. എം. സ്വരാജ്, അങ്ങ് ചർച്ച തുടരുകയാണെങ്കിൽ അങ്ങേക്ക് 12.30 വരെ സംസാരിക്കാം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്കുള്ള സമയംകൂടി കൊടുക്കണം.

ശ്രീ. എം. സ്വരാജ് : സർ, ചർച്ച തുടരുകയാണ്. ഞാനൊരു മിനിറ്റുകൊണ്ട് അവസാനിപ്പിക്കാം. നിസ്സാരമെന്ന് തോന്നിക്കുന്ന ഒരു ജീവിയുടെ തിരോധാനം പോലും മനുഷ്യജീവിതത്തെ ഉൾപ്പെടെ എങ്ങനെ ദോഷകരമായി ബാധിക്കുമെന്നതിന്റെ

നേർചിത്രമാണ് ഡേവിസൺ എൽ. ബുദ്ധുവിന്റെ പുസ്തകത്തിലുള്ളത്. ഒരു ജീവി ഈ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമ്പോൾ നമ്മുടെ ആവാസ വ്യവസ്ഥാ ശൃംഖലയിലെ ഒരു കണ്ണിയാണ് നഷ്ടമാകുന്നത്. ഇത് ആത്യന്തികമായി മനുഷ്യന്റെ നിലനിൽപ്പിനെയാണ് പ്രതികൂലമായി ബാധിക്കുന്നത്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് പക്ഷിമൃഗസങ്കേതങ്ങളോട് ചേർന്ന് ഒരു നിർമ്മാണവും പാടില്ലെന്നും അവിടെ മനുഷ്യവാസം ഉണ്ടാകരുതെന്നുമല്ല. റീസണബിൾ റെസ്ട്രിക്ഷൻസാണ് വേണ്ടത്. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് നിർമ്മാണ സാമഗ്രികളിൽ, കെട്ടിടത്തിന്റെ നിറത്തിലൊക്കെ മാറ്റം വരുത്തി ശരിയായ നിലപാട് സ്വീകരിക്കുവാൻ നമുക്ക് കഴിയണം. അത് നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങളാണ് ബില്ലിൽ ഉദ്ദേശിക്കുന്നത്.

ഞാൻ തുടക്കത്തിൽ ഭൂമിയുടെ അവകാശികളെക്കുറിച്ച് സൂചിപ്പിച്ചു. മനുഷ്യരാണ് ഭൂമിയുടെ അവകാശികളെന്ന നിലയിലാണ് നാം നിൽക്കുന്നത്. വിശാലവും പുരോഗമനോന്മുഖവുമായ കാഴ്ചപ്പാടുകൾ സ്വീകരിക്കുമ്പോഴും മനുഷ്യനാണ് ഭൂമിയുടെ അവകാശിയെന്ന കാഴ്ചപ്പാടിൽനിന്ന് മാറാൻ നമുക്ക് സാധിക്കാതെ പോകുന്നുവെന്നത് നിർഭാഗ്യകരമാണ്. എല്ലാ പക്ഷിമൃഗാദികളും വൃക്ഷലതാദികളും പരമാണുക്കൾ ഉൾപ്പെടെ ഭൂമിയുടെ അവകാശികളാണെന്ന് ചിന്തിക്കാനാവുകയും അങ്ങനെ നമുക്ക് ഈ ബിൽ യാഥാർത്ഥ്യമാകാൻ കഴിയുന്ന നാളേയിലേക്ക് പോകാനും കഴിയണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൽദോസ്. കുന്നപ്പിള്ളി</u> : സർ, ബഹുമാനപ്പെട്ട അംഗം എം. സ്വരാജ്, പരിസ്ഥിതിയുടെ പ്രാധാന്യത്തെക്കുറിച്ചാണല്ലോ സംസാരിച്ചത്. എന്തുകൊണ്ടാണ് താങ്കളടക്കമുള്ള പാർട്ടിയിലുള്ള ആളുകൾ ഗാഡ്ഗിൽ റിപ്പോർട്ടിനെ പിന്തുണയ്ക്കാതെ പോയത്?

<u>ശ്രീ. കെ. ബാബു</u> : സർ, പക്ഷിമൃഗാദികൾക്ക് ജീവിക്കണം, അതുപോലെ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നിലനിർത്തണം. ഇന്നലെ 12.30 കഴിഞ്ഞപ്പോഴാണ് അവിടെ താമസിക്കുന്ന ആളുകൾ ആനയിറങ്ങിയെന്ന് വിളിച്ചു പറയുന്നത്.

<u>മി.സ്പീക്കർ</u> : ചർച്ച തുടരുന്നതാണ്.

(ചർച്ച തുടരും)

ഓർഡർ...........ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.)